## VII ധനകാര്യം

### 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ

പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർഥന നമ്പർ | ധനാഭ്യർഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2025-2026 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക | | |
|---|---|---|---|---|
| | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |
| VIII | എക്സൈസ് | 425,77,04,000 | --- | 425,77,04,000 |
| XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 26167,64,11,000 | 471,52,01,000 | 26639,16,12,000 |
| XXII | നഗരവികസനം | 1908,10,53,000 | 141,61,01,000 | 2049,71,54,000 |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 1032,03,13,000 | 190,55,02,000 | 1222,58,15,000 |
| XXXV | പഞ്ചായത്ത് | 670,07,48,000 | 534,61,02,000 | 1204,68,50,000 |
| XXXVI | ഗ്രാമവികസനം | 5407,24,49,000 | 1537,40,00,000 | 6944,64,49,000 |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 15641,17,67,000 | 75,29,54,000 | 15716,47,21,000 |

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉപക്ഷേപങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയെയും വിദ്യാഭ്യാസം, കായിക വിനോദം, കല സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ VIII – എക്സൈസ്

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലഹരി മാഫിയ കുട്ടികളെ വലയിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതായും രാസലഹരിയും സിന്തറ്റിക് ലഹരിയും അനുസ്യൂതം ലഭ്യമാകുന്നതായും ആശങ്കപ്പെടുന്ന സാഹചര്യത്തിലും എക്സൈസ് വകുപ്പ് നിഷ്ക്രിയമായിരിക്കുന്നുവെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എക്സൈസ് വകുപ്പിലെ സൈബർ സെൽ വിഭാഗത്തെ ആധുനികവൽകരിച്ച് പോലീസ് സേനയിലെ സൈബർ വിഭാഗത്തിന് സമാനമാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മുതിർന്നവരിലും കുട്ടികളിലും വർധിച്ചുവരുന്ന ലഹരി ഉപയോഗം തടയാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുട്ടികൾ ഉൾപ്പെടെയുള്ളവരെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്ന ലഹരിമാഫിയയെ ഇല്ലായ്മ ചെയ്യുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്കൂൾ കുട്ടികൾക്കിടയിൽ വർധിച്ചുവരുന്ന സിന്തറ്റിക് ലഹരി അടക്കമുള്ള ലഹരി പദാർഥങ്ങളുടെ ഉപയോഗം തടയുവാൻ ഫലപ്രദമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യനിർമ്മാണത്തിന് അനുമതി നല്കിയതിലൂടെ സംസ്ഥാനത്ത് മദ്യം സുലഭമാകുന്നതിനുള്ള സാഹചര്യമുണ്ടാകുന്നതായും മയക്കുമരുന്നും സിന്തറ്റിക്ക് ലഹരിപദാർഥങ്ങളും ചെറിയ കുട്ടികൾക്ക് പോലും ലഭ്യമാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (പിടിച്ചെടുക്കപ്പെട്ട ലഹരിവസ്തുക്കൾ നശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൂറിസം കേന്ദ്രങ്ങളിൽ ബിയർ - വൈൻ പാർലറുകൾ ആരംഭിക്കുവാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലം അക്രമവും കൊലപാതകങ്ങളും വർധിക്കുന്ന സാഹചര്യത്തിലും ഇവ അനധികൃതമായി സംസ്ഥാനത്തേക്ക് എത്തിക്കുന്നവരെ കണ്ടെത്തി

നിയമനടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലഹരിവിരുദ്ധ ബോധവൽകരണ പ്രവർത്തനങ്ങൾ മറ്റ് സർക്കാർ ഏജൻസികളെ ഏൽപ്പിച്ചുകൊണ്ട് എക്സൈസ് വകുപ്പിനെ ലഹരിവേട്ടയ്ക്കും ലഹരിയുടെ ഉറവിടം കണ്ടെത്തി കുറ്റവാളികളെ നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതും ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുവാനുള്ള സംവിധാനമാക്കി

മാറ്റേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്.) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലഹരിക്കടത്തിനുവേണ്ടി കുട്ടികളെ ദുരുപയോഗം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്.) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാലക്കാട് കഞ്ചിക്കോട് മദ്യനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് നൽകിയ അനുമതി റദ്ദാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റസ്റ്റോറന്റുകൾ വഴി ബിയർ വിൽപന

നടത്തുവാനുള്ളതായി പറയപ്പെടുന്ന തീരുമാനം പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിദ്യാലയങ്ങളുടെ പരിസരത്ത് ലഹരിവസ്തുക്കൾ വിൽക്കുന്നവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിൽ എക്സൈസ് വകുപ്പ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സിന്തറ്റിക് മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള മാരക ലഹരിവസ്തുക്കൾ കൈവശം വയ്ക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ കർശനമായ നടപടി എടുക്കുന്നതിന് നിലവിലുള്ള നിയമം, ശിക്ഷാ നടപടികൾ എന്നിവ അപര്യാപ്തമാണെന്നും അവ

പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുട്ടികൾക്കിടയിൽ പിടിമുറുക്കിയിരിക്കുന്ന ലഹരി മാഫിയയെ പൂർണ്ണമായും ഇല്ലാതാക്കുന്നതിന് അടിയന്തര കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടത് ആവശ്യമാണെന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യം സുലഭമായി ലഭ്യമാകുന്ന രീതിയിൽ ബാറുകൾക്കും ബിയർ പാർലറുകൾക്കും ലൈസൻസ് അനുവദിച്ചു നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാസലഹരികൾ ഉൾപ്പെടെ ലഹരിവസ്തുക്കളുടെ വിപണനവും ഉപയോഗവും വ്യാപിക്കുന്ന സാഹചര്യത്തിൽ, ഫലപ്രദമായ പ്രതിരോധ നടപടികൾ ആവിഷ്കരിക്കുവാൻ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിദ്യാർഥികളിലും യുവജനങ്ങളിലും രാസലഹരി ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപഭോഗം വർധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,77,04,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (സിന്തറ്റിക് ഡ്രഗ്സിന്റെ ഉപഭോഗവും വിപണനവും വർധിച്ചുവരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തേക്ക് വരുന്ന ലഹരി മരുന്നിന്റെ ഉറവിടം കണ്ടെത്തി കുറ്റവാളികളെ ശിക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,77,04,000 രൂപയിൽ 4,25,770 രൂപ കുറവുചെയ്യേണ്ടതാണ്. (രാസലഹരിക്കടത്ത് തടയുന്നതിന് പരിശോധന കർശനമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,77,04,000 രൂപയിൽ നിന്ന് നൂറ് രൂപ

കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. അനൂപ് ജേക്കബ്
5. ശ്രീ. പി. അബ്ദുൽ ഹമീദ്
6. ശ്രീ മഞ്ഞളാംകുഴി അലി
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
8. ശ്രീമതി കെ. കെ. രമ
9. ശ്രീ. പി. ഉബൈദുള്ള
10. ശ്രീ. ടി. വി. ഇബ്രാഹിം

**ധനാഭ്യർത്ഥന നമ്പർ XVII**

**വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. പി. കെ. ബഷീർ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരാത്തതായും ലഹരിയോടും മൊബൈൽ ഫോണിനോടുമുള്ള ആസക്തിയിൽനിന്നും കുട്ടികളെ പിന്തിരിപ്പിക്കുന്നതിന് ഫലപ്രദമായ മാർഗങ്ങൾ സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്കൂളുകളിലെ ലഹരി വ്യാപനം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സവിശേഷ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിന് സ്പെഷ്യൽ സ്കൂളുകൾ അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്കൂളുകളിലെ റാഗിംഗ് തടയുന്നതിന് ഫലപ്രദമായി നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (യുവതലമുറ ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേക്ക് കുടിയേറുന്ന പ്രവണത വർധിച്ച വരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഗുണനിലവാരം ഉറപ്പ് നൽകിക്കൊണ്ടുള്ള നൂതനമായ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കായികരംഗത്ത് മികവ് പുലർത്തുന്ന പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് പ്രോത്സാഹനവും അംഗീകാരവും നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്കൂൾ പരീക്ഷകളുടെ മൂല്യനിർണ്ണയ സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭിന്നശേഷി സംവരണവിഷയം പരിഹരിച്ച് സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ പതിനാറായിരത്തിൽപരം അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അർഹതപ്പെട്ട മുഴുവൻ വിദ്യാർഥികൾക്കും പ്ലസ് വൺ

അഡ്മിഷൻ ലഭിക്കുന്ന രീതിയിൽ കൂടുതൽ ബാച്ചുകൾ അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്യാമ്പസുകൾ ലഹരി വിപണനത്തിന്റെയും ഉപഭോഗത്തിന്റെയും കേന്ദ്രങ്ങളായി മാറിയിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്വകാര്യ സർവകലാശാലകൾ നിലവിൽ വരുന്ന അവസരത്തിൽ വർഷങ്ങളായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കോർപ്പറേറ്റ്

മാനേജ്മെന്റുകൾക്ക് മുൻഗണന നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം സമയബന്ധിതമായി നടപ്പാക്കി അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള ഫണ്ട് വർധിപ്പിക്കുന്നതിനും യഥാസമയം അനുവദിക്കുന്നതിനും കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടി

സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ചോർന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഭൂരിപക്ഷം സർവകലാശാലകളിലും വൈസ് ചാൻസലർമാരെ നിയമിക്കുവാൻ സാധിക്കാത്തതിനാൽ അക്കാദമിക രംഗത്തും ഭരണരംഗത്തും പ്രതിസന്ധി ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,66,39,16,12,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. പി. അബ്ദുൽ ഹമീദ്
5. ശ്രീ മഞ്ഞളാംകുഴി അലി
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
7. ശ്രീമതി കെ. കെ. രമ
8. ശ്രീ. പി. ഉബൈദുള്ള
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

10. ശ്രീ. എം. വിൻസെന്റ്

11. ശ്രീ. സി. ആർ. മഹേഷ്

12. ശ്രീ. ചാണ്ടി ഉമ്മൻ

## ധനാഭ്യർഥന നമ്പർ XXII - നഗരവികസനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങളിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാത്തത് തെരുവുനായ ശല്യം വർധിക്കുന്നതിന് കാരണമാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരസഭാ പരിധികളിലെ റോഡുകളുടെ പരിപാലനം അനന്തമായി നീട്ടിക്കൊണ്ടുപോകുന്നതായും ആയത് പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ നഗരസഭകൾ വീഴ്ചവരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരസഭയുടെ പരിധിയിലുള്ള ഓടകളിലേയ്ക്കും ജലസ്രോതസ്സുകളിലേയ്ക്കും സെപ്റ്റിക് ടാങ്കിലെ മാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും ഒഴുക്കിവിടുന്നത് തടയുന്നതിനുള്ള

കർശന നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങളിലെ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിലെ വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനായി ഓടകളും മറ്റും വൃത്തിയാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച നഗരസഭകളെ അവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനാവശ്യമായ പുതിയ പദ്ധതികളും അധിക ധനസഹായവും നൽകി മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വിവിധ നഗര പശ്ചാത്തല വികസന പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ നഗരവൽക്കരണത്തിന്റെ പ്രത്യേകത, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ എന്നിവയ്ക്ക് പ്രത്യേകം ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തിരുവനന്തപുരം നഗരത്തിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി സോളാർ പാനലുകൾ സ്ഥാപിച്ചതിൽ അഴിമതി നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ നഗരസഭകളും മുനിസിപ്പാലിറ്റികളും മുഖേന നടപ്പാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ വികസന പദ്ധതികളിൽ ക്രമക്കേട് നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് ഫീസ് ഉയർത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മാലിന്യ സംസ്കരണം കാര്യക്ഷമമായി

നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ**

ശ്രീ. പി. ഉബൈദുള്ള: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപയിൽ 20,49,715 രൂപ കുറവുചെയ്യേണ്ടതാണ് (അതിവേഗത്തിലുള്ള നഗരവൽക്കരണത്തിനും തീവ്രമായ വാണിജ്യ വികസനത്തിനും അനുസൃതമായി നഗരങ്ങളിൽ ഗതാഗതമാർഗങ്ങളും പാർപ്പിട സൗകര്യങ്ങളും വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,49,71,54,000 രൂപയിൽനിന്ന് നൂറ് രൂപ

കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. പി. അബ്ദുൽ ഹമീദ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
7. ശ്രീമതി കെ. കെ. രമ
8. ശ്രീ. പി. ഉബൈദുള്ള
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ശ്രീ. എ. പി. അനിൽ കുമാർ
11. ശ്രീ. സണ്ണി ജോസഫ്
12. ശ്രീ. ടി. സിദ്ദിഖ്
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

15. ശ്രീ. അൻവർ സാദത്ത്

16. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

## ധനാഭ്യർഥന നമ്പർ XXIV – തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ലക്ഷക്കണക്കിന് യുവജനങ്ങൾ പേര് രജിസ്റ്റർ ചെയ്തു കാത്തിരിക്കുമ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കി പിൻവാതിൽ നിയമനം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ ക്ഷേമനിധി ബോർഡുകളിൽനിന്നും അനുവദിക്കുന്ന പെൻഷൻ തുകയുടെ കുടിശ്ശിക നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡ്/കോർപ്പറേഷനുകളിൽനിന്നും വിതരണം ചെയ്യാനുള്ളതായി പറയപ്പെടുന്ന പെൻഷൻ കുടിശ്ശികയുടെ വിശദാംശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വകാര്യ/പൊതുമേഖലാ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെട്ടിടത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് മാസങ്ങളായി പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയായതും ആയത് വിതരണം

ചെയ്യുവാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിലാളി ക്ഷേമനിധി പെൻഷനുകൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ ക്ഷേമനിധി ബോർഡുകളിൽനിന്ന് ഗുണഭോക്താക്കൾക്ക് നൽകാനുള്ള കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നോക്കുകൂലി നൽകാത്തതിനെ തുടർന്നുണ്ടാകുന്ന സംഘർഷങ്ങൾ തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വേതനം വർധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരളത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന പ്രവാസികളുടെ ക്ഷേമത്തിന് പുതിയ പദ്ധതികൾ പ്രഖ്യാപിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും മലപ്പുറത്ത് ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കാനുള്ള സ്ഥലമെടുപ്പ് നപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗിഗ്ഗ് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ ക്ഷേമനിധി ബോർഡുകൾ നൽകിവരുന്ന ആനുകൂല്യങ്ങൾ കുടിശ്ശികയായതും തന്മൂലം ബോർഡുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിമാന യാത്രാക്കൂലി വർധനവുമൂലം പ്രവാസികൾ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തോട്ടം തൊഴിലാളികളുടെയും പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികളുടെയും തൊഴിൽ അവകാശങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ**

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപയിൽ 12,22,581 രൂപ കുറവുചെയ്യേണ്ടതാണ് (കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയിലും ജീവിത നിലവാരത്തിന്റെ ഉയർച്ചയിലും നിസ്തുല പങ്ക് വഹിക്കുന്ന പ്രവാസി കേരളീയർക്ക് പെൻഷനും മറ്റ് ക്ഷേമ പുനരധിവാസ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,22,58,15,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ

2. ശ്രീ. കെ. പി. എ. മജീദ്

3. ശ്രീ. എൻ. ഷംസുദ്ദീൻ

4. ശ്രീ. പി. അബ്ദുൽ ഹമീദ്

5. ശ്രീ. മഞ്ഞളാംകുഴി അലി

6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

7. ശ്രീമതി കെ. കെ രമ

8. ശ്രീ. പി. ഉബൈദുള്ള

9. ശ്രീ. ടി. വി. ഇബ്രാഹിം

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. സജീവ് ജോസഫ്

13. ശ്രീ. എം. വിൻസെന്റ്

14. ശ്രീ. സി. ആർ. മഹേഷ്

15. ശ്രീ. ചാണ്ടി ഉമ്മൻ

16. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

## ധനാഭ്യർഥന നമ്പർ XXXV - പഞ്ചായത്ത്

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാതെ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾക്കുള്ള സങ്കീർണ്ണത ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പദ്ധതി വിഹിതം വെട്ടിക്കുറച്ചതുമൂലം പഞ്ചായത്തുകളുടെ പ്രവർത്തനം അവതാളത്തിലായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണത്തെയും വികസന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകൾക്കാവശ്യമായ ഗ്രാന്റ് അനുവദിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് സമയബന്ധിതമായി നൽകേണ്ട വിവിധയിനം ഗ്രാന്റുകളിൽ വെട്ടിക്കുറവ് വരുത്തുന്നതും സാമ്പത്തിക വർഷത്തിലെ അവസാനമാസത്തിൽ മാത്രം വിതരണം ചെയ്യുന്നതുംമൂലം ഫണ്ട്

വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പദ്ധതി വിഹിതം വെട്ടിക്കുറച്ചതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മാലിന്യ സംസ്കരണത്തിന് അനുയോജ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ-സ്മാർട്ട് വഴി നൽകുന്ന സേവനങ്ങൾക്ക് ഈടാക്കുന്നതായി പറയപ്പെടുന്ന പ്രത്യേക ഫീസ് പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപയിൽ

12,04,685 രൂപ കുറവുചെയ്യേണ്ടതാണ് (കെ-സ്മാർട്ട് പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന മുഴുവൻ സേവനങ്ങളും സമയപരിധി നിശ്ചയിച്ച് അപേക്ഷകൾ തീർപ്പാക്കി ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,04,68,50,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. കെ. പി. എ. മജീദ്
5. ശ്രീ. മഞ്ഞളാംകുഴി അലി

6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

7. ശ്രീമതി കെ. കെ. രമ

8. ശ്രീ. പി. ഉബൈദുള്ള

9. ശ്രീ. ടി. വി. ഇബ്രാഹിം

10. ശ്രീ. റോജി എം. ജോൺ

11. ശ്രീ. സി. ആർ. മഹേഷ്

12. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. സണ്ണി ജോസഫ്

15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. എം. വിൻസെന്റ്

18. ശ്രീ. ചാണ്ടി ഉമ്മൻ

**ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. പി. കെ. ബഷീർ: സർ, ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായതുമൂലം കേന്ദ്രസഹായം നഷ്ടപ്പെടുന്നതായും തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് യഥാസമയം വേതനം വിതരണം ചെയ്യാൻ കഴിയാത്തതായും പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ നൂതന പദ്ധതികൾ അനാവശ്യ കാരണങ്ങൾ ചൂണ്ടിക്കാട്ടി മുടക്കുന്നതായും ഇത്തരത്തിലുള്ള നയം തിരുത്താൻ നടപടികൾ സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലുണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകൾ തടയുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമവികസനത്തിനാവശ്യമായ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി ദിവസം തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഹരിത മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബ്ലോക്ക് ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം ഗ്രാമവികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമവികസന വകുപ്പിന്റെ ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനം ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപ

ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം ഉയർത്തേണ്ടതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുന്നതിനും സഹായകരമായ നിലപാട് സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപയിൽ 69,44,644 രൂപ കുറവുചെയ്യേണ്ടതാണ് (ഗ്രാമവികസന വകുപ്പ് പ്രാഥമിക പരിഗണന നൽകേണ്ടതായ ഗ്രാമീണ ജനങ്ങളുടെ സുസ്ഥിരവരുമാനം, വീടുകളുടെ നിർമ്മാണം, ആരോഗ്യ പരിപാലനം നൽകൽ, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ ഉറപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,44,64,49,000 രൂപയിൽനിന്ന് നൂറ് രൂപ

കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. പി. അബ്ദുൽ ഹമീദ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
7. ശ്രീമതി കെ. കെ. രമ
8. ശ്രീ. പി. ഉബൈദുള്ള
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. റോജി എം. ജോൺ
12. ശ്രീ. അൻവർ സാദത്ത്
13. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

14. ശ്രീ. സണ്ണി ജോസഫ്

15. ശ്രീ. സജീവ് ജോസഫ്

16. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

17. ശ്രീ. എം. വിൻസെന്റ്

18. ശ്രീ. സി. ആർ. മഹേഷ്

19. ശ്രീ. ചാണ്ടി ഉമ്മൻ

20. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

**ധനാഭ്യർത്ഥന നമ്പർ XLVI – സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. പി. കെ. ബഷീർ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിയുടെ കാരണം പറഞ്ഞ് വിവിധങ്ങളായ സാമൂഹ്യസുരക്ഷാ പദ്ധതികളിൽനിന്നും പിൻമാറുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമൂഹ്യസുരക്ഷ മിഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരൻമാരുടെ പുനരധിവാസം നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതികളിൽ കുടിശ്ശിക വരുത്തുന്നതുമൂലം ഗുണഭോക്താക്കൾ അനുഭവിക്കേണ്ടിവരുന്നതായി പറയപ്പെടുന്ന പ്രയാസങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മാസങ്ങളായി മുടങ്ങിക്കിടക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള മുഴുവൻ ക്ഷേമ പെൻഷനുകളും ചികിത്സാ ധനസഹായ പദ്ധതികളും കുടിശ്ശിക തീർത്ത് യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധി കാരണം സാമൂഹ്യ സുരക്ഷാ പദ്ധതികൾ മുടങ്ങിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് : സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതികൾ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതികൾക്ക് നിശ്ചയിച്ചിരിക്കുന്ന

നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം എന്നിവ ബാധിച്ചവരുടെ പരിചരണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കിടപ്പുരോഗികളുടെ അടുത്ത ബന്ധുക്കൾക്ക് ജീവനോപാധിക്കായി തൊഴിലെടുക്കാൻ കഴിയാത്ത

സാഹചര്യത്തിൽ അവർക്ക് ആശ്വാസ കിരണം പദ്ധതി മുഖേന നൽകിവരുന്ന പ്രതിമാസ ധനസഹായം മാസങ്ങളായി വിതരണം ചെയ്യാത്തതിനാൽ പരിചരണ ദാതാക്കൾ കഷ്ടപ്പാടനുഭവിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമൂഹിക-സാമ്പത്തിക ദുരിതങ്ങൾ അനുഭവിക്കുന്നവർക്ക് സംരക്ഷണവും പിന്തുണയും ഉറപ്പുവരുത്തുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി ഫലപ്രദമായ പരിപാടികൾ നടപ്പാക്കുകയും ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി

കുറവുചെയ്യേണ്ടതാണ് (സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികളിൽ കുടിശ്ശികയായിട്ടുള്ളതായി പറയപ്പെടുന്ന മുഴുവൻ ആനുകൂല്യങ്ങളും അടിയന്തരമായി വിതരണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അങ്കണവാടി പെൻഷൻകാരുടെ ആനുകൂല്യങ്ങളിൽ വന്നിട്ടുള്ളതായി പറയപ്പെടുന്ന കുടിശ്ശിക വിതരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ക്ഷേമനിധി പെൻഷനുകൾ വാങ്ങുന്നവരുടെ സാമൂഹ്യസുരക്ഷാ പെൻഷൻ ആനുകൂല്യം

നിഷേധിച്ചതായി പറയപ്പെടുന്ന നടപടി പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് :സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക തീർത്തു വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ : സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൈപ്പ് വൺ ഡയബറ്റിക് രോഗബാധിതരായ കുട്ടികൾക്കായുള്ള മിഠായി ക്ലിനിക്കുകളിൽ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ മരുന്നുകളുടെയും മറ്റ് ഉപകരണങ്ങളുടെയും വിതരണത്തിൽ കുറവ് വരുത്തിയതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ :സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികളിൽ കുടിശ്ശികയുള്ളതായി പറയപ്പെടുന്ന മുഴുവൻ ആനുകൂല്യങ്ങളും അടിയന്തരമായി വിതരണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് : സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ദുരിതബാധിതർക്ക് അർഹതപ്പെട്ട സഹായങ്ങൾ അനുവദിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ**

ശ്രീ. പി. ഉബൈദുള്ള: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപയിൽ 15,71,647 രൂപ കുറവുചെയ്യേണ്ടതാണ് (മാരകരോഗങ്ങൾ, വൈകല്യങ്ങൾ, ദാരിദ്ര്യം എന്നിവമൂലം പ്രയാസപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്ത എല്ലാ വിഭാഗം ജനങ്ങൾക്കും അവസരങ്ങൾ തുല്യമായി ലഭ്യമാക്കുന്നതിനും അവർ മെച്ചപ്പെട്ട ജീവിതം നയിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നയപരിപാടികൾ

ആവിഷ്കരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,57,16,47,21,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. പി. അബ്ദുൽ ഹമീദ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

8. ശ്രീമതി കെ. കെ. രമ

9. ശ്രീ. പി. ഉബൈദുള്ള

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. റോജി എം. ജോൺ

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

14. ശ്രീ. അൻവർ സാദത്ത്

**ചർച്ച**

ശ്രീ. എ. സി. മൊയ്തീൻ: സർ, എക്സൈസ്, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം, നഗരവികസനം, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, പഞ്ചായത്ത്, ഗ്രാമവികസനം, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും ഈ ധനാഭ്യർത്ഥനകളെയെല്ലാം ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്ന് വിവിധ വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് ചർച്ച ചെയ്യുന്നത്. അതുകൊണ്ടുതന്നെ അതിന്റേതായ പരിമിതികളുണ്ട്. കേരളത്തിന്റെ ഭാവി വികസനം മുന്നിൽകണ്ടുകൊണ്ടാണ് മറ്റ് വകുപ്പുകൾക്കും ഈ വകുപ്പുകൾക്കുമുള്ള

ബജറ്റ് നിർദേശങ്ങളെന്ന് കഴിഞ്ഞ ദിവസത്തെ ചർച്ചകളും ഇന്ന് നടക്കാനുള്ള ചർച്ചകളിലും വ്യക്തമാക്കുകയാണ്. കേരളത്തിന്റെ ഭാവി വികസന പ്രക്രിയയിൽ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന ഒന്നാണ് പ്രാദേശിക സർക്കാരുകൾ. വികേന്ദ്രീകരണത്തിലും പ്രാദേശിക വികസനത്തിലും മികച്ച പ്രകടനം നടത്തുന്ന ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമാണിതെന്ന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ  പ്രകടനങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയും. രാജ്യത്ത് പുതുതലമുറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിലേയ്ക്കുകൂടി പഞ്ചായത്തുകൾ വികസിക്കുകയാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനും നവകേരള സൃഷ്ടിക്കുംവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ, വിജ്ഞാന സമൂഹത്തെ സൃഷ്ടിക്കാനും വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്കും വേണ്ടിയുള്ള പ്രാഥമിക ചുമതലകൾ നിർവഹിക്കുന്ന അടിസ്ഥാന ഘടകമെന്ന നിലയ്ക്ക് ഈ പ്രാദേശിക സർക്കാരുകളെ പരിവർത്തനപ്പെടുത്താൻവേണ്ടിയുള്ള പരിശ്രമങ്ങളും മികവാർന്ന അതിന്റെ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. അതുകൊണ്ടുതന്നെ പ്രാദേശിക സർക്കാരുകളെന്ന നിലയിൽ സ്വതന്ത്രമായ പ്രവർത്തനത്തിനുള്ള

സാഹചര്യവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈവരികയാണ്. 2025-2026 സാമ്പത്തികവർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ 28 ശതമാനമാണ് നീക്കിവച്ചിട്ടുള്ളത്. എൽ.ഡി.എഫ്.-ന്റെ അധികാര വികേന്ദ്രീകരണ പ്രക്രിയയോടുള്ള പ്രതിബദ്ധതയാണ് കഴിഞ്ഞ എട്ട്-ഒമ്പത് വർഷക്കാലമായി പടിപടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സമ്പത്തിന്റെ ഈ വിതരണത്തിൽ വരുന്ന വർധനവ് സൂചിപ്പിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെട്ട് ചില പ്രയാസങ്ങളുണ്ടായി എന്നുള്ളത് ഒരു വസ്തുതയാണ്. പണം വർഷാവസാനം അനുവദിച്ചുവെന്നുള്ളതിന്റെ ചില പ്രയാസങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷമുണ്ടായെങ്കിലും ഈ വർഷം അതുകൂടി കണക്കിലെടുത്ത് സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫണ്ട് വിതരണം വളരെ നേരത്തെ നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചുവെന്നുള്ള ഒരു പ്രത്യേകത കൂടിയുണ്ട്. പ്ലാൻ ഫണ്ടിന്റെ അവസാന ഗഡു ഫെബ്രുവരി മാസത്തിൽ നൽകുകയും മെയിന്റനൻസ് ഗ്രാന്റ് 2024 നവംബറിൽതന്നെ

അനുവദിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും. മുമ്പ് നടപ്പാക്കിയ പരിഷ്കാരത്തിന്റെ ഭാഗമായി വാർഷിക പദ്ധതികൾ നടപ്പിലാക്കാൻവേണ്ടി പന്ത്രണ്ട് മാസം ലഭ്യമാക്കുന്ന ക്രമം കൊണ്ടുവന്നതോടുകൂടി ഈ പ്രവർത്തനവുമായി മുന്നോട്ടുപോകാൻ കഴിയുന്ന സ്ഥിതിയുണ്ട്. 63 ശതമാനത്തോളം തുക ചെലവഴിക്കുന്നതിനുവേണ്ടി കഴിഞ്ഞിട്ടുണ്ട്. 53 ശതമാനം ചെലവഴിച്ചിട്ടുണ്ട്. ട്രഷറിയിലുള്ള ബില്ലുകൾ കൂടി ചേർത്താൽ അത് 63 ശതമാനമാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബാക്കി ദിവസങ്ങളിലുള്ള ബില്ലുകൾകൂടി വരുമ്പോൾ ഏറ്റവും മികച്ച പദ്ധതി ചെലവ് ഈ വർഷമുണ്ടാകുമെന്ന് കരുതുകയാണ്. ഇതിനുപുറമെയാണ് ആയിരം കോടി രൂപയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി. ഇതിലൂടെ കൂടുതൽ പണം ചെലവഴിച്ച് പ്രയാസങ്ങൾ അനുഭവിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സൗകര്യമുണ്ടാക്കി കൊടുക്കുകയാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ഏറ്റവും മികച്ച പദ്ധതികളിലൊന്നാണ് അടിസ്ഥാന വിഭാഗത്തിനുവേണ്ടിയുള്ള 'ലൈഫ്

പദ്ധതി' . ലൈഫ് പദ്ധതിയോടുള്ള സമീപനം കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്ത് വ്യക്തമാക്കിയിട്ടുണ്ട്. ഞാനത് ആവർത്തിക്കുന്നില്ല. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ പിരിച്ചുവിടുമെന്നു പറഞ്ഞവരാണ് പ്രതിപക്ഷത്തുള്ളവർ. 544479 ഭൂമിയുള്ള ഭവനരഹിതർക്ക് കരാർ ഒപ്പിടുന്ന പ്രവർത്തനം നടന്നു. 432588 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 111913 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. അതായത്, അഞ്ചര ലക്ഷത്തോളം വീടുകൾ പൂർത്തീകരിച്ച ഇന്ത്യയിലെ ഏറ്റവും മികച്ച ഭവനനിർമ്മാണ പദ്ധതിയുള്ള സംസ്ഥാനം ഈ കൊച്ചുകേരളമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. അതിൽ എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ഭവനനിർമ്മാണ പദ്ധതിയുമുണ്ട്. ഇപ്പോൾ വന്നുചേർന്നിട്ടുള്ള ഒരു പ്രയാസവും പ്രധാനമായും കാണേണ്ടതുണ്ട്. അർബൻ മേഖലകളിലും റൂറൽ മേഖലകളിലുമുള്ള പി.എം.എ.വൈ. പദ്ധതി പ്രകാരം ഒരു ഭവനത്തിന് റൂറൽ മേഖലയിൽ 72,000 രൂപയും അർബൻ മേഖലയിൽ 1,50,000 രൂപയുമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുള്ളത്. കേരളത്തിലാകെ 18,288 കോടി രൂപ

വീട് നിർമ്മാണത്തിനുവേണ്ടി ചെലവഴിച്ചപ്പോൾ കേന്ദ്ര വിഹിതം 2081 കോടി 69 ലക്ഷം രൂപ മാത്രമാണ്. ഈ ചെറിയ സംഖ്യ, അഞ്ചര ലക്ഷത്തിലധികം വീടുകളിൽ ഒരു ലക്ഷത്തിനടുത്തുള്ള വീടുകൾക്ക് കേന്ദ്രം ഈപദ്ധതിക്കുവേണ്ടി നൽകിയ സംഖ്യയ്ക്കുപുറമെ നാല് ലക്ഷം രൂപ വീതം നൽകി കേരളത്തിൽ വീട് പൂർത്തിയാക്കിയതിന് ബ്രാൻഡിങ് വേണമെന്ന കേന്ദ്ര ഗവൺമെന്റിന്റെ നിർദേശം സ്വാഭാവികമായിട്ടുള്ള ചില പ്രയാസങ്ങളും പ്രതിസന്ധിയുമുണ്ടാക്കുന്നുണ്ട്. അത് ഒരു മേഖലയിൽ മാത്രമല്ല, കേരളത്തിൽ മിക്കവാറും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വലിയ സംഖ്യ കേരളത്തിലെ ഗവൺമെന്റ് ചെലവഴിക്കുകയും അതിന്മേൽ കേന്ദ്ര ഗവൺമെന്റിന്റെ ബ്രാൻഡിങ് എന്നുപറയുന്ന ഏർപ്പാട് പാവപ്പെട്ടവന്റെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്നതാണ് എന്നുള്ളതുകൊണ്ട് അതിനെതിരായിട്ടുള്ള പ്രതിഷേധവും നമുക്ക് ഒരുമിച്ച് ഉയർത്താൻ കഴിയണം. ഈ ഭവന നിർമ്മാണ പദ്ധതി കേരളത്തിൽ നല്ലരീതിയിൽ മുന്നോട്ട് പോകുകയാണ്.

മാലിന്യ സംസ്കരണത്തിലും കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല, ഈ സഭയിൽ

അത് ചർച്ച ചെയ്തിട്ടുള്ളതാണ്. നമ്മുടെ നാടിന്റെ വൃത്തിയുടെ കാവൽക്കാരായി ഹരിതകർമ്മ സേനാംഗങ്ങൾ വളരെ ശ്രമകരമായി ആ പണി ഏറ്റെടുത്ത് മുന്നോട്ട് പോകുകയാണ്. അവരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

അതിദാരിദ്ര്യനിർമ്മാർജ്ജനത്തിൽ ഇന്ന് കേരളം നമ്മുടെ നാടിന് മാതൃകയാവുകയാണ്. 64006 കുടുംബങ്ങൾ അതിദരിദ്രാവസ്ഥയിലുണ്ടെന്നുള്ളതാണ് കണക്കാക്കിയിട്ടുള്ളത്. പകുതിയിലധികം പേരെ അതിൽനിന്നും മുക്തമാക്കാൻ കഴിഞ്ഞു. അവരുടെ തൊഴിലും ഭാവിപ്രവർത്തനങ്ങളും ഉറപ്പാക്കേണ്ടതുണ്ട്. നവംബർ 1-ന് അതിദരിദ്രരില്ലാത്ത സംസ്ഥാനമായി ഇന്ത്യയുടെ മുമ്പിൽ അഭിമാനത്തോടെ കേരളം തലയുയർത്തി പിടിച്ചുനിൽക്കുന്ന സംസ്ഥാനമായി മാറുമെന്നുള്ളതും അഭിമാനകരമായ കാര്യമാണ്.

കുടുംബശ്രീ പ്രവർത്തനം പുതിയ മേഖലകൾ കൈവരിക്കുകയാണ്. കുടുംബശ്രീ പ്രവർത്തനത്തിൽ 1998 മുതൽ തുടങ്ങിയ സാമ്പത്തിക ശാക്തീകരണം മാത്രമല്ല, കേരളത്തിലെ സാഹചര്യത്തിൽ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സംരംഭകരാക്കാനും വേണ്ടിയുള്ള പ്രവർത്തനങ്ങളും

വളരെ മാതൃകാപരമായി മുന്നോട്ടു പോകുകയാണ്. നമ്മുടെ നാട്ടിൽ വർഗീയത ഒരു പ്രശ്നമാണ്. അതിനെ പ്രൊമോട്ട് ചെയ്യുന്ന ഒരു ഭരണവും നമ്മുടെ രാജ്യത്തുണ്ട്. വർഗീയത ഇല്ലാത്ത ഒരു സമൂഹം സൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനത്തിൽ നമ്മുടെ സംസ്ഥാനത്ത് ജാതി-മത-രാഷ്ട്രീയ-വർഗ്ഗ വ്യത്യാസത്തിനതീതമായി ഒരുമിച്ചുചേരുന്ന ഈ കുടുംബശ്രീയെ പ്രയോജനപ്പെടുത്താനും നമ്മുടെ രാജ്യത്തിന്റെ മഹത്തായ മതേതര പാരമ്പര്യം ഉയർത്തി പിടിക്കാൻ കഴിയുന്ന രീതിയിൽ ആ സ്ത്രീ ജനങ്ങൾക്കിടയിലുള്ള ഇടപെടലുകൾ ശക്തിപ്പെടുത്തണമെന്ന് ഞാൻ വിനയപൂർവം അഭ്യർഥിക്കുകയാണ്.

നിലവിലെ നിബന്ധനയനുസരിച്ച് മെറ്റൽ റോഡുകളുടെ ടാറിങ്ങിന് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാനാവില്ലായെന്നുള്ള സ്ഥിതിയുണ്ട്. ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ ഭാഗമായി പഞ്ചായത്ത് റോഡുകളുടെ കാര്യം പ്രയാസത്തിലാണ്. മെറ്റൽ കഴിഞ്ഞ റോഡുകളുടെ ടാറിങ്ങിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ ഒരു വർഷമെങ്കിലും ഇളവ് അനുവദിക്കാൻ കഴിയുമോയെന്നുള്ള കാര്യം ആലോചിക്കണം. നോൺ-റോഡ്

മെയിന്റനൻസ് ഗ്രാന്റിലും ഇതേ പ്രശ്നമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും ഇടപെടലുകളുടെ ഭാഗമായി നമ്മുടെ ആരോഗ്യസ്ഥാപനങ്ങളെല്ലാം വലിയ മാറ്റങ്ങൾക്ക് വിധേയമാവുകയാണ്. അവിടെ ചെറിയ നിർമ്മിതികൾ ആവശ്യമായി വരും. അതിനും നോൺ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ തടസ്സം വരുന്നുണ്ട്. നിർമ്മിതി എന്ന പേരിൽ ഒരു കൂട്ടിച്ചേർക്കൽ വന്നാൽ അതിൽ പ്രയാസം നേരിടുകയാണ്. ആ കാര്യത്തിലും മാറ്റമുണ്ടാക്കാൻ, ഒരു വർഷത്തേയ്ക്കെങ്കിലും ഇളവുനൽകാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കണമെന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്.

കഴിഞ്ഞ എട്ട് വർഷക്കാലമായി കായികമേഖലയിൽ വലിയ കുതിച്ചുചാട്ടമാണുണ്ടായിട്ടുള്ളത്. 2023-ൽ സമഗ്രമായ കായികനയം ഇവിടെയുണ്ടായി. ആ കായികനയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കായികമേഖലയിൽ 3000 കോടി രൂപയുടെ നിക്ഷേപമാണുണ്ടായത്. ഓരോ നേട്ടങ്ങളുടേയും വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കൊച്ചിയിൽ വച്ച് ചേരുകയുണ്ടായി. വളരെ

ആകർഷകമായി സംഘടിപ്പിച്ച ആ സമ്മിറ്റിൽ എട്ട് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുൾപ്പെടെയുള്ളവർ സന്നിഹിതരായിരുന്നു. ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റിലുണ്ടായ നിർദേശങ്ങൾ പരിഗണിച്ച് മുന്നോട്ട് പോകാൻ കഴിയുന്ന സ്ഥിതി, നിക്ഷേപങ്ങൾ വരുമോ പ്രത്യേകിച്ച് സ്പോർട്സ് ഉപകരണങ്ങളുടെ നിർമ്മാണത്തിലുൾപ്പെടെയുള്ള കാര്യങ്ങളിൽ കേരളത്തിൽ സംരംഭങ്ങളില്ല. അത്തരം കാര്യങ്ങളിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്ന രീതിയിൽ അതിലിടപെടാൻ കഴിയുന്ന നിർദേശങ്ങൾ നടപ്പിലാക്കാനുള്ള മുൻകൈയുണ്ടാകണമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. അടിസ്ഥാനസൗകര്യ വികസനത്തിനുള്ള മൂവായിരം കോടി നിക്ഷേപത്തെത്തുടർന്ന് ധാരാളം സ്റ്റേഡിയങ്ങളും സമുച്ചയങ്ങളുമൊക്കെ ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ അവയുടെ പരിപാലനത്തിനുവേണ്ടിയുള്ള സംവിധാനം വളരെ ഗൗരവകരമായി കാണണം. കളിക്കളങ്ങളുടെ പരിപാലനത്തിന് കഴിയുന്ന രീതിയിൽ അവയെ ശക്തിപ്പെടുത്താൻ സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഇടപെടലുകളുണ്ടാകണം. ഇന്ന് പരിമിതമായ സ്ഥിതിയാണ് കേരള സ്പോർട്സ് ഫൗണ്ടേഷനുള്ളത് എന്നാണ് ഞാൻ

മനസ്സിലാക്കുന്നത്. അക്കാര്യത്തിൽ ഒരു ഇടപെടലുണ്ടാകണം. തൃശ്ശൂരിലെ ഐ.എം. വിജയൻ സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എഴുപത് ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്. അത് സമയബന്ധിതമായി, കൃത്യമായ ഇടപെടലുണ്ടായാൽ രണ്ടോ മൂന്നോ മാസത്തിനകം അത് പൂർത്തിയാക്കാൻ കഴിയുന്നതാണ്. അതിൽ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

മൂന്നാമത്തെ സ്പോർട്സ് ഡിവിഷൻ കുന്നംകുളത്താണ്. ആ കുന്നംകുളത്തെ സ്പോർട്സ് ഡിവിഷൻ ജി.വി.രാജ-യുടെയും കണ്ണൂർ സ്പോർട്സ് ഡിവിഷന്റെയും പ്രവർത്തനങ്ങൾ പോലെ കുന്നംകുളത്ത് ധാരാളം വികസനപ്രവർത്തനങ്ങൾക്ക് സ്പോർട്സ് വകുപ്പ് നേതൃത്വം നൽകിയിട്ടുണ്ട്. അവിടെ അവശേഷിക്കുന്ന ഫിറ്റ്നസ് സെന്റർ, ടേയ്ലെറ്റ് കോംപ്ലക്സ്, ഫ്ലഡ്ലൈറ്റ് സൗകര്യം, നീന്തൽക്കുളം തുടങ്ങിയവയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങൾകൂടി ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് വിനയപൂർവം ഞാൻ അഭ്യർഥിക്കുന്നു. കുട്ടികൾക്കുവേണ്ടിയുള്ള കായിക പരിശീലന പദ്ധതികൾ ആവിഷ്കരിച്ച്

ചെറുപ്പത്തിൽത്തന്നെ അവരെ പരിശീലിപ്പിക്കുകയും വേണം. പ്രത്യേകിച്ച് ലഹരിക്കെതിരായൊരു പോരാട്ടംകൂടി നടത്തിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കായികമേഖലയിലുള്ള ഇടപെടലുകൾക്ക് കൂടുതൽ അർത്ഥതലങ്ങളുണ്ട്. ആ അർത്ഥത്തിൽ അഞ്ചുലക്ഷം കുട്ടികൾക്ക് ഫുട്ബോളിൽ പരിശീലനം നൽകുന്ന 'ഗോൾ' പദ്ധതി, കൂടാതെ ജൂഡോ, അത്‌ലറ്റിക്സ്, ബോക്സിങ്, ബാസ്കറ്റ് ബോൾ പരിശീലനങ്ങൾക്ക് വിദ്യാലയങ്ങളിൽ മികച്ച തുടക്കം കുറിക്കാനായിട്ടുണ്ട് എന്നുള്ളത് ലഹരിക്കെതിര പോരാട്ടത്തിന്റെകൂടി ഭാഗമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അന്താരാഷ്ട്ര കായിക സഹകരണവും ഇതിന്റെ ഭാഗമായി വരികയാണ്.

പ്രവാസിക്ഷേമം സംബന്ധിച്ച് പറയുകയാണെങ്കിൽ സംസ്ഥാനത്ത് ലോക കേരള സഭ ആരംഭിച്ചപ്പോൾ ആവേശപൂർവമാണ് അവർ അതിനെ നോക്കിക്കണ്ടത്. എന്തുകൊണ്ടോ പിന്നീട് യു.ഡി.എഫ്. അതിൽ അഭിപ്രായ വ്യത്യാസം പ്രകടിപ്പിച്ചു. പക്ഷേ ലോക കേരള സഭയിലൂടെ വന്ന നിർദേശങ്ങൾ നമ്മുടെ പ്രവാസി ലോകത്തിന് വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് ഇന്ന് രാവിലെ സഭയിൽ മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

സൂചിപ്പിക്കുകയുണ്ടായി. എല്ലാവരും അങ്ങനെയാണെന്നല്ല ഞാൻ പറയുന്നത്. പ്രതിപക്ഷത്തുള്ള സംഘടനകളുടെ പ്രവാസി സംഘങ്ങളൊക്കെ ഇതിൽ പങ്കാളികളായിരുന്നു. ലീഗും ഒരു വ്യത്യസ്ത നിലപാട് സ്വീകരിച്ചു. പക്ഷേ കോൺഗ്രസ് എന്തുകൊണ്ടോ ലോകത്താകമാനമുള്ള മലയാളികളുടെ കൂട്ടായ്മയോട് നിഷേധാത്മക നിലപാട് സ്വീകരിച്ചത് ശരിയായില്ല. നിലവിൽ ലോക കേരള സഭയുടെ നാല് സമ്മേളനങ്ങളും മൂന്ന് മേഖലാ സമ്മേളനങ്ങളും കഴിഞ്ഞു. 105 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ അതിൽ പങ്കെടുത്തു എന്നുള്ളതും അതിനെത്തുടർന്നുള്ള ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നുവെന്ന കാര്യവും ഞാൻ സൂചിപ്പിക്കുന്നു.

ചെയർപേഴ്സൺ: പ്ലീസ്....കൺക്ലൂഡ്

ശ്രീ. എ. സി. മൊയ്തീൻ: സർ, നോർക്ക റൂട്ട്സിന്റെ പ്രവർത്തനമുൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. പ്രവാസി ലോകത്തിൽ അവരുടെ പെൻഷൻ വർധിപ്പിക്കാനുൾപ്പെടെയുള്ള വിഷയങ്ങളിൽ അനുകൂലമായ തീരുമാനമുണ്ടാകണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ വകുപ്പുകളുടെ പേര് പറയുന്നില്ല. കാരണം അത്രമാത്രം വകുപ്പുകളുണ്ട്. അതുകൊണ്ട് വകുപ്പുകളുടെ പേര് പറയാതെ ഡിമാൻഡുകളെയെല്ലാം ഞാൻ ശക്തമായി എതിർക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ വികസനപ്രവർത്തനങ്ങളെയും നേട്ടങ്ങളെയും കുറിച്ച് ഇന്നലെ ഡോ. കെ. ടി. ജലീൽ നടത്തിയ പ്രസംഗം കേട്ടു. എൽ.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ തിരുവനന്തപുരത്തെ മൂന്ന് ആരാധനാലയങ്ങളിൽ ലൈറ്റ് സ്ഥാപിച്ച കാര്യം അദ്ദേഹം പറയുകയുണ്ടായി. ശ്ശെടാ..ഞാനൊന്നു ചോദിക്കട്ടെ, തിരുവനന്തപുരം പാളയത്താണ് സെന്റ് ജോസഫ് പള്ളിയും മുസ്ലിം പള്ളിയും ഗണപതി ക്ഷേത്രവും സ്ഥിതി ചെയ്യുന്നത്. ഇവർ പറയുന്നത് കേട്ടാൽ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷമാണ് കിഫ്ബി ഫണ്ടിൽ നിന്ന് തുക വിനിയോഗിച്ച് ഈ ആരാധനാലയങ്ങളുടെ പണി പൂർത്തീകരിച്ച് ലൈറ്റ് സ്ഥാപിച്ചതെന്ന് തോന്നിപ്പോകും. ആറ്റുകാൽ പൊങ്കാലയെക്കുറിച്ച് വലിയരീതിയിൽ പറയുകയാണ്. എൽ.ഡി.എഫ്. മന്ത്രിസഭ തീരുമാനിച്ചാണ് ആറ്റുകാൽ പൊങ്കാല ഇവിടെ നടപ്പാക്കിയതുപോലെയാണ് ഇവർ ഇവിടെ പറയുന്നത്. കേരളമുണ്ടായ കാലം

മുതൽ ഈ പള്ളിയും ചർച്ചും ക്ഷേത്രവും ആറ്റുകാൽ പൊങ്കാലയുമുണ്ട്. ഇതൊക്കെ ഇവരുടെ നേട്ടമായാണ് ചിത്രീകരിക്കുന്നത്. ഇത്തരം നേട്ടങ്ങൾ ഇങ്ങനെ പറഞ്ഞുനടക്കാൻ നിങ്ങൾക്ക് ഉളുപ്പില്ലേ;

ശ്രീ. എ. സി. മൊയ്തീൻ സാഹിബ് ലൈഫ് മിഷനെക്കുറിച്ച് വളരെ വിശദമായി പറഞ്ഞു. ഞങ്ങളുടെ നാട്ടിലെ ഒരു സ്കൂളിൽ അധ്യാപിക കുട്ടികളോട് തങ്ങളുടെ വീടിന്റെ ചിത്രം വരച്ചുകൊണ്ടുവരാൻ ആവശ്യപ്പെട്ടപ്പോൾ അവർ പല തരത്തിലുള്ള ചിത്രങ്ങളാണ് വരച്ചുകൊണ്ടുവന്നത്. അതിൽ ഒരു കുട്ടിയുടെ ചിത്രത്തിൽ ഒരു ക്വിന്റൽ പൊക്കമുള്ള തറ മാത്രമേയുള്ളൂ. അങ്ങനെ പലരീതിയിലാണ് സ്വന്തം വീടിന്റെ ചിത്രം കുട്ടികൾ വരച്ചത്. കാരണം ലൈഫ് മിഷനിലൂടെ അനുവദിച്ച വീടുകളുടെ നിർമ്മാണത്തിന് യഥാസമയം തുക അനുവദിക്കാത്തതിനാൽ പല വീടുകളുടെയും പ്രവൃത്തി വളരെ മന്ദഗതിയിലാണ്. അവരൊക്കെ തറയും ക്വിന്റൽ പൊക്കവുമായി നിൽക്കുകയാണ്. അവിടെയാണ് ലൈഫ് മിഷനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം വീരവാദത്തോടെ പറഞ്ഞത്.

മയക്കുമരുന്ന് വിരുദ്ധ ക്യാമ്പയിനുവേണ്ടി വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച ഫണ്ടിൽ 57 ശതമാനം വെട്ടിക്കുറച്ചു. ഇതിനായി അനുവദിച്ച ഒന്നരക്കോടി രൂപ 65 ലക്ഷം രൂപയാക്കി വെട്ടിക്കുറിച്ചു. ഇതിനെതിരായ ശക്തമായ പ്രതിഷേധം അറിയിക്കുകയാണ്. കുട്ടികളുടെ കാര്യത്തിൽ എന്ത് കരുതലാണ് ഈ സർക്കാർ സ്വീകരിക്കുന്നത് എന്നതിന്റെ ഉദാഹരണമാണ് ഞാൻ ഇവിടെ പറയുന്നത്. ആ വകുപ്പിനല്ലേ പൂർണമായ തുക കൊടുക്കേണ്ടത്; എന്നാൽ അത് കൊടുക്കുന്നില്ല. ഈ സർക്കാരിന്റെ കെടുകാര്യസ്ഥതയാണിത്. ഇന്നലെ എക്സൈസ് വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ചപ്പോൾ കഴിഞ്ഞ എട്ടു ദിവസം കൊണ്ട് 3568 റെയ്ഡുകൾ നടത്തി, 33750 വാഹനപരിശോധന നടത്തി 1.09 കോടി (ഒരു കോടി ഒൻപത് ലക്ഷം) മയക്കുമരുന്നുകൾ പിടിച്ചെടുത്തു, 554 കേസെടുത്തു എന്നതാണ് കാണാൻ സാധിച്ചത്. മയക്കുമരുന്നിനെതിരെ എക്സൈസിന്റെ എൻഫോഴ്സ്മെന്റ് നടപടികൾ കൂടുതൽ ഊർജ്ജിതമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നിർദേശം നൽകണം. ഞങ്ങൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നപ്പോൾ അതിനെതിരെ വലിയ ജനവികാരമുണ്ടായി. അങ്ങനെ

ജനവികാരമുണ്ടായപ്പോഴാണ് ഈ എട്ടു ദിവസംകൊണ്ട് 3568 റെയ്ഡുകൾ നടത്തിയത്. കഴിഞ്ഞ ഒൻപത് വർഷക്കാലവും ഇങ്ങനെയൊരു താൽപര്യം കാണിച്ചിരുന്നെങ്കിൽ ലഹരിവസ്തുക്കളുടെ ഉപയോഗം ഇത്രത്തോളം വ്യാപിക്കില്ലായിരുന്നു; ലഹരി ഉപയോഗത്തിലൂടെയുള്ള കൊലപാതകങ്ങൾ ഉണ്ടാകില്ലായിരുന്നു. അതുകൊണ്ടാണ് ഈ വകുപ്പ് തികഞ്ഞ പരാജയമാണെന്ന് ഞങ്ങൾ പറയുന്നത്. ഞങ്ങൾ ആദ്യം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നപ്പോൾ സഹകരിച്ചു. അതിനോട് പോസിറ്റീവായി നിന്നു. രണ്ടാമത് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നപ്പോൾ സ്വരം അല്പം മാറ്റേണ്ടിവന്നു. എന്നിട്ടും നന്നാകുന്നില്ല. അതാണ് ഞങ്ങൾ പറയുന്നത് ഈ വകുപ്പ് പരാജയമാണ്. എക്സൈസ് വകുപ്പ് ഒരു നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. പല കേസുകളും പിടിക്കപ്പെടുന്നുണ്ട്. എന്നാൽ അതിന്മേൽ കൃത്യമായ ഫോളോ അപ് നടത്തുന്നില്ല; യഥാർഥ പ്രതികളിലേക്കെത്തുന്നുമില്ല. അത് സർക്കാരിന്റെയും ഈ വകുപ്പിന്റെയും പരാജയമാണെന്ന് ഞാൻ പറയാനാഗ്രഹിക്കുന്നു. എക്സൈസ് വകുപ്പിനെ എന്തിനാണുപയോഗിക്കുന്നത്; എക്സൈസ്

വകുപ്പിൽനിന്ന് ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് സർക്കാരിനെ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമം മാത്രമാണ് നടത്തുന്നത്. എക്സൈസ് വകുപ്പിനെ ഒരു കറവപ്പശുവായി മാറ്റിയതല്ലാതെ മറ്റൊരു ഗുണവും ജനങ്ങൾക്ക് ലഭിക്കാത്തൊരു സാഹചര്യമാണുള്ളത്. ബാറുടമകൾ എന്നും പാർട്ടിക്ക് സാമ്പത്തികനേട്ടമുണ്ടാക്കുന്നു. അതാണ് ഇവരുടെ പ്രധാന ലക്ഷ്യം. അല്ലാതെ ഈ വകുപ്പുകൊണ്ട് ഒരു ചുക്കും ചെയ്യാൻ സാധിക്കില്ല. എനിക്ക് സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത് എക്സൈസ് വകുപ്പിന്റെ ശ്രദ്ധ ചെലുത്തേണ്ടത് ലഹരി കടത്തുകാർ വ്യാജമദ്യം കൊണ്ടുവരുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ലഹരി അനുബന്ധമായ കേസുകളിൽ നിയമപ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമാണ്. ഇതിലൂടെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. ആയതിനാൽ എക്സൈസ് വകുപ്പിനെ ലഹരിവിരുദ്ധ ക്യാമ്പയിൻ പ്രവൃത്തിയിൽനിന്നും പൂർണമായി മാറ്റിനിർത്തി അതിന്റെ പൂർണ്ണചുമതല യുവജനകാര്യം, സ്പോർട്സ്, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകൾക്ക്

കൈമാറണം. എക്സൈസ് വകുപ്പിന്റെ 'വിമുക്തി' ക്യാമ്പയിനെക്കുറിച്ച് നമുക്കറിയാം. ആ 'വിമുക്തി' ഇന്നൊരു പ്രഹസനമായി മാറിയിരിക്കുകയാണ്. ഉദ്യോഗസ്ഥന്മാർ വന്ന് ക്ലാസെടുക്കുന്നു, പഠിപ്പിക്കുന്നു, ഫോട്ടോയെടുത്ത് മേലുദ്യോഗസ്ഥന് അയച്ചുകൊടുക്കുന്നു. അവരുടെ 'വിമുക്തി' അവിടെ അവസാനിക്കുകയാണ്. വിമുക്തിയെന്നത് ഒരു ഫോട്ടോസെഷനായി, ഒരു പ്രഹസനമായി മാറിയിരിക്കുകയാണ്. ഞാൻ വസ്തുതയാണ് പറയുന്നത്. എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിംഗ് ഉദ്യോഗസ്ഥരെ ഈ കേസുകൾ പിടിക്കാനും മറ്റുള്ള കാര്യങ്ങൾക്കും ചുമതലപ്പെടുത്തി എക്സൈസ് വകുപ്പിൽനിന്ന് ലഭിക്കുന്ന വരുമാനത്തിൽ കുറച്ചു തുക മേല്പറഞ്ഞ വകുപ്പുകളിലേക്ക് കൊടുക്കാനും സംവിധാനമുണ്ടാകണം. അവിടെ ഉദ്യോഗസ്ഥന്മാർ ക്ലാസെടുത്താൽ മതിയാകില്ല. അവിടെ നല്ല ട്രെയിനർമാരെ വച്ചുകൊണ്ട് മോട്ടിവേഷൻ ക്ലാസെടുക്കാനുള്ള സാഹചര്യമുണ്ടാക്കണം. കളമശ്ശേരി പോളിടെക്നിക്കിൽ എസ്.എഫ്. ഐ. നേതാക്കളെ പിടിച്ച സംഭവം നമുക്കെല്ലാവർക്കുമറിയാം. ഇത് പാർട്ടിക്കാരാണ്. ആ പാർട്ടിക്കാരെ ഇനി ഇത്തരം കേസുകളിൽ പിടിക്കേണ്ടിവരുമോയെന്ന ഭയപ്പാടിൽ ഈ റെയ്ഡും

കാര്യങ്ങളും നിർത്തണം എന്നാണ് എനിക്ക് സർക്കാരിനോട് ഓർമ്മപ്പെടുത്താനുള്ളത്. പണ്ട് പാർലമെന്റിൽ എസ്.എഫ്.ഐ.-യെക്കുറിച്ച് ശ്രീ. ഹൈബി ഈഡൻ പറയുകയുണ്ടായി, ഇത് നിരോധിക്കണമെന്ന്. കഴിഞ്ഞ ദിവസം ശ്രീ. രമേശ് ചെന്നിത്തലയും ഇത് പറയുകയുണ്ടായി. അതൊരു വസ്തുതയാണ്. ഇങ്ങനെപോയാൽ എസ്.എഫ്.ഐ.-യെ നിരോധിക്കേണ്ടൊരു സാഹചര്യത്തിലേക്ക് പോകേണ്ടിവരും. ജനങ്ങൾ ഇത് പറഞ്ഞുകൊണ്ടിരിക്കുകയാണ്. പാലക്കാട് ചെക്ക് പോസ്റ്റുകളിൽ 7 എണ്ണത്തിൽ എക്സൈസ് ഇൻസ്പെക്ടർമാർ ഇല്ലാത്തതുകൊണ്ട് കേസ് എടുക്കാൻ കഴിയുന്നില്ല. ഈ ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന അനിവാര്യമാണ്. കാരണം ചെക്ക് പോസ്റ്റുകൾ വഴിയാണല്ലോ ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ വരുന്നത്. അതുകൊണ്ട് ഈ ചെക്ക് പോസ്റ്റുകളിൽ ഇൻസ്പെക്ടർമാർ ഇല്ലാത്തത് വകുപ്പിന്റെയും സർക്കാരിന്റെയും പരാജയമാണ്. ഇതൊന്നും പരിഗണിക്കാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും വകുപ്പും യാതൊരു ഉത്തരവാദിത്വവുമില്ലാതെ തുടരുകയാണ്.

സ്കൂളിനുസമീപമുള്ള കടകളിൽ മിഠായിപോലും ലഹരിചേർത്ത് വിൽക്കുന്ന സാഹചര്യമാണുള്ളത്. ഇതൊന്നും തടയാൻ ഈ സർക്കാരിനോ വകുപ്പിനോ സാധിക്കുന്നില്ല. ഇതൊക്കെ ഈ വകുപ്പിന്റെ പരാജയമാണെന്ന് ഞാൻ ആവർത്തിച്ചു പറയുകയാണ്. എക്സൈസ് വകുപ്പ് കേസുകൾ പെരുപ്പിച്ച് കാണിക്കുകയാണ്. പെരുപ്പിച്ച് കാണിക്കുക എന്നാൽ നമുക്കറിയാം small quantity, medium quantity എന്ന് പറയുന്നതുപോലെ ചെറിയ ക്വാണ്ടിറ്റിയിലുള്ള കേസുകൾ മാത്രം പിടിച്ചുകൊണ്ട് അവർ കേസിനെ പെരുപ്പിച്ച് കാണിക്കുന്നു. വലിയ ക്വാണ്ടിറ്റിയിലുള്ള കേസുകളൊന്നും തന്നെ പിടിക്കുന്നില്ല. അങ്ങനെ കേസ് പിടിച്ചുവെന്ന് പെരുപ്പിച്ച് കാണിക്കുകയാണ്. വക്കീലില്ലാതെ തന്നെ നിസ്സാര ഫൈൻ ചുമത്തി ചില കേസുകളിൽ പ്രതികളെ വെറുതെ വിടുകയാണ്. അത് ഗൗരവമായി കാണേണ്ടതാണ്.

സ്കൂളുകളിൽ ഒരു ക്ലാസെന്ന് പറയുന്നത് 45 മിനിട്ട് എന്ന ക്രമത്തിലാണ് വിദ്യാഭ്യാസ വകുപ്പ് അനുവദിച്ചിട്ടുള്ളത്. അതിൽ 5 മിനിട്ട് സമയം കുട്ടികൾക്ക് പ്രായോഗികമായ വിദ്യാഭ്യാസം കൊടുക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. 6-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഇത്

പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വിപുലമായിതന്നെ ഉൾപ്പെടുത്തി കുട്ടികൾക്ക് ബോധവത്കരണം നൽകേണ്ടതുണ്ട്. കുട്ടികൾ അപകടത്തിൽ ചാടാതിരിക്കാൻ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും അതുപോലെ വീഡിയോ ഗെയിമിനെക്കുറിച്ച് ബോധവത്കരിക്കാനും ലൈംഗിക ചൂഷണത്തെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുന്നതിനുംവേണ്ടി സ്കൂളുകളിൽ ആഴ്ചയിൽ ഒരു പിരീഡ് അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകണം. എക്സൈസ് വകുപ്പിന്റെ കെടുകാര്യസ്ഥതയിൽ പ്രതിഷേധിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ആദ്യം തന്നെ ഞാനൊരു റിക്വസ്റ്റ് ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ദയവുചെയ്ത് ലഹരി വിഷയം ഒരു രാഷ്ട്രീയ ആരോപണ പ്രത്യാരോപണങ്ങളാക്കി മാറ്റി അതിന്റെ വില കുറച്ച് കാണിക്കുന്ന ഒരു സാഹചര്യത്തിലേക്ക് പോകരുത്. ഈ സഭയിൽ ചർച്ച വരുന്ന സമയത്ത് ലഹരിക്കടത്തിൽ പിടിക്കപ്പെടുന്ന ആളുകളുടെ രാഷ്ട്രീയം മാത്രം ചർച്ച ചെയ്യുകയും ഒരു സമൂഹ്യ വിപത്ത് എന്ന നിലയിൽ അതിനെ നേരിടുന്നതിനെക്കുറിച്ചുള്ള ചർച്ചയുടെ സ്വഭാവവും ഗൗരവവും കുറയുന്ന ഒരു

സാഹചര്യമുണ്ട്. അതുകൊണ്ട് ദയവുചെയ്ത് ആ രീതിയിലേക്ക് മാത്രമായി നമ്മുടെ ചർച്ചകളെ കൊണ്ടുപോകരുത്. അതൊരു സാമൂഹ്യവിപത്താണ് എന്ന നിലയ്ക്ക് നമുക്കെല്ലാവർക്കും ഒറ്റക്കെട്ടായി അതിനെ നേരിടാൻ സാധിക്കണം. അതിന് കക്ഷി രാഷ്ട്രീയമോ അല്ലെങ്കിൽ ജാതി-മതമോ ഒന്നുംതന്നെ ഒരു പ്രശ്നമാക്കി എടുക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടുത്തെ മീഡിയാസിനോടും അതാണ് അഭ്യർത്ഥിക്കാനുള്ളത്. ചില രാഷ്ട്രീയ പാർട്ടികളുടെ ആളുകളാണ് പിടിക്കപ്പെടുന്നതെങ്കിൽ അത് വാർത്തയായി കൊടുക്കുകയും അല്ലാത്ത സമയത്ത് അത്ര ഗൗരവമില്ലാത്ത തരത്തിലേക്കുമാണ് പോകുന്നത്. അങ്ങനെയൊരു സമീപനം മാധ്യമങ്ങൾ സ്വീകരിക്കരുതെന്നാണ് എനിക്ക് അവരോട് അഭ്യർത്ഥിക്കാനുള്ളത്.

നമ്മുടെ രാജ്യത്ത് ദശലക്ഷക്കണക്കിന് മനുഷ്യരാണ് വീടില്ലാത്ത സാഹചര്യത്തിൽ കഴിയുന്നത്. അവിടെയാണ് നമ്മുടെ രാജ്യത്തെ ഒരു സംസ്ഥാനം, ഒരു കൊച്ചുകേരളം അഞ്ചു ലക്ഷം വീടുകൾ യാഥാർത്ഥ്യമാക്കിക്കൊണ്ട് ലൈഫ് പദ്ധതി ഏറ്റവും മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നത്. നമ്മുടെ രാജ്യത്ത് കേന്ദ്ര സർക്കാരിന്റെ വിഹിതം

വച്ച് നോക്കിയാൽ വളരെ കുറച്ച് വിഹിതമാണ് കിട്ടുന്നത്. ബഹുഭൂരിപക്ഷം വരുന്ന വിഹിതവും സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭ്യമാക്കിക്കൊണ്ടാണ് ഇത്തരത്തിലൊരു മാതൃകാ പരിപാടി നമ്മൾ ലോകത്തിന് മാതൃകയാക്കിക്കൊണ്ട് നടപ്പാക്കുന്നത്. അതോടൊപ്പംതന്നെ കേരളം നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്ന രീതിയിൽ മറ്റൊരു നേട്ടത്തിലേക്ക് പോകുകയാണ്. ഈ വരുന്ന കേരളപ്പിറവി ദിനത്തിൽ രാജ്യത്ത് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ, അതിദാരിദ്ര്യം പോലും ഇല്ലാതെയാകുന്ന ആദ്യ സംസ്ഥാനമായി നമ്മൾ പ്രഖ്യാപിക്കപ്പെടുകയാണ്. ഇത് അഭിമാനിക്കാവുന്ന കാര്യമാണ്. മാലിന്യ സംസ്കരണ മേഖലയിലും നമ്മൾ വലിയ നേട്ടത്തിലേക്ക് പോവുകയാണ്. മാലിന്യം മലയായിരുന്ന, മൂക്ക് പൊത്താതെ പോകാൻ കഴിയാതിരുന്ന ബ്രഹ്മപുരം ഇന്ന് നമുക്കെല്ലാവർക്കും പോയിക്കഴിഞ്ഞാൽ കാണാൻ കഴിയുന്ന രീതിയിൽ വലിയ മാറ്റത്തിലേക്ക് പോവുക മാത്രമല്ല അസാധ്യമായത് സാധ്യമാക്കാം എന്ന വലിയൊരു കോൺഫിഡൻസ്കൂടി മാലിന്യസംസ്കരണ മേഖലയിൽ നമുക്ക് ലഭ്യമായിട്ടുണ്ട്. അതിന്

ബഹുമാനപ്പെട്ട മിനിസ്റ്ററെയും വകുപ്പിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസ മേഖല വലിയ പരിഷ്കരണങ്ങളോടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. നേരത്തെ ഉണ്ടായിരുന്നതുപോലെയല്ല ഇന്ന് NIRF-ന്റെ റാങ്കിങ്ങിലും NAAC-ന്റെ അക്രഡിറ്റേഷനിലുമൊക്കെത്തന്നെ കേരളത്തിന്റെ സാന്നിധ്യം വളരെ മുന്നിലായി മാറിയിട്ടുണ്ട്. അതോടൊപ്പംതന്നെ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ നേരത്തെയൊന്നും നമ്മുടെ പേരുകൾ ഇല്ലായിരുന്നെങ്കിൽ ഇന്ന് കേരളത്തിലെ യൂണിവേഴ്സിറ്റികൾ പ്രത്യേകിച്ച് കേരള യൂണിവേഴ്സിറ്റിയും എം.ജി. യൂണിവേഴ്സിറ്റിയുമൊക്കെത്തന്നെ ആ റാങ്കിങ്ങിലേക്ക് എത്തപ്പെട്ടിട്ടുണ്ട് എന്നുള്ളതും നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. വലിയ പരിഷ്കരണ പ്രവർത്തനങ്ങൾ നമ്മൾ വിജ്ഞാന സമൂഹത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ വരുത്തി. ഗ്ലോബൽ എജ്യൂക്കേഷൻ ഹബ്ബായി കേരളം മാറാനുള്ള ശ്രമങ്ങളിലേക്ക് കടക്കുകയാണ്. ഈ ഘട്ടത്തിൽ എനിക്ക് പറയാനുള്ളത് നമ്മുടെ കരിക്കുലം വലിയ തരത്തിലുള്ള മാറ്റങ്ങളിലൂടെ

കടന്നുപോകുന്നുണ്ട്. അത് ഇന്റർനാഷണലി റെക്കഗനൈസ് ചെയ്യപ്പെടുന്ന റെലവന്റായിട്ടുള്ള രീതിയിലേക്ക് പരിഷ്ക്കരിക്കപ്പെടണം. അതോടൊപ്പംതന്നെ കോഴ്സുകളും ക്രെഡിറ്റും പരസ്പരം അംഗീകരിക്കുന്ന രീതിയിലേക്ക് മാറ്റാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ തീർച്ചയായിട്ടും അത് ലോകത്ത് ഡെവലപ്ഡായിട്ടുള്ള രാജ്യങ്ങളുമായി കിടപിടിക്കുന്ന രീതിയിലേക്ക് മാറ്റി നമ്മുടെ കുട്ടികൾക്ക് അങ്ങോട്ടും അവിടെനിന്ന് ഇങ്ങോട്ടും എക്സ്ചേഞ്ച് പ്രോഗ്രാം അടക്കമുള്ള കാര്യങ്ങളിലേക്ക് പോകാൻ കഴിയുന്ന രീതിയിലേക്ക് മാറ്റണമെന്ന് അഭ്യർഥിക്കുകയാണ്. ഈ മാറ്റങ്ങളൊക്കെയുണ്ടാകുമ്പോൾ ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. കരിക്കുലം മോഡണൈസേഷന്റെ കാര്യത്തിലുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ഇൻഡസ്ട്രി അക്കാദമിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് പാർട്ണർഷിപ്പ് പരിപാടികൾ നമ്മൾ ആലോചിച്ചുകൊണ്ട് പ്രവർത്തിക്കുന്നുണ്ട്. ഇൻഫ്രാസ്ട്രക്ചർ മേഖലയിലൊക്കെ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്. എന്നാൽ ഈ മാറ്റത്തിനനുസരിച്ച് ഫാക്കൽറ്റി ഡെവലപ്മെന്റ് നടക്കുന്നുണ്ട്. ഈ ഫാക്കൽറ്റി ഡെവലപ്മെന്റുകൂടി, ഇന്റർനാഷണൽ മറ്റ് ഫാക്കൽറ്റികളുമായി ബന്ധപ്പെടുന്ന രീതിയിലേക്ക്

നിലവാരമുയർത്താനുള്ള പ്രവർത്തനങ്ങളുണ്ടാകണം. റിസർച്ചുകൾക്ക് പ്രയോരിറ്റി കൊടുക്കുന്ന പ്രവർത്തനങ്ങൾകൂടി ഉണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. ആഗോളനിലവാരത്തിലേക്ക് ടീച്ചേഴ്സിനെക്കൂടി ഉയർത്തുന്ന തരത്തിലേക്ക് മാറണം.

പൊതുവിദ്യാഭ്യാസ രംഗത്തും വലിയ മാറ്റങ്ങളുണ്ട്. നമുക്കറിയാം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നമ്മുടെ രാജ്യത്തിന് മാത്രമല്ല ലോകത്തിന് മാതൃകയായിട്ടുള്ള, പൊതുവിദ്യാഭ്യാസ മേഖലയിൽ ഇത്രയും ഇൻഫ്രാസ്ട്രക്ചർ ലഭ്യമായൊരു കാലം നമുക്കുണ്ടായിട്ടില്ല. 5 കോടി, 3 കോടി, ഒരു കോടി എന്നു പറഞ്ഞുകൊണ്ട് നിരവധി വിദ്യാലയങ്ങൾ നമ്മുടെ സംസ്ഥാനത്ത് പൂർത്തീകരിച്ചു. ഇപ്പോൾ നാന്നൂറിലധികം വരുന്ന വിദ്യാലയങ്ങളിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്ത് ആദ്യമായി വിദ്യാഭ്യാസ മേഖല സമ്പൂർണ്ണ ഡിജിറ്റലൈസ് ചെയ്ത സംസ്ഥാനമായി കേരളം മാറി. ഈ ഇൻഫ്രാസ്ട്രക്ചർ മേഖലയിലുള്ള കുതിപ്പിനൊപ്പംതന്നെ അക്കാദമികമായി മറ്റെല്ലാ മേഖലയിലും മാറ്റമുണ്ടാക്കുന്നതിനുവേണ്ടിയുള്ള സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്കുകൂടി

തുടക്കമിട്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ ഏറ്റവും പെട്ടെന്ന് ഇല്ലാതായിപോകുന്ന ഒരു വിഭാഗം എന്നുപറയുന്നത് പരമ്പരാഗത രീതിയിൽ അധ്യാപകരായിരുന്ന വിഭാഗമാണ്. വരുന്ന ഒന്നോ രണ്ടോ വർഷംകൊണ്ട് ഇല്ലാതായിപോകുന്ന അവസ്ഥയിലേക്ക് എത്തുകയാണ്. പുതിയ ജനറേഷനിലുള്ള പല കുട്ടികളും പരമ്പരാഗത രീതിയിലുള്ള ക്ലാസ്സ് മുറികളിൽ ഇരിക്കാൻ താൽപര്യപ്പെടുന്നില്ല. പക്ഷെ പേടിച്ചുകൊണ്ടോ അല്ലെങ്കിൽ അങ്ങനെയൊക്കെ ഇരിക്കേണ്ട ഒരു സാഹചര്യമാണുണ്ടാകുന്നത്. അധ്യാപകർ ഒരുപാട് പേരും മാറിയിട്ടുണ്ട്. ആ രീതിയിൽനിന്ന് ഇന്ന് കുറച്ചുകൂടി നോളഡ്ജ് ഫെസിലിറ്റേറ്റർ എന്നുള്ള രീതിയിലേക്ക്, ഗൈഡ്മാർ എന്നുള്ള രീതിയിലേക്ക് അധ്യാപകർ മാറിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഓരോ അധ്യാപകരെയും വിദ്യാർഥികളുടെ മെന്റർമാരായി മാറ്റുന്ന രീതിയിലേക്കുള്ളൊരു മാറ്റം അനിവാര്യമാണെന്ന് എനിക്ക് തോന്നുന്നു. ആ തരത്തിലുള്ള പ്രവർത്തനങ്ങളുമായി നമ്മൾ മുന്നോട്ട് പോകണം. ഒന്നു മുതൽ പത്താം ക്ലാസ്സ് വരെ പാഠപുസ്തകങ്ങൾ വളരെ ജനകീയമായ ചർച്ചകൾക്കുശേഷം നമ്മൾ പരിഷ്കരിച്ചു. ഏറ്റവും മികച്ച രീതിയിൽ പരാതികൾ ഇല്ലാതെ പരിഷ്കരിച്ചതിന്

വിദ്യാഭ്യാസ വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഹയർ സെക്കൻഡറി പാഠപുസ്തകങ്ങൾകൂടി ഈ പരിഷ്കരണത്തിന് ഒരുങ്ങുകയാണ്. ഈ സമയത്ത് ലോകനിലവാരത്തിലുള്ള മത്സരപരീക്ഷകൾക്ക് പങ്കെടുക്കാനും, ഇപ്പോൾ എൻട്രൻസ് പരീക്ഷയെഴുതുന്നതിന് വേറെ കോച്ചിങ്ങിന് പോകാതെതന്നെ അവർക്ക് പങ്കെടുക്കാൻ കഴിയുന്ന രീതിയിൽ നമ്മുടെ സിലബസുകൾ അതുമായി ചേർന്നുകൊണ്ടുള്ള രീതിയിലേക്ക് മാറ്റണം എന്നാണ് എനിക്ക് പറയാനുള്ളത്. പരീക്ഷകൾ എഴുതുമ്പോൾതന്നെ കുട്ടികൾക്ക് എൻട്രൻസ് പരീക്ഷകൾ, മത്സരപ്പരീക്ഷകൾ എഴുതുമ്പോൾ ഒ.എം.ആർ. രീതിയിലും പരീക്ഷകൾ എഴുതാനുള്ള ഒരു ട്രെയിനിങ്ങും ആ രീതിയിലേക്ക് നമ്മുടെ പൊതുപരീക്ഷകൾ പൂർണ്ണമായും മാറണം എന്നാണ് പറയാനുള്ളത്. ഹയർസെക്കൻഡറി പഠിക്കുന്ന കുട്ടികൾ ഹൈസ്കൂൾ കുട്ടികളിൽ തുടങ്ങി അവരുടെ ടാലന്റ് മാപ്പ് ചെയ്തുകൊണ്ട് ആ മേഖലകളിൽ അവർക്ക് പ്രത്യേകമായി, ഇപ്പോൾ ഹയർ സെക്കൻഡറി പഠിക്കുന്നൊരു കുട്ടിക്ക് ഒരു മേഖലയിൽ കുറച്ച് ടാലന്റുണ്ടെങ്കിൽ അതിൽ ഒരു സർട്ടിഫിക്കറ്റ്, സ്കോൾ കേരള അടക്കമുള്ള മേഖലയെ ഉപയോഗപ്പെടുത്തിക്കൊണ്ട് സർട്ടിഫിക്കറ്റ് കോഴ്സുകളടക്കം എടുക്കാൻ കഴിയുന്ന

രീതിയിലേക്ക് കുറച്ചുകൂടി പരിഷ്കരിക്കുകയാണെങ്കിൽ വലിയ മാറ്റം നമ്മുടെ കുട്ടികളുടെ കാര്യത്തിൽ ഉണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ രാജ്യത്ത് എൻ.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പാഠപുസ്തകങ്ങളിൽ വെട്ടിമാറ്റലുകൾ നടത്തുകയാണ്. സയൻസ്, സോഷ്യൽ സയൻസ്, പൊളിറ്റിക്സ്, സിവിക്സ്, ഹിസ്റ്ററി തുടങ്ങിയവയുടെ പാഠഭാഗങ്ങളിലെല്ലാം പലതരത്തിലുള്ള വെട്ടിമാറ്റലുകൾ നടന്നുകൊണ്ടിരിക്കുകയാണെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ. വർഗ്ഗീയത സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചെല്ലാം നേരത്തെയും ഇവിടെ പറഞ്ഞുകഴിഞ്ഞു. നമ്മുടെ രാജ്യത്ത് വർഗ്ഗീയലഹളകളില്ലാത്ത ഒരു സംസ്ഥാനം എന്ന നിലയ്ക്ക് നമുക്ക് അഭിമാനിക്കാം. എന്നാൽ ആ വിഷയം വളരെ ലളിതമായി നാം കാണരുത്. നമ്മുടെ രാജ്യത്ത് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന CAA (Citizenship Amendment Act), NRC (National Register of Citizens) തുടങ്ങിയ പുതിയ നിയമങ്ങളെപ്പറ്റി നമുക്കറിയാവുന്നതാണ്. ശബരിമല, വഖഫ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളടക്കം വർഗ്ഗീയമായി ധ്രുവീകരിക്കുന്നതിന് ചില കേന്ദ്രങ്ങളിൽനിന്നും ശ്രമങ്ങൾ നടത്തുന്നു.

മനുഷ്യമനസ്സുകളെ വർഗ്ഗീയമായി ധ്രുവീകരിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും വളർന്നുവരുന്ന തലമുറയെ വർഗ്ഗീയമായി വിഭജിക്കുന്നതിനായി പാഠപുസ്തകങ്ങൾവരെ തിരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ, ഇന്ത്യാരാജ്യത്ത് മതനിരപേക്ഷതയ്ക്ക് പേരുകേട്ട ഇടങ്ങൾപോലും വർഗ്ഗീയമായി ധ്രുവീകരിക്കപ്പെടുകയും ആരാധനാലയങ്ങളുടെ ഏറ്റവും അടിവരെ മാന്തിനോക്കിക്കൊണ്ട് മറ്റൊരുതരത്തിൽ ജനങ്ങളെ വിഭജിക്കാനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്യുന്ന സമയത്താണ് കേരളം അതിനെ ചെറുത്ത് തോൽപ്പിച്ചുകൊണ്ട് ഇപ്പോഴും മതനിരപേക്ഷതയ്ക്ക് പേരുകേട്ട രീതിയിൽ മുമ്പോട്ടുപോകുന്നത്. ഇതൊന്നും നിസ്സാരമായി കാണാൻ പാടില്ല. ആരാധനാലയങ്ങൾ പരസ്പരം സഹകരിക്കണം, മതവിശ്വാസികൾ പരസ്പരം സഹകരിച്ചുകൊണ്ട് മാതൃകയായിട്ടുള്ള പ്രവർത്തനങ്ങളുമായി കേരളം മുമ്പോട്ടുപോകുകയാണ്. നമ്മുടെ സംസ്ഥാനത്തെ വർഗ്ഗീയവൽക്കരിക്കാനുള്ള ശ്രമങ്ങളെ ഓരോ ഘട്ടത്തിലും ഇല്ലാതാക്കുന്നതിന് വളരെ ആസൂത്രിതമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്, നമ്മുടെ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ ശ്രമങ്ങൾ അതിന് ഒരു പ്രധാനപ്പെട്ട കാരണമാണ് എന്നതിൽ യാതൊരു

സംശയവുമില്ല. എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങൾ തിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, ഒട്ടുമിക്ക സംസ്ഥാനങ്ങളും പാഠപുസ്തകങ്ങളിൽ തിരുത്തൽ വരുത്തിയപ്പോൾ, തിരുത്തിയ പാഠപുസ്തകങ്ങളിലെ വളച്ചൊടിച്ച ചരിത്രമല്ല, യഥാർഥ ചരിത്രം യഥാർഥ രീതിയിൽ പഠിക്കാനുള്ള അവസരം ഇന്ത്യാരാജ്യത്ത് ഒരു സംസ്ഥാനത്ത് മാത്രമേയുള്ളൂ. പാഠപുസ്തകങ്ങളിൽ വെട്ടിമാറ്റലുകൾ വരുത്തുമ്പോഴും അങ്ങനെ ചെയ്യാതെ ചരിത്രം പഠിപ്പിക്കാനുള്ള അവസരം നമുക്കുണ്ടായിട്ടുണ്ടെന്നത് അഭിമാനിക്കാവുന്ന കാര്യമാണ്, ഈ വിഷയങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ ഒരുപാട് കാര്യങ്ങളിലേക്ക് കടക്കുകയല്ല.

തൊഴിലുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യുന്നുണ്ട്. തൊഴിലില്ലായ്മ കുറച്ചുകൊണ്ടുവരാനുള്ള വലിയ ശ്രമങ്ങൾ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. പീരിയോഡിക്കൽ ലേബർ സർവ്വെ റിപ്പോർട്ട് പരിശോധിച്ചാൽ വലിയ രീതിയിലുള്ള മാറ്റങ്ങൾ കേരളത്തിൽ വന്നിട്ടുണ്ടെന്ന് മനസ്സിലാക്കാം. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം രാജ്യത്തുതന്നെ ഏറ്റവും കൂടുതൽ നിയമനം നടന്ന ഒരു സംസ്ഥാനമാണ് കേരളം. ഒന്നരലക്ഷത്തിലധികം വരുന്ന

ഉദ്യോഗാർഥികൾക്ക് ഔപചാരികമായി പി.എസ്.സി. മുഖാന്തരം തൊഴിൽ ലഭിക്കുന്ന സംവിധാനമുണ്ടായി. സംരംഭകവർഷം അടക്കമുള്ള പദ്ധതികളിലൂടെ നിരവധിപേർക്ക് അനൗപചാരിക മേഖലകളിലടക്കം ജോലി ലഭ്യമായിട്ടുണ്ട്. India Skills Report പ്രകാരം ഇന്ത്യയിലെ സ്ത്രീ-പുരുഷന്മാർ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന ഇടങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. അതുപോലെതന്നെ കൊച്ചിയിലും തിരുവനന്തപുരത്തുമെല്ലാം ജോലിചെയ്യാൻ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലുള്ള ആളുകൾ ആഗ്രഹിക്കുന്നു. ഏതാണ്ട് 40 ലക്ഷത്തോളം ഇതര സംസ്ഥാനത്തൊഴിലാളികൾ ഇവിടെവന്ന് ജോലിചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള സാഹചര്യമൊക്കെയുണ്ടെങ്കിലും എന്തുകൊണ്ടാണ് കേരളത്തിലെ വിദ്യാർഥികളിൽ വലിയൊരു വിഭാഗം പുറത്തുപോയി ജോലിചെയ്യാൻ ആഗ്രഹിക്കുന്നത് എന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ ഒരു കമ്മീഷനെ നിയമിച്ചുകൊണ്ട് പഠിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. കാരണം ഇന്ത്യാരാജ്യത്ത് ഏറ്റവും നന്നായി ജോലി ചെയ്യാൻ കഴിയുന്ന അന്തരീക്ഷമുള്ളതും ഏറ്റവും

കൂടുതൽ കൂലിനിരക്കുള്ളതുമായ സംസ്ഥാനമായിട്ടുപോലും ബ്ലൂകോളർ ജോബ് അടക്കമുള്ളവയ്ക്ക് ഡിഗ്നിറ്റി ഇല്ലെന്ന തോന്നൽ ഇവിടെയുണ്ട്.

ക്ഷേമനിധികൾ കാലത്തിനനുസരിച്ച് പരിഷ്കരിക്കേണ്ടതുണ്ട്. Working hours-ൽ കുറച്ചുകൂടി മാറ്റങ്ങൾ വരുത്തണം. അതോടൊപ്പം ഇത്തരം ജോലികൾ ചെയ്യുന്നവർക്ക് ട്രെയിനിങ് നൽകണം. നമ്മുടെ രാജ്യത്തെ യുവജനങ്ങൾ താരതമ്യം ചെയ്യുന്നുണ്ട്, They are not comparing with any other states, they are comparing with other countries; മറ്റ് രാജ്യങ്ങളിൽ കുറച്ചുകൂടി നല്ല സൗകര്യങ്ങളും സംവിധാനങ്ങളുമുണ്ട് എന്ന തോന്നലാണ് അവർക്കുള്ളത്. അത്തരത്തിൽ ആരോഗ്യ ഇൻഷ്വറൻസടക്കം ഏർപ്പെടുത്താനുള്ള സംവിധാനമുണ്ടാകണം. നമ്മുടെ ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ കുറച്ചുകൂടി ആകർഷകമാക്കിയാൽ, അതിന്റെ ഘടന കുറച്ചുകൂടി നല്ലരീതിയിലേക്ക് മാറ്റിക്കഴിഞ്ഞാൽ ഇവിടെത്തന്നെ ജോലിചെയ്യാനുള്ള മാനസികാവസ്ഥയിലേക്ക് ആളുകൾക്ക് മാറാൻ കഴിയും. അതോടൊപ്പം മാനുവൽ ജോലി ചെയ്യുന്നവരുടെ ഡിഗ്നിറ്റി വർധിപ്പിക്കാനുള്ള ക്യാമ്പേയ്നുകൾ, അവാർഡുകൾ, സക്സസ് സ്റ്റോറീസ് പരിചയപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ

ചെയ്യേണ്ടതുണ്ട്. അവർക്കുള്ള പെൻഷൻ കൃത്യസമയത്ത് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നുതുടങ്ങി നിരവധിയായ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.

അവസാനമായി സ്പോർട്സ് മേഖലയെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. ലഹരി വേണ്ടാ, വേണ്ടാ എന്ന് നാം ആവർത്തിക്കുമ്പോൾ, എന്നാലൊന്ന് രുചിച്ചുനോക്കിക്കൂടേ എന്നതോന്നലാണ് കുട്ടികൾക്കുള്ളതെന്ന്  ലഹരിക്കെതിരെ ധാരാളം ക്ലാസുകളെടുത്തതുകൊണ്ട് എനിക്ക് തോന്നുന്നു. ഈ വിഷയത്തെ അത്തരത്തിൽ ഡയറക്ടായി അഡ്രസ് ചെയ്താൽ മതിയെന്ന് തോന്നുന്നില്ല. ലഹരിക്കെതിരെ ഏറ്റവും പ്രധാന പങ്ക് വഹിക്കാനും നമ്മുടെ ആളുകൾക്ക് ധാരാളമായി അനുഭവപ്പെടുന്ന ജീവിതശൈലീ രോഗങ്ങൾക്ക് പ്രതിരോധം തീർക്കാനും കഴിയുന്ന മേഖല സ്പോർട്സാണ്. നമ്മുടെ ഗവൺമെന്റിന്റെതന്നെ നയപ്രകാരം ഒരു ഗ്രാമത്തിൽ, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന നിലയ്ക്കുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അത്തരം പ്രവർത്തനങ്ങളോടൊപ്പം എന്തെങ്കിലും കളികളിൽ ഏർപ്പെടാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനം

ഓരോ വാർഡുകളിലും ഉണ്ടാകണം. സ്കൂൾ ഗ്രൗണ്ടുകളെ നവീകരിച്ചുകൊണ്ട് പുറമേയുള്ളവർക്കുകൂടി കളിക്കുന്നതിന് ഉപയോഗപ്രദമാകുന്ന രീതിയിൽ സ്പോർട്സ് ക്ലബ്ബുകളുമായി ചേർന്നുകൊണ്ട് സൗകര്യങ്ങൾ ഒരുക്കണം. ഏറ്റവും പ്രധാനമായി പറയാനുള്ളത് സ്പോർട്സ് വകുപ്പിന് ഇപ്പോൾ അനുവദിച്ച ഫണ്ടുകൾ യാതൊരു വിധത്തിലുള്ള വെട്ടിക്കുറയ്ക്കലുകളുമില്ലാതെ നൽകിക്കൊണ്ട് സമയബന്ധിതമായി ഇത്തരം പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയണം. ഗ്രൗണ്ടുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളത് സ്പോർട്സ് കൗൺസിലിന്റെതന്നെ നേതൃത്വത്തിലുള്ള ഏജൻസിയാണ്. സാധിക്കുകയാണെങ്കിൽ ജില്ലാതലത്തിൽ എം.എൽ.എ.മാരുടെ പങ്കാളിത്തത്തോടെ ഗ്രൗണ്ടുകളെയും ഏജൻസികളെയും തീരുമാനിക്കാൻ കഴിഞ്ഞാൽ നന്നായിരിക്കും. ഒരേ ഏജൻസിതന്നെ കേരളത്തിലെ എല്ലാ ഗ്രൗണ്ടുകളുടെയും പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സമയബന്ധിതമായി വർക്കുകൾ പൂർത്തീകരിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടും. അതുകൊണ്ട് ഞാൻ സൂചിപ്പിച്ച തരത്തിലുള്ള സംവിധാനം ചെയ്തുകഴിഞ്ഞാൽ ഗ്രൗണ്ടുകളുടെ

നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും, ഇക്കാര്യത്തിൽക്കൂടി നടപടി സ്വീകരിക്കണം.

എക്സൈസ് വകുപ്പ് വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പലപ്പോഴും ആളുകളുടെയും സംവിധാനങ്ങളുടെയും കുറവ് അനുഭവപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെകൂടി ഏരിയയായ പട്ടാമ്പിയിൽ താലൂക്ക് ആസ്ഥാനത്ത് എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കാനുള്ള സംവിധാനമുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ട്, ഈ ധനാഭ്യർഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, സി.പി.ഐ(എം), കോർപ്പറേറ്റ് പാർട്ടി ഓഫ് മാർക്സിസ്റ്റ് ആയ സാഹചര്യത്തിലാണ് ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നത്. ഒരു കാലഘട്ടത്തിൽ 'എ.കെ.ജി.' ജയിലിൽകിടന്ന സമയത്തുള്ള കാര്യമാണ്, തന്റെ കൂടെയുള്ള തൊഴിലാളികളുടെ വീട്ടിലുള്ളവർ പട്ടിണി കിടക്കുകയാണെന്ന് മനസ്സിലാക്കി, ജയിലിൽനിന്നും സിഗരറ്റ് പാക്കറ്റിലും മറ്റും എഴുതിയും കത്തുകളയച്ചും നാട്ടിലെ ആളുകളോട് അവരുടെ വീട്ടിൽ അരി എത്തിക്കണമെന്ന് പറഞ്ഞയാളാണ് സി.പി.ഐ(എം)-ന്റെ

സമുന്നതനായ നേതാവ് എ. കെ. ഗോപാലൻ. ഒരു മാസമായി പാവപ്പെട്ട ആശാവർക്കർമാർ മഴയും വെയിലുംകൊണ്ട് സമരം ചെയ്തിട്ടും തിരിഞ്ഞുനോക്കാത്ത നിങ്ങളാണോ കമ്മ്യൂണിസ്റ്റ് പാർട്ടി? അതുകൊണ്ടാണ് നിങ്ങൾക്ക് ഏറ്റവും യോജിച്ച കോർപ്പറേറ്റ് പാർട്ടി ഓഫ് മാർക്സിസ്റ്റ് എന്ന പേര് ഞാൻ വിളിച്ചത്, അതാണ് നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം.

ശ്രീമതി സി. കെ. ആശ: സർ.... (മൈക്ക് ഓഫ്) (ബഹളം..)

ശ്രീ. പി. കെ. ബഷീർ: സർ, നിങ്ങൾ ബഹളം വയ്ക്കേണ്ട, നിങ്ങൾക്ക് ഒന്നുംതന്നെ പറയാനില്ല, എനിക്ക് സമയം കുറവാണ്, ഞാൻ സംസാരിക്കാൻ തുടങ്ങുകയാണ്. എനിക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയോട്, ഒരു കാര്യം പറയാനുണ്ട്, എക്സൈസ് വകുപ്പിൽ പലതും ആവശ്യമുണ്ട്, ഇവിടെ വകുപ്പിന് നല്ലൊരു സംവിധാനവുമുണ്ട്, എന്നാൽ അതിൽ ആവശ്യത്തിന് സ്റ്റാഫുണ്ടോ? എക്സൈസ് വകുപ്പിന്റെ ഇന്നത്തെ സ്ഥിതി എന്താണ്; വകുപ്പിന് ഒരു ക്രൈംബ്രാഞ്ച് വിങ്ങുണ്ട്, എന്നാൽ അതിൽ ആകെയുള്ളത് എത്ര ആളുകളാണ്? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 13 ആളുകളുണ്ടെന്നാണ്. അതിൽത്തന്നെ 3 പേർ ഡ്രൈവർമാരാണ്. അപ്പോൾ ബാക്കി എത്ര സ്റ്റാഫുണ്ട്;

ഈ അവസ്ഥയിൽ മയക്കുമരുന്ന് പിടിക്കുന്നത് എങ്ങനെയാണ്? അവർ കുറച്ച് കേസുകൾ അന്വേഷിക്കും, ഞാൻ പറഞ്ഞതുപോലെ പത്ത് ആളുകളെ വച്ചാണ് ഈ സംവിധാനം ഓപ്പറേറ്റ് ചെയ്യുന്നത്. താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ നിലവിലുണ്ടോ? 8 പുതിയ താലൂക്കുകൾ ഉണ്ടാക്കിയിട്ടും എക്സൈസ് സർക്കിൾ ഓഫീസുകൾ അനുവദിച്ചില്ല. ആവശ്യമായ സ്റ്റാഫ് പാറ്റേൺ ധനകാര്യ വകുപ്പ് അനുവദിക്കണം, അതല്ലാതെ മന്ത്രിയെ കുറ്റംപറഞ്ഞിട്ട് കാര്യമില്ലെന്ന് അറിയാം. എന്നിട്ടും ഞാൻ ഇതെല്ലാം പറയുന്നത് ഇതിനെ പോസിറ്റീവായി എടുക്കണമെന്നതുകൊണ്ടാണ്. (..ബഹളം..) ഭരണപക്ഷത്തുള്ളവർ വെറുതെ ബഹളംവയ്ക്കേണ്ട, വിഷയം പഠിച്ചിട്ട് സംസാരിക്കണം എന്നാണ് അവരോട് എനിക്ക് ആദ്യം പറയാനുള്ളത്. ഡ്രൈവർമാരുടെ കുറവും ഈ വിഭാഗത്തിലുണ്ട്. നിലവിൽ 26 ഡ്രൈവർമാരുടെ കുറവുണ്ട്, കേസുകൾ സൈറ്റിൽ പോയി നോക്കേണ്ടതാണ്. വെറുതെ അവിടെപ്പോയി, നവകേരളം എന്നുപറഞ്ഞ് മുഖ്യമന്ത്രി വായിച്ചതുംകേട്ട് കൈയടിച്ച് ഇങ്ങോട്ട് വന്നിട്ട് കാര്യമില്ല, നിങ്ങൾ ഇതൊക്കെ പഠിക്കണം. നിങ്ങൾ കേരളം ഭരിച്ചുകൊണ്ട് നടക്കാൻ തുടങ്ങിയിട്ട് 9 കൊല്ലമായി.

എക്സൈസുമായി ബന്ധപ്പെട്ട കേസുകൾ അറിഞ്ഞാൽ പെട്ടെന്നുതന്നെ ഉദ്യോഗസ്ഥർക്ക് സ്ഥലത്ത് എത്താൻ കഴിയുമോ, ഇല്ല, ഈ അവസ്ഥയിൽ അങ്ങനെയേ സാധിക്കു, അതുകൊണ്ട് ഡ്രൈവർമാരുടെ എണ്ണം വർധിപ്പിക്കണം.

എക്സൈസ് വകുപ്പിൽ 'കെമു' എന്നൊരു സംവിധാനമുണ്ട്, അതായത് Kerala Excise Mobile Intervention Unit, അവിടെ സ്ഥിരമായി ഏതെങ്കിലും ജീവനക്കാരനെ നിയമിച്ചിട്ടുണ്ടോ? സ്ഥിരമായി ജീനക്കാരില്ലെന്ന വിഷയം ഗൗരവമായിത്തന്നെ കാണണം. ലഹരി വിഷയത്തിൽ യോജിച്ച് പോകണം, പൊലീസ് വേണം, എക്സൈസ് വേണം, രാഷ്ട്രീയപ്പാർട്ടിക്കാർ വേണം, എം.എൽ.എ വേണം, മറ്റ് പലതും വേണം എന്നെല്ലാം പറഞ്ഞുനടക്കുകയല്ല ചെയ്യേണ്ടത്, ആദ്യം വേണ്ടത് ഈ സംവിധാനത്തിൽ സ്റ്റാഫിനെ നൽകുക എന്നതാണ്, അതിനായുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട മുൻമന്ത്രി എ. സി. മൊയ്തീൻ ലൈഫ് പദ്ധതിയെക്കുറിച്ച് പറഞ്ഞല്ലോ, ലൈഫ് പദ്ധതിയുടെ സ്ഥിതി എന്താണ്? 544000 വീടുകൾക്ക്

അനുമതി നൽകിയെന്ന് നിങ്ങൾ പറഞ്ഞല്ലോ, എന്നാൽ 431000 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയായയെന്നാണ് വകുപ്പുമന്ത്രി സഭയിൽ മറുപടി പറഞ്ഞത്. പക്ഷെ, പദ്ധതി ഇഴഞ്ഞുനീങ്ങുകയല്ലേ? 2024-25 സാമ്പത്തികവർഷം 1016 കോടി രൂപ ലൈഫ് പദ്ധതിയിൽ വകയിരുത്തി. എന്നാൽ അനുവദിച്ചത് 580 കോടി രൂപയും ചെലവഴിച്ചത് 449 കോടി രൂപയുമാണ്! എന്നിട്ടും നിങ്ങൾ ഈ കണക്കുകൾ പറയുന്നത് എവിടെനിന്നാണ്? കൊട്ടിഘോഷിച്ചുകൊണ്ട് നിങ്ങൾ കണക്കുകൾ പറയുകയാണ്. പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ അവസാന ഘട്ടത്തിൽ കഴിഞ്ഞ പ്രാവശ്യം സംഭവിച്ചത് എന്താണ്? റോഡുകളുടെ മെയിന്റനൻസിന് അനുവദിക്കപ്പെട്ട 3648 കോടി രൂപയിൽ ആദ്യ ഗഡുവായ 1200 കോടി രൂപ ഏപ്രിൽ മാസത്തിൽ അനുവദിച്ചു. രണ്ടാംഗഡു ഈ നവംബറിൽ അനുവദിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും ട്രഷറി നിയന്ത്രണം ഇതുവരെ എടുത്തുകളഞ്ഞിട്ടില്ല. ധനകാര്യ വകുപ്പ് ഉത്തരവിറക്കും, പക്ഷേ ട്രഷറിയിലേക്ക് ഓർഡർ പോകണ്ടേ; ഏത് ഉത്തരവാണ് പോയിട്ടുള്ളത്? 100 കോടി രൂപ കാരുണ്യ പദ്ധതിക്ക് അനുവദിച്ചു, എന്നാൽ ഇന്നേവരെ കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പണം

ട്രഷറിയിൽ എത്തിയിട്ടില്ല. നിങ്ങൾ പ്രഖ്യാപിച്ചാൽ മാത്രംമതിയോ; പണം നൽകണ്ടേ; അനുവദിച്ചുവെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? പഞ്ചായത്തുകളുടെയും സ്ഥിതി അതുപോലെതന്നെയാണ്. മെയിന്റനൻസ് ഗ്രാന്റിനെപ്പറ്റി ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞതിനെ ഞാനും പിന്തുണയ്ക്കുകയാണ്. പഞ്ചായത്തുകൾക്ക് ധാരാളം ബുദ്ധിമുട്ടുകളുണ്ട്. അതിൽ ചെറിയ ഒരു ഭേദഗതി വരുത്താൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കിയാൽ സാധിക്കും, ആ വക പ്രശ്നങ്ങൾ അങ്ങനെ പരിഹരിക്കാം. ട്രഷറിയിൽ വരുന്ന ബില്ലുകൾക്ക് ആവശ്യമായ ഫണ്ടുകൾ നൽകാതെ ക്യാരി ഓവറാക്കിയിട്ട് കാര്യമെന്താണ്.

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട മന്ത്രി, അങ്ങൊരു പ്രൊഫസറാണല്ലോ. അങ്ങയോട് ഞാൻ ചോദിക്കട്ടെ, കുട്ടികൾ ആരെങ്കിലും അവിടെ പഠിക്കുമോ? എന്തെങ്കിലുമൊരു രക്ഷയുണ്ടെങ്കിൽ രക്ഷിതാക്കൾ കുട്ടികളെ പുറത്തേക്ക് വിടുമോ? കാരണമെന്താണ്? ഒരു വശത്ത് റാഗിംഗ് മറുവശത്ത് മയക്കുമരുന്ന്, കഞ്ചാവ്, കള്ള്. പിന്നെ പുരോഗമനം പറഞ്ഞിട്ട് മറ്റ് ചില സംഗതികൾ. ഞാനത് പറയുന്നില്ല. കേരളത്തിലെ

ഗവൺമെന്റ് കോളേജുകളുടെ സ്ഥിതിയെന്താണ്; ഒക്കെ ക്രിമിനലുകളല്ലേ? 1988-ലാണ് റാഗിംഗ് നിരോധന നിയമം പാസ്സാക്കിയത് (....ബഹളം.....)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (.....മൈക്ക് ഓഫ്.....)

ശ്രീ. പി. കെ. ബഷീർ: ബഹുമാനപ്പെട്ട മന്ത്രി, ഞാൻ സംസാരിക്കട്ടെ, അങ്ങേയ്ക്ക് മറുപടി പറയാൻ അവസരമുണ്ടല്ലോ.

മി. സ്പീക്കർ: യെസ്... പ്ലീസ്......പ്ലീസ്...... അങ്ങ് സംസാരിച്ചോളൂ.

ശ്രീ. പി. കെ. ബഷീർ: സർ, ഒമ്പതുവർഷംകൊണ്ട് നിങ്ങൾ നവകേരളം സൃഷ്ടിച്ചപ്പോൾ ..... നിങ്ങൾക്ക് സഹിഷ്ണുതയില്ല. സഹിഷ്ണുതയുണ്ടോ? നിങ്ങൾ അത് മനസ്സിലാക്കണം. ഒരാൾ സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ നിങ്ങൾ അത് കേൾക്കണ്ടേ? മുഖ്യമന്ത്രി രണ്ട് മണിക്കൂർ പ്രസംഗിക്കുമ്പോൾ നിങ്ങളാരും ഇങ്ങനെ എഴുന്നേൽക്കാറില്ലല്ലോ? ഞമ്മൾ മറുപടി പറയുമ്പോൾ മാത്രം എഴുന്നേൽക്കുന്നതെന്തിനാണ്? അവിടെ ഇരിക്ക്. റാഗിംഗ് കേസ് പുറത്തുവന്നത് നമുക്കറിയാം. എന്റെ സുഹൃത്തായ ശ്രീ. മുഹമ്മദ് മുഹസിൻ

ഇവിടെ പറഞ്ഞല്ലോ? നമ്മൾ രാഷ്ട്രീയം പറയുന്നത് മനസ്സിലായില്ലേ? XXXXXX+ (.....ബഹളം.....) നമ്മൾ എന്തിനാണ് പറയാതിരിക്കുന്നത്?

ശ്രീ. കെ. വി. സുമേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. കെ. ബഷീർ: സർ, എനിക്ക് സംസാരിക്കാൻ സമയം നൽകണം.

മി. സ്പീക്കർ: യെസ്.....യെസ്......ശ്രീ. കെ. വി. സുമേഷ് എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. വി. സുമേഷ്: സർ, ചട്ടം 285 പ്രകാരം.... ഒരു വിദ്യാർഥി സംഘടനയെ..... കേരളത്തിൽ ഇപ്പോൾ ലഹരിയുടെ ഭാഗമായി ധാരാളം ആളുകൾ പിടിക്കപ്പെട്ടിട്ടുണ്ട്. നമ്മൾ എസ്.എഫ്.ഐ. ആണോ കെ.എസ്.യു ആണോ എം.എസ്.എഫ്. ആണോ എന്നുള്ളതല്ല പ്രശ്നം. അതിന്റെയൊക്കെ രാഷ്ട്രീയ വേരുകൾ അന്വേഷിക്കാൻ പോയി ആ വിഷയത്തെ പരിഹരിക്കാൻ പറ്റില്ല. ഒരു വിദ്യാർഥി സംഘടനയെ മോശമായി ചിത്രീകരിക്കുന്ന ആ പരാമർശം പരിശോധിച്ച് സഭാരേഖയിൽനിന്നും നീക്കം ചെയ്യണം.+

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.KLS/2697/2025/ ഇ.ബി.)സഭാരേഖയിൽനിന്നും നീക്കംചെയ്തു.

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.KLS/2697/2025/ ഇ.ബി.)സഭാരേഖയിൽനിന്നും നീക്കംചെയ്തു.

മി. സ്പീക്കർ: യെസ്... പരിശോധിക്കാം.+

ശ്രീ. പി. കെ. ബഷീർ: സർ, സഭാരേഖയിൽനിന്ന് നീക്കുമെന്ന് പറഞ്ഞത് നാട്ടുകാർ കേട്ടിട്ടുണ്ട്; മതി കേട്ടോ? സിദ്ധാർഥിനെ തല്ലിക്കൊന്ന പൂക്കോട്, ഗവൺമെന്റ് വെറ്ററിനറി കോളേജ്, കോട്ടയം ഗവൺമെന്റ് നഴ്സിംഗ് കോളേജ്, കാര്യവട്ടം കോളേജ്, യൂണിവേഴ്സിറ്റി കോളേജ് അങ്ങനെ ചെങ്കോട്ട പദവിയുള്ള എല്ലാ സർക്കാർ കോളേജുകളും കുട്ടികളെ പഠിക്കാൻ വിടാൻ കൊള്ളാത്ത ഇടങ്ങളായി മാറിയിരിക്കുന്നു. ഇത് ഞാൻ പറയുന്നതല്ല, നിങ്ങൾ വായിക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കട്ടെ, കാസർഗോഡ് കോളേജിലുണ്ടായതെന്താണ്? കാസർഗോഡ് കോളേജിൽ നടക്കുന്ന എല്ലാ വിഷയങ്ങളും അവിടത്തെ ആക്ടിംഗ് പ്രിൻസിപ്പാൾ പറഞ്ഞപ്പോൾ അവരെ നിങ്ങളെല്ലാവരുംകൂടി ക്രൂശിച്ചില്ലേ? അപ്പോൾ നിങ്ങൾ അത് മനസ്സിലാക്കണ്ടേ? ഇതാണ് നമ്മുടെ വിദ്യാഭ്യാസ മേഖല. ഇത് നിങ്ങളുടെ തകരാറ് മാത്രമല്ല, കുറെ വർഷംകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടാക്കിവച്ച തകരാറാണ്. നിങ്ങൾ ഇപ്പോൾ വന്നിട്ടേയുള്ളൂ. മുമ്പ് മേയർ ആയിരുന്നു, ഇപ്പോൾ മന്ത്രി ആയതാണ്, സാരമില്ല, ആത് പോകട്ടെ. പക്ഷേ അവിടെ അതല്ല പ്രശ്നം.

---
+

നമ്മൾ ഇത് നന്നാക്കണ്ടേ; കുട്ടികൾക്ക് കോളേജിൽ പഠിക്കേണ്ടേ? കളമശ്ശേരി ഗവൺമെന്റ് പോളിടെക്നിക്കിൽ എന്താണ് സംഭവിച്ചത്? ബഹുമാനപ്പെട്ട കെ. വി. സുമേഷേ, ഞാൻ നിങ്ങളെ പറയുന്നതല്ല. നിങ്ങളുടെ പാർട്ടിക്കാർ എല്ലാത്തിന്റെയും വാപ്പമാരായാൽ ഞാൻ എന്തുചെയ്യാനാണ്? അത് നിങ്ങൾ മനസ്സിലാക്കണം. ഒക്കെ എസ്.എഫ്.ഐ.-യുടെ ആൾക്കാരാണ് ഇതിലൊക്കെ വരുന്നത്. എവിടെയെങ്കിലും എന്തെങ്കിലുമുണ്ടെങ്കിൽ അങ്ങനെയല്ലേ വരിക; അതുകൊണ്ട് പറയാതിരിക്കാൻ സാധിക്കുമോ? ബഹുമാനപ്പെട്ട മന്ത്രിയോട്, എന്തുകൊണ്ടാണ് നിങ്ങൾക്ക് ഈ വിദേശ സർവകലാശാലകളോട് ഇത്ര സ്നേഹമുണ്ടായത്? ഞങ്ങളുടെ പാർട്ടിയിലെ ഡോ. പുത്തൂർ റഹ്മാൻ 2014-ൽ ഒരു ലേഖനമെഴുതിയിരുന്നു. ഡോ. ശ്രീനിവാസൻ അദ്ദേഹത്തിന്റെ സുഹൃത്തായിരുന്നു. അന്ന് അയാൾ ചോദിച്ചു എന്താണ് ഇവർക്ക് പറ്റിയതെന്ന്. അന്ന് അത് ആ ലേഖനത്തിൽ വന്നു. മിനഞ്ഞാന്ന് അദ്ദേഹം ഒരു ലേഖനമെഴുതി - ഇപ്പോഴുണ്ടായ നയങ്ങളിലെ മാറ്റമെന്തായിരിക്കുമെന്ന് ആലോചിച്ചാൽ നമുക്കൊരു പിടിയും കിട്ടില്ല; ഇപ്പോൾ വന്ന സ്വകാര്യസർവകലാശാലകൾ എന്തായാലും നയം മാറ്റിയിട്ടില്ല.

വിദേശസർവകലാശാലകൾ നയം മാറ്റിയിട്ടില്ലല്ലോ? നിങ്ങളല്ലേ മാറ്റിയത്; പിന്നെ മാറിയത് ആരാണ്? സി.പി.ഐ.(എം)ആണ്. അന്ന് അയാൾ പറഞ്ഞു, 'ഇന്നല്ലെങ്കിൽ നാളെ സ്വകാര്യ സർവകലാശാലകൾ കേരളത്തിൽ വരികയും കമ്മ്യൂണിസ്റ്റുകാർ അതിന്റെ ഗുണഭോക്താക്കളാകുകയും ചെയ്യും. പുതിയതൊന്നും പഠിക്കാത്തവരും പഴയതൊന്നും കേൾക്കാത്തവരുമാണ് സഖാക്കൾ' എന്നാണ് അദ്ദേഹം എഴുതിയത്. നിങ്ങൾ ആലോചിച്ച് നോക്കൂ, നിങ്ങളെക്കുറിച്ച് ഓരോരുത്തരും എഴുതുമ്പോൾ നമുക്ക് അന്തംവിടാം. ബഹു. മന്ത്രിയോട് ഞാൻ ചോദിക്കട്ടെ, നമ്മൾ വളരെ ആവേശത്തിൽ നാലുവർഷ ഡിഗ്രി കോഴ്സുകൾ കൊണ്ടുവന്നപ്പോൾ, അതിനുവേണ്ടി എന്തെങ്കിലും ഒരു മുന്നൊരുക്കമുണ്ടോ? മന്ത്രി മറുപടി പറയുമ്പോൾ പറഞ്ഞാൽ മതി. നിങ്ങൾ പറയണം. നമ്മുടെ സംശയങ്ങൾ ദുരീകരിച്ചുതരണം. ഞാനൊരു കോളേജിന്റെ ജനറൽ സെക്രട്ടറിയാണ്; അതുകൊണ്ടാണ് ചോദിക്കുന്നത്. നാലാം വർഷ ഡിഗ്രി വിദ്യാഭ്യാസം - കേന്ദ്ര നയം ആദ്യം നടപ്പാക്കി അതിന്റെ ഒന്നാം സ്ഥാനം വാങ്ങിയെടുത്തു, അത് ചിലരുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. .... കോളേജുമായി ബന്ധപ്പെട്ട വിഷയം സംസാരിക്കുന്നത് ഒരു പ്രൊഫസറും

എം.എൽ.എ.-യും തമ്മിലാണ്. പിന്നെ നിങ്ങൾ എന്തിനാണ് ഇടയിൽക്കയറി സംസാരിക്കുന്നത്; ഇത് ഒരു ഡിബേറ്റാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. കെ. ബഷീർ: ഒന്നാം സെമസ്റ്റർ പരീക്ഷയും വരാൻ പോകുന്ന രണ്ടാം സെമസ്റ്റർ പരീക്ഷയും നടത്തുന്നതും മാർക്ക് കൊടുക്കുന്നതുമെല്ലാം ആ കോളേജിലുള്ളവരാണ്. നാലാം വർഷം എന്തുപഠിപ്പിക്കും; നാലാം വർഷത്തെ വർക്ക് ലോഡ് അംഗീകരിക്കുമോ? ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്കും മന്ത്രിയുടെ യൂണിയനും എന്തെങ്കിലും നിലപാടുണ്ടോ?

ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയോട്, സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിക്കുന്നതിന് കുറെ മാനദണ്ഡങ്ങൾ നിശ്ചയിക്കണം. ഒന്നുകിൽ സാഫ് ഗെയിംസിൽ കളിച്ചിരിക്കണം അല്ലെങ്കിൽ ഒളിമ്പിക്സിൽ കളിച്ചിരിക്കണം. നല്ല കളിക്കാരനായ അനസ് എടത്തൊടികയെപ്പോലെയുള്ളവരെ മാനദണ്ഡം പറഞ്ഞൊഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്. യൂണിവേഴ്സിറ്റി ലെവലിൽ കളിച്ചവർക്കുണ്ട്, നാഷണൽ ലെവലിൽ

കളിച്ചവർക്കില്ല എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഏഴ് ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. എക്സൈസ് മുതൽ സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും വരെയുള്ള വകുപ്പുകളുടെ ധനാഭ്യർഥന ചർച്ചയ്ക്ക് പരിമിതമായ സമയമാണുള്ളത്. ഒരു വകുപ്പും മോശമായ പ്രവർത്തനമല്ല കാഴ്ചവച്ചിട്ടുള്ളത്. പക്ഷേ, എല്ലാവരെയും ഒരുപോലെ ഭരിക്കാൻ കഴിയാത്ത രഘുവംശത്തിലെ നായികയെപ്പോലെയുള്ള അവസ്ഥയാണ് എന്റേത്. അധികമാരും സംസാരിക്കാതെ പോയ വകുപ്പാണ് സാംസ്കാരിക വകുപ്പ്. കേരളത്തിലെ സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയ്ക്കുതന്നെ മാതൃകയായ പ്രവർത്തനങ്ങൾ കാഴ്ചവച്ചുവെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇന്ത്യയിലാദ്യമായി ആയിരത്തോളം യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കാൻ വജ്രജൂബിലി ഫെലോഷിപ്പ് നടപ്പാക്കുക മാത്രമല്ല, ഓരോ വർഷത്തെയും ബജറ്റിൽ ആവശ്യമായ തുക വർധിപ്പിച്ചുകൊണ്ട് അവരുടെ കഴിവുകളെ സമൂഹത്തിനുവേണ്ടി നൽകാൻ കഴിയുന്നുവെന്നുള്ളത്

വളരെ സ്വാഗതാർഹമായ കാര്യമാണ്. ഇന്ത്യയിലാദ്യമായി കടലിന്റെ മക്കളുടെ സർഗാത്മക കഴിവുകളെ വളർത്തിയെടുക്കാനും അവതരിപ്പിക്കാനുമുള്ള വേദിയായി 'കടൽമിഴി' പദ്ധതി 12 ജില്ലകളിൽ പൂർത്തീകരിച്ചു. രണ്ട് ജില്ലകളിലുംകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ കടലോര മേഖലയിൽ സാംസ്കാരിക പ്രവർത്തനത്തിന്റെ ഉദാത്ത മാതൃകയായി അത് മാറുകയാണ്. നാടൻ കലാരൂപമായ പടയണിയുടെ നാടാണ് എന്റെ നാട്. പടയണിക്കുവേണ്ടിയുള്ള രൂപങ്ങൾ പാളയിൽനിന്നാണ് തയ്യാറാക്കുന്നത്. റൂറൽ ആർട്ട് ഹബ് എന്നൊരു ആശയം മുന്നോട്ടുകൊണ്ടുവന്ന് ആ മേഖലയിൽ ജോലിയെടുക്കുന്ന ആളുകൾക്ക് കലാരൂപങ്ങൾ രൂപപ്പെടുത്താനും വില്പന നടത്താനും അതിലൂടെ വരുമാനമുണ്ടാക്കാനുമുള്ള അഭിനന്ദനാർഹമായ മറ്റൊരു കലാപ്രവർത്തനം കൂടിയാണ് സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്നുവെന്നുള്ളത് പറയാതിരിക്കാൻ കഴിയില്ല. സാംസ്കാരിക രംഗത്ത് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട സംവിധായകരുടെ നാല് സിനിമകൾ മലയാളത്തിൽ ഇറങ്ങിക്കഴിഞ്ഞു. എസ്.സി./എസ്.ടി. വിഭാഗക്കാരെ ചലച്ചിത്ര രംഗത്തേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി നാല് സംവിധായകർക്ക്

ഒന്നരക്കോടി രൂപവീതം നൽകി. ഈ മേഖലയിൽ വകുപ്പ് നടത്തുന്ന ഓരോ പദ്ധതിയും എടുത്തുപറയേണ്ടതാണ്. ഇന്ത്യയിലാദ്യമായി ഒരു സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള 'സി സ്പേസ്' എന്ന പേരിലുള്ള ഒ.ടി.ടി. പ്ലാറ്റ്ഫോം രൂപീകരിച്ചിട്ടുണ്ട്. സിനിമാ മേഖലയെക്കാളും സാങ്കേതിക മേഖലയിൽ സ്ത്രീസാന്നിധ്യം കുറവാണ്. അവരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാനുള്ള തൊഴിൽ പരിശീലന പരിപാടികളും ആരംഭിച്ചിട്ടുണ്ട്. മലയാള സിനിമയുടെ വളർച്ചയുടെയും വികാസത്തിന്റെയും അടയാളപ്പെടുത്തലുകളാക്കി മാറ്റാനുതകുന്ന മ്യൂസിയം ഇതുമായി ബന്ധപ്പെട്ട് രൂപകല്പന ചെയ്യണമെന്ന ആശയം വകുപ്പിന്റെ ഭാഗമായി യാഥാർത്ഥ്യമാക്കണം. കേരള സംഗീത നാടക അക്കാദമി സംഘടിപ്പിച്ച 'ഇറ്റ് ഫോക്ക്' അന്താരാഷ്ട്ര നാടകോത്സവവും മറ്റ് രാജ്യങ്ങളിലെ നാടകങ്ങളും കേരളത്തിലേക്ക് കൊണ്ടുവന്ന്, ഇത്തരത്തിലൊരു പരിപാടി സംഘടിപ്പിക്കാൻ സാധിച്ചു. ഇന്ത്യയിലാദ്യമായാണ് കലാകാരന്മാരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്. ഇക്കാര്യത്തിൽ ഞാൻ വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഏത് കലാകാരനെക്കുറിച്ചുമുള്ള വിവരങ്ങൾ ഡാറ്റാ ബാങ്കിലൂടെ ലഭ്യമാക്കാൻ കഴിയും.

അങ്ങനെ കലാ-സാംസ്കാരിക രംഗത്ത് വൈവിധ്യമാർന്ന പരിപാടികളാണ് നടപ്പാക്കുന്നത്. ഇന്നലെ വൈകുന്നേരം അയ്യങ്കാളി നഗറിനടുത്തുള്ള ബുക്ക്മാർക്കിൽ പോകാനിടയായി. എം.എൽ.എ. ഹോസ്റ്റലിൽ താമസിക്കുന്ന സമയത്ത് നിരവധിതവണ അവിടെ പോയിട്ടുണ്ട്. ഇരുണ്ട മൂലയിൽ അവിടെ ഇത്തരമൊരു സ്ഥാപനമുണ്ടെന്നുപോലും അറിയാൻ കഴിയില്ല. ഞാനിന്നലെ അവിടെ ചെല്ലുമ്പോൾ കോളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾ അവിടെയുണ്ട്. അവരെല്ലാം വെളിച്ചത്തിരുന്ന് പുസ്തകം വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു. ഇതുകണ്ട് എനിക്ക് വളരെയധികം സന്തോഷം തോന്നി. സാംസ്കാരിക വകുപ്പിന്റെ മികച്ച പ്രവർത്തനങ്ങളിലൊന്നായി ബുക്ക്മാർക്കിന്റെ ഈ മാറ്റത്തെ കാണാതിരിക്കാൻ കഴിയില്ല. തീർച്ചയായും ഇത് ഏറെ അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. അത് നേരിട്ട് അനുഭവിച്ച ഒരാളാണ് ഞാൻ. ഇനിയും സമയം കിട്ടുമ്പോഴെല്ലാം ഞാൻ അവിടെ പോകും. കോഫി വിത്ത് ബുക്ക് എന്നത് ബുക്ക്മാർക്കിന്റെ ഒരാശയമാണ്. ചായകുടിക്കുകയും പുസ്തകം വായിക്കുകയും സംവാദത്തിലേർപ്പെടുകയും ചെയ്യുന്ന വളരെ മനോഹരമായ ഒരു ഒരാശയമാണത്.

അതോടൊപ്പംതന്നെ, മലയാളം മിഷന്റെ പ്രവർത്തനങ്ങളും അഭിനന്ദനീയമാണ്. ഏകദേശം ഇരുപത്തിരണ്ട് ചാപ്റ്ററുകൾ ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഈ രംഗത്തും വലിയൊരു മാറ്റമുണ്ടായി. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ 'ശബ്ദതാരാവലി' എടുത്താൽ പൊങ്ങാത്തൊരു പുസ്തകമാണ്. പക്ഷേ അതിപ്പോൾ ഓൺലൈനിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മലയാള ഭാഷ കൃത്യമായി ഉപയോഗിക്കാൻ പലപ്പോഴും പലർക്കും കഴിയാറില്ല. മലയാള ഭാഷയുടെ പ്രയോഗവുമായി ബന്ധപ്പെട്ട ധാരാളം നല്ല പുസ്തകങ്ങളുണ്ട്. ആ പുസ്തകങ്ങൾകൂടി ഇത്തരത്തിൽ ഓൺലൈനിലേയ്ക്ക് മാറ്റാനുള്ള നടപടിയുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

വാസ്തുവിദ്യാ ഗുരുകുലത്തിൽ ഞാൻ  പലതവണ പോയിട്ടുണ്ട്. വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനങ്ങൾ വളരെയേറെ ശ്ലാഘനീയമാണ്. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പോകുന്ന സാംസ്കാരിക സമുച്ചയത്തിന് വാസ്തുവിദ്യാ ഗുരുകുലം അതിമനോഹരമായ പ്ലാനാണ് തയ്യാറാക്കിയത്. നമ്മുടെ നാടിന്റെ സാംസ്കാരികതയെയും കാഴ്ചപ്പാടിനെയുമെല്ലാം വളരെ ഭംഗിയായി അവതരിപ്പിക്കുകയാണ്.

സമയക്കുറവുമൂലം ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഫോക്ക്‌ലോർ അക്കാദമിയുടെ പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് 'പ്രചോദനത്തിന്റെ പ്രവാചകർ' എന്ന ഡോക്യുമെന്ററി. മൺമറഞ്ഞുപോയ, പ്രൊഫ. എം. കെ. സാനുവിന്റെയും ഒ.എൻ.വി. കുറുപ്പിന്റെയുമൊക്കെ പ്രസംഗങ്ങളും ക്ലാസുകളുമെല്ലാം ഒരുപക്ഷേ ഈ തലമുറയ്ക്ക് അന്യമായിപ്പോകുമ്പോൾ, അതെല്ലാം റിക്കാർഡ് ചെയ്ത് വയ്ക്കാനുള്ള വലിയ ശ്രമമാണ് നടക്കുന്നത്.

വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചുകൂടി പറയണമെന്ന് ആഗ്രഹമുണ്ട്. ആ രംഗത്ത് ധാരാളം കാര്യങ്ങൾ നടക്കുന്നുണ്ട്. വളരെയേറെ പ്രാധാന്യമുള്ള ഒരു മേഖലയാണ് കായികരംഗം. കായിക വകുപ്പ് 960 പേർക്ക് ജോലി നൽകിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് തൊഴിൽ ലഭിക്കുന്നില്ലെന്ന് പറയുന്നതിൽ അർത്ഥമില്ല. ഏകദേശം 354 കളിക്കളങ്ങൾ കേരളത്തിൽ രൂപീകരിച്ചു. മറ്റ് വകുപ്പുകളെല്ലാം പ്രധാനപ്പെട്ടതാണെങ്കിലും കായിക മേഖലയിൽ വലിയ മാറ്റമാണുണ്ടായത്. ഈ ഗവൺമെന്റ് നടപ്പാക്കിയ പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. കേരളത്തിന്റെ കായിക

നയം രാജ്യത്തൊന്നാകെ നടപ്പാക്കാനായി കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' എന്ന പദ്ധതിയും കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കാൻ പോകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇ-സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിക്കഴിഞ്ഞു. അനുകരണം അഭിനന്ദനത്തിന്റെ ഏറ്റവും മനോഹരമായ രൂപമാണെങ്കിൽ അതാണ് ഏറ്റവും വലിയ അഭിനന്ദനമെന്ന് പ്രൊഫ. എസ്. ഗുപ്തൻ നായർ പറഞ്ഞിട്ടുണ്ട്. മറ്റൊരാൾ അനുകരിക്കുന്നത് അഭിനന്ദനത്തിന് ഉദാത്തമായ മാതൃകയാണ്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. വളരെ പ്രധാനപ്പെട്ട വകുപ്പുകളാണെങ്കിലും എല്ലാ വകുപ്പുകളെക്കുറിച്ചും പറയാനുള്ള സമയം ലഭിച്ചില്ല. വളരെ സർഗാത്മകമായ പ്രവർത്തനങ്ങളാണ് കായിക മേഖലയിലും സാംസ്കാരിക വകുപ്പിലുമുൾപ്പെടെ നടക്കുന്നത്. ഇതോടൊപ്പം മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങളും നന്നായി മുന്നോട്ടുപോകുന്നതിന് ഒരിക്കൽക്കൂടി എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്ത്യൻ തൊഴിലാളി വർഗത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടൊരു ദിവസമാണിന്ന്. കേന്ദ്ര/ബി.ജെ.പി. സർക്കാർ അടിച്ചേൽപിക്കുന്ന തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾക്കും കർഷക ദ്രോഹ നയങ്ങൾക്കുമെതിരെ ഇന്ത്യൻ തൊഴിലാളി വർഗത്തിന്റെ കേന്ദ്ര സംഘടനകൾ ഡൽഹിയിൽ സമ്മേളിച്ച് ദേശീയ പ്രക്ഷോഭത്തിനും മെയ് മാസത്തിൽ പൊതുപണിമുടക്ക് നടത്താനും ആഹ്വാനം ചെയ്യുന്ന കൺവെൻഷൻ ചേരുന്ന ദിവസമാണിന്ന്. നിലവിലുണ്ടായിരുന്ന ഇരുപത്തിയൊൻപത് തൊഴിൽ നിയമങ്ങൾ നാല് കോഡുകളാക്കി പാർലമെന്റ് പാസ്സാക്കിക്കഴിഞ്ഞു. തൊഴിലാളികളുടെ ചെറുത്തുനിൽപ്പുമൂലം ഫൈനൽ റൂൾസ് നോട്ടിഫൈ ചെയ്തിട്ടില്ല. എന്നാൽ ഈ സാമ്പത്തിക വർഷം മുതൽ ഈ കരിനിയമങ്ങൾ നടപ്പാക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ നീക്കത്തെ ചെറുത്ത് തോൽപിക്കണമെന്നാണ് കേന്ദ്ര ട്രേഡ് യൂണിയനുകൾ പറയുന്നത്. ഇന്ത്യയിൽത്തന്നെ ഏറ്റവും മാതൃകാപരമായ മിനിമം വേജസ് നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. എൺപത്തിയേഴ്

മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് നടപ്പാക്കിയിട്ടുണ്ട്. പുതിയ കോഡുകൾ പ്രാവർത്തികമായാൽ മിനിമം വേജസ് ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുമെന്ന ആശങ്ക തൊഴിലാളികൾക്കുണ്ട്. പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, 1965-ൽ വരുത്തുന്ന മാറ്റം ഇന്ന് ബോണസ് ലഭിച്ചുകൊണ്ടിരിക്കുന്ന പല തൊഴിലാളികളെയും സാരമായി ബാധിക്കും. തൊഴിലാളികളുടെ ജോലിസമയം പന്ത്രണ്ട് മണിക്കൂർവരെ എന്ന് നിശ്ചയിക്കാൻ ഉടമകൾക്ക് അനുവാദമുണ്ട്. ഇതിലൂടെ ഐ.ടി. മേഖലയിലും മറ്റും ഇപ്പോൾ നടക്കുന്ന അധ്വാന ചൂഷണത്തിന് നിയമപരിരക്ഷ ലഭിക്കുമെന്ന് മാത്രമല്ല, ഇത് പൂർണ്ണമായും നടപ്പാക്കിക്കഴിഞ്ഞാൽ ഇന്നത്തെ എല്ലാ നിയമ വ്യവസ്ഥകളും മറികടക്കുന്ന രൂപത്തിൽ അവർക്ക് സംരക്ഷണം ലഭിക്കും. പുതിയ കോഡ് ഓൺ വേജസ് വ്യവസ്ഥകൾ ഗവൺമെന്റ് സ്ഥാപനങ്ങളെയും ബാധിക്കുമെന്നതാണ് പ്രത്യേകത. ട്രേഡ് യൂണിയൻ പ്രവർത്തനത്തെ തടയിടാനായി പുതിയ നിയമത്തിൽ നിരവധി വകുപ്പുകളുണ്ട്. നിസ്സാര കാര്യത്തിന്റെ പേരിൽ ട്രേഡ് യൂണിയനുകളുടെ അംഗീകാരംതന്നെ റദ്ദാക്കും. മോട്ടോർ മേഖല, ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ്സ് മേഖല തുടങ്ങി

നിരവധി തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ പരിരക്ഷ ഇല്ലാതാക്കുന്ന അവസ്ഥയുണ്ടാകും. പല വെൽഫെയർ ഫണ്ട് ബോർഡുകൾക്കും നിലനിൽക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. ഇന്ത്യയിലെ, വിശിഷ്യാ കേരളത്തിലെ തൊഴിലാളികൾ പ്രക്ഷോഭസമരത്തിൽക്കൂടി നേടിയെടുത്ത അവകാശങ്ങളും സേവന-വേതന വ്യവസ്ഥകളുമാണ് ഈ ലേബർ കോഡുകൾ നിലവിൽ വരുന്നതോടുകൂടി ഇല്ലാതാകുന്നത്. തൊഴിലാളികളുടെ സംഘടിതശക്തി ഇല്ലാതാക്കി വിലപേശൽ കഴിവ് നശിപ്പിക്കുന്നതും മുതലാളിമാർക്ക് പരിരക്ഷ നൽകുന്നതുമാണ് പുതിയ ലേബർ കോഡുകൾ. മുന്നൂറിൽ താഴെ തൊഴിലാളികൾ ജോലി ചെയ്യുന്ന വ്യവസായ സ്ഥാപനങ്ങൾ പൂട്ടുന്നതിന് മുതലാളിമാർക്ക് ആരോടും ചോദിക്കേണ്ടതില്ലെന്ന് നിയമത്തിൽ പറയുന്നു. ഇവിടെ സ്കീം വർക്കേഴ്സിനെ സംബന്ധിച്ച് വലിയ ചർച്ച നടക്കുന്നുണ്ട്; അതിലേയ്ക്ക് ഞാൻ വിശദമായി കടക്കുന്നില്ല. ഈ കോഡ് നിലവിൽ വന്നാൽ സ്കീം വർക്കേഴ്സിന് യാതൊരുവിധ നിയമപരിരക്ഷയും ലഭിക്കില്ല. ഡൽഹിയിൽ ചേരുന്ന കൺവെൻഷനും മെയ് മാസത്തിൽ നടത്തുന്ന പണിമുടക്കും ഈ നിയമത്തിനെതിരെയാണ് സംഘടിപ്പിക്കുന്നത്. കേരളത്തിൽ ഈ

കരിനിയമങ്ങൾ നടപ്പാക്കില്ലെന്ന് പ്രഖ്യാപിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. നവലിബറൽ നയങ്ങൾക്കെതിരാണ് നമ്മുടെ നയം. തൊഴിൽ മേഖലയിലും ശക്തമായി ഈ നയം ഉയർത്തിപ്പിടിക്കാൻ നമുക്ക് കഴിയണം. ഈ കരിനിയമം കേരളത്തിൽ നടപ്പാക്കില്ലെന്ന് ഇന്ത്യയിലെ ഭരണാധികാരികളോട് നമുക്ക് പറയാൻ കഴിയണം. കേരളം എന്നും മാതൃകയാണ്. നവലിബറൽ നയം നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഈ തൊഴിൽ നയം വരുന്നത്. കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള നയമാണിത്. കാലം മാറുന്നതിനനുസരിച്ചുള്ള മാറ്റമല്ല വേണ്ടത്, മാറ്റം നേരത്തെ കാണാൻ കഴിയണം. അത്തരത്തിൽ കോൺഗ്രസുകാർ ആ മാറ്റം നേരത്തെ കണ്ടു എന്നാണ് ഡോ. മാത്യു കുഴൽനാടൻ ഇന്നലെ നിയമസഭയിൽ പറഞ്ഞത്. ഗ്ലോബലൈസേഷൻ മാറ്റങ്ങൾ നല്ലതാണെന്നാണ് അദ്ദേഹം സഭയിൽ പലപ്പോഴും പറഞ്ഞിട്ടുള്ളത്. എല്ലാ കോൺഗ്രസുകാർക്കും ഇതേ അഭിപ്രായമാണെന്ന് ഞാൻ പറയുന്നില്ല. ഈ നയം തുടരാൻ കഴിയില്ലെന്നാണ് മുതലാളിത്തത്തിന്റെ അപ്പോസ്തലനായ അമേരിക്കയിലെ, സാക്ഷാൽ ശ്രീ. ഡൊണാൾഡ് ട്രംപ് തന്നെ പറയുന്നത്. വേൾഡ് ട്രേഡ് ഓർഗനൈസേഷൻ ഇനി നിലനിൽക്കില്ലെന്നാണ് അദ്ദേഹം

പറയുന്നത്. ഈ നയത്തിന്റെ ഫലമായി അമേരിക്കതന്നെ അപകടത്തിലായെന്നാണ് അദ്ദേഹം പറയുന്നത്. അമേരിക്ക മുൻപന്തിയിലേയ്ക്ക് വരണമെങ്കിൽ ഈ നയം തിരുത്തണമത്രേ. ആ തിരുത്തൽ ഏത് രൂപത്തിലാണെന്നുള്ളതാണ് മറ്റൊരു പ്രശ്നം. പല രാജ്യങ്ങളും പുതുവഴികൾ തേടുന്നു. എന്നാൽ ഗ്ലോബലൈസേഷൻ നയം ശരിയാണെന്നാണ് ഡോ. മാത്യു കുഴൽനാടൻ പറയുന്നത്. സഹതപിക്കുകയല്ലാതെ ഇക്കാര്യത്തിൽ മറ്റൊന്നും പറയാനില്ല. പലരും നവലിബറൽ നയത്തെ കാണുന്നത് കുരുടൻ ആനയെ കണ്ടതുപോലെയാണ്. സാമ്പത്തിക മേഖലയിലെ ഇടപെടൽ മാത്രമല്ല, സമസ്ത മേഖലയിലും ഈ നയത്തിന്റെ ദുരന്ത ഫലങ്ങൾ അനുഭവിക്കും. നമ്മുടെ സംസ്കാരത്തെയും ബോധത്തെയും നന്മകളെയുമെല്ലാം ആക്രമിക്കുന്നതാണ് ഈ നയം. ഏറ്റവും പുരോഗമനപരമായ സംസ്ഥാനമെന്ന് നാം അഭിമാനിക്കുന്ന കേരളത്തിന്റെ സാംസ്കാരിക മേഖലയെയും ഈ നയത്തിന്റെ സ്വാധീനം ബാധിച്ചിട്ടുണ്ട്. ഇതിനെതിരായുള്ള അവബോധം വളർത്തിയെടുക്കണം. അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ദുരാചാരങ്ങൾ എന്നിവ പല രൂപത്തിലും ഭാവത്തിലും ബോധപൂർവമായി ഇവിടേയ്ക്ക് കടത്തിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ പല സിനിമകളും സീരിയലുകളും ദുരാചാര പ്രവർത്തനങ്ങൾക്കും മൂല്യത്തകർച്ചയ്ക്കും സഹായകരമാവുന്ന രീതിയിലാണ് രൂപപ്പെട്ടുവരുന്നത്. അതിനുപുറമെ, മൊബൈൽ തുറന്നാൽ കാണുന്നതിനെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വളരെ വൃത്തിഹീനമായ രൂപത്തിലുള്ള പലതുമാണ് നമ്മുടെ കുട്ടികൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ കുട്ടികളിൽ ഒരു സാംസ്കാരിക ബോധമുണ്ടാക്കാൻ നമുക്ക് കഴിയണം. സാംസ്കാരിക മേഖലയിൽ ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന രൂപത്തിൽ സമഗ്രമായ ഒരു സാംസ്കാരിക നയം രൂപപ്പെടുത്താൻ നമുക്ക് കഴിയണം. സാംസ്കാരിക വകുപ്പിന്റെ ഇടപെടലിന്റെ പ്രാധാന്യം വളരെ വർധിച്ച ഈ കാലഘട്ടത്തിൽ, നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളുടെ അവസ്ഥയെക്കുറിച്ച് നാം പരിശോധിക്കേണ്ടതുണ്ട്. അവയിൽ പലതിന്റെയും നിലനിൽപ്പ് അപകടത്തിലാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പ് സൂചിപ്പിച്ചതുപോലെ, സാംസ്കാരിക സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പംതന്നെ നമ്മുടെ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും ഈ കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച്

അതിൽ ഇടപെടൽ നടത്തുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

സ്വത്തും പണവും പെട്ടെന്ന് സമ്പാദിക്കാനായി എന്ത് വൃത്തികേടും ചെയ്യുക എന്ന രൂപത്തിലേക്കുള്ള സമീപനമാണല്ലോ ഇപ്പോൾ നമ്മുടെ നാട്ടിലടക്കം കണ്ടുകൊണ്ടിരിക്കുന്നത്. പുതിയ തട്ടിപ്പിനെയും വെട്ടിപ്പിനെയും, അതിൽ അകപ്പെടുന്ന പാവപ്പെട്ട ഇരകളെയും സംബന്ധിച്ച് നിത്യേന വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഗ്ലോബലൈസേഷൻ നയത്തിന്റെ ബാക്കിപത്രമാണെന്ന് നമ്മൾ കാണണം. തന്റെ സുഖം, തന്റെ സന്തോഷം, അമ്മയില്ല, അച്ഛനില്ല, പെങ്ങളില്ല, സഹോദരനില്ല, മറ്റാരുമില്ല താൻമാത്രം മതി, തന്നിലേക്ക് ചുരുങ്ങുന്ന ഈ സാമ്പത്തിക നയം സമസ്ത മേഖലകൾക്കകത്തും ഇന്ന് പിടിമുറുക്കിയിരിക്കുകയാണ്. അതാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ലഹരിക്കെതിരായ നടപടികളും ഈ കാഴ്ചപ്പാടോടുകൂടി നാം കാണേണ്ടതായുണ്ട്. തന്റെ സുഖം, തന്റെ ആഹ്ലാദം എന്നിവ മാത്രമാണ് ലഹരിക്കടിമപ്പെട്ടവർക്കുള്ളത്. അവന് അത് മാത്രം മതി. തന്റെ സഹോദരനും അമ്മയും പെങ്ങളും ഒന്നും വേണ്ട എന്ന രൂപത്തിലാണ്. അതുകൊണ്ട്

ലഹരിക്കെതിരായ ശക്തമായ അവബോധം ഉയർത്തിക്കൊണ്ടുവരുന്ന പ്രവർത്തനം നാം കുടുംബത്തിൽനിന്ന് ആരംഭിക്കണം. പഠന-തൊഴിൽ കേന്ദ്രങ്ങൾ, പൊതുയിടങ്ങൾ എന്നിവിടങ്ങളിലെല്ലാംതന്നെ ശക്തമായ രൂപത്തിലുള്ള പ്രചാരവേല കൊണ്ടുവരാൻ കഴിയണം. സമസ്ത മേഖലകളിലുള്ളവരെയും യോജിപ്പിച്ചുകൊണ്ട് വലിയ രൂപത്തിലുള്ള പ്രവർത്തനം നടത്താൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. അതിന് വകുപ്പിനെയും ബന്ധപ്പെട്ടവരെയും ഞാൻ അഭിനന്ദിക്കുകയാണ്. അത് ഇനിയും വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത് കക്ഷിരാഷ്ട്രീയത്തിന്റെയോ ജാതിയുടേയോ മതത്തിന്റേയോ പ്രശ്നമല്ല. നമ്മുടെ സമൂഹം ഇന്നുവരെ നേടിയ എല്ലാ നേട്ടങ്ങളും ഇല്ലാതാക്കുന്നതിനുവേണ്ടി, പണം സമ്പാദിക്കുന്നതിന് ബോധപൂർവമായ ഇടപെടലുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. സാമ്രാജ്യത്വത്തിന്റെ വലിയ ഏജൻസികൾ, വൻകിട രാജ്യങ്ങളിലെ പ്രമാണിമാർ, നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് ആർജിക്കാൻ ആഗ്രഹിക്കുന്നവർ എന്നിങ്ങനെ എല്ലാവരും ഇതിന്റെ പിന്നിലുണ്ട്. കരമാർഗവും കടൽമാർഗവും അവർ വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ലഹരി പരിശോധന നടത്തി കുറ്റക്കാരെ നിയമത്തിനുമുന്നിൽ

കൊണ്ടുവന്ന കണക്കുകളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കടലോര മേഖലകളിൽ ഇന്ന് വ്യാപകമായ തോതിൽ ലഹരി കച്ചവടം നടന്നുകൊണ്ടിരിക്കുകയാണ്. അത്തരം കാര്യങ്ങളിൽ ഗൗരവതരമായ രൂപത്തിലേക്കുള്ള പരിശോധനയിലേക്ക് വകുപ്പ് നീങ്ങണം. അതിന്റെ ഇടപെടലുകൾ ഈ കാലഘട്ടത്തിന് അത്യാവശ്യമാണ്. നമ്മൾ നിലനിർത്തിയ നേട്ടങ്ങൾ സംരക്ഷിക്കുന്നതിന് അത് പ്രധാനമാണെന്ന് സൂചിപ്പിക്കാനാഗ്രഹിക്കുന്നു.

അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച സ്പോർട്ട്സ് വകുപ്പാണ് നമുക്കുള്ളത്. ഇവിടെ ശ്രീ. എ. സി. മൊയ്തീനടക്കമുള്ള പലരും അക്കാര്യം വളരെ വ്യക്തമായി സൂചിപ്പിക്കുകയുണ്ടായി. നമ്മെ സംബന്ധിച്ചിടത്തോളം, പല നേട്ടങ്ങളും കൈവരിച്ച സ്പോർട്ട്സ് താരങ്ങൾ കേരളത്തിലുണ്ട്. എന്നാൽ, നമ്മുടെ സംസ്ഥാനത്തിന് ഉദ്ദേശിച്ച തരത്തിൽ നാം ഇനിയും ഉയരേണ്ടതുണ്ട്. ഈ സർക്കാരിന്റെ കാലത്താണ് അതിന്റെ യശസ്സ് കൂടുതൽ ഉയർത്തിയത്. അതിന്റെ കണക്കുകൾ ഉദ്ധരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഇന്ന് കേരളത്തിലെ എല്ലാ പഞ്ചായത്തിലും കളിസ്ഥലങ്ങളുണ്ട്. ഇന്നുള്ള അധഃപതനങ്ങൾക്ക്

കാരണമായി വരുന്നത് തെറ്റായ രൂപത്തിലുള്ള ചിന്തകളിലേക്കും പ്രവർത്തനങ്ങളിലേക്കും നമ്മുടെ കുട്ടികൾ ആകർഷിക്കപ്പെടുന്നു എന്നതാണ്. അതുകൊണ്ട്, സാംസ്കാരിക മേഖലയിലെ പ്രവർത്തനത്തോടൊപ്പംതന്നെ സ്പോർട്ട്സ് മേഖലയിലെ പ്രവർത്തനവും ശക്തിപ്പെടുത്തേണ്ടതായുണ്ട്. പണ്ടൊക്കെ എല്ലാ വാർഡിലും കളിസ്ഥലങ്ങളുണ്ടായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്പോർട്ട്സ് ക്ലബ്ബുകൾ, സുമനസ്സുള്ള ആളുകൾ എന്നിവരെ യോജിപ്പിച്ചുകൊണ്ട് കളിസ്ഥലങ്ങൾ വ്യാപകമാക്കി, അതിലേക്ക് കുട്ടികളെ കൊണ്ടുവരിക എന്നത് ഒരു കാലഘട്ടത്തിന്റെ ആവശ്യമാണ്. ഒളിമ്പിക്സ് മാതൃകയിലുള്ള സ്കൂൾ കായികമേള, കോളേജ് സ്പോർട്ട്സ് ലീഗ്, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ആളുകളെ പ്രോത്സാഹിപ്പിക്കാനുള്ള ഇടപെടലുകൾ ഇതൊക്കെ ഈ മേഖലയ്ക്കകത്ത് ശക്തമായി നടക്കുന്നുണ്ട്. എന്നിരുന്നാലും, കേരളത്തിന്റെ ഇന്നത്തെ സാഹചര്യവും നമ്മുടെ കഴിയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന രൂപത്തിലേക്ക് നമ്മൾ പ്രഖ്യാപിച്ച സ്പോർട്ട്സ് നയം കൂടുതൽ ശക്തമായി നടത്താൻ നമുക്ക്

കഴിയണം. എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികളെയും രംഗത്തിറക്കാൻ കഴിയുന്ന ബോധപൂർവമായ ഇടപെടൽ ഇനിയും നമുക്ക് നടത്താൻ കഴിയണം.

മറ്റൊരുകാര്യം സൂചിപ്പിക്കാനാഗ്രഹിക്കുന്നത്, സാംസ്കാരിക മേഖലയ്ക്കകത്തുള്ള സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ഫണ്ട് വർധിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. ഏറ്റവും പ്രധാനപ്പെട്ട ഒരു ഇടപെടലിന്റെ മേഖലയായി സാംസ്കാരിക മേഖലയെ നമുക്ക് മാറ്റാൻ കഴിയണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. കഴിഞ്ഞ ഒരു മാസത്തിനിടയിൽമാത്രം ലഹരി ഉപയോഗത്തിന്റെ ഭാഗമായി 37 കൊലപാതകങ്ങൾ നടന്ന നാടാണ് കേരളം. അങ്ങനെ ഒരു സംസ്ഥാനത്തെ എക്സൈസ് വകുപ്പ് well equipped ആണോ? ആ സേനയുടെ ആകെ strength Part time sweeper, cook മുതൽ Excise Commissioner വരെയുള്ള ആകെ 5603 പേരാണ്. അങ്ങനെ മുമ്പുതന്നെ മതിയായ അംഗങ്ങളില്ലാത്ത ഒരു സേനാ സംവിധാനത്തിലേക്ക് പുതിയൊരു ഉത്തരവാദിത്വംകൂടി ഏല്പിച്ചിരിക്കുകയാണ്, awareness programme-ന്റേത്.

അതുകൂടി എക്സൈസ് വകുപ്പുതന്നെ ചെയ്യേണ്ടിവരുമ്പോൾ ആ സേനയിൽ ജോലി ചെയ്യുന്നവരുടെ മാനസികാവസ്ഥ ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ആലോചിച്ചുനോക്കണം. അവരുടെ അവസ്ഥ ആലോചിക്കണ്ട, ബഹുമാനപ്പെട്ട മന്ത്രി അങ്ങയുടെതന്നെ അവസ്ഥ ഒന്ന് ആലോചിച്ചുനോക്കൂ. ഒരു വശത്ത് Oasis പോലുള്ള കമ്പനികൾ വരുമ്പോൾ അദ്ദേഹത്തിന് ബ്രൂവറിയുടെയും ലഹരിയുടെയും വക്താവായി സംസാരിക്കേണ്ടിവരും. അതേ മന്ത്രിക്കുതന്നെ ലഹരി ഉപയോഗിച്ച് ആരെങ്കിലും ആരെയെങ്കിലും അക്രമിച്ചാൽ ആ അക്രമത്തിനെതിരായിട്ട്, ലഹരി ഉപയോഗിക്കുന്നവർക്കെതിരെ മുഖംനോക്കാതെ നടപടിയെടുക്കുമെന്ന് പറയേണ്ടിയും വരും. അതിനുശേഷം വിമുക്തിയുടെ ഒരു പരിപാടിക്ക് ഏതെങ്കിലും സ്കൂളിൽ വിളിച്ചാൽ അങ്ങ് സ്കൂളിലെ കുട്ടികളോട് ലഹരി ഉപയോഗിക്കുന്നത് തെറ്റാണെന്ന് പറയണം. അവിടെ ഇരിക്കുന്ന ഏതെങ്കിലുമൊരു കുട്ടി അങ്ങയുടെ മുഖത്തുനോക്കി അങ്ങ് 'കുമ്പിടി' ആണോയെന്ന് ചോദിച്ചാൽ അങ്ങ് എന്തുപറയും? അതുകൊണ്ട് ബോധവൽക്കരണ പരിപാടി എക്സൈസ് വകുപ്പിൽനിന്നും മാറ്റി മറ്റേതെങ്കിലും വകുപ്പിന് നൽകണം. എക്സൈസ് സേന എന്നും കൊണ്ടോ ഫെസിലിറ്റി

കൊണ്ടോ equipped അല്ല. എന്റെയും ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെയും സ്വന്തം ജില്ലയായ പാലക്കാടിന്റെ മാത്രം അവസ്ഥ പറയാം. എക്സൈസ് സേനയ്ക്കകത്ത് ചെക്ക് പോസ്റ്റുകളിൽ കേസ് രജിസ്റ്റർ ചെയ്യേണ്ട ബേസ് ഉദ്യോഗസ്ഥൻ എന്നുപറയുന്നത് എക്സൈസ് ഇൻസ്പെക്ടറാണ്. NDPS (Narcotic Drugs and Psychotropic Substances Act), COTPA (Cigarettes and Other Tobacco Products [Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution] Act) കേസ് എന്നിവ എടുക്കേണ്ട എക്സൈസ് ഇൻസ്പെക്ടർമാർ പാലക്കാട് ജില്ലയിലെ 9 ചെക്ക്പോസ്റ്റിൽ 7 ചെക്ക്പോസ്റ്റിലും ഇല്ലെന്നതാണ് വാസ്തവം. വാളയാറിലും ചെമ്മനാമ്പതിയും മാത്രം എക്സൈസ് ഇൻസ്പെക്ടർമാരുള്ളപ്പോൾ ആനക്കട്ടി, വേലന്താവളം, ഗോവിന്ദാപുരം, മീനാക്ഷിപുരം അടക്കമുള്ള ഏഴ് ചെക്ക്പോസ്റ്റുകളിൽ എക്സൈസ് ഇൻസ്പെക്ടർമാരില്ല. പാലക്കാട് ജില്ല അതിർത്തി പങ്കിടുന്ന ഒരു ജില്ലയാണെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കേണ്ടതുണ്ട്. കേരളത്തിലെ എക്സൈസ് ഇൻസ്പെക്ടർ തസ്തികകൾ ആകെ 342 എണ്ണമുള്ളതിൽ

45 എണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർ 84-ൽ 40-ഉം ഒഴിഞ്ഞുകിടക്കുകയാണ്. സർക്കാർ പുതുതായി ക്രൈംബ്രാഞ്ച്, സൈബർ സെൽ എന്നിവ തുടങ്ങിയിട്ട് അവിടേയ്ക്ക് ആളുകളെ നിയമിച്ചോ? ഇല്ല. എന്തിനേറെ പറയുന്നു, പരീക്ഷ നടത്തി പൂർത്തീകരിച്ച വനിതാ എക്സൈസ് ഓഫീസർ തസ്തികയിൽ ജില്ലകളിൽ ഒന്നാം റാങ്ക് കിട്ടിയ ആളുകളെപ്പോലും നിയമിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. അങ്ങനെയൊരു സാഹചര്യത്തിൽ സർക്കാരിന് എങ്ങനെയാണ് ഇതിനെ പ്രതിരോധിക്കാൻ കഴിയുക? ന്യൂജനറേഷൻ ബൈക്കുകളിലും കാറുകളിലുമായി കുറ്റകൃത്യം ചെയ്യുന്ന ലഹരി മാഫിയയെ പിടിക്കാനായി നമ്മുടെ എക്സൈസ് ഓഫീസുകളിൽ വാഹനമുണ്ടോ? ഏറ്റവുമധികം കേസുകൾ രജിസ്റ്റർ ചെയ്യുന്ന പാലക്കാട് ജില്ലയിലെ ഇന്റലിജൻസ് ബ്യൂറോ ഓഫീസിന്റെ പ്രത്യേകത എന്നത് അവിടെ വാഹനമുണ്ട് ഡ്രൈവറില്ല എന്നതാണ്. നെന്മാറയിൽ വാഹനമില്ല ഡ്രൈവറുണ്ട്. ഇതുരണ്ടുംകൂടി ചേർത്ത് ഒന്നാക്കുന്ന തീരുമാനമെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. അത്യാധുനിക ആയുധങ്ങൾ കൈവശം വയ്ക്കുന്ന ലഹരി

മാഫിയയെ നേരിടാൻപോകുന്ന നമ്മുടെ എക്സൈസ് ഉദ്യോഗസ്ഥരുടെ കൈയിലെ ആയുധം എന്താണ്? തോക്കുണ്ടായിരുന്ന എക്സൈസ് ഇൻസ്പെക്ടർമാരിൽനിന്നും തോക്ക് തിരികെ വാങ്ങി. ഇപ്പോൾ അവരുടെ കൈവശം ആകെയുള്ള ആയുധം ലാത്തിയും വിസിലും മാത്രമാണ്. ആ ലാത്തി പോലും സർക്കാർ കൊടുക്കുന്നതല്ല, അവർ കാട്ടിൽ കയറി വെട്ടിയെടുക്കുന്നതാണ്. അത്ര പരിതാപകരമാണ് ഈ വകുപ്പിന്റെ അവസ്ഥ. കള്ളിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള എക്സൈസ് വകുപ്പിന്റെ പാലക്കാട് ഓഫീസ് പ്രവർത്തിക്കുന്നത് വ്യാജമദ്യദുരന്തകേസ് പ്രതിയുടെ കെട്ടിടത്തിലാണ്. ഇതാണ് എക്സൈസ് വകുപ്പിന്റെ അവസ്ഥ.

ഉന്നതവിദ്യാഭ്യാസ വകുപ്പിനെപ്പറ്റി പറയാതിരിക്കുകയാണ് നല്ലത്. കേരളത്തിലെ സർവകലാശാലകളിൽ നിന്ന് വരുന്ന വാർത്തകൾ എന്താണ്? ലഹരി, എസ്.എഫ്.ഐ. ആക്രമണം, റാഗിങ് എന്നിവയാണ്. 'ഞങ്ങളുടെ സർവകലാശാലയ്ക്ക് വൈസ് ചാൻസലറായി അങ്ങ് വന്ന് ജോലി ചെയ്യുമോ' എന്ന് ആൽബർട്ട് ഐൻസ്റ്റീനോട് ചോദിച്ച കേരള സർവകലാശാലയ്ക്ക് ഇപ്പോഴും വൈസ് ചാൻസലറില്ല. മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്

എന്നിവിടങ്ങളിലൊന്നും നിലവിൽ വൈസ് ചാൻസലർമാരില്ല. കേരളത്തിലെ സർവകലാശാലകളിൽ ഒറ്റ സർവകലാശാലയിൽ മാത്രമാണ് വൈസ് ചാൻസലർ തസ്തികയിൽ ആളുള്ളത്. കേരളത്തിലെ ഗവൺമെന്റ് കോളേജുകളുടെ അവസ്ഥയെന്താണ്? നാല്പത്തിരണ്ട് ഗവൺമെന്റ് കോളേജുകളിൽ പ്രിൻസിപ്പാൾമാരില്ല. കേരളത്തിലെ ഏഴ് സ്പെഷ്യൽ ഗ്രേഡ് കോളേജുകൾ, ഏറ്റവും വിഖ്യാതമായ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ഗവൺമെന്റ് വനിതാ കോളേജ്, മഹാരാജാസ് കോളേജ്, പാലക്കാട് ജില്ലയിലെ വിക്ടോറിയ, പട്ടാമ്പി, ചിറ്റൂർ അടക്കമുള്ള കോളേജുകളിൽ പ്രിൻസിപ്പാൾമാരില്ല. എന്തിനേറെ പറയുന്നു, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കോളേജായ ഗവൺമെന്റ് ബ്രണ്ണൻ കോളേജിലും പ്രിൻസിപ്പാളില്ല. അവിടെ ഈ കാലഘട്ടത്തിൽ ആരെങ്കിലും ഊരിപ്പിടിച്ച വാൾ എടുത്തുയർത്തിയാൽ 'അത് താഴെവയ്ക്കൂ' എന്ന് ആവശ്യപ്പെടാൻ ഒരു പ്രിൻസിപ്പാളില്ല.

സർക്കാർ സ്വകാര്യ സർവകലാശാലയെപ്പറ്റി ഇപ്പോൾ സംസാരിക്കുകയാണ്. മുൻ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി കൊണ്ടുവന്ന

സ്വകാര്യ സർവകലാശാലയുടെ കുഴപ്പമെന്തായിരുന്നു? നിങ്ങൾ അത് ഞങ്ങൾക്ക് പറഞ്ഞുതരണം. ഇപ്പോൾ സർക്കാർ കൊണ്ടുവരുന്ന സ്വകാര്യ സർവകലാശാലയും ഞങ്ങൾ കൊണ്ടുവരാനിരുന്ന സ്വകാര്യ സർവകലാശാലയും തമ്മിലുള്ള പത്ത് വ്യത്യാസം ഞങ്ങൾക്ക് പറഞ്ഞുതരണം. പത്തെണ്ണം പറയണ്ട, രണ്ടെണ്ണമെങ്കിലും പറഞ്ഞുതരാമോ? ഇനി ഞങ്ങൾക്ക് പറഞ്ഞുതരാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പണ്ട് ആ സർവകലാശാലയുടെ നയരൂപീകരണവുമായി ബന്ധപ്പെട്ട സെമിനാറിൽ പങ്കെടുക്കാൻ വന്ന ശ്രീ. ടി. പി. ശ്രീനിവാസന്റെ ചെകിട്ടത്തടിച്ച ആ എസ്.എഫ്.ഐ.ക്കാരനോടെങ്കിലും നിങ്ങൾ കൊണ്ടുവരുന്ന സർവകലാശാലയുടെയും ഞങ്ങൾ കൊണ്ടുവരാനിരുന്ന സർവകലാശാലയുടെയും വ്യത്യാസം പറഞ്ഞുകൊടുക്കാമോ? ലോകനിലവാരത്തിലേക്ക് വിദ്യാഭ്യാസത്തെ എത്തിക്കാനാണ് നാം നാല് വർഷ യു.ജി. പ്രോഗ്രാമുകൾ തുടങ്ങിയത്. എന്താണ് അതിന്റെ നിലവിലെ അവസ്ഥ; ഇതുവരെ അതിനുള്ളിൽ കൃത്യമായി സിലബസ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ? സിലബസ് ഉണ്ടാക്കാൻ പറ്റാതെ എങ്ങനെ പരീക്ഷ നടത്തുമെന്ന് ചോദിച്ചപ്പോൾ ക്വസ്റ്റ്യൻ ഡാറ്റ ബാങ്ക് തയ്യാറാക്കാമെന്നാണ്

പറഞ്ഞത്. അത് തയ്യാറാക്കിയോ; ഇല്ല. ഇപ്പോൾ എന്താണ് ചെയ്യുന്നത്? അതത് കോളേജുകളിലെ കുട്ടികളുടെ ഉത്തരക്കടലാസ് അതേ കോളേജിലെ അധ്യാപകർ തന്നെ പരിശോധിക്കുന്നു. അപ്പോൾ കുട്ടികൾക്കെല്ലാം നല്ല മാർക്കാണ്. അപ്പോൾ ഇവർ എന്താണ് പറയുന്നത്? നാല് വർഷ യു.ജി. പ്രോഗ്രാമിന് നല്ല മാർക്ക് കിട്ടി എന്ന്. സർക്കാരിന്റെ വൈകല്യം കാരണം ഈ രീതിയിലൂടെ വരുമ്പോൾ നിങ്ങൾ പറയുന്നത് ഞങ്ങളുടെ പൊതുവിദ്യാഭ്യാസ മേഖല ആകെ സമ്പുഷ്ടിപ്പെട്ടതുകൊണ്ടാണ് കുട്ടികൾക്ക് നല്ല മാർക്ക് കിട്ടുന്നതെന്നാണ്. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പറയാനുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു വാചകമാണ്, 'ഓരോ ഫയലും ഓരോ അപേക്ഷയും ജീവിതങ്ങളാണ്' എന്ന്. ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവിനോട് പറയാനുള്ളത്, ജീവിതമാണ് മന്ത്രീ, നിങ്ങൾക്ക് തന്നിരിക്കുന്ന ഒരു അപേക്ഷ ചവറ്റുകുട്ടയിൽ കിടന്നാണ് കിട്ടിയത്. ആ ചവറ്റുകുട്ടയിൽകിടക്കുന്ന അപേക്ഷയും ഒരു ജീവിതമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ദയവുചെയ്ത് ഒന്ന് മനസ്സിലാക്കേണ്ടതുണ്ട്.

കുറച്ചുമുമ്പ് ഇവിടെ സംസാരിക്കുമ്പോൾ പറഞ്ഞു, കേരളത്തിന് രഞ്ജി ട്രോഫി, സന്തോഷ് ട്രോഫി എന്നിവയിലുണ്ടായ നേട്ടങ്ങൾ സർക്കാരിന്റെ നേട്ടങ്ങളാണെന്ന്. അങ്ങനെയാണെങ്കിൽ ചരിത്രത്തിലാദ്യമായി ദേശീയ ഗെയിംസിൽ കേരളം പതിമൂന്നാം സ്ഥാനത്തായ ഉത്തരവാദിത്വംകൂടി ഈ സംസ്ഥാന സർക്കാർ ഏറ്റെടുക്കണ്ടേ? ഹോസ്റ്റലുകളിലെ ശോചനീയാവസ്ഥ അടക്കമുള്ള വിഷയങ്ങൾ പരിഗണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, 2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ, ഇന്നിവിടെ അവതരിപ്പിച്ച 7 വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. എക്സൈസ് വകുപ്പിനെ സംബന്ധിച്ച് ബജറ്റ് പ്രസംഗത്തിൽ ചുരുക്കം പരാമർശമെയുള്ളുവെങ്കിലും കേരളത്തിൽ ഇന്ന് സവിശേഷ പ്രാധാന്യമുള്ള ഒരു വകുപ്പാണിത്. ആധുനിക സൗകര്യങ്ങൾ നൽകി നവീകരിക്കാനും നിർവഹണ ഉപകരണങ്ങൾ നൽകിയും ഓഫീസുകൾ നവീകരിച്ചും ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും എക്സൈസ് വകുപ്പിന് പുതിയ മുഖം നൽകാൻ ശ്രമിക്കുന്ന

വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിനെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുന്നു. മദ്യത്തിന്റെ ഉപയോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുമ്പോൾത്തന്നെ ഇന്നത്തെ അവസ്ഥയിലെ പ്രധാന വരുമാന സ്രോതസ്സ് എന്ന നിലയിൽ ഈ രംഗത്തിന് വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ട് ഈ രംഗത്തിന് നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ഒരു പ്രാമുഖ്യം കൈവന്നിട്ടുണ്ട്. എന്നാൽ മദ്യത്തിന്റെ അമിത ഉപയോഗം സൃഷ്ടിക്കുന്നതും മയക്കുമരുന്നിന്റെ ഉപയോഗം വർധിച്ചുവരുന്നതും ഗൗരവമായി കാണേണ്ടതാണ്. മയക്കുമരുന്ന് എക്കാലത്തുമൊരു സാമൂഹ്യ വിപത്താണ്. സമീപകാലത്തായി മയക്കുമരുന്ന്, പ്രത്യേകിച്ച് രാസലഹരി ലോകമാകെ ഒരു മഹാവിപത്തായി വളർന്നിട്ടുണ്ട്. രാസലഹരി അടക്കമുള്ള മയക്കുമരുന്നിന്റെ ആഗോള വിപണി ശതകോടിക്കണക്കിന് ഡോളറിന്റേതാണ്. വലിയ അന്താരാഷ്ട്ര മാഫിയ ഇതിനുപിന്നിൽ പ്രവർത്തിക്കുന്നുണ്ട്. കൗമാരക്കാരെയാണ് ലഹരി മാഫിയ പ്രധാനമായും ലക്ഷ്യംവയ്ക്കുന്നത്. ലഹരിയുടെ ചതിക്കുഴിയിൽവീണ് കരകയറാൻ

കഴിയാത്തവർ നിരവധിയാണ്. 2023-ൽ The United Nations Office on Drugs and Crime (UNODC) നടത്തിയ പഠനത്തിന്റെ ഭാഗമായി ലോകത്താകെ 15-നും 64-നുമിടയിൽ പ്രായമുള്ളവരിൽ 17 പേരിൽ ഒരാൾ മയക്കുമരുന്ന് ഉപയോഗിക്കുന്നുവെന്നാണ് കണ്ടെത്തിയത്. 2011-ൽ 24 കോടി ആളുകളായിരുന്ന മയക്കുമരുന്ന് ഉപയോഗിച്ചിരുന്നതെങ്കിൽ 2021-ൽ 29.6 കോടിയായി വർധിച്ചു. ലോകജനസംഖ്യയിൽ 15-നും 64-നുമിടയിൽ പ്രായമുള്ള 5.8 ശതമാനം ആളുകൾ മയക്കുമരുന്ന് ഉപയോഗിക്കുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2019-ൽ ലോകത്താകെ അഞ്ചുലക്ഷം ആളുകൾ മയക്കുമരുന്നുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളാൽ മരിക്കാനിടയായി. ആഗോളമായി മയക്കുമരുന്ന് ഉപയോഗിക്കുന്നവരിൽ 70 ശതമാനവും 10 മുതൽ 15 വയസ്സുവരെ പ്രായപരിധിയിലുള്ളവരാണ്. ഇവർക്കിടയിലുള്ള ലഹരി ഉപയോഗം വൻതോതിൽ വർധിക്കുകയാണ്. ആഗോളവൽക്കരണം തുറന്നിട്ട ഉപഭോഗ തൃഷ്ണ, ജീവിതാഹ്ലാദത്തെക്കുറിച്ചുള്ള വികലസങ്കൽപ്പങ്ങൾ എന്നിവയൊക്കെ മാരകലഹരിയുടെ സുഖാലസ്യങ്ങൾ തേടാൻ പ്രേരണയാകുന്നുണ്ട്. നിയോലിബറലിസം സൃഷ്ടിക്കുന്ന വർധിച്ച

സാമ്പത്തിക അസമത്വം, തൊഴിലില്ലായ്മ, ജീവിതത്തകർച്ച എന്നിവയുടെ ഫലമായുണ്ടാകുന്ന ഇച്ഛാഭംഗവും നിരാശയും അരാഷ്ട്രീയതയും മയക്കുമരുന്നിൽ അഭയം തേടാൻ ചിലരെയെങ്കിലും പ്രേരിപ്പിക്കുന്നുണ്ട്. മൂലധനശക്തികളുടെ ലാഭക്കൊതിയാണ് ഇതിന്റെയെല്ലാം അടിസ്ഥാനം. അതുകൊണ്ട് ദേശീയതലത്തിലും മയക്കുമരുന്ന് ഒരു വിപത്തായി വളരുകയാണ്. കേരളത്തിലേക്ക് മയക്കുമരുന്ന് ഇറക്കുമതി ചെയ്ത് വിപണനം ചെയ്യുന്നതിൽ അന്താരാഷ്ട്രബന്ധമുള്ള മാഫിയകൾ പ്രവർത്തിക്കുന്നുണ്ട്. ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ മുന്ദ്ര, മുംബൈ തുടങ്ങിയ തുറമുഖങ്ങൾ വഴിയാണ് വലിയ തോതിൽ മയക്കുമരുന്ന് കേരളത്തിലെത്തുന്നത്. 2019 മുതൽ 2024 വരെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി 82,478 കോടി രൂപ വിലമതിക്കുന്ന മയക്കുമരുന്നുകളാണ് പിടിച്ചെടുത്തത്. മയക്കുമരുന്നിന്റെ ഉറവിടം തേടി കേരളത്തിൽനിന്നുള്ള അന്വേഷണ സംഘം വിദേശത്തുപോയി പ്രതികളെ പിടികൂടിയ സന്ദർഭങ്ങൾ ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. കേരളത്തിൽ മയക്കുമരുന്ന് ഉപയോഗവും തുടർന്നുള്ള അക്രമപ്രവർത്തനങ്ങളും ഭീതിജനകമായ രീതിയിൽ വളരുന്നത് എല്ലാവരെയും

ഉൽക്കണ്ഠപ്പെടുത്തുകയാണ്. കലാലയങ്ങളിലെ ക്യാമ്പസ് രാഷ്ട്രീയം ദുർബലപ്പെട്ടതും രാഷ്ട്രീയ ശൂന്യതയും ആശയ ദാരിദ്ര്യവും സംവാദരാഹിത്യത്തിന്റെ അന്തരീക്ഷവുമെല്ലാം മയക്കുമരുന്നിന്റെ ഇരുണ്ട ലോകത്തിലേക്ക് നമ്മുടെ കുട്ടികളെ നയിക്കുന്നു. സിനിമാ ലോകത്തിന്റെ സ്വാധീനവും കുട്ടികളെ ഇതിലേയ്ക്ക് ആകർഷിക്കുന്നുണ്ട്. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന ചിത്രീകരണങ്ങളും യുവമനസ്സുകളെ സ്വാധീനിക്കുന്നുണ്ട്. ഇവിടെ ചില നിയന്ത്രണങ്ങൾ അനിവാര്യമാണെന്ന് പുതിയകാലം നമ്മളോട് വിളിച്ചുപറയുന്നുണ്ട്. സെൻസർ ബോർഡുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രതിനിധിയെകൂടി ഉൾപ്പെടുത്തണമെന്ന ആശയം ഞാൻ പങ്കുവയ്ക്കുന്നു. അതുപോലെ, എക്സൈസ് വകുപ്പും പോലീസും ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും അതിനായി രണ്ട് സേനകളുടെയും അംഗബലം വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. ഇന്നലത്തെ ധനാഭ്യർഥന ചർച്ചകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുമായി ബന്ധപ്പെട്ട ചില പ്രഖ്യാപനങ്ങൾ നടത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കുട്ടികളുടെയും കൗമാരക്കാരുടെയും ഊർജത്തെ ക്രിയാത്മകമായ

പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടാൻ കഴിയുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. കൗമാര ശക്തിയെ സ്പോർട്സിലേക്കും കലാ-സാംസ്കാരിക പ്രവർത്തനങ്ങളിലേക്കും സമൂഹനിർമ്മിതികളിലേക്കും തിരിച്ചുവിടാൻ കഴിഞ്ഞാൽ മയക്കുമരുന്നിലേക്ക് വഴുതിവീഴാതെ അവരെ സംരക്ഷിക്കാൻ കഴിയും. ഇവിടെയാണ് വിദ്യാഭ്യാസത്തിന്റെയും കായിക വിനോദത്തിന്റെയും കല-സംസ്കാരം എന്നീ മേഖലകളുടെയും പ്രാധാന്യമുള്ളത്. സാംസ്കാരിക രംഗത്ത് ഒരു നവചൈതന്യം നിലനിൽക്കുന്നുണ്ട്. സമ്പന്നമായ കേരളത്തിന്റെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതോടൊപ്പം കൂടുതൽ ഉയരങ്ങൾ തേടിപ്പിടിക്കാൻ നമുക്ക് കഴിയണം. ബഹുമാനപ്പെട്ട മന്ത്രി സജി ചെറിയാന്റെ നേതൃത്വത്തിൽ അതിനുവേണ്ടി ശ്ലാഘനീയമായ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഞാൻ അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇക്കഴിഞ്ഞ ബജറ്റിൽ അതുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ, രാമചന്ദ്രൻ ആർട്ട് ഗ്യാലറി മുതൽ പുരാവസ്തു സംരക്ഷണമുൾപ്പെടെയുള്ള നിരവധി പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. സമീപകാലത്ത് സാംസ്കാരിക വകുപ്പ് തീരദേശ

മേഖലയിൽ സംഘടിപ്പിച്ച 'കടൽമിഴി' വളരെ ശ്രദ്ധേയമായ പരിപാടിയായിരുന്നു. അതിന്റെ മെമ്പർ സെക്രട്ടറിയായ ഡോ. പ്രമോദ് പയ്യന്നൂരിന്റെ നേതൃത്വത്തിൽ നടന്ന തീരദേശത്തെ കലാകാരന്മാരുടെ സർഗ്ഗാത്മക കലാവാസനകൾ പരിപോഷിപ്പിക്കുന്ന വളരെ മനോഹരമായ പരിപാടിക്ക് വൈപ്പിൻകരയും വേദിയായി. കലാ-സാംസ്കാരിക രംഗത്തിന് ഒരു പ്രദേശത്തെ സാമ്പത്തിക അഭിവൃദ്ധിയിലേക്ക് നയിക്കാനാകും. ഈ പ്രതിഭാസത്തെ ഇന്ന് സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ' Bilbao Effect' എന്നാണ് വിളിക്കുന്നത്. സ്പെയിനിലെ ' Bilbao-യിൽ 1997-ൽ നിർമ്മിച്ച Guggenheim മ്യൂസിയത്തിലെ കാല-സാംസ്കാരിക പരിപാടികൾ കാണാൻ വിവിധ രാജ്യങ്ങളിൽനിന്ന് ആയിരക്കണക്കിന് ആളുകൾ വന്നുചേർന്നു. Bilbao-യിൽ ബിസിനസ് വളർത്തി തൊഴിലുകൾ സൃഷ്ടിക്കപ്പെട്ടു. കലാ-സാംസ്കാരിക പരിപാടികളിലൂടെ ഒരു പ്രദേശത്ത് സാമ്പത്തിക നേട്ടം കൈവരിക്കാൻ കഴിയുമെന്നതിന് Bilbao ഉദാഹരണമാണ്. ഇതുവഴി പല രാജ്യങ്ങളിലും ' Bilbao Effect' മാതൃകകളുണ്ടായി. ഇത് കേരളത്തിലും പ്രാവർത്തികമാക്കാൻ കഴിയും. അതിനായി നമ്മുടെ ഫിലിം ഫെസ്റ്റിവെൽ,

നാടക ഫെസ്റ്റിവെൽ, ITFOK (International theatre festival of Kerala), ബിനാലെപോലെയുള്ള കലാപ്രദർശനം, വിവിധ കലാഅക്കാദമികൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നത് കൂടാതെ, അന്തർദേശീയ നിലവാരത്തിൽ കലകൾ അവതരിപ്പിക്കാൻ സ്ഥിരം വേദികൾ ഒരുക്കേണ്ടതുണ്ട്. കേരളത്തിൽ ലോകപ്രശസ്തരായ അനേകം കലാകാരന്മാരുണ്ട്. ഇവിടെ കലാസൃഷ്ടികൾ വിൽക്കുന്നതിന് ഒരു ആർട്ട് ഫെയർ ഇല്ലെന്ന പരിമിതിയുണ്ട്. കേരളത്തിനൊരു ആർട്ട് കമ്പോളം ആവശ്യമാണ്. സംഗീതത്തിനും നൃത്തത്തിനും മാത്രമായി ഒരു ഫെസ്റ്റിവെൽ ഇല്ലാത്തത് പോരായ്മയാണ്. സർഗാവിഷ്കാരത്തിനും മാനസിക ഉല്ലാസത്തിനും വഴിയൊരുക്കുന്ന നൂതന പദ്ധതികൾകൂടി അവതരിപ്പിക്കാൻ സാംസ്കാരിക വകുപ്പിന് കഴിയണമെന്ന് ഞാൻ പ്രത്യേകം അഭ്യർഥിക്കുകയാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, ലഹരിയെ തടയുന്നതിൽ കായിക മേഖലയ്ക്ക് വലിയ പ്രാധാന്യമുണ്ട്. കേരളത്തിലെ കായിക രംഗത്തിനും വലിയ പ്രാധാന്യമാണുള്ളത്. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സ് ഉണ്ടാകുകയുള്ളൂവെന്ന് പറയുന്നതുപോലെ, ഇത് കണക്കിലെടുത്തുകൊണ്ടാണ് സ്പോർട്സ് മേഖല ഇന്ന് മുന്നോട്ടുകുതിക്കുന്നത്.

സംസ്ഥാനത്തിന് ആദ്യമായൊരു സമഗ്ര കായികനയം രൂപീകരിച്ച സ്പോർട്സ് വകുപ്പുമന്ത്രിയായ ശ്രീ. വി. അബ്ദുറഹിമാനെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുന്നു. എല്ലാവർക്കും സ്പോർട്സിൽ വിദഗ്ധ പരിശീലനവും ശാസ്ത്രീയ മാർഗങ്ങളും അവലംബിച്ച് ഉന്നത നിലവാരമുള്ള കായിക താരങ്ങളെ വളർത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്ന ലക്ഷ്യത്തോടെയാണ് 2023-ൽ കായികനയം ആവിഷ്കരിച്ചത്. കിഫ്ബി ഫണ്ടും കായിക ഫണ്ടുമുൾപ്പെടെ 3,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലൊരു കളിക്കളം, ഫിറ്റ്നെസ് സെന്ററുകൾ, ഹെൽത്തി കിഡ്സ് തുടങ്ങിയ നിരവധി പദ്ധതികൾ ആ മേഖലയിൽ നടത്തുന്നുണ്ട്. ഏറ്റവും അനുയോജ്യമായൊരു സ്ഥലമെന്ന നിലയിൽ മഹാനഗരമായി വളരുന്ന കൊച്ചിയിൽ അന്താരാഷ്ട്ര പ്രശസ്തിയുള്ള ഒരു വാട്ടർ ഒളിമ്പിക്സ് സംഘടിപ്പിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകമായി അഭ്യർഥിക്കുന്നു. ഇത്തരത്തിലുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് വ്യാപകമാക്കുന്നതുവഴി ലഹരിക്കെതിരായ ശക്തമായ പ്രതിരോധം സൃഷ്ടിക്കാൻ കഴിയും.

നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഓരോ കുടുംബത്തിന്റെയും ആശ്രയവും അത്താണിയുമായി മാറേണ്ട ചെറുപ്പക്കാർ തൊഴിലില്ലാതെ വരുമ്പോൾ അവർ നിരാശവാദികളും മോഹഭംഗക്കാരുമായി മാറുന്നു. അതിൽ നിരവധിപേർ ലഹരിക്ക് അടിമപ്പെടുന്നുണ്ട്. ആ നിലയിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ഒരു തൊഴിൽ എന്നത് എല്ലാവരുടെയും സ്വപ്നമാണ്. ആ നിലയിൽ വളരെ ഭാവന സമ്പന്നതയോടുകൂടിയാണ് തൊഴിലും തൊഴിലാളി ക്ഷേമത്തിന്റെയും മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നേതൃത്വം നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് 34859 താൽക്കാലിക നിയമനങ്ങളുൾപ്പെടെ 43152 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ നൽകി. അങ്ങനെ എല്ലാ വകുപ്പുകളിലും നവകേരളത്തിന്റെ പുതുവഴികൾ തേടിക്കൊണ്ട് ഈ കേരളത്തെ മറ്റ് മധ്യവർഗ വരുമാന രാജ്യങ്ങളോടൊപ്പം നയിക്കുന്നതിനുവേണ്ടിയിട്ടുള്ള സർക്കാരിന്റെയും അതുമായി ബന്ധപ്പെട്ടുള്ള വകുപ്പുകളുടെയും നന്മനിറഞ്ഞ പ്രവർത്തനങ്ങൾക്ക് എല്ലാ

വിജയാശംസകളും നേർന്നുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ ഈ ഏഴ് ധനാഭ്യർഥനകളെയും പിന്തുണയ്ക്കുന്നു. ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലെ വിഷയം ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ടതാണ്. പ്രതിപക്ഷത്തിന്റെ ഒരവസ്ഥയാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ കാണാൻ സാധിച്ചത്. കാരണം ഭൂമി കൈയേറ്റക്കാരനായി കേസിൽ പ്രതിയായ ആളിനെക്കൊണ്ടുതന്നെയാണ് ഭൂമി കൈയേറ്റത്തിനെതിരെയുള്ള നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നത്. യു.ഡി.എഫ്.-ന് എന്തൊരു ഗതികേടാണ്? കൂടെയുള്ളവരെക്കൊണ്ടല്ലേ അത് അവതരിപ്പിക്കാൻ സാധിക്കൂ. അങ്ങനെയുള്ളവരുടെ, വ്യത്യസ്ത മേഖലകളിൽ ആ തരത്തിൽ മികവ് തെളിയിച്ചവരുടെ ഒരു കൂടാരമാണ്.......

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>ചെയർപേഴ്സൺ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ; ചട്ടം ഏതാണ്?

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ചട്ടം 307. ശ്രീ. എം. നൗഷാദ് സംസാരിച്ചപ്പോൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചയാളുടെ പേരിൽ ഭൂമി കൈയേറ്റത്തിന് കേസുണ്ടെന്നാണ് പറഞ്ഞത്. ഇന്ന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചത് ഡോ. മാത്യു കുഴൽനാടനാണ്. അദ്ദേഹത്തിന്റെ പേരിൽ കേസുണ്ടെന്നുപറഞ്ഞാൽ, ആ കേസ് നമ്പർ അങ്ങൊന്ന് പറഞ്ഞാൽമതി. അത് രേഖയിലുണ്ടാകാൻ പാടില്ല. അത് വ്യാജമായി പറഞ്ഞതാണ്.

ചെയർപേഴ്സൺ: അക്കാര്യം പരിശോധിക്കാം.

ശ്രീ. എം. നൗഷാദ്: സർ, അല്ല. അദ്ദേഹത്തിന്റെ പേരിൽ വിജിലൻസ് കേസുണ്ട്.

ചെയർപേഴ്സൺ: പരിശോധിക്കാം.

ശ്രീ. എം. നൗഷാദ്: സർ, പരിശോധിക്കുകയല്ല. കേസിന്റെ നമ്പർ പറയാം. അഴിമതി നിരോധന നിയമപ്രകാരം ബി.സി.3/2024/ഇടുക്കി. കേസ് നമ്പർ ഉൾപ്പെടെയുണ്ട്. യു.ഡി.എഫ്. എത്തിച്ചേർന്നിട്ടുള്ള ഒരു

സ്ഥിതിവിശേഷമാണത്. പോയിന്റ് ഓഫ് ഓർഡർ ഒരംഗം ചോദിച്ചുകഴിഞ്ഞു. അങ്ങനെ അനുവദിക്കാൻ സാധിക്കില്ല. എന്റെ പ്രസംഗം തടസ്സപ്പെടുത്തേണ്ട.

ചെയർപേഴ്സൺ: അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. എം. നൗഷാദ്: സർ, ഞാൻ വഴങ്ങുന്നില്ല. സംഘർഷഭരിതമായിരുന്ന തൊഴിൽമേഖലയെ സംഘർഷരഹിതമാക്കി, സമാധാനപൂർവമായ തൊഴിൽമേഖലയെ സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന തൊഴിൽ വകുപ്പിനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. വ്യത്യസ്തതലങ്ങളിൽ ജോബ് ഫെയറുകൾ സംഘടിപ്പിച്ച് തൊഴിൽമേഖല ശാന്തമാക്കുന്നതിനോടൊപ്പം തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും നടത്തുകയാണ് തൊഴിൽ വകുപ്പ്. ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ട് സ്വകാര്യമേഖലയിൽത്തന്നെ 78009 പേർക്ക് പ്ലേസ്മെന്റ് സംഘടിപ്പിച്ചുകൊടുത്ത വകുപ്പാണ് തൊഴിൽ വകുപ്പ്. അതുപോലെ 41847 പേർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയുള്ള സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള സഹായങ്ങൾ ചെയ്തുകൊണ്ട് എംപ്ലോയ്മെന്റുകൾവഴി 101614 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് തൊഴിൽ

വകുപ്പ് മുന്നേറുകയാണ്. എന്റെ നിയോജകമണ്ഡലമായ കൊട്ടാരക്കരയിൽ പാലക്കാട് ഐ.ഐ.റ്റി.-യുമായി സഹകരിച്ചാണ് ഡ്രോൺ ഇന്നൊവേഷൻ പാർക്ക് സ്ഥാപിച്ചത്. അതുപോലെ ചന്ദനത്തോപ്പിലെ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് എനിക്ക് വകുപ്പിനോട് ആവശ്യപ്പെടാനുള്ളത്. സാധാരണക്കാരായ സെക്യൂരിറ്റി ജീവനക്കാരുടെ ബുദ്ധിമുട്ട് മനസ്സിലാക്കി അവർക്ക് ഇരിപ്പിടം ഉറപ്പാക്കിയ വകുപ്പുമന്ത്രിയെ ഹൃദയപൂർവം ഞാൻ അഭിനന്ദിക്കുകയാണ്. എക്സൈസ് വകുപ്പ് എന്നും വിവാദങ്ങളുടെ വകുപ്പായിരുന്നുവെങ്കിൽ അതിനെ വിവാദരഹിതമാക്കി ആ വകുപ്പിനെ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ട് വകുപ്പിനാവശ്യമായ വാഹനങ്ങൾ, വയർലെസ് സെറ്റ് തുടങ്ങിയ ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കിക്കൊടുത്ത്.... തോക്ക് തിരിച്ചുവാങ്ങിയെന്ന് ഇവിടെ ചിലർ പറഞ്ഞു. ഇല്ല, എൺപത്തിമൂന്ന് തോക്കുകൾ ആ വകുപ്പിന് നൽകുക മാത്രമല്ല, 5400 തിരകളും നൽകുകയുണ്ടായി. അതുപോലെ കമ്പ്യൂട്ടറുകൾ റീപ്ലേസ് ചെയ്തു. വീഡിയോ കോൺഫറൻസ് സിസ്റ്റം ഏർപ്പാട് ചെയ്തുകൊണ്ട്

22 ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. സ്ഥാപിച്ചു. അതുപോലെ 1700 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വിതരണം ചെയ്തു. പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങൾ സൂക്ഷിക്കാനുള്ള വെഹിക്കിൾ യാർഡുകളുൾപ്പെടെ തയ്യാറാക്കിക്കൊണ്ട് ആ വകുപ്പ് മുന്നോട്ടുപോകുകയാണ്. ഈ പ്രവർത്തനങ്ങളെല്ലാം നടത്തുമ്പോൾത്തന്നെ ലഹരി ഇന്ന് പടരുകയാണ് എന്നുള്ളത് വസ്തുതയാണ്. അതിനെ പ്രതിരോധിക്കാൻ ഒറ്റക്കെട്ടായി നിൽക്കേണ്ടതാണ്. ലഹരിയെ നമ്മൾ കൈകാര്യം ചെയ്യുന്നതിൽ രാഷ്ട്രീയമോ ഒന്നും നോക്കാൻ പാടില്ലായെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. മുഹമ്മദ് മുഹസിൻ അഭിപ്രായപ്പെടുകയുണ്ടായി. പക്ഷേ എപ്പോഴും കണ്ടുവരുന്ന പ്രവണത എന്താണെന്ന് ചോദിച്ചാൽ, മോൻ മരിച്ചാലും വേണ്ടില്ല, മരുമകളുടെ കണ്ണീർ കണ്ടാൽമതിയെന്നുള്ളതുപോലെ എന്തിനും ഏതിനും എൽ.ഡി.എഫ്.-നെയും സി.പി.ഐ.(എം.)-നെയും എസ്.എഫ്.ഐ.-യെയും കുറ്റപ്പെടുത്തുന്നതിനു വേണ്ടിയുള്ള വേദിയാക്കി അവർ ഈ ലഹരിയെത്തന്നെ ഉപയോഗിക്കുകയാണ്. അവർ ചെയ്യുന്നതെന്താണ്; യാഥാർത്ഥ്യം എന്താണ്; ലഹരി ആരുടെ കൈകളിൽനിന്നാണ് പിടിക്കപ്പെട്ടത്? രാഷ്ട്രീയമായി ചർച്ച

ചെയ്താൽ, നമുക്ക് കണക്കെടുക്കാം. യൂത്ത് കോൺഗ്രസുകാരിൽനിന്നും കെ.എസ്.യു.-വിൽനിന്നുമാണ് വിപുലമായ തരത്തിൽ മയക്കുമരുന്ന് പിടിക്കപ്പെടുന്നത്. കിലോക്കണക്കിനാണ് അവരിൽനിന്ന് മയക്കുമരുന്ന് പിടിക്കുന്നത്. കെ.എസ്.യു.-വിന്റെ ജില്ലാ സെക്രട്ടറിയെ ജില്ലാ പ്രസിഡന്റ് തല്ലുന്നു. അദ്ദേഹമാണ് ലഹരിവിരുദ്ധ ജാഥയുടെ ക്യാപ്റ്റൻ. അദ്ദേഹം കെ.എസ്.യു. പ്രസിഡന്റിന് പരാതി നൽകിയത്, മദ്യപിച്ച് മദോന്മത്തനായി എന്നെ തല്ലിയെന്നാണ്. പറയുന്നത് ജില്ലാ സെക്രട്ടറി, ചെയ്തത് ജില്ലാ പ്രസിഡന്റ്. ആ സംഘടനയെവച്ചുകൊണ്ടാണ് ഇവർ ഈ പ്രവർത്തനം നടത്തുന്നത്. യഥാർത്ഥത്തിൽ ഇന്ന് XXXXXXXXXX+ അതുപോലെ എനിക്കുമുമ്പ് സംസാരിച്ച നേതാവ് പറഞ്ഞപ്പോൾ ഇവിടെ എനിക്ക് ഓർമ്മവന്നത് ശ്രീ. വി. കേശവേന്ദ്ര കുമാറിനെയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ നിയമസഭയിൽവച്ച് ഒരു വിദ്യാർഥി XXXXXXXXX+ വിശേഷിപ്പിച്ചത്

---

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. കെ.എൽ.എസ്. 2695/2025/ഇ.ബി. തീയതി 21-03-2025) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. കെ.എൽ.എസ്. 2695/2025/ഇ.ബി. തീയതി 21-03-2025) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

അൺപാർലമെന്ററിയായിട്ടുള്ള പ്രയോഗമാണ്. അങ്ങ് സഭാരേഖകളിൽനിന്ന് അത് നീക്കം ചെയ്യണമെന്ന് അഭ്യർഥിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, അത് പരിശോധിച്ച് ചെയ്തോളും.

<u>ചെയർപേഴ്സൺ</u>: പരിശോധിക്കാം. ചെയർ ഇടപെടേണ്ടത് ചെയർ ഇടപെടും.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ചെയർ ഇടപെട്ടോളൂ. കെ.എസ്.യു.-വിനെക്കുറിച്ച് പറഞ്ഞപ്പോൾ അയ്യോ! ഇത്രയും മര്യാദരാമന്മാർ, അതിനെക്കുറിച്ച് പറഞ്ഞപ്പോൾ എനിക്ക് ഓർമ്മവന്നത് ബഹുമാന്യനായ ശ്രീ. വി. കേശവേന്ദ്ര കുമാറിനെയാണ്. അദ്ദേഹത്തിനോട് ചർച്ചയ്ക്കായി പോയിട്ട് അദ്ദേഹത്തിനുനേരെ കരി ഓയിൽ ഒഴിച്ച സംസ്കാരമാണ് കെ.എസ്.യു.-വിനുള്ളത്. 35-ഓളം വിദ്യാർഥികളെ ബലികൊടുത്ത പ്രസ്ഥാനമാണ് എസ്.എഫ്.ഐ. എങ്കിൽ അവരുടെ ജീവനെടുത്ത പ്രസ്ഥാനമാണ് കെ.എസ്.യു., ഇതെല്ലാം കേരള സമൂഹത്തിനറിയാം. ഇവിടെ ലഹരിയെ തടയാൻ ശ്രമിക്കുമ്പോൾ കഴിഞ്ഞ ഒമ്പതുവർഷക്കാലമായി തുടരുന്ന എൽ.ഡി.എഫ്. ഭരണത്തെ ഏതുവിധേനയും അട്ടിമറിക്കാൻ പഠിച്ചപണി

പതിനെട്ടും നോക്കിയിട്ടും ഏൽക്കുന്നില്ല. അവസാനം മാരാമൺ കൺവെൻഷനിൽ എന്നെ ക്ഷണിച്ചുവെന്ന് ഉൾപ്പെടെ പി.ആർ. വർക്ക് നടത്തിയിട്ടും ഏൽക്കാതെപോയി. കമ്മിറ്റിക്കാർ ഞങ്ങളെ അങ്ങനെ വിളിച്ചിട്ടേയില്ല, ആലോചിച്ചിട്ടില്ല എന്നുഉൾപ്പെടെ പുറത്തുവന്നതിന്റെയൊക്കെ ജാള്യതമറയ്ക്കാൻ ഈ കേരളത്തെ കട്ടിച്ചോറാക്കാൻ മയക്കുമരുന്ന് മാഫിയകൾക്ക് ഒത്താശ ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനം ഇന്ന് യു.ഡി.എഫ്. ആണ്. അവരുടെ അനുയായികളാണ് അതിന് മുൻപന്തിയിൽ നിൽക്കുന്നത്, അതിനെക്കുറിച്ചുകൂടി അന്വേഷിക്കണം. ആ നിയമം കുറച്ചുകൂടി കർശനമാക്കണം. കുറഞ്ഞ അളവിൽ മയക്കുമരുന്നുമായി പിടിക്കപ്പെട്ടാൽ ജാമ്യം ലഭിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അത് മാറ്റുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മറ്റൊന്ന്, ഉന്നതവിദ്യാഭ്യാസ മേഖലയാണ്. ഉന്നതവിദ്യാഭ്യാസ മേഖല ഉന്നതിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. കുരുടൻ ആനയെ കണ്ടതുപോലെയാണ് ഇവിടത്തെ പ്രതിപക്ഷം കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ കാണുന്നത്. ഇവിടെ വൈസ് ചാൻസലർമാർ ഇല്ലാത്തതിനെക്കുറിച്ച് സൂചിപ്പിച്ചു. ആരാണ്

ഉത്തരവാദി? കഴിഞ്ഞ ഗവർണ്ണറുടെ കാലഘട്ടത്തിൽ സർവകലാശാലകളെ കാവിവൽക്കരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെ പ്രതിരോധിച്ചാണ് ഇന്ന് കേരളത്തിലെ സർവകലാശാലകൾ ഉന്നതിയിലേക്കെത്തിയത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റിയുൾപ്പെടെയുള്ള എല്ലാ സർവകലാശാലകളും A++ ഗ്രേഡ് നേടി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സ്വകാര്യ സർവകലാശാലയെക്കുറിച്ച് സൂചിപ്പിച്ചു. പൊതുമേഖലയെ സംരക്ഷിച്ചുകൊണ്ട് അതിനോടൊപ്പം ഇവിടത്തെ സാമൂഹ്യനീതിയും സംവരണവും ഉറപ്പാക്കിക്കൊണ്ട് സ്വകാര്യ മൂലധനം ഉപയോഗപ്പെടുത്തുക എന്നുള്ള ഈ കാലഘട്ടത്തിന്റെ ആവശ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് സ്വകാര്യ സർവകലാശാലയെ കൊണ്ടുവന്നിട്ടുള്ളത്. ആ സ്വകാര്യ സർവകലാശാലയുടെ പ്രവർത്തനങ്ങൾ ഈ സഭയിൽക്കൊണ്ടുവന്ന് എല്ലാവരുമായി ചർച്ച ചെയ്തിട്ടാണ് ആ നടപടികളിലേക്ക് പോകുന്നത്. കേരളത്തിലെ എല്ലാ കോളേജുകളും വളരെ മനോഹരമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്.

എല്ലാ പഞ്ചായത്തിലും ഒരു കളിക്കളമെന്നുള്ള തരത്തിൽ സ്പോർട്സ് മേഖലയ്ക്ക് ഉത്തേജനം നൽകുന്ന പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുവിദ്യാഭ്യാസ മേഖല പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞംവഴി വളരെ കൃത്യമായി സ്കൂൾ തുറക്കുന്നതിന് മുമ്പുതന്നെ പുസ്തകങ്ങൾ എത്തിക്കുന്നു. ഓണപരീക്ഷ കഴിഞ്ഞാലും പുസ്തകങ്ങൾ എത്താത്ത സ്ഥിതിവിശേഷം കേരളത്തിലുണ്ടായിരുന്നു. ആരായിരുന്നു അതിന് നേതൃത്വം കൊടുത്തതെന്ന് നമുക്കറിയാം. എന്താണ് ഇന്നത്തെ ഈ കേരളം? ആറ്റുകാൽ പൊങ്കാല കഴിഞ്ഞു. കേരളത്തിൽ മതപരമായ ആഘോഷങ്ങളും ആചാരങ്ങളും സന്തോഷത്തിന്റേതാണെങ്കിൽ കേരളത്തിന് പുറത്ത് സംഘർഷത്തിന്റേതാണ്. കേരളം മാതൃകയാകുന്നത് അവിടെയാണ്. ഇവിടെ ആറ്റുകാൽ പൊങ്കാല നടക്കുമ്പോൾ മറ്റ് സ്ഥലങ്ങളിൽ മറ്റുള്ളവരുടെ ആരാധനാലയങ്ങൾ മറയ്ക്കപ്പെടുമ്പോൾ ഇവിടെ മറ്റുള്ളവരുടെ ആരാധനാലയങ്ങൾ തുറന്നിട്ട് പൊങ്കാലയ്ക്കെത്തുന്നവരെ പരിചരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. അതുപോലെ ചെണ്ടമേളവുമായി പ്രദക്ഷിണം

മുന്നോട്ടുപോകുമ്പോൾ ബാങ്ക് വിളി കേൾക്കുമ്പോൾ അത് നിർത്തിവയ്ക്കുന്ന വിശ്വാസികളെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

ചെയർപേഴ്സൺ: യെസ്.... യെസ്....

ശ്രീ. എം. നൗഷാദ്: സർ, എനിക്ക് നേരത്തെ നഷ്ടപ്പെട്ട ഒരു മിനിട്ട് കൂടിയുണ്ട്.

ചെയർപേഴ്സൺ: ഇല്ല. അതില്ല.

ശ്രീ. എം. നൗഷാദ്: സർ, അത് കിട്ടാനുണ്ട്. സമയം കളയാനില്ല. ഇത് അവസാനിപ്പിക്കുകയാണ്. നമുക്ക് മാതൃകയാക്കണമെന്ന് പറഞ്ഞു. കേരളത്തിൽ എന്താണ് ലീഗ് ചെയ്യുന്നത്? കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ ആർ.എസ്.എസ്.-കാർക്ക് ശാഖ നടത്താനുള്ള അനുവാദം കൊടുക്കുന്നു. അതുപോലെ അവരുടെ ജാഥയ്ക്ക് നാരങ്ങ വെള്ളം കൊടുക്കുന്നു. കെ.പി.സി.സി. പ്രസിഡന്റ് ശാഖയ്ക്ക് കാവൽ നിൽക്കാൻ ആളെവിടുന്നു. ആ തരത്തിൽ കേരളത്തെ വർഗ്ഗീയ സംഘർഷ ഭൂമിയാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ മാറാടില്ലാത്ത, ചാല കമ്പോളം കത്താത്ത, പൂന്തുറ കലാപങ്ങളില്ലാത്ത, സമാധാനത്തോടെ കഴിയുന്ന നാടാക്കി കേരളത്തെ

മുന്നോട്ടുകൊണ്ടുപോകുന്ന ഈ ഗവൺമെന്റിന്റെ എല്ലാ ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ഇവിടെ നമ്മുടെ ആലുവ അംഗം ശ്രീ. അൻവർ സാദത്ത് എക്സൈസ് വകുപ്പിനെ....

ചെയർപേഴ്സൺ: ഒരു സെക്കന്റ്...

ഡോ. മാത്യു കുഴൽനാടൻ: സർ, പേഴ്സണൽ എക്സ്പ്ലനേഷൻ, 288 ഞാൻ പറഞ്ഞിരുന്നു. എന്തെങ്കിലും അസംബന്ധവും അറിയാൻ പാടില്ലാത്ത കാര്യങ്ങളും എന്ത് വിവരക്കേടും വിളിച്ചു പറയരുത്. അദ്ദേഹത്തിന്റെ പ്രസംഗസമയത്ത് എന്റെ പേര് പരാമർശിച്ച് പറഞ്ഞത്; എന്റെ പേരിൽ ഭൂമി കൈയേറ്റത്തിന് കേസുണ്ടെന്നാണ്. മിനിമം അഭിഭാഷകനൊന്നുമല്ലെങ്കിലും ഒരു എം.എൽ.എ. അല്ലേ? ഭൂമി കൈയേറ്റ കേസിൽ ഏത് കേസാണ് എടുക്കുന്നതെന്ന് ആദ്യം മനസ്സിലാക്കണം. അതിന് Land Conservancy Act പ്രകാരമാണ് കേസെടുക്കുന്നത്. ഇവിടെ വിളിച്ചുപറഞ്ഞത് വിജിലൻസ് കേസാണ്. ഇവിടെ ഇരിക്കുന്ന ധാരാളം പേർ....

ചെയർപേഴ്സൺ: അങ്ങ് ചെയറിന് എഴുതി കൊടുക്കൂ. പരിശോധിക്കാം.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ എക്സ്പ്ലനേഷൻ പറയട്ടെ. ധാരാളം പേർ ക്രിമിനൽ കേസിൽ പ്രതിയായിരിക്കും. ഞാനും നിങ്ങളുമടക്കം പലരും പ്രതിയായിരിക്കും. പലർക്കുമെതിരെ വിജിലൻസിൽ പരാതിയും quick verify-യും ഉണ്ടാകും. പക്ഷേ ഭൂമി കൈയേറ്റ കേസെന്നുപറഞ്ഞ് Land Conservancy കേസുണ്ടെങ്കിൽ അങ്ങേക്ക് പറയാം. എന്റെ പേരിൽ ഭൂമി കൈയേറ്റത്തിന് കേസില്ല. അങ്ങനെയൊരു പരാമർശം നടത്തിയത് സത്യവിരുദ്ധമാണ്. എന്തും പറയാനുള്ള ലൈസൻസായി കാണാൻ പാടില്ല. അത് സഭാ രേഖകളിൽ ഉണ്ടാകാൻ പാടില്ല.

<u>ചെയർപേഴ്സൺ</u>: അങ്ങ് ചെയറിന് എഴുതി കൊടുക്കൂ.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, പാർട്ടിക്ക് പണമുണ്ടാക്കാൻവേണ്ടി എക്സൈസ് വകുപ്പിനെ ഉപയോഗപ്പെടുത്തുന്നുവെന്നാണ് പറഞ്ഞത്. എനിക്കിത് പറയുമ്പോൾ ഒരു കാര്യം ഓർമ വരുന്നത് പണ്ട് ഒരു ബ്രാഹ്മണനും ഒരു കുഴപ്പക്കാരനായ തെമ്മാടിയും തമ്മിൽ വഴക്കായി. അപ്പോൾ ബ്രാഹ്മണൻ പറയുന്നത് പപ്പടം തീനി, പഴം തീനി, പായസം തീനി എന്നൊക്കെയാണ്. കുഴപ്പക്കാരൻ മോശമായ വാക്കുകളാണ് പറയുന്നത്. അതുവഴി ഒരു

വഴിപോക്കൻ വന്ന് ബ്രാഹ്മണനോട് ചോദിച്ചു, നിങ്ങളെ ഇത്രയും അനാവശ്യം പറയുമ്പോൾ നിങ്ങൾ ഇങ്ങനെയാണോ അയാളെ പറയുന്നതെന്ന്. ഞാൻ തിന്നുന്നത് ഞാൻ പറഞ്ഞു, അവൻ തിന്നുന്നത് അവൻ പറഞ്ഞു എന്നുമാത്രം കണക്കാക്കിയാൽ മതിയെന്ന് പറഞ്ഞതുപോലെയാണ് ശ്രീ. അൻവർ സാദത്ത് പണമുണ്ടാക്കാൻവേണ്ടി എക്സൈസ് വകുപ്പിനെ ഉപയോഗിച്ചുവെന്ന് പറയുന്നത്. അവർ പണ്ട് കാലത്ത് ഉപയോഗപ്പെടുത്തിയ ഒരു അനുഭവം പറഞ്ഞുവെന്നേ ഞാൻ കണക്കാക്കുന്നുള്ളൂ. ഇവിടെ ശ്രീ. പി. കെ. ബഷീർ 'വായിൽ വന്നത് കോതയ്ക്ക് പാട്ട്' എന്നരീതിയിൽ പലപ്പോഴും സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഞാൻ അദ്ദേഹത്തെക്കാളും മികവേറിയിട്ടുള്ള ഒരു നിയമസഭാ സാമാജികനൊന്നുമല്ല. അദ്ദേഹം പറയുന്നൊരു കാര്യം, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റിനെ കോർപ്പറേറ്റ് പാർട്ടിയെന്നാണ്. തീർച്ചയായും ഇന്നല്ലെങ്കിൽ നാളെ .... (ബഹളം).... നിങ്ങൾ പറഞ്ഞതല്ലേ. നിങ്ങളെന്താണ് തർക്കിക്കാൻ നിൽക്കുന്നത്. .... (ബഹളം).... ബഹുമാനപ്പെട്ട ചെയർപേഴ്സൺ എന്റെ സമയം പോയാൽ എനിക്ക് സമയം തരണം. എന്നെ സംസാരിക്കാൻ അനുവദിക്കാതിരിക്കുന്നത് ശരിയല്ല.

ചെയർപേഴ്സൺ: പ്ലീസ്... പ്ലീസ്...

ശ്രീ. എ. പ്രഭാകരൻ: സർ, കോർപ്പറേറ്റ് പാർട്ടിയെന്ന് ഈ പാർട്ടിയെ അപമാനിക്കാൻ, ഇന്നല്ലെങ്കിൽ നാളെ കമ്മ്യൂണിസ്റ്റ് പാർട്ടിയുള്ളതുകൊണ്ട് സമാധാനപരമായി ജീവിക്കാൻ താങ്കൾക്ക് കഴിഞ്ഞുവെന്ന് പറയുന്ന ഒരവസരം കേരളത്തിൽ നിങ്ങൾക്കുണ്ടാകുമെന്നേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ.

ചെയർപേഴ്സൺ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ. പ്ലീസ്... പ്ലീസ്...

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ വിഷയത്തിലേക്ക് കടക്കുകയാണ്. ഞാൻ എല്ലാ ധനാഭ്യർത്ഥനകളെയും പിന്താങ്ങുന്നു. വിദ്യാഭ്യാസ രംഗത്ത് വൈജ്ഞാനിക സമൂഹ സൃഷ്ടിയിൽ വലിയ മുന്നേറ്റമാണ് നമ്മുടെ കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊതുവിദ്യാഭ്യാസം യു.ഡി.എഫ്. ഭരണകാലത്ത് ...(ബഹളം)... ഞാൻ ഇവരെയല്ല പറഞ്ഞത്. അവിടെയുണ്ടായ വഴക്കിനെക്കുറിച്ചാണ് പറഞ്ഞത്. അത് മനസ്സിലാക്കാതെ അളുകൂടി കേൾക്കാതെ പൊട്ടിത്തെറിക്കുന്നു.

ചെയർപേഴ്സൺ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, യു.ഡി.എഫ്.-ന്റെ കാലത്ത് പൊതുവിദ്യാഭ്യാസം നഷ്ട കച്ചവടമാണെന്ന് പറഞ്ഞ് വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ തുടങ്ങിയ കാലത്താണ് ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. സത്യത്തിൽ കണ്ണഞ്ചിപ്പിക്കുന്ന വികസനമാണ് കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് കണ്ണുള്ളവർ കാണും. കാണാത്തവർക്കും കുരുടന്മാർക്കും പറ്റില്ല. ഞാൻ ആരെയും കുരുടന്മാരാണെന്ന് ആക്ഷേപിക്കുകയല്ല. കണ്ണുള്ളവർ കാണുമെന്നേ പറയുന്നുള്ളൂ. ജനകീയ പങ്കാളിത്തതോടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സബ്ജക്ട് മിനിമം പദ്ധതി, ഒരു ചെറിയ കാര്യമല്ല. .....(ബഹളം)..... ഞാൻ ആരെയും ആക്ഷേപിച്ചതല്ലെന്ന് പറഞ്ഞു. വിദ്യാർഥികളുടെ മൊത്തത്തിലുള്ള ആരോഗ്യം നിരീക്ഷിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനും ..... (ബഹളം)..... ഞാൻ 'കുരുടൻ' എന്ന വാക്ക് പിൻവലിച്ചു. ഇനിയെങ്കിലും മിണ്ടാതിരിക്കു. തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനും IMI (International Management Institute)-യുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നതൊക്കെ നൂതന

സംവിധാനങ്ങളല്ലേ. 2019 മുതൽ കുടിശ്ശികയുണ്ടായിരുന്ന എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് മുഴുവൻ കൊടുത്ത് തീർക്കുക എന്നത് ഈ സാമ്പത്തിക പരാധീനതകൾക്ക് നടുവിൽനിന്നും ചെയ്തുവെന്നത് ചെറിയ കാര്യമാണോ. വിദ്യാർഥികൾ മുതൽ സമൂഹത്തിന്റെ സമസ്ത മേഖലയിലുള്ള ജനവിഭാഗങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിച്ചുകൊണ്ട് പാഠ്യപദ്ധതി പരിഷ്ക്കരണം കേരള സംസ്ഥാനത്ത് നടപ്പാക്കാൻ ശ്രമിച്ചു. കൂടാതെ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ കുട്ടികൾക്ക് സൗജന്യ എൻട്രൻസ് പരിശീലനം ഉറപ്പാക്കുന്ന കാര്യം വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി. 45000-ൽ അധികം വരുന്ന സ്മാർട്ട് ക്ലാസ് റൂമുകളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനായി സമിതികളുടെ പ്രവർത്തനം കേരളത്തിലാരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 376 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി, 400-ലധികം സ്കൂൾ കെട്ടിടങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ 600-ൽ അധികം പ്രീപ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന വർണ്ണക്കൂടാരം പദ്ധതികൾ നടപ്പാക്കിയില്ലേ. വിദ്യാഭ്യാസ ഗുണനിലവാരം വർധിപ്പിക്കാൻ എഡ്യൂക്കേഷൻ

ടെക്നോളജി ലാബ് സ്ഥാപിച്ചു. വിദ്യാകിരണം പദ്ധതിവഴി നാല്പത്തിയേഴായിരത്തിലധികം ലാപ്ടോപ്പുകൾ, ഹൈടെക് പദ്ധതിവഴി 11500 ലാപ്ടോപ്പുകൾ അങ്ങനെ 63500 ലാപ്ടോപ്പുകൾ വിതരണം നടത്തിയില്ലേ. ഇങ്ങനെ പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ അനവധിയാണെന്നത് കാണാൻ കണ്ണുണ്ടാകണമെന്നേ എനിക്ക് പറയാനുള്ളൂ. മാത്രമല്ല അതനുഭവിക്കുന്ന വിദ്യാർഥികൾക്കും സമൂഹത്തിനുമത് മനസ്സിലാകും.

കായിക രംഗത്ത് ഈ സർക്കാർ സ്വീകരിച്ച നൂതനങ്ങളായ പദ്ധതികൾ വലിയ പുരോഗതിക്ക് വഴിവയ്ക്കും. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി ഒരുപാട് മികവേറിയ കായിക താരങ്ങളെ വളർത്തിയെടുക്കാൻ ഉതകുന്നൊരു പദ്ധതിയാണ്. എന്റെ നിയോജകമണ്ഡലത്തിലടക്കം അതിന്റെ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കഴിയുന്നതുംവേഗം പൂർത്തിയാക്കാനുള്ള പ്രവർത്തനം നടത്തുന്നതിന് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സമഗ്ര കായിക വികസനം ലക്ഷ്യം വച്ചുകൊണ്ട് വിദേശ ഗവൺമെന്റുകളുമായുള്ള സഹകരണംകൂടി ശക്തിപ്പെടുത്താൻ കായിക മേഖല ശ്രമിച്ചുവെന്നത് ചെറിയ കാര്യമല്ല. എന്തായാലും

സമയമില്ലാത്തതുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് കടക്കുകയാണ്. കേരളത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങൾ ഒരുപക്ഷേ യു.ഡി.എഫ്.-നോ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾക്കോ ചിന്തിക്കാൻപോലും കഴിയില്ലെന്നുള്ള നേട്ടങ്ങളാണ്. സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം തുടങ്ങിയ പദ്ധതികൾ ഈ കേരള സംസ്ഥാനത്ത് നടപ്പാക്കി. ഇപ്പോൾ നമ്മുടെ രാജ്യത്തുതന്നെ ആദ്യമായി തദ്ദേശസ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കി മാറ്റുന്ന ആദ്യത്തെ സംസ്ഥാനമായി കേരളം മാറാൻപോകുകയാണ്. അടിസ്ഥാന സൗകര്യ വികസനം, ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കൽ, വികസന പദ്ധതികളുടെ പരിപാലനം എന്നതിലുപരിയായി പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽ സൃഷ്ടിക്കൽ തുടങ്ങിയ പദ്ധതികളുമായി തദ്ദേശസ്ഥാപനങ്ങൾ മുന്നോട്ടുപോകുകയാണ്. കേരള സംസ്ഥാനം ഏതാനും മാസങ്ങൾക്കകം മാലിന്യമുക്ത കേരളം, അതിദരിദ്രരില്ലാത്ത കേരളം എന്നീ പദ്ധതികളുടെ നേട്ടം കൈവരിക്കാൻ പോകുകയല്ലേ. ആ ലക്ഷ്യ പ്രാപ്തിയിലേക്ക് എത്തുകയല്ലേ. ഇതൊന്നും ചിന്തിക്കാൻപോലും മറ്റുള്ളവർക്ക് കഴിയില്ലെന്ന

കാര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്തരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയ മന്ത്രിയെയും വകുപ്പിനെയും ഞാൻ അഭിനന്ദിക്കുന്നു. പഞ്ചായത്തുകളുടെ വരുമാനം വർധിപ്പിക്കാൻവേണ്ടി ഞാനൊരു നിർദേശം മുന്നോട്ടുവയ്ക്കുകയാണ്. കോടതികൾ രാജ്യത്ത് പരസ്യം പാടില്ലായെന്ന് പറഞ്ഞ് സകല പരസ്യങ്ങളുമെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ പരസ്യങ്ങൾക്ക് ആവശ്യമുള്ള ഒരു നിയമം സർക്കാർ കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. കോടിക്കണക്കിന് രൂപ മുതൽമുടക്കിയാണ് നമ്മുടെ രാജ്യത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. റോഡുകളും മറ്റും നിർമ്മിക്കുമ്പോൾ രാജ്യത്ത് ജനസാന്ദ്രത കൂടിവരുന്നു, അതുപോലെ ജനവാസമേഖലകളും വർധിച്ചുവരികയാണ്. പ്രധാന കവലകളും അതുപോലെ സെന്ററുകളും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിൽ എല്ലാ പരിപാടികളുടെയും വിജയത്തിന് പരസ്യം അത്യന്താപേക്ഷിതമാണ്. വാണിജ്യം, കലാപരിപാടികൾ അങ്ങനെ എല്ലാത്തിനും പരസ്യം വളരെ പ്രധാനപ്പെട്ടതാണ്. അതിനാൽ പ്രധാന കേന്ദ്രങ്ങളിൽ പരസ്യബോർഡുകൾ

സ്ഥാപിക്കാനുള്ള നിയമം പഞ്ചായത്ത് വകുപ്പ് രൂപീകരിക്കണം. അതിന് സ്ഥലത്തിന്റെ പ്രാധാന്യത്തിനനുസരിച്ച് സ്ക്വയർഫീറ്റ് കണക്കാക്കി ദിവസത്തിന് കൃത്യമായ റേറ്റ് തീരുമാനിക്കണം. ഒരു പഞ്ചായത്തിൽ 100 മുതൽ 200 വരെയും മുനിസിപ്പാലിറ്റിയിൽ 500 മുതൽ 1000 വരെയും കോർപ്പറേഷനുകളിൽ 2000 മുതൽ 5000 വരെയും പരസ്യകേന്ദ്രങ്ങളാകാം. ഇതിലൂടെ വരുമാനം വർധിപ്പിക്കാനുള്ള നിയമം പഞ്ചായത്ത് വകുപ്പ് കൊണ്ടുവന്ന് പുതിയൊരു നിയമം പാസ്സാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ സമാധാനപരമായ തൊഴിൽ അന്തരീക്ഷത്തെ തല്ലിക്കെടുത്താൻ ആരും ശ്രമിക്കണ്ട. കേന്ദ്രഗവൺമെന്റ് 4 കോഡുകൾ പാസ്സാക്കി തൊഴിലാളിവർഗത്തിന്റെ ചെറുത്ത് നിൽപ്പിന്റെ ഭാഗമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇന്നത്തെ കൺവെൻഷനിൽ ഒരു തീരുമാനം എടുക്കാൻ പോകുകയാണ്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പ്രഭാകരൻ: സർ, അഖിലേന്ത്യോതലത്തിലുള്ള പണിമുടക്ക്... ഞാൻ ഒറ്റ വാചകമേ പറയുന്നുള്ളൂ.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പ്രഭാകരൻ: സർ, പണിമുടക്കിന് ഐ.എൻ.ടി.യു.സി. അടക്കം സഹകരിക്കുന്നുണ്ട്. കോൺഗ്രസ് കുത്തിത്തിരിപ്പ് ഉണ്ടാക്കരുത്. മറ്റ് കാര്യങ്ങൾ പറയുന്നതിന് സമയമില്ലാത്തിനാൽ ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. 1995-ലാണ് അധികാര വികേന്ദ്രീകരണം നടന്നത്. ജനങ്ങൾക്കും പഞ്ചായത്തുകൾക്കും ഒരുപാട് സ്വാതന്ത്ര്യങ്ങളുണ്ടായിരുന്നു. അങ്ങും അങ്ങയുടെ ഗവൺമെന്റും ജനാധിപത്യത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ടതാണെങ്കിലും ഇന്ന് ഏകാധിപത്യ തരത്തിലൂടെ പ്രവർത്തിക്കുകയും നയങ്ങൾ നടപ്പിലാക്കുകയും ചെയ്യുകയാണ്. പഞ്ചായത്തുകൾക്ക് അവരുടെ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാ തലത്തിലും ആസൂത്രണ സമിതികളുടെ അംഗീകാരം ലഭിക്കേണ്ട നിലപാടുകൾ സ്വീകരിച്ചുകൊണ്ടുതന്നെ അത് പലതും മാറ്റിയിരിക്കുകയാണ്. ഇന്ന് മൂന്ന് പതിറ്റാണ്ട് കഴിഞ്ഞതിനുശേഷമാണ്

പഞ്ചായത്തുകൾക്ക് അതിനുള്ള മെച്യൂരിറ്റി വന്നിട്ടുള്ളത്. പഞ്ചായത്തുകൾക്ക് പല പദ്ധതികളും നടപ്പിലാക്കാൻ ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കുന്നത് നന്നായിരിക്കുമെന്ന് ആദ്യമായി സൂചിപ്പിക്കുകയാണ്. പഞ്ചായത്തുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങളിലും ജനകീയാസൂത്രണ പ്രവർത്തനങ്ങളിലും നൽകിയിരുന്ന അവകാശങ്ങളെ ഇല്ലാതാക്കി പഞ്ചായത്തുകളുടെ വ്യത്യസ്തങ്ങളായ അധികാരങ്ങൾ ഗവൺമെന്റിലേക്കും മന്ത്രിയിലേക്കും കേന്ദ്രീകരിച്ച് അധികാര കേന്ദ്രീകരണം നടത്തിയത് മാറ്റി ജനങ്ങൾക്കുതന്നെ അധികാരം നൽകുന്ന തരത്തിലേക്ക് കൊണ്ടുപോകണമെന്ന് അപേക്ഷിക്കുകയാണ്. പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട് ലോക്കൽ ബോഡികളുടെ പദ്ധതി പ്രവർത്തനങ്ങളുടെ മൂന്നാംഘട്ട വിഹിതം മാർച്ച് മാസത്തിലാണ് നൽകിയിട്ടുള്ളത്. അവർക്ക് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സമയമില്ലെന്ന് അങ്ങേയ്ക്കും വകുപ്പിനും അറിയാവുന്നതാണ്. കോർപ്പറേഷനുകളിൽനിന്നും വിരമിച്ച ജീവനക്കാർക്കായി രൂപീകരിച്ച സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള സർക്കാർ വിഹിതം വർഷങ്ങളായി മുടങ്ങിയതിനാൽ 825 കോടി രൂപ കുടിശ്ശികയാണ്. അത് ഇതുവരെയും

നൽകിയിട്ടില്ല. സർക്കാർ നൽകുന്ന പല സേവനങ്ങളും ആനുകൂല്യങ്ങളും തദ്ദേശ സ്ഥാപനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. ഉദാഹരണമായി, സാക്ഷരതാ പ്രേരക്-മാരുടെ ശമ്പളം നൽകേണ്ടത് പഞ്ചായത്തുകളാണ്. അതുപോലെ ഒട്ടനവധി കാര്യങ്ങളുള്ളത് ഇവിടെ ഞാൻ വിശദീകരിക്കുന്നില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളൊക്കെ ഏൽപ്പിച്ച് പഞ്ചായത്തുകളുടെ ജോലിഭാരം കൂട്ടിക്കൊണ്ടിരിക്കുകയാണ്. പദ്ധതി പണം വിനിയോഗിച്ച് എല്ലാം വാങ്ങേണ്ടത് GeM (Government e Marketplace)-ൽ നിന്നാണെന്ന് പറയുന്നുണ്ട്. എന്നാൽ GeM മാനദണ്ഡങ്ങൾ ഒരിക്കലും സാധൂകരിക്കാൻ കഴിയാത്ത പ്രയാസങ്ങൾ അനുഭവിക്കുന്നതുകൊണ്ട് വലിയ ബുദ്ധിമുട്ടുകളാണ് നേരിടുന്നത്. അത് മാറ്റണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. തനത് ഫണ്ട് വർധിപ്പിക്കുന്നതിനുവേണ്ടി 100 ശതമാനം വിഭവ സമാഹരണം നടത്തണമെന്ന് അങ്ങും വകുപ്പും നിർദേശിക്കുമ്പോഴും അത് സമാഹരിക്കുന്നതിനായി കഴിഞ്ഞകാലങ്ങളിലുണ്ടായിരുന്ന ധാരാളം ആനുകൂല്യങ്ങൾ ഇല്ലാതാക്കിയിരിക്കുകയാണ്. വെള്ളത്തിന്റെ കണക്ഷനോ കെ.എസ്.ഇ.ബി.ൽനിന്ന് വൈദ്യുതി കണക്ഷനോ ലഭിക്കണമെങ്കിൽ വീട്

നിർമ്മിക്കുന്നതിനുമുമ്പ് പഞ്ചായത്തിൽനിന്നും അനുമതി ലഭിക്കണമായിരുന്നു. ഇപ്പോൾ അതില്ലാതെതന്നെ അവർക്ക് കണക്ഷൻ ലഭിക്കുന്നതിനാൽ പണം അടയ്ക്കേണ്ടി വരുന്നില്ല, വിഭവ സമാഹരണം നടക്കാതെ പോകുകയാണ്. സ്പിൽ ഓവർ വർക്കുകളെക്കുറിച്ച് ഒട്ടനവധി പരാതികളാണ് പഞ്ചായത്തുകൾക്കുള്ളത്. 2018-19 മുതൽ പദ്ധതി നിർവഹണത്തിൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ക്യാരി ഓവർ വിഹിതം ലഭ്യമാകുന്നില്ലായെന്നത് വസ്തുതയാണ്. തദ്ദേശസ്ഥാപനങ്ങളെ ഇത് വലിയ പ്രതിസന്ധിയിലാക്കുകയാണ് ചെയ്യുന്നത്. അത് പുനഃക്രമീകരിക്കാനാവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള ഗുണങ്ങളും മറ്റ് കാര്യങ്ങളുമാണ് ഇവിടെ എല്ലാവരും അവകാശപ്പെട്ടത്. അതുമായി ബന്ധപ്പെട്ട് ഒരുകാര്യം മാത്രം സൂചിപ്പിക്കുകയാണ്. ലൈഫ് പദ്ധതിക്കായി സർക്കാർ വകയിരുത്തിയ 500 കോടി രൂപയിൽനിന്ന് 25 ശതമാനം മാത്രമാണ് ഈ വകുപ്പിൽനിന്ന് ഇതുവരെ ചെലവാക്കിയതെന്ന് കാണുമ്പോൾ ലൈഫ് പദ്ധതിയോട് അങ്ങും ഗവൺമെന്റും നടത്തുന്ന പ്രാധാന്യം

എത്രമാത്രമാണെന്ന് അതിൽനിന്നും മനസ്സിലാക്കാൻ കഴിയും. അതോടൊപ്പം, തദ്ദേശ പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട് അഞ്ച് വകുപ്പുകളെ ക്രോഡീകരിച്ചുകൊണ്ട് ഏക വകുപ്പായി നിർവഹണം നടത്തിയപ്പോൾ അതിലുണ്ടായ ഗുണമെന്താണെന്ന് ജനങ്ങളെയോ പഞ്ചായത്തിനെയോ ബോധ്യപ്പെടുത്താൻ അങ്ങേയ്ക്കും വകുപ്പിനും സാധിക്കുന്നില്ല. ജീവനക്കാരെ വ്യത്യസ്തങ്ങളായ മേഖലകളിലേക്ക് സ്ഥലംമാറ്റി ഒരു പ്രവർത്തനം നടത്തിയെന്നതിന് പകരമായി മറ്റെന്ത് ഗുണമാണ് അതുകൊണ്ട് ലഭിച്ചതെന്ന് പറയാമോ? പഞ്ചായത്തിലുള്ള ഒരു ഉദ്യോഗസ്ഥൻ മുനിസിപ്പാലിറ്റിയിലേക്ക് പോകുമ്പോൾ മുനിസിപ്പാലിറ്റിയിലെ നിയമം അറിയില്ല, മുനിസിപ്പാലിറ്റിയിലുള്ള ഒരാൾ പഞ്ചായത്തിലേക്ക് വരുമ്പോൾ പഞ്ചായത്തിലെ നിയമവും അറിയില്ല. അങ്ങനെ വരുമ്പോൾ രണ്ട് സ്ഥലത്തെ പ്രവർത്തനവും അവതാളത്തിലാകുന്ന തരത്തിലാണ് മുന്നോട്ടുപോയത്. അതുപോലെ, ഏകീകരണ വകുപ്പിന് നാളിതുവരെ ഒരു ഫങ്ഷൻ മാനുവൽപോലും തയ്യാറാക്കിയിട്ടില്ലെന്ന് അങ്ങേയ്ക്ക് അറിയാമോ; അത് തയ്യാറാക്കിയെങ്കിലും ഈ പ്രവർത്തനത്തിന് ഗുണകരമായ മാറ്റമുണ്ടാക്കുന്നതിനുള്ള നിലപാട്

സ്വീകരിക്കണം. സംസ്ഥാനത്ത് 77 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാർ നിലവിലില്ലെന്ന വസ്തുത അങ്ങ് മനസ്സിലാക്കിയെന്ന് തോന്നുകയാണ്. ബ്ലോക്കിലേക്ക് ബി.ഡി.ഒ. ആയി സ്ഥലം മാറിപ്പോയ പഞ്ചായത്ത് സെക്രട്ടറിമാർക്ക് എട്ട് മാസത്തോളമായി ഈയൊരു പ്രവർത്തനത്തിന്റെ ഭാഗമായി ശമ്പളം ലഭിക്കുന്നില്ല. സ്റ്റാഫ് പാറ്റേൺ ഇതുവരെ പുതുക്കാത്തതിനാൽ അതിന്റെ പോരായ്മ വളരെ പ്രയാസകരമായി അനുഭവിക്കുകയാണ്. നഗരസഭകളിലും പഞ്ചായത്തുകളിലും പോകുമ്പോൾ പ്രയാസങ്ങളും പ്രശ്നങ്ങളുമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. സോഫ്റ്റ്‌വെയർ സംവിധാനത്തിൽ അടിക്കടിയുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് നിരവധി കാര്യങ്ങൾ നേരത്തെ പലരും പറഞ്ഞിട്ടുണ്ട്. അതൊക്കെ സമയമെടുത്ത് പറയേണ്ടതാണ്. പഞ്ചായത്തുകളിലുണ്ടായിരുന്ന Integrated Local Governance Management (ILGM) സോഫ്റ്റ്‌വെയർ മാറ്റി 'കെ-സ്മാർട്ട്' പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. നഗരസഭകളിൽ കെ-സ്മാർട്ട് പദ്ധതി നടപ്പിലാക്കിയപ്പോൾ ആധാറുമായി ലിങ്ക് ചെയ്ത് മുന്നോട്ടുപോകണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോൾ ആ പദ്ധതി പഞ്ചായത്തിലേക്കും

വ്യാപിപ്പിക്കുകയാണ്. അതോടുകൂടി ഐ.എൽ.ജി.എം. ഈ മാസം 25 മുതൽ നിർത്തലാക്കാനാണ് അങ്ങ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിനാൽ ഈ മാസം 25 മുതൽ ഒന്നാം തീയതി വരെ കേരളത്തിലെ പഞ്ചായത്തുകളിൽനിന്ന് ഒരു സേവനവും ജനങ്ങൾക്കും മറ്റ് മേഖലയിലെ ആളുകൾക്കും ലഭിക്കില്ലായെന്നത് ഉറപ്പാണ്. ഇത്തരത്തിലാണ് പഞ്ചായത്തുകൾ മുന്നോട്ടുപോകുന്നത്. മെയിന്റനൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട് ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞ ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. മെയിന്റൻസ് ഗ്രാന്റിന്റെ മാനദണ്ഡങ്ങൾ മാറ്റി ജനങ്ങൾക്ക് ഗുണകരമാകുന്ന പ്രവർത്തനത്തിന് പ്രാധാന്യം നൽകണമെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ പറഞ്ഞതിനാൽ അതുസംബന്ധിച്ച് ഞാനിവിടെ സൂചിപ്പിക്കുന്നില്ല. എല്ലാ ജില്ലകളിലും മോഡൽ സ്കൂളുകൾ ആരംഭിക്കുമെന്നും ആറ് മാസത്തിലൊരിക്കൽ അധ്യാപകർ റെസിഡൻഷ്യൽ ക്യാമ്പ് നടത്തുമെന്നൊക്കെ പറഞ്ഞിരുന്നെങ്കിലും അതൊന്നും നടന്നില്ല. ഇപ്പോഴും വകയിരുത്തിയ തുക ഇതുവരെ വകുപ്പിൽ ചെലവഴിക്കാൻപോലും സാധിച്ചിട്ടില്ല.

പ്രീ-പ്രൈമറിയിലെ അധ്യാപകർക്ക് ദീർഘകാലമായി ശമ്പളവും വേതനവും ലഭിക്കാത്ത ഒരവസ്ഥാവിശേഷമുണ്ട്. യൂണിഫോം, ഉച്ചഭക്ഷണം എന്നിവ വിതരണം ചെയ്യതിന് ഹെഡ്മാസ്റ്റർമാർക്ക് പണം ലഭിക്കാത്ത അവസ്ഥ ഇപ്പോഴും നിലനിൽക്കുകയാണ്. 2024-25 വർഷത്തെ തസ്തികനിർണ്ണയം നാളിതുവരെ നടത്തിയിട്ടില്ല. അധ്യാപകർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ട്. അതോടൊപ്പം, 2016-ലെ ഉത്തരവ് പ്രകാരം ജൂൺ മുതൽ ജോലി ചെയ്തിരുന്ന അധ്യാപകരെ നോഷണൽ അധ്യാപകരാക്കി മാറ്റുകയാണ് ചെയ്തത്. അതിനെ റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുത്ത് ഡിസംബറിൽ ഉത്തരവ് വന്നപ്പോൾ, ജൂണിൽ നിയമനം ലഭിച്ച അധ്യാപകരെ മുഴുവൻ നോഷണൽ അധ്യാപകരാക്കി; ആകെ 150 അധ്യാപകർക്ക് ശമ്പളവും അപ്രൂവലും കിട്ടാത്ത അവസ്ഥാവിശേഷമുണ്ട്.

കായിക വകുപ്പുമായി ബന്ധപ്പെട്ട ഒരു കാര്യംകൂടി പറയുകയാണ്. മലപ്പുറം ജില്ലയിൽനിന്നുള്ള അംഗമാണ് കായിക വകുപ്പ് കൈകാര്യം ചെയ്യുന്നത്. സ്പോർട്സുമായി ബന്ധപ്പെട്ട് ജനങ്ങൾ വളരെ താൽപ്പര്യത്തോടെ നിൽക്കുന്ന ജില്ലയാണ് മലപ്പുറമെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. എന്നാൽ അവിടെ

അത്‌ലറ്റിക് സ്റ്റേഡിയമില്ല. മലപ്പുറത്തും കോട്ടയ്ക്കലും അത്‌ലറ്റിക് സ്റ്റേഡിയം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലങ്ങളുണ്ട്. അവിടെ അത്‌ലറ്റിക് സ്പോർട്സ് കോംപ്ലക്സുകളും സ്റ്റേഡിയങ്ങളും നിർമ്മിക്കാനാവശ്യമായ നടപടികളുണ്ടാകണമെന്ന് പറയുകയാണ്. അതോടൊപ്പം, ശ്രീ. ലയണൽ മെസ്സിയെ 100 കോടി രൂപ നൽകി കേരളത്തിലേക്ക് കൊണ്ടുവരണമെന്ന് മന്ത്രി പറയുകയാണ്. ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞതുപോലെ ധാരാളം ആളുകൾക്ക് ജോലി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതൊന്നും നടപ്പിലാക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തികൊണ്ട് കേരളത്തിൽനിന്നും മെസ്സിമാരെ വാർത്തെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണക്കുകയാണ്. ജനക്ഷേമകരമായ നിരവധി വികസന പ്രവർത്തനത്തിലൂടെ വികസിത രാജ്യങ്ങളുടെ നാടുപോലെ നമ്മുടെ സംസ്ഥാനത്തെ മാറ്റിത്തീർക്കാൻ നവകേരളം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളാണ്

ഈ വകുപ്പുകളെല്ലാം നിർവഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരമെല്ലാവരും ഒത്തുചേർന്ന് ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോകുകയാണ്. ഈ പ്രവർത്തനങ്ങളെല്ലാം നടക്കുമ്പോൾ ഒന്നും നടന്നിട്ടില്ലായെന്ന് മാത്രമാണ് പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത്. പക്ഷേ, 2016-നുമുമ്പുള്ള കേരളമല്ല ഇന്ന് ഇവിടെയുള്ളതെന്ന് പ്രത്യേകമായി സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. അഴിമതിരഹിത സംശുദ്ധ ഭരണത്തിലൂടെ ഇന്ത്യയിലെ ഏറ്റവും മികച്ച ഭരണം കാഴ്ചവയ്ക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഒൻപത് വർഷക്കാലത്തെ പ്രവർത്തനമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ കണ്ണുകൊണ്ട് കാണാൻ കഴിയുന്ന നിലയിലുള്ള വലിയ വികസനപ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ മേഖലയിലുണ്ടായത്. കേരളത്തിൽ 2016-നുമുമ്പ് സ്കൂളുകൾ അടച്ചുപൂട്ടിപ്പോകുന്ന സ്ഥിതിയും സ്കൂളുകളുടെ ജീർണ്ണാവസ്ഥയുമുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാഭ്യാസമേഖലയിലും പശ്ചാത്തലമേഖലയിലും കിഫ്ബിവഴി 5 കോടിരൂപയെന്ന നിലയിൽ 71 സ്കൂൾ കെട്ടിടങ്ങളും 3 കോടിരൂപ വീതം

ചെലവഴിച്ചുകൊണ്ട് 123 സ്കൂൾ കെട്ടിടങ്ങളും ഒരു കോടിരൂപ വീതം ചെലവഴിച്ചുകൊണ്ട് 182 സ്കൂളുകളും പൂർത്തീകരിച്ച് 376 സ്കൂളുകളാണ് ആകെ ആ നിലയിൽ പൂർത്തിയായത്. ഈ തുക പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിലും കിട്ടിയിട്ടുണ്ടെന്നുള്ളത് പ്രത്യേകമായി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. നാന്നൂറിലധികം സ്കൂളുകളുടെ കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. 714 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ ലാബോറട്ടറികൾ ആധുനികവൽക്കരിക്കുന്ന സാഹചര്യമുണ്ടായി. അറുന്നൂറിലധികം പ്രീ-പ്രൈമറി സ്കൂളുകളിൽ 'വർണ്ണക്കൂടാരം' പദ്ധതി നടപ്പിലാക്കി അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് കുതിക്കുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യവും വികസനവും നിരീക്ഷിക്കുന്നതിനും തുടർപ്രവർത്തനം നടത്തുന്നതിനും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി ചേർന്ന് സ്കൂൾ വിദ്യാർത്ഥികൾക്ക് 'ഹെൽത്ത് കാർഡ്' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഭിന്നശേഷിക്കുട്ടികളുടെ പൊതുവിദ്യാഭ്യാസത്തിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും കായികമേഖലയിൽ മാറ്റംവരുത്തുന്നതിനും ഇൻക്ലൂസീവ് സ്പോർട്സ് മാനുവലിന്

അംഗീകാരം നൽകി. വിദ്യാഭ്യാസമേഖലയിലെ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഫയൽ അദാലത്ത് നടത്തിയതിന്റെ ഫലമായി കുടിശ്ശിക ഫയലുകൾ 1,05,025 എന്നുള്ളത് 61,300 ആയി കുറയ്ക്കാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞു.

ലഹരിവിരുദ്ധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ 'No to Drugs' ക്യാമ്പയിൻ പദ്ധതി NSS-ഉം SPC-യുമായി ബന്ധപ്പെട്ട് ഭംഗിയായി സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. ലഹരിക്കെതിരെ നമ്മളെല്ലാം ഒന്നിച്ചുനിന്ന് പ്രവർത്തിക്കേണ്ട സമയമാണിത്. എക്സൈസ് വകുപ്പിന്റെ നിരവധിയായ പ്രവർത്തനങ്ങളും അവർ ഏറ്റെടുത്ത് തെളിയിച്ച കേസുകളുടെ എണ്ണവുമൊക്കെ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. എന്നാൽ ഇതിനെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്നതാരാണ്? Political Patronage-നെക്കുറിച്ച് ഇവിടെ സംസാരിച്ചു. കഴിഞ്ഞദിവസം മുൻപ്രതിപക്ഷനേതാവ് സൂചിപ്പിച്ചത് എസ്.എഫ്.ഐ.-യെ നിരോധിക്കണമെന്നുള്ള നിലയിലാണ്. എസ്.എഫ്.ഐ. ആണോ ഇതിനകത്തെ ഏറ്റവും വലിയ പ്രശ്നം?

എസ്.എഫ്.ഐ., കെ.എസ്.യു., അല്ലെങ്കിൽ മറ്റേതെങ്കിലും വിദ്യാർഥി സംഘടനകൾ, ഈ നാട്ടിലെ ഏത് സംഘടനകളുമായിക്കോട്ടെ... ലഹരി ഉപയോഗിക്കുന്നവരെ അതിൽനിന്നും മാറ്റിനടത്തുകയും അതിനെതിരായി പ്രവർത്തിക്കുകയും ചെയ്യുകയെന്നത് പ്രധാനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ലഹരിക്കെതിരായ ക്ലാസ് നന്നായി പഠിക്കുന്നതും മനസ്സിലാക്കുന്നതും നന്നായിരിക്കും. എത്ര ഉത്തരവാദിത്വത്തോടെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഈ വിഷയത്തിലിടപെടുന്നത്. എസ്.എഫ്.ഐ.-യെ നിരോധിക്കണമെന്ന തരത്തിൽ നിങ്ങൾ രാഷ്ട്രീയം പറഞ്ഞതിനാലാണ് എനിക്കും ഇങ്ങനെയൊക്കെ പറയേണ്ടിവരുന്നത്. 2023 നവംബർ 20-ന് 2.5 കിലോഗ്രാം കഞ്ചാവുമായി യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന നേതാവും പ്രതിപക്ഷനേതാവിന്റെ വിശ്വസ്തനമായിരുന്ന പത്തനംതിട്ട ജില്ലയിലെ പ്രധാനിയായ നഹാസിനെ അദ്ദേഹത്തിന്റെ വീട്ടിൽനിന്നും പിടിച്ചു. (...ബഹളം.....) 2023 ഡിസംബർ 29-ന് 40 കിലോഗ്രാം കഞ്ചാവുമായി ആന്ധ്രാപ്രദേശിൽനിന്നും കാറിലെത്തിയ അരുവിക്കര മണ്ഡലം യൂത്ത് കോൺഗ്രസ് നേതാവ് പൂവച്ചൽ ഷംന

മൻസിലിലെ ഷൈജു മാലിക്കിനെ ബാലരാമപുരത്തുനിന്നും പിടിച്ചു. 2024 മേയ് 26-ന് നെയ്യാറ്റിൻകര കെ.എസ്.യു. ക്യാമ്പിലുണ്ടായ സംഭവം ഞാൻ പ്രത്യേകം പറയേണ്ടല്ലോ; 2024 ആഗസ്റ്റ് 23-ന് 2 കിലോഗ്രാം കഞ്ചാവുമായി യൂത്ത് കോൺഗ്രസ് നേതാവ് നസീബിനെ പത്തനംതിട്ട ജില്ലയിൽനിന്നും പിടിക്കുകയും 2024 ഡിസംബർ 11-ന് കെ.എസ്.യു. ഇടുക്കി ജില്ലാസെക്രട്ടറി റിസ്വാൻ നാസറെ കഞ്ചാവുമായി പിടിക്കുന്ന സാഹചര്യവുമുണ്ടായി. മാർച്ച് 14-ന് കളമശ്ശേരിയിൽ നടന്ന സംഭവവുമായി ബന്ധപ്പെട്ട് ആകാശ്, ഷാരിക്, അനുരാജ്, ആദിത് ശങ്കർ എന്നീ നാലുപേരെ റിമാന്റ് ചെയ്തു. ഇവരും കെ.എസ്.യു.-ക്കാരാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്നലെ കുന്നംകുളത്തുനിന്ന് മുൻ യൂത്ത് കോൺഗ്രസ് പ്രസിഡന്റ് നിധീഷ് സ്കൂൾ പരിസരത്ത് കഞ്ചാവ് വിൽക്കുന്നതുമായി ബന്ധപ്പെട്ട് അറസ്റ്റിലായി. ഇപ്പോൾ ആരാണ് രാഷ്ട്രീയം പറയുന്നത്; ഞങ്ങളാണോ; എസ്.എഫ്.ഐ. ആണോ? കേരളത്തിൽ ഏറ്റവും കൂടുതൽ കഞ്ചാവിന്റെ സപ്ലൈ നടത്തിക്കൊണ്ടിരിക്കുന്നത് കെ.എസ്.യു. ആയതുകൊണ്ടായിരിക്കാം ശ്രീ. എം. നൗഷാദ് എം.എൽ.എ. ആ നിലയിൽ സംസാരിക്കുന്ന സാഹചര്യമുണ്ടായത്. 35

വിദ്യാർഥികളെ കൊലപ്പെടുത്തിയ കൊലയാളി രാഷ്ട്രീയത്തിന്റെ വക്താക്കളായി കെ.എസ്.യു. മാറിയിട്ടുണ്ട്. ഇപ്പോൾ അതുമാറ്റി ലഹരിയെന്നുള്ള നിലയിലേയ്ക്ക് പോകുന്നതുകൊണ്ടാണ് ഞങ്ങൾ ഈ നിലയിൽ സംസാരിച്ചത്. ഞങ്ങൾ ഇതെല്ലാം പരിഹരിക്കും. നമ്മുടെ സമൂഹത്തെ എല്ലാ നിലയിലും കാർന്നുതിന്നുന്ന ഈ വിപത്തിനെതിരെ ഞങ്ങൾ സംസാരിക്കുമ്പോൾ നിങ്ങൾ ഈ നാട്ടിൽ ഗവൺമെന്റെടുക്കുന്ന നടപടികൾക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന് Political Patronage കൊടുക്കുന്നതിൽനിന്നും മുൻ പ്രതിപക്ഷനേതാവും നിലവിലെ പ്രതിപക്ഷനേതാവും മാറിനടക്കാൻ ശ്രമിക്കണമെന്നാണ് ഈ അവസരത്തിൽ പ്രത്യേകമായി സൂചിപ്പിക്കാനുള്ളത്. എസ്.എഫ്.ഐ.-യെ പിരിച്ചുവിടാറൊന്നുമായിട്ടില്ല; എസ്.എഫ്.ഐ. ഈ നാട്ടിലെ വിദ്യാർഥികൾക്കിടയിലാണ് ജീവിക്കുന്നത്. എല്ലാ സർവകലാശാലകൾക്കകത്തും എസ്.എഫ്.ഐ.-യുള്ളതിനാൽ നിങ്ങൾ എത്ര തകർക്കാൻ ശ്രമിച്ചാലും വീറോടും വാശിയോടും എസ്.എഫ്.ഐ.

കാമ്പസ്സുകൾക്കകത്ത് ഇനിയുമുണ്ടാകുമെന്ന് വ്യക്തമായി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട്, ലൈഫ് മിഷൻ പ്രകാരം വീട് വയ്ക്കാൻ തറ വരച്ചുവെന്നാണ് പറഞ്ഞത്. നിങ്ങളുടെ കാലഘട്ടത്തിൽ വരക്കാനായില്ല; ഞങ്ങളുടെ കാലഘട്ടത്തിൽ വരക്കാനെങ്കിലും കഴിയുന്നു; നിങ്ങളുടെ കാലഘട്ടത്തിൽ സ്വപ്നംപോലും കാണാൻ കഴിയുന്നുണ്ടായിരുന്നോ? ലൈഫ് പദ്ധതിയിലൂടെ അനുവദിച്ച 5,44,180 വീടുകളിൽ 4,32,159 വീടുകൾ പൂർത്തിയായി. വരക്കാനല്ല അതിനകത്ത് കയറിക്കിടന്ന് ഉറങ്ങാനും കഴിഞ്ഞു. 1,11,909 വീടുകൾ നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലാണ്. ഇതിനായി ചരിത്രത്തിൽ ഏറ്റവും ഉയർന്ന വിഹിതമായ 1,160 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ലൈഫ് പദ്ധതിക്കുവേണ്ടി 18,228.27 കോടി രൂപ ഇതുവരെ ഗവൺമെന്റ് ചെലവഴിച്ചു. സമ്പൂർണ്ണ പാർപ്പിടപദ്ധതിയുമായി ബന്ധപ്പെട്ട് 21.76 ഏക്കർ ഭൂമി ഗുണഭോക്താക്കൾക്ക് നൽകുന്ന സാഹചര്യമുണ്ടായി. മാലിന്യമുക്തപ്രദേശങ്ങളും നഗരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സർക്കാർ ഏറ്റവും ഫലപ്രദമായി മുന്നോട്ടുപോകുകയാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ചില ബ്ലോക്കുകളിൽ PMAY (പ്രധാൻമന്ത്രി ആവാസ് യോജന) പ്രകാരം രണ്ടാം ഗഡു ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും രണ്ടുതരത്തിൽ നൽകുന്നതായി ആക്ഷേപം വന്നിട്ടുള്ളത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രത്യേകം പരിശോധിക്കുന്നത് നന്നായിരിക്കുമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

സാംസ്കാരികരംഗത്ത് വിവിധങ്ങളായ ഇടപെടലുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. സാംസ്കാരിക കേരളമെന്നനിലയിൽ വളർന്നുവരുന്ന സാംസ്കാരിക നായകന്മാർ, അന്യംനിന്നുപോകുന്ന കേരളത്തിലെ കലാരൂപങ്ങൾ എന്നിവയെ സംരക്ഷിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനുമുള്ള ഡിജിറ്റൽ ആർട്സ് സ്കൂൾ പദ്ധതി ....(...മൈക്ക് ഓഫ്...)

ശ്രീ. എൻ. കെ. അക്ബർ: സർ, വിദ്യാഭ്യാസമേഖലയിൽ ബി.ജെ.പി. സർക്കാർ പഠിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ച ഗാന്ധിവധം, മുഗൾചരിത്രം, ഗുജറാത്ത് കലാപം എന്നിവ കേരളത്തിൽ പഠിപ്പിക്കാനുള്ള തീരുമാനമാണ് ഈ സർക്കാർ ധൈര്യത്തോടെ എടുത്തിട്ടുള്ളത്. സ്കൂൾ കലോത്സവത്തിൽ 5 പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിയതും കായികമേഖലയിൽ 4 വർഷം കൂടുമ്പോൾ നടപ്പിലാക്കുന്ന പ്രീ-ഒളിമ്പിക്സ് മീറ്റും നൂതനവും എടുത്തുപറയേണ്ടതുമാണ്. All pass സമ്പ്രദായത്തിന് അന്ത്യംകുറിച്ചുകൊണ്ട് പഠനനിലവാരമുയർത്താനും എട്ടാം തരം മുതൽ മികവനുസരിച്ച് വിജയമെന്ന് തീരുമാനിക്കുകയും വർഷം നഷ്ടപ്പെടാതെതന്നെ വീണ്ടും കുട്ടികളെ പഠിപ്പിച്ച് പ്രൊമോഷൻ നൽകുന്ന സമ്പ്രദായവും കൊണ്ടുവന്നു. സിലബസ് പരിഷ്കരിക്കുകയും കുട്ടികളുടെ കൃതികൾ പാഠപുസ്തകത്തിലുൾപ്പെടുത്തുകയും ചെയ്തു. നിലവിൽ അധ്യാപകരും രക്ഷിതാക്കളും മാത്രമാണ് സ്കൂൾ പി.ടി.എ. കമ്മിറ്റിയിലുള്ളത്. ഹൈസ്കൂൾ മുതൽ ഹയർ സെക്കണ്ടറി തലംവരെയുള്ള സ്കൂളുകളിൽ വിദ്യാർത്ഥി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പി.ടി.എ. കമ്മിറ്റികളെ പേരന്റ്സ് ടീച്ചേഴ്സ് സ്റ്റുഡന്റ്സ് കമ്മിറ്റികളാക്കി മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്.

തദ്ദേശസ്വയംഭരണ മേഖലയിൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് വന്നപ്പോൾ വലിയ മാറ്റമുണ്ടായിട്ടുണ്ട്. 2025-ലെ തദ്ദേശ ദിനാഘോഷം ഗുരുവായൂരിൽവച്ച് ഭംഗിയായി നടത്താൻ കഴിഞ്ഞു. 2000 കോടി രൂപ കഴിഞ്ഞ 8 വർഷം കൊണ്ട് ഗ്രാമീണറോഡുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി സർക്കാർ അനുവദിച്ചിട്ടുള്ളത് മാതൃകാപരമായ പ്രവർത്തനമാണ്. സമീപകാലത്ത് ആരംഭിച്ച 'ജോബ് സ്റ്റേഷൻ' പദ്ധതിക്ക് വമ്പൻ പ്രതികരണമാണ് ഉദ്യോഗാർത്ഥികളിൽനിന്നും ലഭിക്കുന്നത്. 'വിജ്ഞാനകേരളം' പദ്ധതി സാക്ഷരതാപ്രസ്ഥാനവും ജനകീയാസൂത്രണ പ്രസ്ഥാനവും പോലെ ശ്രദ്ധേയമാകുന്നു. പത്തുലക്ഷം പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന രീതിയിൽ ട്രെയിനിംഗുൾപ്പെടെ നൽകി മനുഷ്യവിഭവശേഷിയെ പരമാവധി പ്രയോജനപ്പെടുത്താനുള്ള ഒരു പദ്ധതിയാണിത്.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'വെബിനിവേശം' കൈകാര്യം ചെയ്യുന്ന രാംമോഹൻ പാലിയത്തിന്റെയടക്കം പ്രശംസ കെ-സ്മാർട്ട് പിടിച്ചുപറ്റുകയുണ്ടായി. ജനന-മരണ രജിസ്ട്രേഷൻ, വ്യാപാരവ്യവസായ

ലൈസൻസ്, വസ്തുനികുതി, ബിൽഡിംഗ് പെർമിറ്റ്, പൊതുജന പരാതിപരിഹാരം എന്നിവ കെ-സ്മാർട്ടുവഴി ചെയ്യാൻകഴിയുന്നത് വിദേശമലയാളികൾക്കുൾപ്പെടെ വലിയ അനുഗ്രഹമാണ്. വീഡിയോ KYC-യിലൂടെ ലോകത്ത് ഏത് കോണിലിരുന്നും വിവാഹം രജിസ്റ്റർ ചെയ്യാൻ കഴിയുന്നു. GIS സാങ്കേതികവിദ്യയിലൂടെ നിമിഷങ്ങൾക്കുള്ളിൽ കെട്ടിടം നിർമ്മിക്കാനുള്ള പെർമിറ്റ് 'Know Your Land' എന്ന ഫീച്ചറിലൂടെ ഒരു സ്ഥലത്തെ ഭൂമിയിൽ ഏതെല്ലാം തരത്തിലുള്ള ബിൽഡിംഗുകളാണ് നിർമ്മിക്കാൻ കഴിയുന്നതെന്ന് അറിയാം. ഇന്ത്യയിലാദ്യമായി നഗരനയം നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. കേരളം ഒരു നഗരമായി മാറിക്കൊണ്ടിരിക്കുന്നത് തികച്ചും അഭിനന്ദനാർഹമാണ്.

തൊഴിൽ നികുതി പുതുക്കിയതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ കണ്ടിജന്റ് മേഖലയിൽ 10 വർഷം പൂർത്തിയായ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്നൊരു അഭ്യർത്ഥനയുണ്ട്. പല നഗരസഭകളും ശുചീകരണ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയല്ലാതെ നിയമിക്കുന്നത്

തടയാൻ കർശന നടപടി സ്വീകരിക്കണം. സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടതും കൗൺസിൽ ശിപാർശ ചെയ്യുതുമായ സ്ഥലങ്ങളിൽ കണ്ടിജന്റ് തൊഴിലാളികളുടെ അധിക തസ്തിക അനുവദിക്കാൻ നടപടിയുണ്ടാകണം. പല കണ്ടിജന്റ് തൊഴിലാളികളും ജോലിയിൽ സ്ഥിരപ്പെടുന്നത് വിരമിക്കാൻ ഒരു വർഷം മാത്രമുള്ള സന്ദർഭങ്ങളിലായതിനാൽ അവരുടെ താൽക്കാലിക സർവീസുകൂടി സേവന കാലയളവായി പരിഗണിച്ച് പെൻഷൻ കണക്കാക്കണമെന്ന് അഭ്യർഥിക്കുന്നു. സെക്യൂരിറ്റി തൊഴിലാളികൾക്ക് ഇരിപ്പിടമുണ്ടാക്കാനുള്ള തീരുമാനം തൊഴിൽ വകുപ്പ് അടുത്ത കാലത്തായി എടുത്തത് തീർച്ചയായും അഭിനന്ദനാർഹമാണ്. തൃശ്ശൂരിൽ വർഷങ്ങൾക്കുമുമ്പ് സെക്യൂരിറ്റി ജീവനക്കാരനായിരുന്ന ചന്ദ്രബോസിനെ അടിച്ചുകൊന്ന സംഭവമെല്ലാം നമുക്കറിയാം. സ്കീം വർക്കേഴ്സിനെ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവന്ന് പരിരക്ഷിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണമെന്ന് അഭ്യർഥിക്കുകയാണ്. നിലവിൽ ചുമട്ടുതൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന രീതിയിൽ ചില കോടതി വിധികളും വ്യാപാരികളുടെ ഭാഗത്തുനിന്നും ചില ശ്രമങ്ങളുമെല്ലാം

ഉണ്ടാകുന്നുണ്ട്. ഇത് തടയുന്നതിനും ചുമട്ടുതൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. പാചക-വാതക വിതരണ മേഖലയിൽ ഡ്രൈവർ-ഡെലിവറി ബോയ് എന്നത് രണ്ട് തൊഴിലുകളാണ്. രണ്ട് ആളുകൾ ചെയ്യേണ്ട തൊഴിലാണിത്. ഇപ്പോഴും ഇതിൽ അവ്യക്തത നിലനിൽക്കുന്നതുകൊണ്ട് പല ഏജൻസി ഉടമകളും രണ്ട് തൊഴിലും ഒരു തൊഴിലാളിയെക്കൊണ്ട് ചെയ്യിക്കുന്നൊരു സ്ഥിതിയുമുണ്ട്. ഇതിൽ അങ്ങ് അടിയന്തര ഇടപെടൽ നടത്തി ഇതിന് വ്യക്തത വരുത്തണമെന്ന് അഭ്യർഥിക്കുന്നു. ഇത് രണ്ടും രണ്ട് തൊഴിലായി കണക്കാക്കിക്കൊണ്ട് ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കണം.

കായിക മേഖലയിൽ ഒട്ടേറെ ശ്രദ്ധേയമായ കാര്യങ്ങളാണ് ബഹു. മന്ത്രിയും വകുപ്പും ചെയ്തുകൊണ്ടിരിക്കുന്നത്. സർക്കാർ മേഖലയിൽ മരുന്നിനായി ഒരു വർഷം 1000 കോടി രൂപയും സ്വകാര്യ മേഖലയിൽ 3000 കോടി രൂപയും ചെലവഴിക്കുന്നുണ്ട്. ഇതിന്റെ ഒരുഭാഗം സ്പോർട്സിനുവേണ്ടി ചെലവഴിക്കുകയാണെങ്കിൽ മരുന്നിന്റെ ഉപയോഗം പരമാവധി കുറയ്ക്കാൻ

സാധിക്കും. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി വ്യാപിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിൽ രണ്ടാമതൊരു സ്ഥലംകൂടി അനുവദിക്കാൻ അപേക്ഷ നൽകിയിട്ടുണ്ട്. അതുപോലെ സ്പോർട്സിന്റെ മേഖലയിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള നടപടി മാതൃകാപരമാണ്. പ്രായമായ ആളുകൾക്ക് ഓപ്പൺ ജിം, വയോജന സ്പോർട്സ് എന്നീ നൂതന പദ്ധതികൾ ഈ മേഖലയിൽ കൊണ്ടുവരുന്നുണ്ട്. സ്പോർട്സ് അക്കാദമി മിഷൻ എന്നൊരു പുതിയ പദ്ധതി വളരെ ഇന്നവേറ്റീവായിട്ടുള്ള ഒരു പ്രോഗ്രാമാണ്.

സാംസ്കാരിക മേഖലയിൽ ഒട്ടേറെ മാതൃകാപരമായ പദ്ധതികളാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. വിക്ടർ ഹ്യൂഗോയുടെ 'ലെസ് മിസറബൾസ്' എന്ന പുസ്തകം മലയാളത്തിൽ 'പാവങ്ങൾ' എന്ന പേരിൽ വിവർത്തനം ചെയ്തത് നാലപ്പാട്ട് നാരായണമേനോനാണ്. അതിന്റെ നൂറാം വാർഷികം ഗംഭീരമായി നടത്താൻ വേണ്ടിയുള്ള ആലോചനയിലാണ്. രാമു കാര്യാട്ട് സ്മാരക തീയേറ്റർ അദ്ദേഹത്തിന്റെ ജന്മനാടായ ചേറ്റുവയിൽ

നിർമ്മിക്കുന്നതിന് ബജറ്റിൽ തുക നീക്കിവച്ചിട്ടുള്ളതാണ്. ഇതിന്റെ നിർമ്മാണം തുടങ്ങുന്നതിന് അടിയന്തര നടപടിയുണ്ടാകണം. വനിതകൾക്കും പട്ടികജാതി വിഭാഗക്കാർക്കും സിനിമ നിർമ്മിക്കാൻ ഒന്നരക്കോടി രൂപ ധനസഹായം നൽകിയത് വലിയ മാറ്റത്തിന് കാരണമായി. വജ്രജൂബിലി ഫെലോഷിപ്പ് ക്ലാസിക്ക് കലാരൂപങ്ങളുടെ വളർച്ചയ്ക്ക് വലിയ ആശ്വാസമാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഡീംഡ് യൂണിവേഴ്സിറ്റിയായ കേരള കലാമണ്ഡലം ചില സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ ഈ സ്ഥാപനത്തിലെ പഠിതാക്കൾക്കും കലാമണ്ഡലം കലാകാരന്മാർക്കും സർക്കാർ പരിപാടികളിൽ കൂടുതൽ അവസരങ്ങൾ നൽകി പ്രോത്സാഹിപ്പിക്കാൻ പ്രത്യേകം ശ്രദ്ധയുണ്ടാകണം. അന്താരാഷ്ട്ര ചലച്ചിത്രോത്സവം പോലെ കലാമണ്ഡലം കേന്ദ്രീകരിച്ച് ക്ലാസിക്കൽ ഇന്റർനാഷണൽ ഫെസ്റ്റ് നടത്താൻ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസത്തിന് ഗവൺമെന്റ് ഉടമസ്ഥതയിൽ ഒരു സ്ഥാപനമില്ലാത്ത ഒരു മണ്ഡലമാണ് ഗുരുവായൂർ മണ്ഡലം. 'ഗുരുവായൂരപ്പൻ' ഉള്ളതുകൊണ്ട് വേറെ ഒന്നും നൽകുന്നില്ല. നിയോജകമണ്ഡലത്തിലെ 16 ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ അഞ്ചെണ്ണം ഒഴികെ ബാക്കി 11 എണ്ണവും സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളാണ്. ഒരു പോളിടെക്നിക്കോ ഐ.ടി.ഐ.-യോ പോലും നിയോജകമണ്ഡലത്തിലില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി തീരസഭയുടെ ഭാഗമായി Kerala University of Fisheries and Ocean Studies (KUFOS)-ന്റെ ഒരു സബ് സെന്റർ മണ്ഡലത്തിൽ അനുവദിച്ചതിന് അങ്ങയെ അഭിനന്ദിക്കുകയാണ്. 50 ലക്ഷം രൂപ എം.എൽ.എ. ഫണ്ട് ചെലവഴിച്ച് അവിടെ കെട്ടിടത്തിന്റെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ സബ് സെന്ററിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അക്കാര്യത്തിൽ ഒരു പ്രത്യേക ഇടപെടൽ മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന്

അഭ്യർഥിക്കുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയോട് അഭ്യർഥിക്കാനുള്ളത് അവിടെ എക്സൈസ് ഒഫീസിന്റെ കെട്ടിട നിർമ്മാണത്തിന് സർക്കാർ ബജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടെങ്കിലും ഇതുവരെ അതിന് സ്ഥലം കണ്ടെത്തി നിർമ്മാണങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് എക്സൈസ് ഓഫീസിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഓഫീസിന്റെ നിർമ്മാണം അതിവേഗത്തിൽ നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയോട് ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്. മയക്കുമരുന്ന് തടയുന്നതിനുവേണ്ട ശക്തമായ നടപടികൾ ഇപ്പോൾ എക്സൈസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള ക്യാമ്പസുകളിലും സ്കൂളുകളിലും മതജാതി സാമൂഹ്യ സംഘടനകൾക്കിടയിലുമെല്ലാം ഒരു വലിയ യജ്ഞമായി ഇത് കൊണ്ട് നടക്കാൻ വേണ്ടിയുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളെ ഈ സന്ദർഭത്തിൽ മുക്തകണ്ഠമായി അഭിനന്ദിച്ചുകൊണ്ട് മയക്കുമരുന്നിനെതിരായി കർശന

നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ ധനാഭ്യർത്ഥനകളെ അംഗീകരിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. മുനമ്പം ഭൂമി വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയമിച്ച സംസ്ഥാന സർക്കാർ നടപടി നിയമപരമല്ലെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുനമ്പം കമ്മീഷനെ നിയമിച്ച നടപടി കഴിഞ്ഞ ദിവസം റദ്ദു ചെയ്തു. എറണാകുളം ജില്ലയിൽ മുനമ്പത്ത് ഏകദേശം അറുന്നൂറോളം കുടുംബങ്ങൾ ജനിച്ചുവീണ മണ്ണിൽ തങ്ങളുടെ റവന്യൂ അവകാശം പുനഃസ്ഥാപിച്ച് കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 156 ദിവസമായി സമരത്തിലാണ്. അവരുടെ ഭൂമിക്ക് കൈവശാവകാശവും ആധാരവുമുണ്ട്, റവന്യൂ രേഖകൾ പോക്കുവരവ് ചെയ്ത് കൈവശംവച്ച് വർഷങ്ങളായി അവർ അനുഭവിക്കുകയാണ്. ഇപ്പോൾ അത് അവർക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. സർക്കാർ അടിയന്തരമായി ഈ അവകാശം പുനഃസ്ഥാപിച്ചുകൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയത്തിൽ സർക്കാർ ബോധപൂർവം മത ന്യൂനപക്ഷങ്ങളെ തമ്മിൽ അകറ്റി

ബി.ജെ.പി.-ക്ക് അവസരമുണ്ടാക്കിക്കൊടുക്കുന്ന നടപടി ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. മുനമ്പം വിഷയത്തിൽ ഇടതുപക്ഷ സർക്കാർ തെറ്റുകൾ ആവർത്തിക്കുകയാണ്. 20-06-2009-ൽ നിസാർ കമ്മീഷൻ നൽകിയ ശിപാർശ അംഗീകരിച്ചതിലൂടെ സർക്കാർ ചെയ്ത തെറ്റ് തിരുത്തേണ്ടതാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. 1995-ൽ വഖഫ് നിയമത്തിലെ 97-ാം വകുപ്പുപ്രകാരമുള്ള അധികാരം ഉപയോഗിച്ച് മുനമ്പത്തെ ഭൂമി വാങ്ങിയവരെ കുടിയൊഴിപ്പിക്കാൻ വഖഫ് ബോർഡിന് സർക്കാർ നിർദേശം നൽകണമെന്ന് നിസാർ കമ്മീഷൻ ശിപാർശ ചെയ്തു. അത് അപ്പാടെ അംഗീകരിച്ച് വഖഫ് ബോർഡിന് ശിപാർശ നൽകുകയുണ്ടായി. തുടർന്ന് 11-05-2010-ലെ സർക്കാർ ഉത്തരവിലൂടെ വി. എസ്. അച്യുതാനന്ദൻ സർക്കാർ ചെയ്തത് ഈ ഭൂമിയുടെ സ്വഭാവം എന്താണെന്ന് പോലും പരിശോധിക്കാൻ തയ്യാറാകാതെ നിസാർ കമ്മീഷൻ അത്തരമൊരു നിർദേശം നൽകിയത് അന്നത്തെ സർക്കാർ പരിഗണിച്ചില്ലെന്നുള്ളതാണ് യാഥാർഥ്യം. പിന്നീട് കോടതിയിൽ പോകുകയും വഖഫ് ബോർഡിനെ കൊണ്ട് ഉത്തരവിറക്കുകയും വഖഫ് ട്രിബ്യൂണൽ അപ്പീൽ പരിഗണിക്കുകയും ചെയ്തു. 1950-ലെ

ആധാരത്തിലെ അപാകതകളോ 1990-ലെ ക്രയവിക്രയം ചെയ്യുമ്പോൾ വഖഫ് ആസ്തി രജിസ്റ്ററിൽ ഭൂമി ഉൾപ്പെട്ടിരുന്നോയെന്നതോ പരിഗണനാ വിധേയമായില്ലെന്നതും നിലനിൽക്കുന്നതാണ്. മുനമ്പത്തെ ജനങ്ങളെ കുടിയൊഴിപ്പിക്കുന്ന തീരുമാനമാണ് ബഹുമാനപ്പെട്ട ശ്രീ. ടി. കെ. ഹംസയുടെ നേതൃത്വത്തിലുള്ള വഖഫ് ബോർഡ് സ്വീകരിച്ചത്. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സർക്കാർ വഖഫ് നിയമത്തിലെ 97-ാം വകുപ്പുപ്രകാരം ഇടപെടേണ്ടതുണ്ടെന്ന് ആവശ്യപ്പെട്ട് മുനമ്പത്തെ നിവാസികൾ സർക്കാരിനെ സമീപിക്കുകയും അവരെ കുടിയൊഴിപ്പിക്കാൻ പാടില്ലെന്ന് സർക്കാർ അധികാരം ഉപയോഗിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ഭൂരിപക്ഷം മുസ്ലീം സംഘടനകളും ഫാറൂഖ് കോളേജും പ്രതിപക്ഷം ഉൾപ്പെടെയുള്ള രാഷ്ട്രീയ കക്ഷികളും നിലപാടെടുത്തെങ്കിലും വഖഫ് നിയമത്തിലെ 97-ാം വകുപ്പുപ്രകാരമുള്ള നിർദേശം വഖഫ് ബോർഡിന് നൽകുന്നതിനുപകരം 1952-ലെ Commissions of Inquiry Act പ്രകാരമുള്ള ഒരു കമ്മീഷനെ നിയോഗിക്കുകയാണ് സർക്കാർ ചെയ്തത്. വലിയ സമരങ്ങളും ക്രമസമാധാന പ്രശ്നങ്ങളും മതസൗഹാർദവും  തകർക്കുന്ന തരത്തിലുള്ള ഒരു

പ്രശ്നമാണ് മുനമ്പത്തുള്ളത്. ഈ സാഹചര്യത്തിൽ പൊതുതാൽപര്യം ചൂണ്ടിക്കാണിക്കാതെ കമ്മീഷനെ നിയോഗിച്ചത് ശരിയല്ലെന്ന് കാണിച്ചാണ് ഹൈക്കോടതി വിധി വന്നിട്ടുള്ളത്. സർക്കാരിന്റെ പൂർണ്ണ മേൽനോട്ടാധികാരമുള്ളതും വഖഫ് നിയമത്തിലെ 99-ാം വകുപ്പുപ്രകാരം സർക്കാരിന് പിരിച്ചുവിടാൻ വരെ അധികാരമുള്ള വഖഫ് ബോർഡുപോലും കമ്മീഷനെ നിയോഗിച്ച ഉത്തരവിനെതിരെ കോടതിയിൽ നിലപാടെടുത്തുവെന്നതും വിചിത്രമാണ്. ഇനിയെങ്കിലും സർക്കാർ നിയമപരമായി മുനമ്പത്തെ നിവാസികളുടെ വസ്തു സംബന്ധമായ അവകാശം നിലനിർത്തിക്കൊടുക്കുന്ന തരത്തിലുള്ള പ്രതിവിധിക്കാണ് ശ്രമിക്കേണ്ടത്. ഈ വിഷയം മുൻനിർത്തിക്കൊണ്ട് വർഗ്ഗീയത മുതലെടുക്കാൻ ശ്രമിക്കുന്നവരെ ഒറ്റപ്പെടുത്തി ജനങ്ങളുടെ മനുഷ്യാവകാശ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് നമുക്ക് ഒറ്റക്കെട്ടായി ഈ വിഷയത്തിൽ ഇടപെടണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ സ്പോർട്സുമായി ബന്ധപ്പെട്ട കാര്യമാണ് പ്രധാനമായും എനിക്ക് പറയാനുള്ളത്. ഒരു കാലഘട്ടത്തിൽ ഇന്ത്യൻ

സ്പോർട്സ് രംഗത്തെ നിയന്ത്രിച്ചിരുന്നത് പ്രത്യേകിച്ച് അത്‌ലറ്റിക്സിലും ഫുട്ബോളിലും കേരളമായിരുന്നു. എന്നാലിന്ന് കേരളത്തിന്റെ അവസ്ഥ വളരെ ദയനീയമാണ്. 2025-ലെ നാഷണൽ ഗെയിംസിൽ കേരളത്തിന്റെ സ്ഥാനം പതിനാലായത് അതിന് ഏറ്റവും അവസാനത്തെ ഉദാഹരണമാണ്. നാഷണൽ ഗെയിംസിന്റെ ചരിത്രത്തിലാദ്യമായാണ് കേരളം Top ten റാങ്കിൽനിന്നും പുറത്തുപോകുന്നത്. ഇതിന് കാരണമെന്താണെന്ന് കായികവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇതിന് പരിഹാരമുണ്ടാക്കാൻ സർക്കാർ എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; ദേശീയതലത്തിലെ വിവിധ റെക്കോർഡുകൾ കേരളത്തിലെ താരങ്ങളുടെ പേരിലാണെന്ന് നാം ഓർക്കേണ്ടതാണ്. 400 മീറ്റർ ഹർഡിൽസിൽ ശ്രീമതി പി. ടി. ഉഷ, ലോങ് ജമ്പിൽ ശ്രീമതി അഞ്ജു ബോബി ജോർജ്ജ്, ട്രിപ്പിൾ ജമ്പിൽ മയൂഖ ജോണി, 800 മീറ്ററിൽ ടിന്റു ലൂക്ക എന്നിവർ കുറിച്ച റെക്കോർഡുകൾ ഇന്നും മാറ്റമില്ലാതെ തുടരുന്നു. പരമ്പരാഗതമായി കേരളം മെഡൽ നേടിയിരുന്ന പല ഇനങ്ങളിലും ഇന്ന് നന്നായി പെർഫോം ചെയ്യാൻപോലും സാധിക്കാത്ത അവസ്ഥയായി മാറിയിരിക്കുന്നു. 2015-ലെ ദേശീയ ഗെയിംസിൽ രണ്ടാം സ്ഥാനം നേടിയ

കേരളം പത്തുവർഷത്തിനുശേഷം 2025-ലെ ദേശീയ ഗെയിംസിൽ ദയനീയമായി 14-ാം സ്ഥാനത്താണ് എത്തിനിൽക്കുന്നത്. 2025-ൽ കേരളം നേടുന്ന 54 മെഡലുകളിൽ 9 എണ്ണം നീന്തലിനാണ്. ആ 9 മെഡലുകളിൽ 7 മെഡലുകളും നേടിയത് രണ്ട് താരങ്ങളാണ്. ഈ രണ്ട് താരങ്ങളും സംസ്ഥാനത്തിനുപുറത്താണ് പരിശീലനം നേടിയത്. ദേശീയ ഗെയിംസിനായി അവർ സംസ്ഥാനത്തിനുപുറത്തുനിന്നാണ് തയ്യാറെടുത്തതെന്ന വസ്തുത നാം കാണാതെപോകരുത്. പരിശീലന സൗകര്യങ്ങളുടെ അപര്യാപ്തത കേരളത്തിന്റെ പിന്നോട്ടുള്ള പോക്കിന് ഒരു പ്രധാന കാരണമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നാഷണൽ ഗെയിംസിൽ നാം നവീകരിച്ച പല സ്റ്റേഡിയങ്ങളും ഇന്ന് നോക്കുകുത്തികളായി നിൽക്കുകയാണ്. ഇവ കേന്ദ്രീകരിച്ച് നമ്മുടെ കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനുള്ള സ്പോർട്സ് സെന്ററുകളായി മാറ്റാൻ കഴിയണം. 2015-ലെ നാഷണൽ ഗെയിംസിൽ 35 കോടിരൂപയുടെ ഉപകരണങ്ങൾ (Equipments) വാങ്ങിച്ചുവെന്നത് വളരെ വലിയ കാര്യമായി നമ്മൾ കണക്കാക്കി. പക്ഷെ, ആ ഉപകരണങ്ങളൊന്നും സ്പോർട്സ് താരങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന

രീതിയിലേയ്ക്ക് മാറ്റാൻ കഴിഞ്ഞില്ല എന്നതും നമ്മൾ ഈ അവസരത്തിൽ ഓർക്കേണ്ടതാണ്. ദേശീയ-അന്തർദേശീയ തലങ്ങളിൽ മെഡലുകൾ നേടുന്ന താരങ്ങൾക്ക് ക്യാഷ് അവാർഡ് കുടിശ്ശിക വരുത്താതെ നൽകുക, ഇവർക്ക് മാന്യമായ ജോലി വളരെവേഗം നൽകുക എന്നിവ വളരെ പ്രധാനമാണ്. സ്പോർട്സ് ഹോസ്റ്റലുകളിൽ കുട്ടികൾക്ക് നൽകിവരുന്ന ഫുഡ് അലവൻസ് കുടിശ്ശികവരാതെ യഥാസമയം നൽകാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ സ്പോർട്സ് ഗവേണിങ് ബോഡി നിയന്ത്രിക്കുന്ന ഏജൻസികളായ സ്പോർട്സ് അസോസിയേഷനുകൾ, സ്പോർട്സ് കൗൺസിൽ, ഒളിമ്പിക് അസോസിയേഷൻ, സ്പോർട്സ് മിനിസ്ട്രി എന്നിവ തമ്മിലുള്ള ഈഗോ ക്ലാഷ് ഒഴിവാക്കി ഗ്രാസ്റൂട്ട് ലെവൽ മുതൽ കേരളത്തിലെ സ്പോർട്സ് മേഖലയിൽ വലിയ സംഭാവന നൽകുന്ന സ്ഥാപനങ്ങളുമായി ഒന്നിച്ച് പ്രവർത്തിക്കേണ്ടതാണ്. വിദ്യാഭ്യാസം ക്ലാസ്സ്മുറിയിൽമാത്രം ഒതുങ്ങിയാൽപ്പോരായെന്നും സ്കൂളുകൾക്കാവശ്യമായ സ്പോർട്സ് ഫെസിലിറ്റീസുമായി ബന്ധപ്പെട്ട ഗൈഡ്‌ലൈൻസ് തയ്യാറാക്കി നൽകണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശിച്ചകാര്യംകൂടി

കണക്കിലെടുത്ത് എത്രയുംവേഗം അതിനുള്ള നടപടി സ്വീകരിക്കണം. 74 ശതമാനം സ്കൂളുകളിലും പി.ടി. അധ്യാപകർ ഇല്ല. ആഴ്ചയിൽ ഒരുദിവസം പി.ടി. പിരീഡ് വയ്ക്കുന്നു. മിക്കപ്പോഴും ആ പിരീഡ് മറ്റ് അധ്യാപകർ തങ്ങളുടെ വിഷയം പഠിപ്പിച്ച് തീർക്കാനായി ഉപയോഗിക്കുന്നു. ഈ രീതിയിലേയ്ക്കുമാറിയ സ്കൂളുകൾ വെറുതെയൊരു ഫോട്ടോ ഷൂട്ടിനുവേണ്ടിമാത്രം സ്പോട്സ് ഡേ ആചരിക്കാതെ കുട്ടികൾക്ക് സ്പോർട്സ് എജ്യൂക്കേഷൻ ലഭിക്കുന്ന രീതിയിൽ സ്കൂളുകളെ സജ്ജമാക്കാൻ സാധിക്കണം. കുട്ടികൾക്കുതന്നെ തുലോം തുച്ഛമായ രീതിയിൽ ലഭിക്കുന്ന പരിഗണനപോലും പരിശീലിപ്പിക്കുന്ന കായികാധ്യാപകർക്കോ കോച്ചുമാർക്കോ ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ഈ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ വളരെ പരിതാപകരമായ നിലയിലാണ്. ഈ വർഷത്തെ പദ്ധതി അടങ്കൽ 7749.30 കോടി രൂപയാണ്. പക്ഷെ നാളിതുവരെയായി 4212.38 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇനി കേവലം 11 പ്രവൃത്തി ദിവസം മാത്രമാണ് അവശേഷിക്കുന്നത്. ഈ സമയത്തിനുള്ളിൽ 46 ശതമാനം എപ്രകാരം ചെലവഴിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്

വ്യക്തമായി എന്താണ് സൂചിപ്പിക്കാനുള്ളത്? തനതുവർഷത്തെ പദ്ധതിവിഹിതത്തിന്റെ 10 ശതമാനം അധികരിക്കാത്ത തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.-ക്ക് സമർപ്പിച്ച് അംഗീകാരംവാങ്ങി അത് നടപ്പാക്കുന്ന രീതിയാണ് കാണുന്നത്. പക്ഷെ പലപ്പോഴും അതിൽനിന്നും വ്യത്യസ്തമായി, പദ്ധതി നിർവഹണത്തിന്റെ കാര്യം വരുമ്പോൾ പദ്ധതിവിഹിതം പകുതിയായി വെട്ടിക്കുറയ്ക്കുന്ന സാഹചര്യത്തിൽ പദ്ധതികൾ വഴിയിൽത്തങ്ങുന്ന രീതിയാണ് കാണാൻ കഴിയുന്നത്. പദ്ധതി വിഹിതം ഗവൺമെന്റിന് കൃത്യമായി നൽകാൻ സാധിക്കുന്നില്ല. പദ്ധതി വിഹിതം ഡിസംബർ മാസത്തിനുമുമ്പ് 3 ഗഡുക്കളായി നൽകുന്നതിനുപകരം പലപ്പോഴും മാർച്ച് മാസത്തിലാണ് നൽകുന്നതെന്നതുകൊണ്ടും ആ സമയത്ത് ട്രഷറി ബാൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉണ്ടാകുന്നതുകൊണ്ടും കൃത്യമായി ചെക്കുകൾ മാറി Expenditure ആക്കാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ തുടർവർഷങ്ങളിൽ അത് സ്പിൽ ഓവറായി പരിഗണിക്കുമ്പോൾ ആ വർഷത്തെ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറയ്ക്കേണ്ട സാഹചര്യവുമുണ്ടാകുന്നുയെന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നു. ഈ

വിഷയങ്ങളിലെല്ലാം ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കാൻ തയ്യാറായില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ അധികാരം കൊടുത്തുവെന്ന് പറയുന്നതിലും കാര്യമില്ലെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

2014 സെപ്റ്റംബർ മാസം 14-ാം തീയതി പി.എം.എ.വൈ. രണ്ടാംഘട്ട പദ്ധതിക്ക് കേന്ദ്രസർക്കാർ ആരംഭം കുറിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് സംസ്ഥാനം ഒരു നടപടിയും സ്വീകരിക്കുന്നില്ല. നഗരസഭകളിലെ പി.എം.എ.വൈ. പദ്ധതിയെ സംബന്ധിച്ച് എന്താണ്, എങ്ങനെയാണ്, സർക്കാർ തുടർന്ന് നടപ്പാക്കാൻ പോകുന്നതെന്ന് വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനത്തിൽ പണം മുടക്കാൻ കഴിയാതെ വരുന്ന ആളുകളെ സംബന്ധിച്ച് ഗുരുതരമായ വിഷയമുണ്ടാകുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു. തൊഴിലാളികളെയും കർഷകരെയും സാധാരണ ജനവിഭാഗങ്ങളെയും ഒരുമിപ്പിച്ച് സാമൂഹ്യമാറ്റത്തിനുവേണ്ടിയുള്ള പ്രവർത്തനമാണ് കഴിഞ്ഞ ആറ് പതിറ്റാണ്ടായി കേരളത്തിൽ ഇടതുപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യസമര പോരാളികളുടെ ത്യാഗനിർഭരമായ പോരാട്ടത്തിന്റെ തുടർച്ചയെന്നുള്ള നിലയിൽ നമ്മുടെ രാജ്യത്തും കേരളത്തിലും കർഷക ജനതയുടെ പ്രശ്നങ്ങൾ, പൗരാവകാശ പ്രശ്നങ്ങൾ, ഫെഡറലിസത്തിനെതിരെയുള്ള കടന്നുകയറ്റം, മതേതരത്വ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടം എന്നിവയാണ് ഇടതുപക്ഷം കഴിഞ്ഞ ആറ് പതിറ്റാണ്ടായി നടത്തുന്നത്. ഈ പോരാട്ടത്തിന്റെ ഫലമായി കേരളത്തിൽ കഴിഞ്ഞ ഏഴുതവണയാണ് ഇടതുപക്ഷത്തെ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ അധികാരത്തിലെത്തിച്ചത്. ഇപ്പോൾ തുടർഭരണമാണ് നടക്കുന്നത്. തുടർച്ചയായ ഭരണത്തിനുവേണ്ടിയുള്ള നടപടികളാണ് ഇടതുപക്ഷ ഗവൺമെന്റ് കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

പ്രതിപക്ഷത്തുള്ള ചില സുഹൃത്തുക്കൾ സംസാരിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യെ കോർപ്പറേറ്റുകളുടെ പാർട്ടിയെന്ന് വിളിച്ച് ആക്ഷേപിക്കുന്നൊരു സാഹചര്യം ഇവിടെയുണ്ടായിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ഏറ്റവും അവസാനത്തെ രാഷ്ട്രീയ അഴിമതിയെന്ന് പറയാൻ കഴിയുന്നത് ഇലക്ടറൽ ബോണ്ട് പ്രഖ്യാപനമാണ്. ഇലക്ടറൽ ബോണ്ട് ബി.ജെ.പി. സർക്കാരാണ് നടപ്പാക്കിയത്. ബി.ജെ.പി.-ക്ക് ഫണ്ട് കളക്ട് ചെയ്യുന്നതിനുവേണ്ടിയാണ് അവർ ആ തീരുമാനം കൈക്കൊണ്ടത്. എന്നാൽ ആ ഇലക്ടറൽബോണ്ടിനെ രാജ്യത്ത് ശക്തമായി എതിർത്തത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ആയിരുന്നു. ഞങ്ങളുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന യശശ്ശരീരനായ സഖാവ് സീതാറാം യെച്ചൂരിയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പോയി കേസ് നടത്തി ഇലക്ടറൽബോണ്ടെന്ന രാഷ്ട്രീയ അഴിമതി അവസാനിപ്പിക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. ഇലക്ടറൽ ബോണ്ട് സമർപ്പിച്ചവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സുപ്രീംകോടതിയുടെ നിർദേശപ്രകാരം ഗവൺമെന്റ് തയ്യാറായപ്പോൾ ഇവരെ കോർപ്പറേറ്റുകളുടെ പാർട്ടി എന്ന് വിളിച്ചാക്ഷേപിച്ച

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ആ ലിസ്റ്റിൽ ഉണ്ടായിരുന്നില്ലെന്ന കാര്യം അഭിമാനത്തോടുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എന്നാൽ കോൺഗ്രസ്, ബി.ജെ.പി. എന്നീ പാർട്ടികൾ ആ പട്ടികയിലുണ്ടായിരുന്നു. മാത്രമല്ല, റോബർട്ട് വാദ്ര എന്ന കോർപ്പറേറ്റ് ഇലക്ടറൽ ബോണ്ടിലേയ്ക്ക് പണം കൊടുത്തവരുടെ ലിസ്റ്റിലുണ്ടായിരുന്നു. അദ്ദേഹം ആരുടെ മരുമകനാണ്, ആരുടെ ഭർത്താവാണ് എന്നതു സംബന്ധിച്ച്.....(ബഹളം)

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>ചെയർപേഴ്സൺ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഇവിടെ ഇലക്ടറൽ ബോണ്ട് സംബന്ധിച്ച്, ശ്രീ. റോബർട്ട് വാദ്ര ഇലക്ടറൽ ബോണ്ട് കൊടുത്തതായി ബഹുമാന്യനായ അരുവിക്കര അംഗം പറയുകയുണ്ടായി. റോബർട്ട് വാദ്ര ഇലക്ടറൽ ബോണ്ട് കൊടുത്തിട്ടില്ലായെന്നതാണ് വസ്തുത. അദ്ദേഹം കൊടുത്തിട്ടുണ്ടെങ്കിൽ ഏത് കമ്പനിക്ക്, എങ്ങനെ കൊടുത്തുവെന്നത് വ്യക്തമാക്കണം; ഡി.എൽ.എഫ്. കമ്പനി കൊടുത്തുവെന്ന് പറയപ്പെടുന്ന ഇലക്ടറൽ ബോണ്ട് റോബർട്ട് വാദ്ര കൊടുത്തതാണെന്ന തെറ്റായ

പ്രചരണമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ആ പ്രചരണം ആവർത്തിച്ചാവർത്തിച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് സഭാരേഖകളിൽ ഉണ്ടാവരുത്.

ചെയർപേഴ്സൺ: പരിശോധിക്കാം.+

ശ്രീ. ജി. സ്റ്റീഫൻ: സർ, നഷ്ടപ്പെട്ട സമയം എനിക്ക് അനുവദിക്കണം. പത്രങ്ങളിലൂടെ വന്ന വാർത്തയും ഏത് കമ്പനിക്കുവേണ്ടിയാണ് അദ്ദേഹം ഇലക്ടറൽ ബോണ്ട് കൊടുത്തത് എന്നതിനെ സംബന്ധിച്ച് പരാമർശിക്കപ്പെട്ട് കഴിഞ്ഞു. ലോകത്തിലെ അഞ്ചിലൊന്ന് ജനങ്ങൾ ഇന്നും സോഷ്യലിസം എന്ന പ്രത്യയശാസ്ത്രം അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യയശാസ്ത്രമെന്ന ഭരണസംവിധാനത്തിനുകീഴിലാണ് ജീവിക്കുന്നത്. അഡോൾഫ് ഹിറ്റ്ലറെയും മുസ്സോളിനിയെയും പരാജയപ്പെടുത്തിയ പ്രത്യയശാസ്ത്രമാണത്. ലോകജനതയുടെ മോചനത്തിനുവേണ്ടിയുള്ള പോരാട്ടമാണ് എല്ലാക്കാലവും കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തിയിട്ടുള്ളത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് സാമൂഹ്യ തുല്യതയ്ക്കുവേണ്ടി വിഭവങ്ങളുടെ വിതരണം

---

\+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ KLS/2696/2025/EB തീയതി 21-03-2025) സഭാരേഖകളിൽ നിലനിർത്തി.

കൃത്യമായി നടത്തുന്ന സർക്കാരാണ്. ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യസുരക്ഷ മേഖലകളിൽ സ്തുത്യർഹമായ സേവനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾ ഇന്നത്തെനിലയിൽ മുന്നോട്ടുപോയാൽ തങ്ങൾക്ക് രാഷ്ട്രീയമായ നേട്ടമുണ്ടാകില്ലെന്നതിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ആക്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ ഏറ്റവും പ്രാധാന്യത്തോടെ കാണുന്ന മേഖലയാണ് വിദ്യാഭ്യാസമേഖല. 2015 വരെയുള്ള വിദ്യാഭ്യാസ രംഗത്തെ സ്ഥിതി നമുക്കറിയാം. പാഠപുസ്തകങ്ങൾ സമയത്തിന് നൽകിയിട്ടില്ല. പരീക്ഷ യഥാസമയം നടത്തിയിട്ടില്ല. പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടലിന്റെ ഭീഷണിയിലായിരുന്നു. വിദ്യാഭ്യാസം ലാഭകരമോ നഷ്ടമോ എന്ന് കണക്കാക്കുന്ന ഒരു ചിത്രമായിരുന്നു കേരളത്തിൽ അന്നുണ്ടായിരുന്നത്. സൂപ്പർമാർക്കറ്റുകളെ വിലയിരുത്തുന്ന നിലയിലായിരുന്നു വിദ്യാഭ്യാസസ്ഥാപനങ്ങളെ വിലയിരുത്തിയിരുന്നത്. കുട്ടികൾ കൂടുതലുണ്ടെങ്കിൽ ലാഭം, കുട്ടികൾ കുറവാണെങ്കിൽ നഷ്ടം ഈ

കാഴ്ചപ്പാടിൽനിന്ന് തികച്ചും വിഭിന്നമായ നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൈക്കൊണ്ടത്. കേരളത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ 1048000 കുട്ടികൾ പുതുതായി പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കടന്നുവരാനുള്ള സാഹചര്യമുണ്ടായി. കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഒരു ഹബ്ബായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിലാണ് നടക്കുന്നത്. വിദേശ രാജ്യങ്ങളിലെ വിദ്യാഭ്യാസത്തോട് കിടപിടിക്കുന്ന നിലയിലാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം മുന്നോട്ടുനീങ്ങുന്നത്. The National Assessment and Accreditation Council (NAAC)-ന്റെ വിലയിരുത്തലിൽ ഡബിൾ എ+ നേടിയ രണ്ട് യൂണിവേഴ്സിറ്റികൾ കേരളത്തിലായിരുന്നു. ഇന്ത്യയിലെ സർവകലാശാലകളുടെസ്ഥിതി പരിശോധിക്കുമ്പോൾ 9, 10, 11 എന്നീ സ്ഥാനങ്ങൾ കേരളത്തിലെ സർവകലാശാലകൾക്കായിരുന്നുവെന്ന കാര്യം പ്രത്യേകമായി വിലയിരുത്തേണ്ടതാണ്. 13500 സ്കൂളുകളുള്ള കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി പദ്ധതി ഫണ്ട് ചെലവഴിക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ സർക്കാർ

പ്രതിജ്ഞാബദ്ധതയോടെയാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന 'സ്കൂളുകളിലേയും ക്യാമ്പസുകളിലേയും ലഹരി ഉപയോഗം' എന്ന വിഷയം കക്ഷി-രാഷ്ട്രീയത്തിനതീതമായി വിലയിരുത്തണമെന്ന പൊതുഅഭിപ്രായം കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ഈ വിഷയവുമായി ബന്ധപ്പെട്ട പരാതികളെല്ലാം സമയബന്ധിതമായി എക്സൈസ് വകുപ്പിന് കൈമാറുന്നതിന് വിദ്യാഭ്യാസവകുപ്പ് തയ്യാറാകുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനായി 45000 ക്ലാസ്സ്മുറികളാണ് ഹൈടെക് ആക്കി മാറ്റിയിട്ടുള്ളത്. 11275 സ്കൂളുകളിൽ ഹൈടെക് ലാബുകൾ സൗകര്യപ്പെടുത്തുന്നതിനുള്ള തീരുമാനം ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയ്ക്ക് അനുവദിച്ചതിന്റെ 85 ശതമാനം പണവും ഇതിനോടകം ചെലവഴിക്കാൻ സാധിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ ആനപ്പാറ സ്കൂൾ നബാർഡ് ഏറ്റെടുത്ത് നിർമ്മാണം പകുതിയായ നിലയിലാണുള്ളത്. നബാർഡ് ആ പദ്ധതിയിൽനിന്ന് പിന്മാറിയസാഹചര്യത്തിൽ സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ഫണ്ടനുവദിക്കണമെന്ന

അഭിപ്രായം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. തൊഴിൽ രംഗത്ത് വലിയ മാറ്റമാണ് ഈ കാലഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒന്നും രണ്ടും പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ തൊഴിലാളികൾക്കുവേണ്ടി ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഏറ്റവും അവസാനം സെക്യൂരിറ്റി ജീവനക്കാർക്ക് ഇരിക്കാനുള്ള സൗകര്യം സർക്കാർ തീരുമാനത്തിലൂടെ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം പിണറായി സർക്കാർ ഷോപ്പുകളിൽ ജോലി ചെയ്യുന്ന അമ്മ-പെങ്ങന്മാർക്ക് ഇരിക്കാനുള്ള അവകാശം നൽകുന്ന തീരുമാനമെടുത്തിരുന്നു. ആര്യനാട് പ്രവർത്തിക്കുന്ന ഐ.ടി.ഐ.-ക്ക് ഹോസ്റ്റൽ കെട്ടിടമില്ലെന്ന വിഷയം സർക്കാരിന്റെ പരിഗണനയിലേയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 12 വർഷത്തിലധികമായി ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. അതിനാൽ അവിടെയൊരു ഹോസ്റ്റൽ കെട്ടിടം അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളം കായിക മേഖലയിൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തുകയും അന്താരാഷ്ട്ര സ്പോട്സ് സമ്മിറ്റിൽ വലിയ പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 8 വർഷത്തിനിടയിൽ 3,000 കോടി

രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്താൻ സാധിച്ചിട്ടുള്ളത്. കായികതാരങ്ങൾക്ക് നിയമനംനൽകുന്ന കാര്യത്തിലും സ്തുത്യർഹമായ പ്രവർത്തനം നടത്തിയിട്ടുണ്ട്.

ചെയർപേഴ്സൺ: പ്ലീസ് ..... കൺക്ലൂഡ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് 15,980 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. ഇവിടെ ലൈഫ് മിഷൻ മുഖേന 539000 വീടുകൾ ഇതുവരെ നിർമ്മാണം പൂർത്തിയാക്കി. അരുവിക്കര നിയോജകമണ്ഡലത്തിലെ ഫ്ലാറ്റ് സമുച്ചയത്തിന് സർക്കാർ 24,99,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ആ ഫ്ലാറ്റിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എച്ച്. സലാം: സർ, ഏഴ് വകുപ്പുകളുടെയും ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഏഴ് വകുപ്പുകൾക്കും മുൻവഷത്തേക്കാൾ അധികമായി ഫണ്ട് വകയിരുത്തിയിട്ടുള്ള ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഇന്നലത്തെ പ്രധാനപ്പെട്ട വാർത്ത തെലുങ്കാന മുഖ്യമന്ത്രി സഭയിൽ നടത്തിയ ഒരു പ്രസംഗമാണ്. In that speech, Revanth Reddy admitted that the State is going through a financial crisis and therefore it is difficult for the Government to pay the salaries of the Government employees on the first of every month. Reddy appealed to the Government employees not to insist on receiving the DA due to the poor financial situation of the State. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണെന്നും ശമ്പളം എല്ലാമാസവും ഒന്നാംതീയതി നൽകാൻ സാധിക്കില്ലെന്നും ഡി.എ. ചോദിച്ച് പ്രയാസമുണ്ടാക്കരുതെന്നുമാണ് തെലങ്കാന മുഖ്യമന്ത്രി അഭ്യർഥിച്ചിരിക്കുന്നത്. ഈ സംസ്ഥാനവുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രി വലിയ സാമ്പത്തിക പ്രതിസന്ധിയെ അഡ്രസ് ചെയ്യാൻ

സാധിക്കുന്നനിലയിൽ, നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നതരത്തിലാണ് ഈ ബജറ്റിനെ സമീപിച്ചിട്ടുള്ളതെന്നത് അഭിമാനകരമായ കാര്യമായി കണക്കാക്കുന്നു. ധനാഭ്യർത്ഥനയിലെ പ്രധാനപ്പെട്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. ജനങ്ങളുമായി ഏറ്റവും അടുത്തുനിൽക്കുന്ന വകുപ്പെന്നനിലയിൽ, ഏതാണ്ട് 15,980 കോടി രൂപയാണ് ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തേക്കാൾ 775 കോടി രൂപ അധികമായി വകയിരുത്തിയിരിക്കുകയാണ്. ലൈഫ് ഭവന സമുച്ചയവുമായി ബന്ധപ്പെട്ട ഡാറ്റ ഇവിടെ പറഞ്ഞു. 544000 വീടുകൾ അനുവദിക്കപ്പെട്ടു. അതിൽ 400000-ത്തോളം വീടുകൾ പൂർത്തീകരിക്കപ്പെട്ടു. നേരത്തെ ചൂണ്ടിക്കാണിച്ച 2016 മുതൽ 2017 വരെ ലൈഫ് പദ്ധതിക്കുവേണ്ടി സർക്കാർ നൽകിയ പണം 18,288 കോടി രൂപയാണ്. ഇതിൽ കേന്ദ്രവിഹിതമായി കാണുന്ന കണക്ക് 2,081 കോടി രൂപ മാത്രമാണ്. നമ്മുടെ സംസ്ഥാനത്ത് ലൈഫ് പദ്ധതി നടപ്പാക്കപ്പെടുമ്പോൾ വലിയ പ്രചാരവേല സംഘടിപ്പിക്കപ്പെടുന്നതായി കാണാം. ആകെ ഗ്രാമീണ മേഖലയിൽ പി.എം.എ.വൈ.-ക്ക് 72,000 രൂപയും അർബൻ മേഖലയിൽ ഒന്നര ലക്ഷം

രൂപയുമാണ് കേന്ദ്ര സർക്കാർ വിഹിതമായി നൽകുന്നത്. ആ വിഹിതം ലഭിച്ചത് 33989 പേർക്ക് മാത്രമാണ്. നാല് ലക്ഷം രൂപ നമ്മൾ നൽകുന്ന സന്ദർഭത്തിൽപോലും വീട്ടുകാരുടെ അഭിമാനത്തെ ചോദ്യം ചെയ്യുന്ന നിലയിൽ അവിടെ പ്രധാനമന്ത്രിയുടെ ചിത്രം വയ്ക്കണമെന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുവെന്നത് അതിശക്തമായി നമ്മൾ പ്രതിരോധിച്ച് മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ആറ് ലക്ഷത്തിലധികമായി വീട് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്ന ലക്ഷ്യത്തിലേയ്ക്ക് സർക്കാരും വകുപ്പും മുന്നോട്ടുപോകുകയാണ്. ഈ നവംബർ ഒന്നാം തീയതി അതിദാരിദ്ര്യ മുക്തനാടായി കേരളത്തെ പ്രഖ്യാപിക്കാൻ അതിശക്തമായ രീതിയിൽ മുന്നോട്ടുപോകുകയാണ്. ഏറ്റവും പ്രധാനപ്പെട്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദാലത്തുമായി ബന്ധപ്പെട്ടതാണ്. എല്ലായിടത്തും അതിന്റെ അനുഭവങ്ങൾ ധാരാളമുണ്ട്. അതിന്റെ ഭാഗമായി നിരവധി ചട്ടഭേദഗതികൾ നടത്താൻ സർക്കാർ തയ്യാറായിരിക്കുകയാണ്. അദാലത്തിൽ വന്ന ധാരാളം ജനങ്ങളുടെ സങ്കടങ്ങൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ശ്രീ. സീറാം സാംബശിവറാവു ഉൾപ്പെടെയുള്ള

ഉദ്യോഗസ്ഥരെല്ലാം വളരെ പോസിറ്റീവായി സമീപിക്കുകയും ധാരാളം വർഷങ്ങളായി നൂലാമാലയിൽപ്പെട്ടുകിടന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുന്ന ധാരാളം മാറ്റങ്ങൾ വകുപ്പിന്റെ ചട്ടങ്ങളിൽ വരുത്താൻ തയ്യാറായി എന്നതിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. എൻ.എച്ച്.-ലെ access permission-നുമായി ബന്ധപ്പെട്ട പ്രശ്നം, രണ്ട് സെന്റ് സ്ഥലത്തിൽ താഴെയുള്ളവരുടെ സെറ്റ്ബാക്ക്-ന്റെ പ്രശ്നം, അധിക ഫീസ് ഈടാക്കുന്ന പ്രശ്നം എന്നിവ പരിഹരിക്കാൻ സാധിക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചുവെന്ന് കാണാൻ സാധിക്കും. കെ.-സ്മാർട്ടുമായി ബന്ധപ്പെട്ട സേവനം മെച്ചപ്പെടുത്താൻ സാധിച്ചിരിക്കുന്നു. ഒരു വർഷത്തെ കണക്കെടുക്കുമ്പോൾ 27 ലക്ഷത്തിലധികംവരുന്ന സേവനങ്ങൾക്ക് അപേക്ഷകളുടെ മേൽതീർപ്പാക്കാൻ സാധിച്ചിരിക്കുന്നു. ഇത് വരുംവർഷം പഞ്ചായത്തിലേയ്ക്ക് വ്യാപിപ്പിക്കുമ്പോൾ നമ്മുടെ സേവനങ്ങൾ നിശ്ചയമായും കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുന്നുവെന്ന അഭിമാനകരമായ നേട്ടത്തിലേയ്ക്ക് വകുപ്പ് എത്തിച്ചേരുകയാണ്. ഓരോ ഫയലുകളും ഓരോ ജീവിതമാണെന്ന് മുമ്പ് മുഖ്യമന്ത്രി പറഞ്ഞതുപോലെ, ഓരോ മനുഷ്യന്റെയും ജീവിതമാകുന്ന ഫയലുകൾ

ടെക്നോളജിയുടെ സൗകര്യംകൂടി ഉപയോഗപ്പെടുത്തി വേഗത്തിൽ തീർപ്പുണ്ടാക്കാൻ കഴിയുമെന്നത് വളരെ പ്രധാനപ്പെട്ട കാര്യമായി കരുതുന്നു. മാലിന്യ പ്രശ്നം എല്ലായ്പ്പോഴും ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. പലപ്പോഴും തെരുവ് നായയുടെ ആക്രമണത്തിന്റെയും തീപിടുത്തത്തിന്റെ പശ്ചാത്തലത്തിലുമാണ് ഈ പ്രശ്നം മാധ്യമങ്ങളുടെപോലും ശ്രദ്ധയിൽവരുന്നത്. മാലിന്യമലയായിരുന്ന ബ്രഹ്മപുരം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാരിന് കഴിഞ്ഞു. വികേന്ദ്രീകരണത്തിലൂടെ മാലിന്യപ്രശ്നം പരിഹരിക്കാൻ ആവശ്യമായ നിലപാട് സ്വീകരിച്ചുവരുന്നു. ഏറ്റവും പ്രധാനമായി ശ്രദ്ധയിൽപ്പെടുത്താനുള്ളത് ബയോമെഡിക്കൽ മാലിന്യം സംബന്ധിച്ചാണ്. ഇത് ഗൗരവമായി അഡ്രസ് ചെയ്യേണ്ട പ്രധാനപ്പെട്ട പ്രശ്നമാണ്. ഇന്ത്യയിൽ ഒരു ദിവസം 743 ടൺ മാലിന്യം ഉല്പാദിപ്പിക്കുന്നു എന്നതാണ് പുറത്തുവന്ന കണക്ക്. ആശുപത്രി, ക്ലിനിക്കൽ ലബോറട്ടറി തുടങ്ങിയ ഇടങ്ങളിലെല്ലാം ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തെ ശരിയായ രീതിയിൽ പരിഹരിക്കാൻ വേണ്ടിയുള്ള പരിശ്രമത്തെ പ്രത്യേക പദ്ധതിയായി ഏറ്റെടുത്ത്

മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് കഴിയണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുന്നു.

സാംസ്കാരിക മേഖലയെ സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, നമ്മുടെ നാടിന്റെ ജീവിത അന്തരീക്ഷമാകെ മാറിപ്പോകുന്ന സാഹചര്യമാണുള്ളത്. അരാഷ്ട്രീയതയുടെയും വർഗീയതയുടെയും തീവ്രവാദത്തിന്റെയും സ്വഭാവത്തിലേക്ക് നമ്മുടെ നാട് മാറിപ്പോകുന്ന സാഹചര്യമാണ്. ഇത്തരം അവസരങ്ങളിൽ നമ്മുടെ സാംസ്കാരിക നായകന്മാർപോലും നിശ്ശബ്ദരാകുന്നതായാണ് കാണാൻ കഴിയുന്നത്. മലയാളത്തിലെ പ്രിയപ്പെട്ട എഴുത്തുകാരൻ ശ്രീ. എൻ. എസ്. മാധവൻ, നിയമസഭയുടെ പുസ്തകോത്സവുമായി ബന്ധപ്പെട്ട പരിപാടിയിൽ പങ്കെടുത്തപ്പോൾ പറഞ്ഞത്, 'ഇന്ത്യയിൽ നിർഭയമായി എഴുത്ത് തുടരാൻ കഴിയുന്ന ഒരു പച്ചത്തുരുത്താണ് കേരളം' എന്നാണ്. ആ പച്ചത്തുരുത്തിനെ വർഗീയതയിലേക്ക് വലിച്ചുകൊണ്ടുപോകാൻ ശ്രമിക്കുന്നതിനെതിരെ അതിശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകാൻ കഴിയണം. തെലങ്കാനയിൽ കഴിഞ്ഞ ആഴ്ച, മുഖ്യമന്ത്രിക്കെതിരായ വാർത്ത എഴുതിയതിന്റെ പേരിൽ രേവതി

പൊഡഗാനന്ദ, തൻവി യാദവ് എന്നീ വനിതാ മാധ്യമ പ്രവർത്തകരെ അറസ്റ്റ് ചെയ്ത വാർത്ത നാം കണ്ടതാണ്.

സാംസ്കാരിക വകുപ്പ് ഒട്ടേറെ വൈവിധ്യപൂർണമായ പരിപാടികൾ ഏറ്റെടുത്തിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായി പറയാൻ കഴിയുന്ന കാര്യം, മൺമറഞ്ഞുപോയ കലാരൂപങ്ങളെ വീണ്ടെടുക്കാൻ ശക്തമായ നിലപാട് സ്വീകരിച്ചു എന്നതാണ്. ചരിത്രം, പ്രാദേശികമായ ഐതിഹ്യങ്ങൾ, ചില ജനവിഭാഗത്തിന് മാത്രമായുള്ള കലകൾ, തൊഴിലുമായി ബന്ധപ്പെട്ട കലകൾ, ഗോത്രവിഭാഗത്തിന്റെ കലകൾ എന്നിവയെല്ലാം വിശദീകരിക്കാൻ കഴിയുന്ന ശക്തമായൊരു പ്രോഗ്രാം ഭാരത് ഭവനുമായി ചേർന്ന് സംഘടിപ്പിക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയെയും സിനിമാ-നാടക സംവിധായകൻ ശ്രീ. പ്രമോദ് പയ്യന്നൂരിനെയും പ്രത്യേകമായി ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. കോപ്പിറൈറ്റ് കഴിഞ്ഞ 5200 പുസ്തകങ്ങൾ, അക്കാദമിയുടെ സ്വന്തമായിട്ടുള്ള താളിയോലകൾ തുടങ്ങിയവ ഡിജിറ്റലൈസ് ചെയ്യാൻ കഴിയുന്നതരത്തിലാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. മഴമിഴി, കടൽമിഴി, തളിർമിഴി, ഗ്രാമോത്സവങ്ങൾ, സമം തുടങ്ങിയ ധാരാളം

പരിപാടികൾ സംഘടിപ്പിച്ചു. നവോത്ഥാനത്തിന്റെയും ചരിത്രത്തിന്റെയും ഭാഗമായ വൈക്കം സത്യാഗ്രഹം, സർവമത സമ്മേളനത്തിന്റെ ശതാബ്ദി തുടങ്ങി നവോത്ഥാനവുമായി ബന്ധപ്പെടുന്നതും ചരിത്രവുമായി ബന്ധപ്പെടുന്നതുമായ ധാരാളം പരിപാടികൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള വാർഷിക ഗ്രാന്റ് വർധിപ്പിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം. മലയാള സിനിമാ ചരിത്രത്തിലെ പ്രധാനപ്പെട്ട ഒന്നാണ് ഉദയ ഫിലിം സ്റ്റുഡിയോ. റാമോജി ഫിലിം സിറ്റിയുടെ മോഡലിൽ ഉദയ സ്റ്റുഡിയോയുടെ സ്ഥലത്ത് ഒരു പുതിയ ഫിലിം സിറ്റി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കലാകാര പെൻഷൻ, ചികിത്സാ സഹായം തുടങ്ങിയവ വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കണം. രാത്രി പത്തുമണി കഴിഞ്ഞാൽ മൈക്ക് സെറ്റുകൾ പ്രവർത്തിപ്പിക്കാൻ കഴിയില്ലെന്ന പ്രശ്നം നമ്മുടെ മുന്നിലുണ്ട്. അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കണം.

വിദ്യാഭ്യാസ മേഖലയിൽ 2391 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് യഥാസമയം പുസ്തകം

പോലും വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ തലേവർഷം തന്നെ പുസ്തകം പ്രിന്റ് ചെയ്ത് സ്കൂളുകളിൽ എത്തിക്കുകയും കുട്ടികൾക്ക് സൗജന്യമായി യൂണിഫോം കൊടുക്കുകയും ചെയ്യുന്നു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പാഠപുസ്തകം ആവശ്യപ്പെട്ടപ്പോൾ, ഓണം നേരത്തെ വന്നതിന് ഞാനെന്ത് ചെയ്യണമെന്നാണ് അന്നത്തെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കുട്ടികളോട് ചോദിച്ചത്. ഇങ്ങനെയുണ്ടായിരുന്ന കാലത്ത് നിന്നും അൺ ഇക്കണോമിക് എന്ന് സൂചിപ്പിച്ച് സ്കൂളുകൾ പൂട്ടിയിരുന്ന കാലത്തുനിന്നും നാം ഏറെ മാറിയിട്ടുണ്ട്. സ്കൂളുകൾ ഹൈടെക് ആക്കാൻ ആവശ്യമായ കോടാനുകോടി രൂപ ചെലവഴിക്കാൻ കഴിയുന്ന രീതിയിലേക്ക് വിദ്യാഭ്യാസ മേഖലയെ മാറ്റാൻ കഴിഞ്ഞു.

കായിക വകുപ്പിൽ 3000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനമാണ് നടക്കുന്നത്. തൊള്ളായിരത്തിലധികം കായിക താരങ്ങൾക്ക് സർക്കാർ നിയമനം നൽകി. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊടുക്കേണ്ടിയിരുന്ന 250 നിയമനങ്ങൾ അതിനുശേഷമാണ് നൽകിയത്. International Sports Summit വളരെ നല്ലരീതിയിൽ സംഘടിപ്പിച്ചു. 5050

കോടി രൂപയുടെ നിക്ഷേപത്തിന് ധാരണയായിരുന്ന summit-ന്റെ തുടർപ്രവർത്തനങ്ങൾ ശക്തമായി സംഘടിപ്പിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മെഡിക്കൽ കോളേജിൽ, കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനാവശ്യമായ തടസങ്ങൾ മാറ്റി നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇ.എം.എസ്. സ്റ്റേഡിയം പൂർത്തീകരിക്കപ്പെടണം. ഈ രീതിയിൽ എത് വകുപ്പ് പരിശോധിച്ചാലും ഏറ്റവും ഗംഭീരമായി നമ്മുടെ നാടിന്റെ കാലികമായ ആവശ്യം അഡ്രസ്സ് ചെയ്യാൻ കഴിയുന്ന രീതിയിൽ സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ സർക്കാരിനെ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടിയുള്ള എല്ലാ ധനാഭ്യർത്ഥനകളെയും പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്:സർ, ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് ശ്രദ്ധേയമാകുന്നത് പ്രധാനമായും രണ്ട് കാരണങ്ങളാലാണ്. ഒന്ന്, ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും ഫലപ്രദമായി അധികാര വികേന്ദ്രീകരണം നടത്തിയ സംസ്ഥാനമാണ് കേരളം. രണ്ട്, സ്ത്രീകളുടെ പ്രാതിനിധ്യവും പങ്കാളിത്തവും ഭരണനിർവഹണത്തിൽ ഉറപ്പുവരുത്താൻ മറ്റേത് സംസ്ഥാനത്തെക്കാളും മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. 73, 74 ഭരണഘടനാ ഭേദഗതികൾക്ക് മുമ്പുതന്നെ 1990-ൽ എട്ടാം കേരള നിയമസഭയിൽ, ജില്ലാ കൗൺസിലുകൾ രൂപീകരിച്ച് നിയമം പാസാക്കാൻ നമുക്ക് കഴിഞ്ഞു. ഞാൻ അന്ന് നിയമസഭയിലെ ഒരംഗമായിരുന്നു. 73,74 ഭരണഘടനാ ഭേദഗതികളോടുകൂടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവിയുണ്ടായത്. അത് വളരെ സ്വാഗതാർഹമായ നീക്കമാണ്. ഇന്ന് യഥാസമയം തിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ കഴിയുന്ന ഒരു സംവിധാനം നമുക്കുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും പ്രധാനം നമ്മുടെ കാഴ്ചപ്പാടാണ്. നമ്മെ നയിക്കുന്ന ദർശനമാണ് പ്രധാനം. ഗാന്ധിജി നമ്മുടെ മുന്നിൽ അവതരിപ്പിച്ച

ആശയമാണ് ഗ്രാമസ്വരാജ്. ഒരു ഗ്രാമം എല്ലാകാര്യങ്ങളിലും സ്വയം പര്യാപ്തമാകണമെന്നതാണ്. മാർക്സിയൻ ഐഡിയോളജിയുമായി എനിക്ക് കൂടുതൽ അവഗാഹമായ അറിവില്ല. എങ്കിലും കമ്മ്യൂണുകൾ എന്ന ആശയം ഇവിടെ കാണാം. ഇതിനെ അടിസ്ഥാനപ്പെടുത്തി, ഇന്ത്യൻ പശ്ചാത്തലത്തിൽ ജനാധിപത്യ സോഷ്യലിസത്തിന്റെ വക്താക്കളായ ഡോ. റാം മനോഹർ ലോഹ്യ, അച്യുത് പട്‌വർദ്ധൻ, ജയപ്രകാശ് നാരായൺ, യൂസഫ് മെഹർ ആലി, നരേന്ദ്ര ദേവ് ഉൾപ്പെടെയുള്ളവർ അവതരിപ്പിച്ച ആശയമാണ് ഫോർ പില്ലർ സ്റ്റേറ്റ് ചതുർസ്തംഭ രാഷ്ട്രം. എല്ലാം ശക്തമായിരിക്കണമെന്ന് സൂചിപ്പിക്കുമ്പോൾ സെന്റർ, സ്റ്റേറ്റ്, ഡിസ്ട്രിക്ട്, വില്ലേജ് എന്നിവ ഉൾപ്പെടുന്നു. കറൻസി, പ്രതിരോധം, വിദേശകാര്യം തുടങ്ങി താഴേതട്ടിലേയ്ക്ക് കൊടുക്കാൻ കഴിയാത്ത വിഷയങ്ങൾ മാത്രം കേന്ദ്രം കൈകാര്യം ചെയ്യണം. പരമാവധി അധികാരം ഗ്രാമങ്ങൾക്ക് കൊടുക്കണം. ഫോർ പില്ലർ സ്റ്റേറ്റിൽ, ഒരു കാരണവശാലും താഴേക്ക് കൊടുക്കാൻകഴിയാത്ത കാര്യങ്ങൾ കേന്ദ്രത്തിന്റെ അധികാരപരിധിയിൽ നിലനിർത്തുക, കൊടുക്കാവുന്ന പരമാവധി കാര്യങ്ങൾ താഴെത്തട്ടിൽ ഗ്രാമങ്ങളിൽ കൊടുക്കുകയെന്ന ആശയമാണ് ജനാധിപത്യ

സോഷ്യലിസ്റ്റുകൾ നമ്മുടെ മുന്നിൽ അവതരിപ്പിച്ചത്. പഞ്ചായത്ത് രാജ് നിയമത്തിൽ ബ്ലോക്ക് പഞ്ചായത്ത് എന്നൊരു സംവിധാനംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ നിയമത്തിന്റെ ഭാഗമാണ്. ഇത് പ്രയോജനപ്രദമായ രൂപത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയുന്നുണ്ടോയെന്ന് വിമർശന ബുദ്ധിയാലൊന്ന് പരിശോധിക്കണം. നമ്മുടെ തലത്തിൽ ഇനിയിത് മാറ്റാൻ കഴിയില്ലെന്നറിയാം. ഇന്നത്തെ കേന്ദ്ര സമീപനമെന്താണ്; എല്ലാ അധികാരങ്ങളും കേന്ദ്രത്തിലേക്ക് തിരിച്ചെടുക്കുന്ന ഒരു രീതിയാണിപ്പോൾ. ഇത് അധികാര വികേന്ദ്രീകരണത്തെ സഹായിക്കുന്ന ഒന്നല്ല. വ്യത്യസ്തമായ ഒരു നയമാണ് നമ്മൾ കേരളത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഘടനകൾ ഉപയോഗിച്ചാണ് കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞനാളുകളിൽ ഫലപ്രദമായി പ്രവർത്തിച്ചത്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നത് 2016 മേയ് മാസത്തിലാണ്. അന്നൊരു പ്രഖ്യാപനം നടത്തുകയുണ്ടായി. അടുത്ത കേരള പിറവി ദിനത്തിനുമുമ്പ്, അതായത് 2016 നവംബർ ഒന്നിന് മുമ്പ് കേരളത്തെ ഒ.ഡി.എഫ്., വെളിയിട

വിസർജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുമെന്നതായിരുന്നു അത്. വളരെ ശ്രമകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട്, പറഞ്ഞ തീയതിക്കുള്ളിൽത്തന്നെ വെളിയിട വിസർജന വിമുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ അന്നത്തെ സർക്കാരിന് കഴിഞ്ഞു. ഒരു നേട്ടം കൈവരിച്ചുകഴിഞ്ഞാൽ, അത് നിരന്തരമായി പരിശോധനയ്ക്ക് വിധേയമാക്കണം. കൂടാതെ, ലൈഫ് ഭവനപദ്ധതിയിലൂടെ അഞ്ച് ലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചു. ആ നേട്ടം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുണ്ടോയെന്ന പരിശോധന ഈ ഘട്ടത്തിൽ ആവശ്യമാണ്. ഇപ്പോൾ പ്രധാനമായും ലക്ഷ്യംവയ്ക്കുന്നത് മാലിന്യമുക്ത നവകേരളം എന്ന ആശയമാണ്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രധാനമായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമാണ്. ഇന്നും ഹരിതകർമ്മസേനയിലെ അംഗങ്ങളെ ശത്രുക്കളായി കാണുന്ന ഒരുവിഭാഗം ജനങ്ങൾ നമ്മുടെ നഗരങ്ങളിലുണ്ടെന്ന വസ്തുത വിസ്മരിക്കരുത്. യൂസർ ഫീ നൽകുന്നതിൽ വലിയ വൈമുഖ്യം ചിലയാളുകൾ പ്രകടിപ്പിക്കുന്നുണ്ട്. കെട്ടിട നികുതി ഈടാക്കുമ്പോൾ ഹരിത

കർമ്മ സേനയ്ക്ക് യൂസർഫീ നൽകാത്തത് ഒരു ബാധ്യതയായി കണക്കാക്കി ഈടാക്കുമെന്ന് പറഞ്ഞത് ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ടോയെന്ന പരിശോധന ആവശ്യമാണ്. എം.സി.എഫ്.(Material Collection Facility)-ന്റെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. അതിലേക്ക് വിശദമായി കടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി നൽകിയ ആശാവഹമായ പ്രഖ്യാപനമാണ് മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി കൊടുക്കുന്നവർക്ക് പിഴയുടെ ഒരുശതമാനം ഇൻസെന്റീവായി നൽകുമെന്നത്. ആ പ്രഖ്യാപനം ഫലപ്രദമായി നടപ്പാക്കാൻ കഴിയുമോയെന്നും അതിന്റെ ഭാഗമായി വലിയ തോതിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ സാധിക്കുമോയെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുന്നത് നല്ലതായിരിക്കുമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് (2003) പ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം വലിച്ചെറിഞ്ഞാൽ രണ്ടുലക്ഷം രൂപ പിഴയും മൂന്ന് വർഷം വരെ തടവുമായിരിക്കും ശിക്ഷ. കേരള നിയമസഭ പാസാക്കിയ പബ്ലിക് ഹെൽത്ത് ആക്ടും പൊതുജനാരോഗ്യ നിയമവും (2023) സെലക്ട് കമ്മിറ്റിയുടെ പരിശോധന കഴിഞ്ഞുവന്നപ്പോൾ രണ്ടുലക്ഷം രൂപ

പിഴയും മൂന്ന് വർഷം വരെ തടവും പറയുന്നുണ്ട്. എന്നാൽ ടി നിയമങ്ങൾ ഫലപ്രദമായി നമുക്ക് പ്രയോഗിക്കാൻ സാധിക്കുന്നില്ല. അതിന്റെ Implementing agency ഏത് എന്നുള്ളതാണ് പ്രശ്നം. അതുപോലെതന്നെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും implementing agency-ക്ക് സജീവമായി പ്രവർത്തിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ചില സ്ഥലങ്ങളിൽ ഹരിതകർമ്മസേന പ്ലാസ്റ്റിക് മാത്രമേ ശേഖരിക്കൂ എന്ന നിലപാടെടുക്കുന്നുണ്ട്. പ്ലാസ്റ്റിക്കിനോടൊപ്പം മറ്റു അജൈവമാലിന്യങ്ങളും ഹരിത കർമ്മസേന ശേഖരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇപ്പോൾ വലിയ തോതിൽ പ്ലാസ്റ്റിക് ഗ്ലാസും പേപ്പർ ഗ്ലാസും ഉപയോഗിക്കുന്നുണ്ട്. പേപ്പർ ഗ്ലാസിന്റെ അപകടത്തെപറ്റി അത്ര ബോധമുള്ള സമൂഹമായി നമ്മുടെ നാട് മാറിയിട്ടില്ല. ഒരു പ്രസിദ്ധീകരണത്തിലെ വരികൾ ഞാൻ quote ചെയ്യുകയാണ്. ‘ When exposed to hot liquids, paper cups can release microplastics and heavy metals into the beverage. These particles can carry contaminants like iron, organic compounds and toxic heavy metals like chromium, palladium and cadmium. Ingesting these

particles and metals regularly overtime can cause serious health conditions including cancer and infertility' . പ്ലാസ്റ്റിക് അല്ലെങ്കിൽ പേപ്പർ ഗ്ലാസിലേക്ക് ചൂട് ദ്രാവകം ഒഴിച്ചാൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്നാണ് ഈ പ്രസിദ്ധീകരണത്തിലൂടെ വ്യക്തമാക്കുന്നത്. അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വേറെയാണ്. മണ്ണിൽ അഴുകിചേരാൻ നൂറിൽപരം വർഷങ്ങൾ വേണ്ടി വരും. കടലിലും നദികളിലും എത്തുന്നതുകാരണം മത്സ്യ സമ്പത്തിനെയും മറൈൻ ലൈഫിനെയും ബാധിക്കും. രാസപദാർഥങ്ങൾ ഉപയോഗിച്ച് വാട്ടർ പ്രൂഫ് ആക്കുന്നതുകാരണം വലിയ അപകടമാണ് സംഭവിക്കുന്നത്. അതുകൊണ്ട് മാലിന്യ മുക്ത നവകേരളമെന്ന **ലക്ഷ്യത്തിന്റെ ഭാഗമായി** പേപ്പർ കപ്പും, **മറ്റ് പ്ലാസ്റ്റിക് വസ്തുക്കളും** ഒഴിവാക്കാൻ തക്കവണ്ണമുള്ള നിയമനിർമ്മാണ നടപടികൾകൂടി സ്വീകരിക്കണമെന്ന അഭിപ്രായംകൂടി ഞാൻ രേഖപ്പെടുത്തുകയാണ്. വീടുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽതന്നെ സംസ്കരിക്കണമെന്നാണ് മാലിന്യമുക്ത നവകേരളത്തിൽ നമ്മൾ ലക്ഷ്യമിടുന്നത്. അത് എല്ലാവരും അംഗീകരിച്ച ആശയമാണ്. ഈ നയം ഫലപ്രദമായി

നടപ്പാക്കാൻ കഴിയുന്നുണ്ടോയെന്ന പരിശോധന നമുക്ക് ആവശ്യമാണ്. പല വീടുകളിലും ഭവനങ്ങളിലും ജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനങ്ങളില്ല. പകരം തുറസ്സായ സ്ഥലങ്ങളിൽ വലിച്ചെറിയുന്ന പ്രവണതയുണ്ട്, അത് വലിയ ബുദ്ധിമുട്ടുണ്ടാക്കും. അതുകൊണ്ട് മാലിന്യമുക്ത നവകേരളമെന്ന ആശയം നടപ്പാക്കുമ്പോൾ ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതിലേക്കായി സബ്സിഡി നൽകികൊണ്ട് ബയോഗ്യാസ് പ്ലാന്റുകൾ അടക്കമുള്ള സംവിധാനങ്ങൾ എല്ലായിടങ്ങളിലും രൂപപ്പെടുത്താൻ നമുക്ക് കഴിയണം. മാലിന്യമുക്ത നവകേരളം എന്നതിൽ അവസാനിപ്പിക്കാതെ സൗന്ദര്യവൽക്കരിക്കപ്പെട്ട നവകേരളമെന്ന ഒരു നിർദേശംകൂടി ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. നമ്മുടെ പ്രധാന ജങ്ഷനുകളിൽ സൗന്ദര്യവൽക്കരണത്തിനുള്ള നടപടികളും സ്വീകരിക്കണം. ഉദാഹരണമായി എന്റെ നാട്ടിൽ തിരുവല്ല ബൈപാസ് റോഡിൽ മൂന്ന് ജങ്ഷനുകളുണ്ട്. ആ ജങ്ഷനുകളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകളായ ബിലിവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ എന്നിവിടങ്ങളെ സൗന്ദര്യവൽക്കരിച്ചതിന്റെ

ഭാഗമായി, ചെടികളൊക്കെവെച്ച് ഗാന്ധി പ്രതിമ സ്ഥാപിച്ച് മനോഹരമായി സൂക്ഷിക്കുന്നു. അതുകൊണ്ട് സൗന്ദര്യവൽക്കരിക്കപ്പെട്ട നവകേരളമെന്ന ലക്ഷ്യം വേണം. 2018-ലെ പ്രളയകാലത്ത് നമ്മൾ ആരംഭിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഇനിയും ചില പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എന്റെ മണ്ഡലത്തിലെ പെരിങ്ങര പഞ്ചായത്തിലെ ജനസേവ റോഡിന്റെ കരാർ ഏറ്റെടുത്ത കരാറുകാരൻ ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. നിയമസഭയിൽ പലതവണ ഉന്നയിച്ച കാര്യങ്ങൾ ആവർത്തിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയറിങ് വിങ് കൂടുതൽ ശാക്തീകരിക്കാനുള്ള നടപടികൾ ഉണ്ടാവണം. വളരെ പ്രതിബദ്ധതയോടുകൂടി, ഇച്ഛാശക്തിയോടുകൂടി തദ്ദേശസ്വയംഭരണ വകുപ്പിനെ നയിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. സമയക്കുറവ് കാരണം മറ്റ് വകുപ്പുകളെക്കുറിച്ച് സംസാരിക്കുന്നില്ല, എല്ലാ ധനാഭ്യർത്ഥനകളെയും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ സംസാരം ഉപസംഹരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്നത്തെ ധനാഭ്യർഥനകളിലേക്ക് വന്നാൽ അതിലൊന്ന് പ്രധാനമായും തദ്ദേശസ്വയംഭരണമാണ്. രാഷ്ട്രപിതാവിന്റെ സ്വപ്നമായ ഗ്രാമ സ്വരാജ് സാക്ഷാത്കരിക്കാൻ 73, 74 എന്നീ ഭരണഘടനാ ഭേദഗതികൾ രാജീവ് ഗാന്ധിയാണ് കൊണ്ടുവന്നത്. ഇന്ത്യയിൽ നടപ്പാക്കിയ സംസ്ഥാനങ്ങളിൽ ആദ്യത്തേതിൽ നിൽക്കുകയാണ് കേരളവും. അന്ന് കേരളത്തിലെ യു.ഡി.എഫ്. സർക്കാർ പരമാവധി അധികാരങ്ങൾ താഴെത്തട്ടിലേക്ക് നൽകികൊണ്ട് 1995-ൽ ത്രിതല പഞ്ചായത്തിലേക്കും നഗരസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പ് നടത്തുകയുണ്ടായി. അങ്ങനെ അധികാര വികേന്ദ്രീകരണത്തിന് ഞങ്ങൾ വലിയ സംഭാവനകളർപ്പിച്ചു. എന്നാൽ ഇന്നത്തെ സ്ഥിതി എന്താണ്? ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന തുകയുടെ പകുതിപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ല. കഴിഞ്ഞ ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 7500 കോടി രൂപ അനുവദിച്ചെങ്കിലും അതിന്റെ പകുതി തുക നൽകുകയോ ചെലവാക്കുകയോ ചെയ്യേണ്ടിവന്നില്ലെന്ന ദുഃസ്ഥിതി നമ്മുടെ മുന്നിലുണ്ട്. ഇപ്പോൾ കൊടുക്കുന്നതുപോലും സമയം തെറ്റിച്ചാണ്. കഴിഞ്ഞ സാമ്പത്തികവർഷം

2023-24-ൽ രണ്ടുഗഡു മാത്രമാണ് നൽകിയത്. 2024-25-ൽ രണ്ടാമത്തെ ഗഡു നൽകിയതും വളരെ വൈകിയാണ്. ഡിസംബറിൽ കൊടുക്കേണ്ട മൂന്നാമത്തെ ഗഡു ഈ മാർച്ച് മാസമാണ് നൽകിയത്. നമ്മുടെ മുമ്പിൽ ഇനിയെത്ര ദിവസമുണ്ട്; എന്ത് അഭ്യാസം കാണിച്ചാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിലെത്ര ശതമാനം ചെലവാക്കാൻ സാധിക്കും? നമ്മുടെ ട്രഷറികൾ ശൂന്യമാണ്; ബില്ലുകൾ എല്ലാം ക്യൂവിലാണ്. അതോടൊപ്പംതന്നെ പഞ്ചായത്തിന്റെ അധികാരങ്ങൾ കവർന്നെടുക്കുകയാണ്. വികേന്ദ്രീകരണത്തിന് പകരം ഇവിടെ കേന്ദ്രീകരണമാണ് നടക്കുന്നത്. നാല് മിഷനുകളിലൂടെ നമ്മുടെ പഞ്ചായത്തുകളുടെ അധികാരമാണ് സർക്കാർ കവർന്നെടുത്തത്. അതുപോലെതന്നെ മറ്റ് ഒട്ടനവധി സംഗതികൾ. മദ്യശാല തുടങ്ങണമെങ്കിൽ പഞ്ചായത്തിന്റെ അനുമതി വേണമെന്നുള്ളത് മാറ്റി ഗവൺമെന്റിന്റെ അനുമതി വേണമെന്ന തരത്തിലേക്ക് കൊണ്ടുവന്നു. ഇപ്പോൾ ബ്രൂവറിക്കുവേണ്ടി നിയമം മാറ്റുമെന്ന് പ്രഖ്യാപനം വന്നിരിക്കുകയാണ്. ബ്രൂവറി തുടങ്ങുന്നതിന് പഞ്ചായത്തിന്റെ അനുവാദം ആവശ്യമില്ലെന്ന അവസ്ഥയിലേക്ക് വന്നിരിക്കുകയാണ്. ഇന്ന് പഞ്ചായത്തുകളുടെ കഷ്ടകാലമാണ്

പിണറായിക്കാലം എന്ന സ്ഥിതിയിലേക്കാണ് പോകുന്നത്. ലഹരി വിഷയത്തിൽ പ്രതിസന്ധിയല്ലേ; ഇവിടെ എക്സൈസ് ഉണ്ടല്ലോ; പഠന റിപ്പോർട്ടിൽ എന്താണ് പറയുന്നത്? കേരളത്തിലെ ഏത് പ്രദേശത്തുനിന്നും ലഹരി ശൃംഖലയിലേക്ക് ഒരു ഫോൺ കോൾ ചെയ്താൽ പതിനഞ്ച് മിനിട്ടുകൊണ്ട് സാധനം നിങ്ങളുടെ കൈയിലെത്തും. അത്രമാത്രം ലഹരി ശൃംഖല കേരളത്തിൽ വ്യാപകമാണ്. ഇവിടെ സംസാരിക്കുമ്പോൾ നിങ്ങൾ പറയുന്നത്, ഒന്നിച്ച് നേരിടാമെന്നാണ്. ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസം ഒന്നുമില്ല, ഒന്നിച്ച് നേരിടാം. പക്ഷേ എട്ടൊമ്പതുകൊല്ലംകൊണ്ട് ഈ ദുഷ്ടശക്തികൾ എത്ര ശക്തമായാണ് കേരളത്തിൽ പടർന്നത്. അത് എൻഫോഴ്സ്മെന്റിന്റെ പോരായ്മയല്ലേ; ടി വിഷയം നിയന്ത്രിക്കാൻ സർക്കാരിന് ഉത്തരവാദിത്വമില്ലേ? മൂന്ന് കൊല്ലം മുമ്പ് കേരളത്തിൽ ആദ്യമായി ഒരു ലഹരിപാർട്ടി നടന്ന വാർത്തയെക്കുറിച്ച് കേട്ട് നാം ഞെട്ടിത്തരിച്ചിരുന്നു. വിവാഹ വാർഷികാഘോഷത്തോടനുബന്ധിച്ച് വയനാട്ടിൽ വച്ച് ഗുണ്ടതലവന്മാരെല്ലാം ഒന്നുചേർന്ന് നടത്തിയ ലഹരി പാർട്ടിയായിരുന്നു അത്. ഗുണ്ടയ്ക്ക് വിവാഹ വാർഷികം ആഘോഷിക്കാൻ അവകാശമില്ലെന്ന് ഞാൻ

പറയുന്നില്ല. പക്ഷേ പൊലീസ് ഓടിച്ചെന്ന് നോക്കിയപ്പോൾ ആ പാർട്ടിക്ക് നേതൃത്വം നൽകിയിരുന്നത് കിർമാണി മനോജാണെന്നറിഞ്ഞതും പൊലീസ് അതേപടി പിറകോട്ട് മാറി. ഞാൻ രാഷ്ട്രീയം പറയുന്നതല്ല. ഇവിടെ പലരും എസ്.എഫ്.ഐ., കെ.എസ്.യു. എന്നൊക്കെ പറയുകയുണ്ടായി. പക്ഷേ ഇവിടെ പല ലഹരി പ്രശ്നങ്ങളുടെയും അടിസ്ഥാന വിഷയം ഇതാണ്. പൊലീസ്, എക്സൈസ് ഉദ്യോഗസ്ഥർ അവിടെ എത്തുമ്പോൾ, നമ്മുടെ ആൾക്കാരാണ്, അവരെ ഒന്നും ചെയ്യാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. അങ്ങനെയാണ് ഇത് വ്യാപിച്ചത്. സ്കൂളുകളിലെ ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനുവേണ്ടി രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകളുടെ സ്ഥിതിയെന്താണ്. 13,000-ത്തോളം സ്കൂളുകളിൽ അയ്യായിരം സ്കൂളിൽപോലും ലഹരി വിരുദ്ധ ക്ലബ്ബുകൾ ഇതുവരെ രൂപീകരിച്ചിട്ടില്ലെന്നുള്ളതാണ് സ്ഥിതി. ഇതൊക്കെ രാജ്യത്തോട് നമ്മുടെ നാടിനോട് ചെയ്യേണ്ട കടമയാണ്. നമ്മുടെ നാട്ടിൽ ലഹരി വ്യാപനം വലിയ തോതിൽ വർധിച്ചുവരികയാണ്. കഴിഞ്ഞ ദിവസങ്ങളിൽ അതുണ്ടാക്കിയ പ്രത്യാഘാതങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്തത്. അതുകൊണ്ട് സർക്കാർ ടി വിഷയത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

ഉന്നതവിദ്യാഭ്യാസമേഖലയെക്കുറിച്ചാണ് മറ്റൊരുകാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്. നിലവാരതകർച്ചകൊണ്ട് നമ്മൾ വലിയ പ്രതിസന്ധിയിലാണ്. കേരളത്തിലെ സർവകലാശാലകളിൽ കഴിഞ്ഞ അധ്യയന വർഷം ഡിഗ്രി തലത്തിൽ 85552 സീറ്റും പോസ്റ്റ് ഗ്രാജ്വേഷൻ തലത്തിൽ 13047 സീറ്റും ഒഴിഞ്ഞുകിടക്കുകയാണ്. ഈ ഒഴിഞ്ഞുകിടക്കുന്നതിന്റെ ശതമാനം പരിശോധിച്ചാൽ യു.ജി.-യിൽ മുപ്പത് ശതമാനം സീറ്റും പി.ജി.-യിൽ നാൽപ്പതു ശതമാനം സീറ്റ് ഒഴിഞ്ഞുകിടക്കുന്നു. 2023-ൽ സംസ്ഥാനത്ത് നിന്ന് രണ്ടര ലക്ഷം വിദ്യാർഥികളാണ് രാജ്യം വിട്ട് വിദേശത്തേയ്ക്ക് പോയത്. ആഗോള പൗരനാകാൻ ശ്രമിക്കുന്ന കേരളീയ വിദ്യാർഥിക്ക് അതിന് സാധിക്കുന്ന സാഹചര്യം ഒരുക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ലെന്നതാണ് പ്രശ്നം. ഇത് ഗൾഫ് പ്രവാസം പോലെയല്ല. ഗൾഫിൽ പ്രവാസത്തിന് പോയാൽ ഒരു ലക്ഷം കോടി രൂപയാണ് ഒരു വർഷം നമ്മുടെ സാമ്പത്തിക അവസ്ഥയിലേക്ക് ഗൾഫിൽനിന്ന് വരുന്നത്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. വിദേശത്ത് പോയി പഠിക്കുകയും ജോലിനേടുകയും ചെയ്യുന്ന മനുഷ്യപ്പറ്റ് ഉള്ളവർ രക്ഷിതാക്കളെയും അങ്ങോട്ട്

കൊണ്ടുപോകുകയാണ്. കേരളത്തിൽ ജനിച്ച് നമ്മുടെ നാട്ടിൽ വിദ്യാഭ്യാസം ചെയ്ത് ഒരു പരിധി വരെ വലുതാക്കിയ കുട്ടികൾ വിദേശനാടുകളിലേക്ക് **പോകുമ്പോൾ,** അവരുടെ ബൗദ്ധിക ചോർച്ച നാട്ടിൽ ഉണ്ടാകുന്നു. അത് വലിയ നഷ്ടമാണ്. അത് വലിയ തോതിൽ ഉണ്ടാകുമ്പോൾ നിലവാരമുള്ള സർവകലാശാലകളുണ്ടാകണം. നിലവിലുള്ള സർവകലാശാലകൾ നിലവാരമുണ്ടാക്കണം. അതിന് സർക്കാരിന്റെ മുമ്പിൽ പ്രത്യേകിച്ച് പരിപാടികൾ ഒന്നുമില്ലെന്നത് നമ്മളെ വല്ലാതെ വിഷമിപ്പിക്കുന്നു. ഇപ്പോൾ ഇവിടെ സർവകലാശാല ഭേദഗതി ബില്ലുണ്ട്. എന്താണ് അതിലെ പ്രധാനപ്പെട്ട പ്രശ്നം? എല്ലാ അധികാരങ്ങളും മന്ത്രിയിലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു. സർവകലാശാല എന്നത് ഓട്ടോണമസ് ബോഡിയല്ലേ; പക്ഷേ ഇപ്പോൾ നമ്മുടെ മുമ്പിലുള്ള സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് വരാൻ പോകുന്ന സർവകലാശാല ഭേദഗതി ബില്ലിൽ എന്താണ് പറയുന്നത്? കൂടുതൽ അധികാരങ്ങൾ മന്ത്രിയിലേയ്ക്ക് വരണമെന്നാണ്. അതാണ് നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുന്നത്. കഴിഞ്ഞ വർഷങ്ങളിൽ എന്തായിരുന്നു പ്രശ്നം? ഇവിടെ സൂചിപ്പിച്ചതുപോലെ ഗവർണറും സർക്കാരും തമ്മിലുള്ള പോരാട്ടത്തിൽ പല

സർവകലാശാലകൾക്കും വൈസ് ചാൻസലർമാർ ഉണ്ടായിരുന്നില്ലെന്നതാണ്. സമയക്കുറവ്മൂലം ഞാൻ അതിലേക്ക് പോകുന്നില്ല. അതിനെല്ലാം പരിഹാരങ്ങളുണ്ടാകണം. 16000-ത്തോളം അധ്യാപകരുടെ നിയമനങ്ങൾ നടന്നിട്ടില്ല. കോഴിക്കോട്ടുള്ള ഒരു അധ്യാപിക അലീന ബെന്നി ആത്മഹത്യ ചെയ്യുന്ന സ്ഥിതിയുണ്ടായി. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ടാണ് നിയമനം നൽകാൻ സാധിക്കാതെ വന്നത്. പക്ഷേ സർക്കാർ ഇത്തരം സാഹചര്യങ്ങളിൽ നോക്കുകുത്തിയായി നിൽക്കാൻ പാടില്ല. അതിന് ഒരു പരിഹാരമുണ്ടാക്കണം. 16000-ത്തോളം ആളുകളാണ് ഇത്തരത്തിൽ അധ്യാപന ജോലിയിലുള്ളത്. ശമ്പളം ഇല്ലാത്തതിനാൽ ജീവിക്കാൻ മറ്റു മാർഗങ്ങൾ സ്വീകരിക്കേണ്ട സ്ഥിതിയാണുള്ളത്. ഇങ്ങനെയുള്ള ഗതികേട് ഒരുപാട് ആളുകൾക്കുണ്ട്.

ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ എല്ലാവരുടെയും പ്രസംഗത്തിൽ മേനി നടിക്കുന്ന സംഗതി എന്താണെന്ന് വച്ചാൽ ഞങ്ങൾ നല്ല ഒരു സമ്മേളനം നടത്തിയിട്ടാണ് ഇങ്ങോട്ട് വന്നതെന്നാണ്. ഭരണപക്ഷത്തുള്ളവർ എത് വിഷയത്തിൽ പ്രസംഗിക്കുമ്പോഴും ഞങ്ങൾ ഒരു നല്ല സമ്മേളനം

നടത്തിയിട്ടാണ് വരുന്നതെന്ന് പറഞ്ഞു. നിങ്ങളുടെ സമ്മേളനം നടത്താൻ സാധിക്കുന്നത് നിങ്ങൾക്കാണ്. അത് നിങ്ങളുടെ രീതിയിലുള്ള സമ്മേളനമാണ്. ഞങ്ങൾ ഞങ്ങളുടെ രീതിയിലുള്ള സമ്മേളനം നടത്തും, നിങ്ങളുടെ സമ്മേളനത്തെക്കുറിച്ച് പറയുമ്പോൾ ആ സമ്മേളനത്തിൽ ഒരുപാട് പ്രയാസങ്ങൾ ഉണ്ടായിട്ടില്ലേ? ഞാൻ ചോദിക്കട്ടെ ഇവിടെ നിങ്ങൾ സമ്മേളനത്തെക്കുറിച്ച് പറഞ്ഞു. ഒരാഴ്ച കൊണ്ട് 5 ലക്ഷം ആളുകളെ സംഘടിപ്പിച്ച സമ്മേളനം ലീഗ് നടത്തിയിട്ടുണ്ട്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിന് മുമ്പ് തൃശ്ശൂരിൽ വച്ച് കോൺഗ്രസ് നടത്തിയ സമ്മേളനം അതിഗംഭീരമായിരുന്നു. എന്നാൽ നിങ്ങളുടെ സമ്മേളനത്തിൽ കൂട്ടകരച്ചിലായിരുന്നു. ശ്രീ. ജി. സുധാകരൻ പറയുന്നത് എന്നോട് തന്തയില്ലായ്മ കാണിച്ചുവെന്നാണ്. അതുപോലെ 25 കൊല്ലമായി ഞാൻ സ്റ്റേറ്റ് കമ്മിറ്റിയിൽ പക്ഷേ 4 കൊല്ലം ആയവർ സെക്രട്ടേറിയറ്റിൽ എത്തി, എന്നെ എത്തിച്ചില്ലെന്നാണ് ശ്രീ. പി. ജയരാജൻ പറയുന്നത്. അപ്പോൾ വലിയ സങ്കടങ്ങളും പ്രയാസങ്ങളുമാണ്. അവരുടെ ശാപം നിങ്ങളുടെ മേലിലുണ്ടാകും.

ഈ ധനാഭ്യർഥനകളെ മുഴുവൻ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, 2025-26 വർഷത്തെ സംസ്ഥാന ബജറ്റിലേയ്ക്കുള്ള ധനാഭ്യർഥനകളെ പിന്താങ്ങുന്നു. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആർ.എസ്.എസ്. അജണ്ടകൾക്ക് എതിരായ ഒരു പ്രതിരോധമായിട്ട് തന്നെയാണ് ഈ ബജറ്റിനെ കാണാൻ ആഗ്രഹിക്കുന്നത്. ഇന്ത്യൻ ഫാസിസത്തിന്റെ ഒന്നാം ഘട്ടം രാഷ്ട്രീയ അധികാരമായിരുന്നെങ്കിൽ രണ്ടാം ഘട്ടം ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ ഇന്ത്യയിലെ വിദ്യാർഥികളെയും കൊച്ചുമക്കളെയും വർഗീയവൽക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയും നാളെകളിൽ ആർ.എസ്.എസ്.-ന്റെ അജണ്ട കൃത്യമായി നടപ്പാക്കുക എന്ന ലക്ഷ്യത്തോട് കൂടിയുമാണ് മുന്നോട്ടുപോകുന്നത്. ഗോൾവാൾക്കറുടെ വിചാരധാര എന്ന കൃതിയിൽ 25-ാം അധ്യായത്തിൽ ആഹ്വാനം ചെയ്യുന്നത് അധ്യാപകരോട് വിദ്യാഭ്യാസരംഗം മാറണമെന്നും ഓരോ മനുഷ്യന്റെയും ഉള്ളിലുള്ള ഹിന്ദുവിനെ ഉണർത്തുകയെന്നുള്ളതാണ് ലക്ഷ്യമെന്നുമാണ്.

തീർച്ചയായും ആർ.എസ്.എസ്.-ന്റെ കൃത്യമായിട്ടുള്ള അജണ്ട വിചാരധാരയിലൂടെ നമ്മളെ പഠിപ്പിക്കുകയാണ്. അത് തന്നെയാണ് ഇന്ന് വിദ്യാഭ്യാസ മേഖലയിൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നടപ്പാക്കാൻ ആഗ്രഹിക്കുന്നതും. അതിന്റെ ഭാഗമായി പാഠപുസ്തകങ്ങളിലെ ചരിത്രപരമായ മാറ്റങ്ങളിലൂടെയുള്ള കാവിവൽക്കരണവും എല്ലാം നാം തിരിച്ചറിയുമ്പോഴാണ് നാളെ നാട് എന്തായിരിക്കും എന്നുള്ള കാര്യത്തെക്കുറിച്ച് വ്യക്തമായ ധാരണ നമുക്കുണ്ടാകുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെയും അതുപോലെ പ്രദേശികമായിട്ടുള്ള സമരങ്ങളെയും എല്ലാം തന്നെ പാഠപുസ്തകങ്ങളിൽനിന്നും ചരിത്രങ്ങളിൽനിന്നും നീക്കംചെയ്തുകൊണ്ട് ഇന്ത്യ ചരിത്രത്തിന്റെ കേന്ദ്ര പദവിയിൽ അവരോധിക്കുന്നത് സവർക്കറെയും ഗോഡ്സെയും പോലുള്ള ആർ.എസ്.എസ്.-കാരെയാണ് എന്ന് തിരിച്ചറിയുകയുമാണ്. മഹാത്മാഗാന്ധി, ഇന്ത്യൻ ഭരണഘടനാ ശില്പി ഡോ. ബി. ആർ. അംബേദ്കർ ഉൾപ്പെടെയുള്ളവർ വിദ്യാഭ്യാസത്തിന് നൽകിയ നേട്ടങ്ങളാണ് അവിടെ തിരസ്കരിക്കപ്പെടുന്നത്. അവർ ഇന്ത്യൻ സ്വാതന്ത്ര്യത്തിൽ നേടിയിട്ടുള്ള നേട്ടങ്ങളെക്കുറിച്ചും സ്വാതന്ത്ര്യാനന്തര

കാലഘട്ടങ്ങളിൽ നമ്മുടെ മതേതരത്വ സമൂഹത്തെയും അധഃസ്ഥിത ജനവിഭാഗങ്ങളെയും ചേർത്തുപിടിക്കാൻ നടത്തിയിട്ടുള്ള ശ്രമങ്ങളെയും എല്ലാം തന്നെ തിരസ്കരിക്കപ്പെടുന്ന രീതിയിലുള്ള ചരിത്രമാണ് നമ്മുടെ മുന്നിലേയ്ക്ക് വരുന്നത്. 1857-ൽ ആദ്യ സ്വാതന്ത്ര്യ സമരവും ഝാൻസി റാണിയും താന്തിയാ തോപ്പിയെയും നാനാ സാഹിബിനെയും എല്ലാം മറന്നുകൊണ്ടുള്ള ചരിത്രമാണ് കടന്നുവരുന്നത്. ആ ചരിത്രത്തെ മാറ്റി എഴുതുമ്പോൾ പുനഃസ്ഥാപിക്കപ്പെടുന്നത് ആർ.എസ്.എസ്.-കാരന്റെ കൃത്യമായ സവർണ- ബ്രാഹ്മണിക്കൽ അജണ്ടകളാണ്. ഇന്ത്യൻ ഭരണഘടനയെ തിരുത്തികൊണ്ട് മനുസ്മൃതിയിലേയ്ക്ക് പോകുമ്പോൾ അവിടെയുണ്ടാകുന്ന മാറ്റങ്ങളും ഇന്നലെകളിൽ നമുക്ക് പഠിപ്പിച്ച് തന്നിട്ടുള്ള പാഠങ്ങൾ നാളെകളിൽ ആർ.എസ്.എസ്.-കാരന്റെ ചരിത്രമായി മാറ്റപ്പെടുമ്പോൾ നാം കാണുന്നത് നമ്മുടെ പുസ്തകങ്ങളെല്ലാം കാവിവൽക്കരിക്കപ്പെടുന്ന രീതിയിലേയ്ക്ക് മാറ്റപ്പെടുന്നുവെന്നതാണ്. ഇന്ത്യൻ ഭരണഘടനയെ മാറ്റി എഴുതാൻ ശ്രമിക്കുന്ന മനുസ്മൃതി ഭരണഘടനയുടെ ഭാഗമാക്കാൻ ശ്രമിക്കുമ്പോൾ അതിന് പ്രതിരോധമായി കേരളത്തിലെ ഗവൺമെന്റ് നടപ്പാക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

പഠിപ്പിക്കാനാണ്. ഇന്ത്യൻ ഭരണഘടനയുടെ മൂല്യങ്ങളായിട്ടുള്ള വാക്കുകൾ പഠിപ്പിക്കുവാനാണ്. ജനാധിപത്യം, മതേതരത്വം, സോഷ്യലിസം, സമത്വം, സഹോദര്യം എന്നിവയും ആവിഷ്കാര സ്വാതന്ത്ര്യവും നമ്മുടെ മൗലിക അവകാശങ്ങളെക്കുറിച്ചും പഠിപ്പിക്കുവാനാണ് കേരള സർക്കാർ ശ്രമിക്കുന്നത്. ഇത് ഒരു പ്രതിരോധമാണ്.

നമ്മുടെ ഭാഷ എന്ന് പറയുന്നത് നമ്മുടെ ചൈതന്യവും ആശയവിനിമയവുമാണ്. അത് നമ്മുടെ സംസ്കാരവുമാണ്. അതിലേയ്ക്കുള്ള അധിനിവേശമാണ് ഹിന്ദി ഭാഷ അടിച്ചേൽപ്പിച്ചുകൊണ്ട് നമ്മളിലേയ്ക്കും നമ്മുടെ പുസ്തകങ്ങളിലേയ്ക്കും സാഹിത്യങ്ങളിലേയ്ക്കും സംസ്കാരങ്ങളിലേയ്ക്കും ആർ.എസ്.എസ്.-ന്റെ കൃത്യമായിട്ടുള്ള അജണ്ടകൾ നാളെകളിൽ നമുക്ക് ഇടയിലേയ്ക്ക് കടന്നുവരുന്നത്. നാളെകളിൽ നമ്മുടെ കുട്ടികൾ ഹിന്ദി ഭാഷയിലൂടെ പഠിക്കാൻ പോകുന്നതുമായ ആർ.എസ്.എസ്.-ന്റെ അജണ്ടകൾ നമുക്ക് ഇടയിലേയ്ക്ക് കടന്നുവരുമ്പോൾ അതിനെ എല്ലാം പ്രതിരോധിക്കാൻ ഒറ്റക്കെട്ടായി നിൽക്കുകയെന്നതാണ് നമ്മുടെ മുന്നിലുള്ളത്. തീർച്ചയായിട്ടും ഇന്ന് അന്ധവിശ്വാസങ്ങൾകൊണ്ട് നമ്മുടെ ശാസ്ത്രബോധത്തെ ഇല്ലായ്മ ചെയ്യാൻ

ശ്രമിക്കുന്ന രീതിയിലേയ്ക്കാണ് വരുന്നത്. അമർചിത്ര കഥകൾ കൊണ്ട് നമ്മുടെ സമൂഹത്തെ മാറ്റിയെടുക്കാനുള്ള ശ്രമമാണ് നമ്മുടെ പുസ്തകങ്ങളിൽ കാണാൻ സാധിക്കുന്നത്. പാഠപുസ്തകങ്ങളിലൂടെ അമർചിത്രകഥകൾ പഠിപ്പിച്ചുകൊണ്ട് രാമായണത്തിലെ പുഷ്പകവിമാനവും ഗണപതിയുടെ ശസ്ത്രക്രിയയും എല്ലാം തന്നെ പഠിപ്പിച്ചുതരുമ്പോൾ അതാണ് നാം മനസ്സിലാക്കേണ്ടത്. ഐ.ടി. മേധാവിയുൾപ്പെടെ ഗോമൂത്രം കുടിച്ചാൽ പനി മാറും എന്ന് പറയുന്ന ഒരു അന്ധവിശ്വാസ ജഡിലമായ സാഹചര്യങ്ങളിലേയ്ക്ക് വരികയാണ്. വിദ്യാഭ്യാസത്തിലൂടെ നമ്മുടെ രാജ്യത്തെ ശാസ്ത്ര അവബോധത്തെ അട്ടിമറിക്കാൻ ശ്രമിക്കുമ്പോൾ, ആർ.എസ്.എസിന്റേതായിട്ടുള്ള രാമായണകഥകളെയും മഹാഭാരത കഥകളെയുമെല്ലാം തിരസ്കരിച്ചുകൊണ്ട് ശാസ്ത്ര അവബോധത്തിലുള്ള ഒരു സമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള വലിയ ശ്രമമാണ് വിദ്യാഭ്യാസത്തിലൂടെ  ഇടതുപക്ഷ ജനാധിപത്യ മുന്നണി കാണാൻ ആഗ്രഹിക്കുന്നത്. അല്ലാതെ മറ്റൊന്നും തന്നെയല്ല. നമ്മുടെ നാടിന്റെ നിലനിൽപ്പിന് വേണ്ടിയിട്ടുള്ള പോരാട്ടമായിട്ട് തന്നെ വിദ്യാഭ്യാസ മേഖലയെ തീർച്ചയായിട്ടും കാണേണ്ടതായിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു

സംശയവുമില്ല. ഇന്ന് വിദ്യാകിരണം പദ്ധതിയിൽ എത്തിനിൽക്കുന്ന പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ വലിയ മാറ്റങ്ങളുണ്ടാക്കിയെടുക്കാൻ പാഠപുസ്തകങ്ങളിലൂടെ ശാസ്ത്ര സാങ്കേതിക വിദ്യകളിലൂടെയുള്ള മാറ്റങ്ങൾക്ക് അനുസൃതമായി ലോകവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവരാൻ സാധിച്ചിട്ടുണ്ട്. അത് ഈ കാലഘട്ടത്തിന്റെ നേട്ടമായിട്ടുതന്നെയാണ് നമുക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. കുട്ടികൾ എവിടെ പഠിക്കാൻ പോകുമ്പോഴും അവിടങ്ങളിൽ എല്ലാം തന്നെ നമുക്ക് ഒരു സ്ഥാനമുണ്ടെന്ന് പറയുമ്പോൾ അത് ഈ വിദ്യാഭ്യാസത്തിന്റെ നേട്ടമായിട്ട് തന്നെയാണ് കാണാൻ ആഗ്രഹിക്കുന്നത്.

(തുടരും)

P-18-03-2025 AK-UL (2)
3.20-3.30

(ശ്രീ. വി. ആർ. സുനിൽ കുമാർ...തുടർച്ച)

ഭിന്നശേഷിക്കാരായ കുട്ടികളെ ചേർത്തുനിർത്തിക്കൊണ്ട് അവരെ പൊതുവിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി കായികമേഖലയിലും മാറ്റം വരുത്തുന്നതിനുള്ള " inclusive sports manual "-ന് അംഗീകാരം നൽകിയതിനെ അഭിനന്ദിക്കുകയാണ്. സ്മാർട്ട് ക്ലാസ്സ് റൂമുകൾ

സ്ഥാപിക്കുക മാത്രമല്ല, അവ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിന് പ്ലാനിങ് ബോർഡ്, KITE (Kerala Infrastruture and Technology for Education), Digital University എന്നിവയുടെ സഹായത്തോടെ പരിശോധനാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കരട് ചട്ടക്കൂട് ജനകീയചർച്ചയ്ക്ക് വിധേയമാക്കിയത് ഈ സർക്കാരിന്റെ ജനകീയ കാഴ്ചപ്പാടാണ് വെളിവാക്കുന്നത്. ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ചിട്ടുള്ള നിരവധിയായ സുസ്ഥിര വികസനലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനകീയാസൂത്രണത്തിനും വലിയ പങ്ക് വഹിക്കാനുണ്ട്. ജനകീയാസൂത്രണത്തിലൂടെ ഏറ്റവും അടിത്തട്ടിലുള്ള സമൂഹത്തിനും എല്ലാവിധ വികസനപ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും മാറ്റങ്ങൾക്ക് വിധേയമാക്കപ്പെടുന്നതിനുമുള്ള വലിയ ലക്ഷ്യത്തിലേക്കും അതിന്റെ നേട്ടങ്ങളിലേക്കുംതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി വന്നിട്ടുള്ളതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പതിനാലാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി

പൗരസേവന വിതരണം ശക്തിപ്പെടുത്തുകയും വൈദ്യുതിവൽക്കരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പുതിയ പദ്ധതികൾ ഏറ്റെടുക്കാനും കാലത്തിനനുസൃതമായ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. നാം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വിഷയം മാലിന്യവും മയക്കുമരുന്നുമാണ്. മാലിന്യവും പരിസ്ഥിതിയും തമ്മിലുള്ള വിഷയങ്ങളും അത് നമ്മളെ ആരോഗ്യപരമായി ഏറ്റവും കൂടുതലായി ബാധിക്കുന്ന വിഷയങ്ങളെന്നുമുള്ളതുകൊണ്ടുതന്നെ കൃത്യമായ ദീർഘവീക്ഷണത്തോടുകൂടിയുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെ അതിനെല്ലാം മാറ്റം വരുത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

2024-ൽ രാജ്യത്ത് ഏറ്റവും വലിയ മയക്കുമരുന്നുവേട്ട നടന്നത് പ്രധാനമന്ത്രിയുടെ സ്വന്തം സംസ്ഥാനമായ ഗുജറാത്തിലും ഇതിനുതൊട്ടുപിറകിൽ വരുന്നത് രാജസ്ഥാൻ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളാണെന്ന് നാം തിരിച്ചറിയണം. കഴിഞ്ഞ വർഷം രാജ്യത്ത് നടന്ന ഏറ്റവും വലിയ 8 മയക്കുമരുന്നുവേട്ടകളിൽ 4 എണ്ണം നടന്നത്

ഗുജറാത്തിലാണ്. കഴിഞ്ഞ ദിവസം കേരളത്തിന്റെ അതിർത്തിപ്രദേശമായ കർണാടകയിലെ മംഗലാപുരത്ത് വിപണിയിൽ 75 കോടി രൂപയോളം മൂല്യം കണക്കാക്കുന്ന 37.870 കി.ഗ്രാം എം.ഡി.എം.എ.-യുമായി രണ്ട് ദക്ഷിണാഫ്രിക്കൻ യുവതികളാണ് പിടിയിലായത്. നമ്മുടെ വിദ്യാലയങ്ങളെയും വിദ്യാർഥികളെയും ലക്ഷ്യമിട്ടാണ് വിദേശരാജ്യങ്ങളിൽനിന്നടക്കമുള്ള മയക്കുമരുന്ന് ശൃംഖലകൾ പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനം ഇതിനെ നിയന്ത്രിക്കാൻ ശ്രമിക്കുന്നുവെന്നത് തീർച്ചയായും ആശ്വാസകരവും അതിന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയുമാണ്. ലഹരിപദാർഥങ്ങളുടെ ഉപയോഗംമൂലം നമ്മുടെ സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന അരക്ഷിതാവസ്ഥയും കൊലപാതകങ്ങളുമെല്ലാം നിയന്ത്രിക്കുന്നതിന് സമൂഹത്തിൽ ഒന്നായ കൂട്ടായ്മയും ബോധവൽക്കരണവും അനിവാര്യമാണ്. പോലീസ് വകുപ്പുപോലെ എക്സൈസ് വകുപ്പിനെയും ശാക്തീകരിക്കുകയെന്ന ലക്ഷ്യംകൂടി നമ്മുടെ മുന്നിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. 1960-ലെ സ്റ്റാഫ് പാറ്റേണിൽ നിലനിൽക്കുന്ന ഈ

വകുപ്പിൽ തീർച്ചയായും ജനസംഖ്യാ ആനുപാതികമായുള്ള മാറ്റങ്ങളും, ശാസ്ത്ര സാങ്കേതിക വിദ്യ ഇത്രമേൽ വികസിച്ചിട്ടും എക്സൈസ് ഓഫീസിൽ വേണ്ടത്ര നവീകരണസംവിധാനങ്ങളും മയക്കുമരുന്ന് കടത്തുന്ന ആളുകളുടെ ലൊക്കേഷൻ ലഭിക്കാനുള്ള സജ്ജീകരണങ്ങളും നമുക്ക് ഉണ്ടാകേണ്ടതായിട്ടുണ്ട്. കൂടാതെ, ഓൺലൈൻവഴിയുള്ള മയക്കുമരുന്ന് വിൽപന തടയുന്നതിന് എക്സൈസ് വകുപ്പിനെയും ഉൾപ്പെടുത്തുന്ന സൈബർ നിയമങ്ങളും ഉണ്ടാകേണ്ടതായിട്ടുണ്ട്.

മറ്റൊന്ന് എനിക്ക് പറയാനുള്ളത്, കുറ്റം ആരോപിക്കപ്പെട്ട കൊച്ചുകുട്ടികളെ മാധ്യമങ്ങൾക്കുമുന്നിൽ കൊണ്ടുവരുന്ന രീതി തീർച്ചയായും ഒഴിവാക്കപ്പെടേണ്ടതാണ്. നമ്മുടെ കുട്ടികളെ ബോധവൽക്കരണത്തിലൂടെ നാളെകളിൽ സമൂഹത്തിലേക്ക് കൊണ്ടുവരുമ്പോൾ അവരെ ഒറ്റപ്പെടുത്തി നിർത്താതെ ഈ സമൂഹത്തിനുമുന്നിൽ നല്ല മക്കളായി കൊണ്ടുവരണമെന്നുണ്ടെങ്കിൽ മാധ്യമങ്ങൾക്കുമുന്നിലൂടെ പോലീസും എക്സൈസും ഇവരെ കൊണ്ടുവരുന്ന രീതികളും അത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങളും നാളെ ഈ കുട്ടികൾ ക്രിമിനലുകളായി വളരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള

പ്രവണതകളെ തീർച്ചയായും നാം ഒഴിവാക്കേണ്ടതുണ്ട്. ഈ മക്കൾ നമ്മുടേതാണെന്ന ബോധ്യത്തോടുകൂടി പ്രവർത്തിക്കണമെന്ന് മാധ്യമങ്ങളോടും പോലീസ്, എക്സൈസ് വകുപ്പുകളോടും ഈ അവസരത്തിൽ പറയാനാഗ്രഹിക്കുകയാണ്. ആവശ്യമായ സൈക്കോളജിസ്റ്റുകളുടെയും കൗൺസിലർമാരുടെയും ഡോക്ടർമാരുടെയും സേവനം ലഭ്യമാക്കുന്ന രീതിയിലേക്കും നമുക്ക് മാറേണ്ടതായിട്ടുണ്ട്. ജില്ലാതലത്തിൽ കുട്ടികൾക്കും വനിതകൾക്കുമായി പ്രത്യേക സംവിധാനങ്ങൾ ഒരുക്കുകയും മാസത്തിലൊരിക്കൽ ഹെൽത്ത് ടെസ്റ്റ് നടത്തുന്ന രീതിയും കൊണ്ടുവരാൻ ശ്രമിക്കണമെന്നും സൂചിപ്പിക്കുകയാണ്.

ചെയർപേഴ്സൺ: പ്ലീസ്, കൺക്ലൂഡ്...

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സമയം വൈകിയെങ്കിലും തൊഴിൽ മേഖലയിലേക്കുകൂടി കടക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. Larsen & Toubro എന്ന ബഹുരാഷ്ട്ര കമ്പനിയുടെ മേധാവി ശ്രീ. എസ്. എൻ. സുബ്രഹ്മണ്യൻ പറഞ്ഞ വാക്കുകൾ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കോർപ്പറേറ്റുകൾക്കുവേണ്ടി രാജ്യം ഭരിക്കുന്ന നരേന്ദ്രമോദി

സർക്കാരിനെതിരായി നമ്മുടെ നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് തൊഴിലാളികളെ ഇല്ലായ്മ ചെയ്യുന്നതിനെതിരായി കോർപ്പറേറ്റുകൾക്കെതിരായുള്ള പോരാട്ടമാണ് നമ്മൾ ചെയ്യേണ്ടത്.

ചെയർപേഴ്സൺ: പ്ലീസ്, കൺക്ലൂഡ്...

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കോർപ്പറേറ്റുകളെ എങ്ങനെയാണ് നരേന്ദ്രമോദി സർക്കാർ കൊണ്ടുപോകുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുകയാണ്. വീട്ടിലിരുന്ന് നിങ്ങൾ എന്തുചെയ്യുമെന്നും എത്രസമയം നിങ്ങൾ നിങ്ങളുടെ ഭാര്യയെ നോക്കിയിരിക്കുമന്നും ഭാര്യമാർക്ക് എത്രസമയം അവരുടെ ഭർത്താവിനെ നോക്കിയിരിക്കാനാകുമെന്നും ഓഫീസിൽപ്പോയി ജോലി ചെയ്യൂ എന്നുമാണ് അദ്ദേഹം തന്റെ തൊഴിലാളികൾക്ക് നൽകിയ നിർദേശം. നിങ്ങളെക്കൊണ്ട് ഞായറാഴ്ചയും ജോലിയെടുപ്പിക്കാൻ ഞാൻ ആത്മാർഥമായി..... (മൈക്ക് ഓഫ് )

ശ്രീ. ഡി. കെ. മുരളി: സർ, വിവിധ വകുപ്പുകൾക്കുവേണ്ടി ഇന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ഏഴ് ധനാഭ്യർഥനകളെയും ഞാൻ അംഗീകരിക്കുകയാണ്. വിവിധ വകുപ്പുകൾ ധനാഭ്യർഥനക്കുവേണ്ടി

ആവശ്യമുന്നയിക്കുമ്പോൾ ഈ വകുപ്പുകളുടെ കഴിഞ്ഞകാല നേട്ടങ്ങളിൽ പ്രത്യേകിച്ച് കഴിഞ്ഞവർഷത്തെയുൾപ്പെടെയുള്ളവ പരിശോധിച്ചാൽ അത് സമൂഹത്തിനുണ്ടാക്കിയ പോസിറ്റീവായ സ്വാധീനം വിലയിരുത്തിയാൽ അതിനായി ധാരാളം സമയം വിനിയോഗിക്കേണ്ടി വരും. അത്രയുമധികം കാര്യങ്ങൾ ഒരോ വകുപ്പും സമൂഹത്തിനുവേണ്ടി ചെയ്തിട്ടുമുണ്ടെന്ന് നമുക്ക് മനസിലാക്കാനാകും. ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ഇന്നത്തെ ചർച്ചയിൽ പ്രധാനമായും ഉയർന്നുവന്നത് ലഹരിയെക്കുറിച്ചാണ്, ഒരു സമകാലികവിഷയമെന്ന നിലയിൽ അത് സ്വാഭാവികവുമാണ്. എന്നാൽ ലഹരി നിർമ്മാർജനം ചെയ്യണമെന്ന നിലയിൽ എല്ലാവരും യോജിക്കാവുന്ന വിഷയത്തിൽ ഇത്തരത്തിലൊരു സമീപനമാണോ പ്രതിപക്ഷം സ്വീകരിക്കേണ്ടതെന്ന് ഒന്നുകൂടി ആലോചിക്കണമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ലഹരി കേരളത്തിൽ മാത്രമുള്ള ഒരു പ്രതിഭാസമല്ല, അത് ലോകത്ത് എല്ലായിടത്തുമുണ്ട്. ഒരുപക്ഷേ പരിശോധിച്ചാൽ ഇന്ത്യയിൽ ഏറ്റവും കുറവ് ലഹരിവ്യാപനമുള്ള സംസ്ഥാനം കേരളമാണെന്നുള്ളത് വസ്തുതയല്ലേ. പൗരാണികഗ്രന്ഥങ്ങളും ചരിത്രാതീതകാലവും പരിശോധിച്ചാൽ ലഹരിയുടെ

സ്വാധീനവും അതിലൂടെ നഷ്ടപ്പെട്ട ജീവിതങ്ങളും നമുക്ക് വായിച്ചെടുക്കാനാകും. എത്ര പ്രതിഭകളെയാണ് ലഹരി നമുക്ക് നഷ്ടപ്പെടുത്തിയിട്ടുള്ളതെന്ന് ആലോചിക്കേണ്ടതാണ്. കേരളത്തിൽത്തന്നെ അതിന് അനുഭവങ്ങളുമുണ്ട്.

" കരള് പങ്കിടാൻ വയ്യെന്റെ പ്രണയമേ

പകുതിയും കൊണ്ടുപോയ്

ലഹരിയുടെ പക്ഷികൾ "

എന്നുപാടിയ പ്രതിഭാധനനായ കവി അനാഥമായി തെരുവിൽ മരിച്ചത് നമ്മൾ കണ്ടതാണ്. നല്ല കവിതകളെഴുതിയ അദ്ദേഹത്തിന്റെ ജീവിതം നമുക്ക് പകർത്താൻ കഴിയുന്നതല്ലെന്നത് പുതുതലമുറയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഒരുപക്ഷേ ചലച്ചിത്രലോകത്ത് ധാരാളം സംഭാവനകൾ നൽകാൻ കഴിയുമായിരുന്ന ജോൺ എബ്രഹാം എന്നയാളെ അകാലത്തിൽ കവർന്നെടുത്തത് ലഹരിയാണ്. എല്ലാക്കാലത്തും ലഹരിയോട് ആസക്തിപൂണ്ട കുറെയാളുകൾ ഉണ്ടായിരുന്നുവെന്നും അവരുടെ ജീവിതങ്ങൾ ഇതിലൂടെ നഷ്ടപ്പെട്ടിട്ടുണ്ടെന്നും അതിൽ അവർ കഷ്ടപ്പെട്ടിട്ടുണ്ടെന്നും മനസിലാക്കി പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കാൻ നമ്മൾ ഒറ്റക്കെട്ടായല്ലേ നിൽക്കേണ്ടത്,

ഇങ്ങനെയൊരു സമീപനമാണോ പ്രതിപക്ഷം സ്വീകരിക്കേണ്ടത്? ജീവിതത്തിന്റെ പല ഭാവങ്ങളെയും ലഹരിയാക്കാൻ കഴിയുമെന്നും കവികൾ പറഞ്ഞിട്ടുണ്ട്. ദുഃഖത്തെപ്പോലും ലഹരിയായി കാണാമെന്നും അതിൽനിന്ന് കവിതകൾ ജനിക്കുമെന്നും പാടിയത് ചങ്ങമ്പുഴ കൃഷ്ണപിള്ളയാണ്.

" വേദന വേദന ലഹരി പിടിക്കും

വേദന ഞാനതിൽ മുഴുകട്ടേ..

മുഴുകട്ടേ മമ ജീവനിൽ നിന്നൊരു

മുരളീമൃദുരവമൊഴുകട്ടേ... "

ഇങ്ങനെ പാടിയ കവിയും നമ്മുടെ കൂട്ടത്തിലുണ്ട്. ഇവയെല്ലാം നമുക്ക് നല്ല അർഥത്തിൽ സമൂഹത്തിൽ വ്യാഖ്യാനിക്കുന്നതിനും പുതിയ തലമുറയെ പഠിപ്പിച്ചെടുക്കാനുമാകണം. അതിന് ഒറ്റക്കെട്ടായാണ് നിൽക്കേണ്ടത്. ഇവിടെ പറയുന്നതുകേട്ടാൽ ലഹരിവ്യാപനവും അതുമായി ബന്ധപ്പെട്ട ആപത്തുകളുമെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുന്നതുകൊണ്ടാണെന്ന് തോന്നും. പണ്ടൊക്കെ, മദ്യമായിരുന്നു; മദ്യം നിരോധിക്കാൻ യു.ഡി.എഫ്.-ന്റെ കാലത്ത് ഒരു

പരിശ്രമം നടത്തിയല്ലോ? ചാരായം നിരോധിച്ചു, അതിന്റെ ഭവിഷ്യത്ത് എന്തായിരുന്നു? വ്യാജ ചാരായത്തിന്റെ പ്രവാഹമായിരുന്നു. എന്തെല്ലാം ദുരന്തങ്ങൾ കേരളം ഏറ്റുവാങ്ങേണ്ടിവന്നു. നിരോധനം കൊണ്ടുമാത്രം കഴിയുന്നതല്ല. അവബോധം വളർത്തിയെടുത്തുകൊണ്ട് മാത്രമേ നമുക്കതിനെ നേരിടാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് 'വിമുക്തി' എന്ന ക്യാമ്പയിൻ എൻഫോഴ്സ്മെന്റ് സേന കൂടിയായ എക്സൈസ് വകുപ്പ് ഏറ്റെടുക്കുന്നത്. അത് എക്സൈസിൽനിന്ന് മാറ്റണമെന്നാണോ; അതേറ്റവും ഫലപ്രദമായി നടത്താൻ കഴിയുന്നത് എക്സൈസ് വകുപ്പിനല്ലേ; ലഹരിവേട്ടക്കിറങ്ങുന്ന അവർക്കാണ് ലഹരിയുടെ അപകടങ്ങൾ മുഴുവൻ തിരിച്ചറിയാൻ കഴിയുന്നത്, അവർക്കാണ് നന്നായി കേരളത്തെ പഠിപ്പിക്കാനും കഴിയുന്നത്. കേരളത്തിന്റെ കഴിഞ്ഞ സർക്കാരിന്റെയും അതിനുമുൻപുള്ള സർക്കാരിന്റെയും കാലത്തെ കണക്കുകൾ പരിശോധിച്ചാൽ ഏറ്റവുമധികം ലഹരിവേട്ട നടത്തി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. നിങ്ങളത് മറച്ചുവച്ചാൽ ആ സത്യം ഇല്ലാതാകുമോ; എന്നിട്ടിപ്പോൾ നിങ്ങൾ പറയുന്നത്, എസ്.എഫ്.ഐ.-യെ നിരോധിച്ചാൽ ലഹരിയിൽനിന്ന് മോചനം

നേടാമെന്നാണോ; ഇത്ര അധഃപതിക്കാമോ; ഇങ്ങനെയാകാമോ? എസ്.എഫ്.ഐ. നിരോധിക്കണമെന്ന ആഗ്രഹം നിങ്ങൾക്ക് തോന്നാം. കേരളത്തിലെ എല്ലാ സർവകലാശാലകളിലും ബഹുഭൂരിപക്ഷം കലാലയങ്ങളിലും സർഗ്ഗാത്മക യൗവനത്തിന്റെ പിന്തുണയുള്ള, അതിന്റെയെല്ലാം യൂണിയന്റെ ഭാരവാഹിത്വത്തിലിരിക്കുന്ന ഒരു പ്രസ്ഥാനമാണ് എസ്.എഫ്.ഐ.. ആ എസ്.എഫ്.ഐ.-യെ നിരോധിച്ചുലഭിക്കണമെന്ന് ഹൈബി ഈഡന് ആഗ്രഹിക്കാം. ആ ആഗ്രഹം ബഹുമാനപ്പെട്ട ആലുവ അംഗത്തിന് ഏറ്റുപറയാം. പക്ഷേ എന്നെ അതിശയിപ്പിക്കുന്നത്, തലമുതിർന്ന ഒരു കോൺഗ്രസ് നേതാവും മുൻ പ്രതിപക്ഷനേതാവുമായ ശ്രീ. രമേശ് ചെന്നിത്തലയും എസ്.എഫ്.ഐ.-യെ നിരോധിക്കണമെന്ന വാക്ക് പറയാമോ; വിവേകപൂർവം ഒന്ന് ചിന്തിക്കണം. അങ്ങനെ രാഷ്ട്രീയം കലർത്തിയാൽ ഇതിനൊന്നും പരിഹാരമാകില്ല. അത് ജനങ്ങൾക്കുമറിയാം. കളമശ്ശേരി പോളിടെക്നിക്കിന്റെ വിഷയം ഇവിടെ പറയുന്നുണ്ടല്ലോ; ഇവിടെ എല്ലാവരും അത് ആവർത്തിച്ചു. ആ വിഷയത്തിൽ ജയിലിൽ കിടക്കുന്ന വിദ്യാർത്ഥികളുടെ രാഷ്ട്രീയ അഫിലിയേഷൻ പരിശോധിച്ചാൽ അത് കെ.എസ്.യു. വിദ്യാർത്ഥി

പ്രസ്ഥാനവുമായിട്ടല്ലേ; ഏത് പ്രസ്ഥാനത്തിൽപ്പെട്ട വിദ്യാർഥിയും ഏതൊരാളും ലഹരി കച്ചവടത്തിന് കൂട്ടുനിന്നാൽ മുഖം നോക്കാതെ നടപടിയെടുക്കാൻ ഒറ്റക്കെട്ടായി നിൽക്കുക എന്നതാണ് ഈ സമൂഹത്തിന് നമുക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സന്ദേശം. അതിനല്ലേ പ്രതിപക്ഷം തയ്യാറായിവരേണ്ടത് എന്നാണ് എനിക്ക് വിനയപൂർവം ചോദിക്കാനുള്ളത്. ലഹരിക്കെതിരായി ഇപ്പോൾ നടക്കുന്ന സർക്കാരിന്റെ നേതൃത്വത്തിലുള്ള അതിവിപുലമായ ഈ ക്യാമ്പയിനിൽ രാഷ്ട്രീയം കലർത്താതെ ഒരു മനസ്സോടുകൂടി നിന്നാൽ കുറച്ചൊക്കെ അതിന്റെ വേരറുക്കാൻ സമൂഹത്തിൽ കഴിയുമെന്ന തിരിച്ചറിവ് പ്രിയപ്പെട്ട പ്രതിപക്ഷത്തിനുകൂടി ഉണ്ടാകണമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെടുത്തി സൂചിപ്പിക്കാനുള്ളത്. ഈ ഡിമാൻഡ് ചർച്ചയിൽ ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ബഹുമാന്യനായ പി. കെ. ബഷീർ സംസാരിച്ചപ്പോൾ എ.കെ.ജി.-യെ കുറിച്ച് നല്ലവാക്കുകൾ പറഞ്ഞു, അതിൽ സന്തോഷമുണ്ട്. ഇപ്പോഴെങ്കിലും അത് തോന്നിയല്ലോ; അതാണ് കേരളത്തിന്റെ അനുഭവം. ഇടതുപക്ഷത്തിന്റെ, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതാക്കന്മാരെയും പ്രസ്ഥാനത്തെയും

തിരിച്ചറിയാൻ കുറേക്കാലം പിടിക്കും. എ.കെ.ജി.-യുടെ ജീവിതകാലത്ത് അടിയന്തരാവസ്ഥയുടെ അവസാന നാളുകളിൽ ബഹുമാനപ്പെട്ട പി. കെ. ബഷീർ...., അങ്ങയുടെ ഭാഗത്തിരിക്കുന്ന ആളുകൾ ഈ മെഡിക്കൽ കോളേജിന്റെ തെരുവുകളിലൂടെ മുദ്രാവാക്യം വിളിച്ചത്, "കാലൻ വന്ന് വിളിച്ചിട്ടും എന്തേ ഗോപാലാ പോകാത്തത്?" എന്നാണ്. അത്രയേറെ ക്രൂരമായിരുന്നു അദ്ദേഹം ജീവിച്ചിരുന്നപ്പോൾ നിങ്ങളുടെ സമീപനം. ഇന്ന് അദ്ദേഹത്തെക്കുറിച്ച് നല്ലവാക്കുകൾ പറയുന്നു; സന്തോഷം. ഒരു കാര്യം ഞാനോർമിപ്പിക്കുകയാണ്. നാളെ നിങ്ങൾ ഇപ്പോൾ വേട്ടയാടുന്ന കേരള മുഖ്യമന്ത്രിയെക്കുറിച്ചും ഇന്നത്തെ നേതാക്കന്മാരെക്കുറിച്ചും ഇതുപോലെ നല്ല വാക്കുകൾ പറയേണ്ടിവരും. അത്രയേറെ കാര്യങ്ങളാണ് കേരളത്തിന്റെ പുരോഗതിക്കുവേണ്ടി ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

അതിദാരിദ്ര്യനിർമ്മാർജ്ജനം ഈ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. സർക്കാരിന്റെ കണക്കുകൾ പരിശോധിച്ചപ്പോൾ 64006 കുടുംബങ്ങളെ അതിദരിദ്രരായി കണ്ടെത്തി. ദാരിദ്ര്യത്തിന്റെ കാര്യമെടുക്കുമ്പോൾ ഇന്ത്യയുടെ സ്ഥിതി എന്താണെന്ന് നിങ്ങൾക്കുമറിയാമല്ലോ; പട്ടിണിരാജ്യമായിട്ടാണ്

ഇന്ത്യയെ ലോകം വിലയിരുത്തുന്നത്. രാജ്യത്തിന്റെ ദാരിദ്ര്യനിരക്ക് ശരാശരി 11.28 ശതമാനമാണ്. ആ സമയത്ത് 0.48 ശതമാനമാണ് കേരളത്തിന്റെ ദാരിദ്ര്യ നിരക്ക്. അതുകൂടി ഇല്ലാതാക്കി. 2025 ആകുമ്പോൾ ദാരിദ്ര്യമില്ലാത്ത ഒരു സംസ്ഥാനമായി കേരളത്തെ ചരിത്രത്തിൽ അടയാളപ്പെടുത്താനാണ് ഈ സർക്കാർ പരിശ്രമിക്കുന്നത്. നിങ്ങളൊന്ന് മനസ്സിലാക്കണ്ടേ; അതല്ലേ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടുതന്നെ സംശയം വേണ്ട, ചരിത്രം ഈ സർക്കാരിനെ അടയാളപ്പെടുത്താൻ പോകകയാണെന്ന് നിങ്ങൾ കണ്ടുകൊള്ളണം. കായികവകുപ്പിനെ സംബന്ധിച്ച് കുറെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. കഴിഞ്ഞ എട്ടുവർഷത്തിനിടെ സ്പോർട്സ് ക്വാട്ടയിൽ റെക്കോർഡ് നിയമനങ്ങളാണ് നടന്നത്. ഈ കാലയളവിൽ 960 കായികതാരങ്ങൾക്ക് നിയമനം നൽകിയ സർക്കാരാണിത്. 2015-19 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനത്തിന്റെ റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം തുടങ്ങിക്കഴിഞ്ഞു. 249 പേർക്കാണ് നിയമനം നൽകിയത്. കൂടാതെ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 124 പഞ്ചായത്തുകളിൽ കളിക്കളം ഒരുക്കാൻ തീരുമാനിച്ചു. ഇതിനകം എട്ട്

കളിക്കളങ്ങൾ പൂർത്തിയായി. 72 സ്ഥലങ്ങളിൽ കളിക്കളത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. ഇതൊക്കെയാണ് നമ്മുടെ നാടിനുവരേണ്ട മാറ്റം.

ഒരു വകുപ്പിനെക്കുറിച്ചുകൂടി പറയാതെ പോകുന്നത് ശരിയല്ല. കാരണം മറ്റാരും അത് പരാമർശിച്ചിട്ടില്ല. അത് മറ്റൊന്നുംകൊണ്ടല്ല, വളരെ ഭംഗിയായി ആ വകുപ്പിനെ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുപോകുന്നത് കാരണമായിരിക്കാം. പുരാവസ്തു വകുപ്പാണത്; സത്യത്തിൽ പുരാവസ്തു വകുപ്പ് നമ്മുടെ പാരമ്പര്യത്തെയും പൈതൃകത്തെയും സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകാൻ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുകയാണ്. അദ്ദേഹം അതിന് ഫലപ്രദമായി നേതൃത്വം നൽകുന്നതുകൊണ്ടും അദ്ദേഹത്തിനോട് ആർക്കും എതിർപ്പും വിമർശനങ്ങളുമില്ലാത്തതുകൊണ്ടുമാണ് ഒരുപക്ഷേ ആ വകുപ്പിനെ സംബന്ധിച്ചൊരു വ്യാപക ചർച്ച നടക്കാത്തതെന്നാണ് ഞാൻ കരുതുന്നത്. എല്ലാ വകുപ്പുകളും ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നു. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ വീണ്ടും അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, വാക്കുകളെയും അക്ഷരങ്ങളെയും ദളിത് അവകാശങ്ങൾ നേടാനുള്ള ആയുധമാക്കിയ എഴുത്തുകാരനും ചിന്തകനും സാംസ്കാരിക പ്രവർത്തകനുമായ കെ. കെ. കൊച്ചിന്റെയും കാളിദാസന്റെ കാവ്യഭാവനയെ കാൽച്ചിലമ്പണിയിച്ച കഴിഞ്ഞ അൻപത് വർഷക്കാലമായി മലയാളത്തിൽ പാട്ടിന്റെ പാലാഴി തീർത്ത മങ്കൊമ്പ് ഗോപാലകൃഷ്ണന്റെയും വേർപാടിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുകയാണ്. ഇന്ന് രാവിലെ മുതൽ ചില അംഗങ്ങൾ ആറ്റുകാൽ പൊങ്കാല നടത്തിയത് ഞങ്ങളാണെന്ന് പറയുന്നുണ്ട്. ഇവർ തന്നെ കടയ്ക്കൽ ഒരു ക്ഷേത്രത്തിൽ പോയി ഗാനമേളയ്ക്കിടെ 'പുഷ്പനെ അറിയാമോ?' എന്ന് ചോദിച്ചു. കലാപമുണ്ടാകാത്തത് മഹാഭാഗ്യമാണ്. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ബുക്മാർക്ക് സൊസൈറ്റിയുടെയും ഫിലിം ഫെസ്റ്റിന്റെയുമൊക്കെ പ്രവർത്തനങ്ങൾ അഭിനന്ദനമർഹിക്കുന്നതാണ്. അതിനെ മടിയില്ലാതെതന്നെ ഞാൻ അഭിനന്ദിക്കുകയാണ്. കൂടൽമാണിക്യം ക്ഷേത്രത്തിൽ നടന്നത് സാംസ്കാരിക കേരളത്തിന് അപമാനകരമല്ലേ; ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലൂടെ നിയമനം ലഭിച്ച ചെറുപ്പക്കാരന് ഈഴവൻ ആണെന്ന പേരിൽ ജോലി

നിഷേധിച്ചത് സാംസ്കാരിക കേരളത്തിന് നാണക്കേടല്ലേ? കേരളം ഭരിക്കുന്നത് മന്ത്രിമാരാണോ അതോ തന്ത്രിമാരാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെ രാത്രി പത്ത് മണി കഴിഞ്ഞ് ക്ഷേത്ര ഉത്സവങ്ങളിൽ മൈക്ക് ഉപയോഗിക്കരുതെന്ന നിയമം അപ്രഖ്യാപിത അടിയന്തരാവസ്ഥയ്ക്ക് സമാനമാണ്. കോവിഡ് കാലത്ത് സമ്മാനിച്ച പട്ടിണി മാറി, ഒന്ന് നടക്കാൻ തുടങ്ങിയപ്പോഴാണ് കലാകാരന്മാരുടെ നടുവൊടിക്കുന്ന ഈ നിയമമുണ്ടായത്. ആയിരക്കണക്കിന് പാവങ്ങളായ കലാകാരന്മാരെ വീണ്ടും പട്ടിണിയിലാക്കിയിരിക്കുകയാണ്. ബുക്ക് ചെയ്ത പല കലാപരിപാടികളും റദ്ദ് ചെയ്യപ്പെടുകയാണ്. പലയിടത്തും പോലീസിനെ ഭയന്ന് ബുക്ക് ചെയ്ത പരിപാടികൾ ക്ഷേത്ര കമ്മിറ്റിക്കാർ റദ്ദ് ചെയ്യുകയാണ്. നാടകക്കാർ, നാടൻപാട്ട് കലാകാരന്മാർ, നൃത്തനാടകക്കാർ, ഗാനമേളക്കാർ, എന്നിവരുടെയൊക്കെ പേരിൽ പലയിടങ്ങളിലും കേസെടുക്കാൻ തുടങ്ങി. ചാരായം വാറ്റുന്നതിനെക്കാളും മയക്കുമരുന്ന് കച്ചവടം ചെയ്യുന്നതിനെക്കാളും ഗുരുതരമാണോ ക്ഷേത്രങ്ങളിൽ നാടകം കളിക്കുന്നതും കലാപ്രവർത്തനം നടത്തുന്നതും. നിയമത്തിന്റെ നൂലാമാലകൾക്കപ്പുറത്ത് സർക്കാർ

പ്രായോഗികമായ ഒരിടപെടൽ ഇക്കാര്യത്തിൽ നടത്തണം. അങ്ങ് ഒരു കലാസ്വാദകനാണ്, നല്ലതുപോലെ കവിത ചൊല്ലുന്ന ഒരു വ്യക്തിയാണ്. സമയമില്ലാത്തതുകൊണ്ടാണ്..., സർക്കാർ നടത്തുന്ന സാഹിത്യോത്സവങ്ങളിൽ തുടർച്ചയായി ഒരേമുഖങ്ങളാണ് പ്രത്യക്ഷപ്പെടുന്നത്. എന്തുകൊണ്ടാണ്? അവർ ഭരണകൂടവാഴ്ത്തുപാട്ടുകാർ ആയതാണോ അവരുടെ യോഗ്യത. എഴുത്തുകാരെല്ലാവരും സർക്കാരിനൊപ്പം നിൽക്കേണ്ടവരാണെന്ന് ഈയടുത്തിടെ ഒരു പ്രമുഖ എഴുത്തുകാരൻ പറഞ്ഞതുകൂടി ചേർത്തുവായിക്കണം. സ്വയം പുകഴ്ത്തുന്ന ആത്മരതിയുടെ ഇടങ്ങളായും സെൽഫിയെടുക്കാനുള്ള വേദികളായും സാഹിത്യോത്സവങ്ങൾ മാറുന്നത് ഖേദകരമാണ്. ഇങ്ങനെയാണെങ്കിൽ ഈ സാഹിത്യോത്സവത്തിന്റെ പേര് സർക്കാർ കാർണിവൽ എന്നോ മറ്റോ ആക്കി മാറ്റണം. സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സമ്മേളനത്തെക്കുറിച്ച് എല്ലാവരും അഭിമാനത്തോടുകൂടി സംസാരിച്ചു. അക്കാര്യങ്ങളിലൊന്നും ഞങ്ങൾ എതിർക്കുന്നില്ല. പക്ഷേ, നാം ശ്രദ്ധിക്കേണ്ടൊരു കാര്യം; ബ്രാഞ്ച്, ലോക്കൽ, ഏരിയ, ജില്ലാ സമ്മേളനങ്ങളിൽ ഒട്ടുമിക്ക പ്രതിനിധികളും സർക്കാരിനെയും പാർട്ടി

നേതൃത്വത്തെയും വിമർശിച്ചപ്പോൾ തിരുത്തലുകൾ പാർട്ടിക്ക് ഗുണം ചെയ്യുമെന്നായിരുന്നു ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ പ്രതികരണം. പക്ഷേ, സംസ്ഥാന സമ്മേളനം എത്തിയപ്പോൾ തിരുത്തലുകൾ മാറി തിരുമലുകളായിപ്പോയി. താഴെത്തട്ടിലുള്ള, ആത്മാഭിമാനമുള്ള നല്ല കമ്മ്യൂണിസ്റ്റുകാർക്ക് ലഭിക്കാനുള്ള സ്ഥാനത്തെക്കുറിച്ച് ഒരു ആവലാതിയുമില്ല. സംസ്ഥാന സമിതിയിലിരിക്കുന്ന പല ആളുകൾക്കും അപ്രിയസത്യങ്ങൾ വിളിച്ചുപറഞ്ഞ് ഉള്ള സ്ഥാനം കളയേണ്ടെന്ന് കരുതിയതുകൊണ്ടാണ് തിരുത്തലുകൾ തിരുമലുകളായി മാറിയത്. നിങ്ങളെക്കുറിച്ച് നല്ല അഭിപ്രായമാണ്, ആർക്ക്? നിങ്ങൾക്കുതന്നെയാണ്. പണ്ട് ശ്രീ. സലിം കുമാർ ഒരു സിനിമയിൽ 'എന്നെ ഞാൻ സമ്മതിക്കുന്നുവെന്ന് 'പറഞ്ഞതുപോലെയായിപ്പോയി നിങ്ങളുടെ ഈ ഭരണം. ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ ഫാസിസ്റ്റാണോ; നവ ഫാസിസ്റ്റാണോ; ഇനി എന്ത് പേര് ചൊല്ലി വിളിക്കുമെന്നുള്ളതിനെ സംബന്ധിച്ച ചർച്ചയാണ്. നിങ്ങൾ എന്ത് വേണമെങ്കിലും വിളിച്ചോ, വേണമെങ്കിൽ അളിയാ എന്ന് വേണമെങ്കിലും വിളിച്ചോളൂ. ഇപ്പോഴത്തെ ഈ ചായ കുടി പാർട്ടിയൊക്കെ നടക്കുന്ന

കാലഘട്ടത്തിൽ ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ, ഞങ്ങൾക്ക് അക്കാര്യത്തിലൊരു നിലപാടുണ്ട്. മനുഷ്യനെ ഭക്ഷണത്തിന്റെയും വേഷത്തിന്റെയും ഭാഷയുടെയും പേരിൽ അരികുവൽക്കരിക്കുകയും എറിഞ്ഞുകൊല്ലുകയും തല്ലിക്കൊല്ലുകയുമൊക്കെ ചെയ്യുന്ന ആളുകൾക്ക് നേതൃത്വം നൽകുന്ന സർക്കാരിനെ, കോൺഗ്രസും അതിന്റെ നേതാവ് ശ്രീ. രാഹുൽ ഗാന്ധിയും അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ പറയുന്നത് കേന്ദ്രം ഭരിക്കുന്നത് ഒരു ഫാസിസ്റ്റ് ഭരണകൂടം തന്നെയാണെന്നാണ്. ശ്രീ. ഡി. കെ. മുരളി വളരെ മനോഹരമായി ചങ്ങമ്പുഴയുടെ കവിത ഇവിടെ ചൊല്ലി. അദ്ദേഹത്തിന്റെതന്നെ മറ്റൊരു കവിതയുമുണ്ട്,

"...എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും

അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം...."

ഈ ഭരണത്തിൽ ആ വരികൾ മാറ്റി 'എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും കൊല്ലും കൊലയും' എന്നാക്കി മാറ്റണം. ഈ ഭരണത്തിൽ കൊലപാതകങ്ങൾ ഒറ്റത്തവണ തീർപ്പാക്കലാക്കി മാറ്റിയിരിക്കുകയാണ്. ഒരാൾ തന്നെ ഇറങ്ങി അഞ്ചും ആറും പേരെ ഒരുമിച്ച് കൊല്ലുകയാണ്. ഇന്നലെ

രാത്രിയിലും കൊല്ലത്ത് ഒരു കൊലപാതകം നടന്നു. ഈ വർഷത്തെ ആദ്യത്തെ രണ്ടുമാസങ്ങളിൽ 59 ദിവസങ്ങളിലായി 70 പേരാണ് കൊല്ലപ്പെട്ടത്. പരസ്യ കോളം, സിനിമ കോളം, വൈവാഹിക പംക്തി, പ്രാദേശിക വാർത്താ കോളം, സംസ്ഥാന വാർത്താ കോളം തുടങ്ങി വർത്തമാന പത്രങ്ങളിൽ നമ്മൾ കണ്ടുവരുന്ന ചില കോളങ്ങളുണ്ട്. അതിന്റെ കൂട്ടത്തിൽ ഇപ്പോൾ ബലാത്സംഗ കോളം, കൊലപാതക കോളം എന്നീ രണ്ട് കോളങ്ങൾ കൂടി അധികമായുണ്ട്. കേരളത്തിൽ 3 വയസ്സുകാർ മുതൽ 93 വയസ്സുള്ള മുത്തുമുത്തശ്ശിവരെ പീഡിപ്പിക്കപ്പെടുന്ന നാടായി കേരളം മാറി. കോവിഡിന്റെ ഭയാനകമായ അന്തരീക്ഷത്തിൽ കേന്ദ്രം കോവിഡിനെ പ്രതിരോധിക്കാൻ നമ്മെക്കൊണ്ട് പാട്ടയും പാത്രവും കൊട്ടിച്ചു. അതുപോലെയാണ് കേരളത്തിലെ എക്സൈസ് വകുപ്പും. വൻ ലഹരി മാഫിയയെ പ്രതിരോധിക്കാൻ പാവപ്പെട്ട കുട്ടികൾ ഈ പൊരി വെയിലത്ത് ഘോഷയാത്ര നടത്തിയതുകൊണ്ട് വല്ല കാര്യവുമുണ്ടോ? നാടകവും കലാപരിപാടിയും ബോധവൽക്കരണവും ഞങ്ങളെപ്പോലുള്ള രാഷ്ട്രീയ കക്ഷികളും സാംസ്കാരിക പ്രവർത്തകരുമൊക്കെ നടത്താം. ഇതിന്റെ ഉറവിടവും വിതരണവും കണ്ടെത്തി കടുത്ത ശിക്ഷ ഉറപ്പുവരുത്താൻ എക്സൈസ് വകുപ്പ്

തയ്യാറാകണം. ദയവായി ഈ വിമുക്തിയിൽനിന്നും എക്സൈസ് വകുപ്പിനെ മോചിപ്പിക്കണം. പണ്ടുകാലത്ത് വലിയ വീടുകളുടെ പടിപ്പുര വാതിൽ അടയ്ക്കുന്നതിന് മുമ്പ് 'അത്താഴ പഷ്ണിക്കാരുണ്ടോ, അത്താഴ പഷ്ണിക്കാരുണ്ടോ, അത്താഴ പഷ്ണിക്കാരുണ്ടോ?' എന്ന് വിളിച്ച് ചോദിക്കും. അതുപോലെ, അടുത്തിടെ എക്സൈസ് വകുപ്പിന്റെ ഒരു സർക്കുലർ വന്നു..., ബിവറേജസിന്റെ മദ്യവില്പന നടത്തുന്ന കടകൾ അടയ്ക്കുന്നതിന് മുമ്പ് മാനേജർ ഇറങ്ങിവന്ന് ചോദിക്കണം, ഇനിയാരെങ്കിലും കുടിക്കാനുണ്ടോ; ഇനിയാരെങ്കിലും കുടിക്കാനുണ്ടോ; ഇനിയാരെങ്കിലും കുടിക്കാനുണ്ടോ? മുഴുവൻ ആളുകളെയും ചാരായം കുടിപ്പിച്ച് കൊല്ലണമെന്ന് സർക്കാരിന് എന്തിനാണ് ഇത്ര നിർബന്ധം? ഇനിയെന്ത് പറഞ്ഞാലും, ഇടിയപ്പത്തിന്റെ കുരുക്ക് ഇന്നുവരെ ഒരു ബുദ്ധിജീവിക്കും ഒരു ശാസ്ത്രജ്ഞനും അഴിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെയാണ് ഈ സർക്കാർ. ഈ സർക്കാർ കുരുക്കിൽനിന്നും കുരുക്കിലേക്ക് കുരുങ്ങിക്കൊണ്ടിരിക്കുന്നൊരു സർക്കാരായി മാറിയിരിക്കുകയാണ്. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഇനി പറയുന്ന കാര്യത്തിൽ രാഷ്ട്രീയമില്ല.

കേരളത്തിലെമ്പാടും ലഹരി മാഫിയയുടെ പ്രവർത്തനം, കൊലപാതകം ഇതൊക്കെ അരങ്ങ് വാഴുകയാണ്. ഓരോനിമിഷവും ഗോളടിക്കുന്നതുപോലെ മനുഷ്യന്റെ തല റോഡിൽ ഉരുളുകയാണ്. ഈ സാഹചര്യത്തിൽ ഞാൻ കൂടി ഭാഗമാകുന്ന, ഒരു ജനപ്രതിനിധിയെന്ന നിലയിൽ എനിക്ക് കൂടി ഉത്തരവാദിത്വമുള്ളതും ഞങ്ങളെല്ലാം ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒത്തൊരുമിച്ചുകൊണ്ട് തിരുവനന്തപുരം സാഹിതി തീയേറ്റേഴ്സിന്റെ ഒരു മനോഹരമായ നാടകം അവതരിപ്പിക്കുകയാണ്. ആയിരക്കണക്കിന് ആളുകളെ കൂട്ടി ആൾക്കൂട്ടത്തിന്റെ ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ ഇന്ന് മലയാളത്തിലെ ഏറ്റവും പ്രിയങ്കരനായ നാടകം എഴുത്തുകാരൻ ശ്രീ. ഹേമന്ത്കുമാർ എഴുതി ഏറ്റവും പ്രിയങ്കരനും അവാർഡ് ജേതാവായിട്ടുള്ള ശ്രീ. രാജേഷ് ഇരുളം സംവിധാനം ചെയ്യുന്ന, സാഹിതി തിയേറ്റേഴ്സിന്റെ 'തളരില്ല കേരളം, തകരില്ല ഈ യുവത' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് 'ശ്രദ്ധിക്കണ്ടേ അമ്പാനെ' എന്ന പേരിൽ മനോഹരമായൊരു നാടകം അവതരിപ്പിക്കുന്നുണ്ട്. ജനങ്ങളെ ബോധവത്കരിക്കാനുള്ള സാമൂഹ്യ വിമർശനങ്ങളാണ് ഇതിലുള്ളത്. ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാ നിയമസഭാംഗങ്ങളും അതത് മണ്ഡലങ്ങളിൽ

അവതരിപ്പിക്കാനുള്ള സഹായം ചെയ്തുനൽകണം. ഇതുസംബന്ധിച്ച് സാംസ്കാരിക വകുപ്പുമന്ത്രി ഇത്തരത്തിലുള്ള കാര്യങ്ങളിലെല്ലാം വളരെ പോസിറ്റീവായി ഇടപെടുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന മന്ത്രിയാണ്. ഞാൻ ആ നാടകത്തിൽ അഭിനയിക്കുന്നുണ്ട്. അഭിനയിക്കാൻ താൽപര്യമുള്ള എം.എൽ.എ.-മാർക്കും സാംസ്കാരിക വകുപ്പുമന്ത്രിക്കും അഭിനയിക്കാം, സ്വാഗതം ചെയ്യുകയാണ്. മുഴുവൻ കാണികളെയും നാടകത്തിനകത്തേക്ക് കൂട്ടിക്കൊണ്ടുവരുന്ന ഇന്നുവരെ ആരും തെരുവിൽ അവതരിപ്പിക്കാത്ത മനോഹരമായൊരു നാടകമാണ്. ആ നാടകത്തിന് സാംസ്കാരിക വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും എല്ലാവിധ പിന്തുണയുമുണ്ടാകണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി, ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. കുറുക്കോളി മൊയ്തീൻ എന്നീ മൂന്ന് അംഗങ്ങൾ ഇന്ന് സഭാ യോഗത്തിൽ പങ്കെടുക്കാൻ സാധിക്കില്ലെന്ന് രേഖാമൂലം ചെയറിനെ അറിയിച്ചിട്ടുണ്ട്.

ഏഴ് മന്ത്രിമാരാണ് ഇന്ന് ധനാഭ്യർഥന ചർച്ചയുടെ മറുപടി പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിമാർ സമയക്ലിപ്തത പാലിച്ച് മറുപടി പറയണമെന്ന് ചെയർ റിക്വസ്റ്റ് ചെയ്യുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വളരെ സുപ്രധാനവും ബൃഹത്തുമായ രണ്ട് വകുപ്പുകൾ സംബന്ധിച്ച ധനാഭ്യർഥനകളുടെ ചർച്ചക്ക് മറുപടി വളരെ വിശദമായി പറയേണ്ടതാണെങ്കിലും സമയ പരിമിതി കണക്കിലെടുത്തുകൊണ്ട് പ്രശ്നങ്ങളിൽ ഊന്നിനിന്നുകൊണ്ട് സംക്ഷിപ്തമായിമാത്രം പറയണമെന്നാണ് ഉദ്ദേശിക്കുന്നത്. എക്സൈസിൽനിന്നും ആരംഭിക്കാം. ഇവിടെ ചർച്ചയിൽ പ്രതിപക്ഷത്തുനിന്ന് ആദ്യം സംസാരിച്ച ആലുവ അംഗം ശ്രീ. അൻവർ സാദത്ത് മുതൽ അവസാനം സംസാരിച്ച ശ്രീ. സി. ആർ. മഹേഷ് വരെയുള്ള ആളുകൾ വളരെ ഗൗരവമായൊരു സാമൂഹിക വിപത്തിനെ അങ്ങേയറ്റം സങ്കുചിതമായ ഒരു വീക്ഷണത്തിൽനിന്നുകൊണ്ട് സമീപിക്കാനാണ് ശ്രമിച്ചത് എന്നതിനുള്ള അതിയായ നിരാശ ഞാൻ ആദ്യമായി പങ്കുവയ്ക്കുകയാണ്. അവർ ഇവിടെ സംസാരിച്ച അതേ നാണയത്തിൽ തിരിച്ചടിക്കാൻ വസ്തുതകൾ

ഇല്ലാത്തതുകൊണ്ടല്ല. ഈ സ്ഥാനത്തിരിക്കുന്നതിനാൽ എന്റെ ഉത്തരവാദിത്വം എന്നതുകൊണ്ട് അതിന് ഞാൻ മുതിരുന്നില്ല. ആദ്യം സംസാരിച്ച ആൾ മുതൽ അവസാനം സംസാരിച്ച ആൾവരെയുള്ളവർ ആശ്രയിച്ചത് വസ്തുതകളെയല്ല, അവർ ലക്ഷ്യം വച്ചത് വാചക മേളകളെയാണ്. വാചക മേളയിൽ തന്റെയൊരു വാചകം ഉദ്ധരിച്ചുകിട്ടാൻ ആവശ്യമായ തരത്തിലുള്ള നല്ല ഹോംവർക്കാണ് നടത്തിയിട്ടുള്ളത്. (....ബഹളം...)...

മി. സ്പീക്കർ: അതേരീതിയിൽ അദ്ദേഹവും വിമർശിച്ചു. അതിനെ ആ സ്പിരിറ്റിൽ എടുത്താൽ മതി. അങ്ങ് പറയൂ.

ശ്രീ. എം. ബി. രാജേഷ്: സർ, ഇങ്ങോട്ട് പറഞ്ഞതെല്ലാം കേട്ടുകൊണ്ടിരിക്കുകയായിരുന്നല്ലോ; കുറച്ചുനേരം ഞങ്ങൾ പറയുന്നതും കേൾക്കേണ്ടി വരും. ഇതാണ് പ്രതിപക്ഷത്തിന്റെയൊരു മനോഭാവം. എന്തും ഇങ്ങോട്ട് പറയാം, തിരിച്ച് അങ്ങോട്ട് അല്പംപോലും സഹിക്കാനുള്ള ക്ഷമയില്ല. അല്ലെങ്കിൽ പിന്നെ സംസാരിക്കുമ്പോൾ ഓർക്കണം, തിരിച്ചും ലഭിക്കുമെന്നുള്ളത്. ഇതൊരു ഗുരുതരമായ സാമൂഹിക വിപത്താണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ പത്ര റിപ്പോർട്ടുകൾ എന്റെ കൈവശമുണ്ട്.

ലോകത്താകെ ഇന്ത്യയിൽ, നമ്മുടെ അയൽസംസ്ഥാനങ്ങളിലെല്ലാം നടന്ന വലിയ മയക്കുമരുന്ന് വേട്ടകളുടെ പത്ര റിപ്പോർട്ടുകളുണ്ട്. അയ്യായിരം കോടി രൂപയുടെ കൊക്കെയ്ൻ പിടികൂടി, ഗുജറാത്തിൽ വൻ മയക്കുമരുന്ന് വേട്ട. ബെംഗളൂരുവിൽ വൻ ലഹരി വേട്ട, 75 കോടി രൂപയുടെ എം.ഡി.എം.എ.-യാണ് ബെംഗളൂരുവിൽനിന്ന് പിടികൂടിയത്. ലോസ് ഏഞ്ചൽസ്, എൽ സാൽവദോർ മുതൽ ബെംഗളൂരുവിലും ഇംഫാലിലും ഗുജറാത്തിലും വരെയുള്ള കഴിഞ്ഞ രണ്ടാഴ്ചക്കിടെയുണ്ടായ മയക്കുമരുന്ന് വേട്ടയുടെ വാർത്തകളാണ് ഇത്. ഇതിനെ ഈ നിലയിലാണ് നമ്മൾ കാണേണ്ടത്. കേരളത്തിൽ നിർഭാഗ്യവശാൽ പ്രതിപക്ഷം സ്വീകരിക്കുന്നൊരു സമീപനമുണ്ട്. ബാക്കിയെല്ലാം മധുര മനോഹരമനോജ്ഞമാണ്. കേരളത്തിൽ മാത്രമാണ് ലഹരിയുടെ വിപത്തുള്ളത്. അതിന്റെ മുഴുവൻ ഉത്തരവാദിത്വം ഈ ഗവൺമെന്റിനാണെന്ന് സ്ഥാപിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. നമുക്ക് രാഷ്ട്രീയമായിട്ടുള്ള തർക്ക-വിതർക്കങ്ങളാകാം. പോയിന്റുകൾ സ്കോർ ചെയ്യുന്നതിന് മറ്റ് നിരവധി വിഷയങ്ങൾ നമുക്കുപയോഗിക്കാം. ഈ സാമൂഹിക വിപത്തിനെ പോയിന്റ് സ്കോർ ചെയ്യുന്നതിനുള്ളൊരു അവസരമാക്കി

ഉപയോഗിക്കാൻ ഉത്തരവാദിത്വമുള്ള വിവേകമുള്ള ആർക്കെങ്കിലും കഴിയുമോ? ഞാൻ ആ ചോദ്യം നിങ്ങളുടെ മുമ്പിൽ വയ്ക്കുകയാണ്. ഞാനൊരു കുറ്റപ്പെടുത്തലിനും മുതിരുന്നില്ല. വസ്തുതകൾ എന്താണ്; എൻഫോഴ്സ്മെന്റ് ശക്തമല്ലെന്ന് ഇവിടെ പറഞ്ഞു. ഒരേ പല്ലവിതന്നെ പാടിക്കൊണ്ടിരിക്കുകയാണ്. വസ്തുതകൾക്കുനേരെ കണ്ണടച്ച് ഇരുട്ടാക്കുക; എന്നിട്ട് പഠിച്ചത് പാടിക്കൊണ്ടിരിക്കുക; അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ വലിയ അവകാശവാദം ആലുവ അംഗം ഉന്നയിക്കുകയുണ്ടായി. ഞങ്ങൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നപ്പോൾ സർക്കാർ ഉണർന്നു. നിങ്ങൾക്കൊരു മനസമാധാനത്തിനുവേണമെങ്കിൽ അങ്ങനെ പറഞ്ഞുകൊള്ളൂ, വിരോധമൊന്നുമില്ല. നേരത്തെ പറഞ്ഞ കണക്കാണ് പലതും എങ്കിലും ഞാനിവിടെ ആവർത്തിക്കാം. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എടുത്ത NDPS (Narcotic Drugs and Psychotropic Substances) കേസ്സുകളുടെ എണ്ണം 26454 ആണ്. നിങ്ങൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരുന്നതിനുമുമ്പുള്ള കണക്കാണ് സൂചിപ്പിച്ചത്. അബ്കാരി കേസുകൾ 72785 എണ്ണം ആണ്.

ഇവിടെ കുറ്റവാളികളൊക്കെ രക്ഷപ്പെട്ടുപോകുകയാണെന്ന് ഈ നിയമസഭയിൽനിന്നുകൊണ്ട് അങ്ങേയറ്റം നിരുത്തരവാദപരമായി പറയാമോ; നമ്മുടെ മുമ്പിൽ അനിഷേധ്യപരമായ കണക്കുകൾ, വസ്തുതകൾ ഇരിക്കുകയല്ലേ? നിങ്ങൾ നിയമസഭയിൽ ചോദ്യം എഴുതി കൊടുക്കുക മാത്രമാണോ ഉള്ളത്, ഉത്തരമൊന്നും പരിശോധിക്കുന്നില്ലേ? ഇവിടെ എത്രയോ തവണ നൽകിയിട്ടുള്ള ഉത്തരങ്ങളുണ്ടല്ലോ; (...ബഹളം...) അവർ അവിടെ പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഞാനിവിടെ മുഴുവൻ നിശ്ശബ്ദമായി കേട്ടിരുന്ന ആളാണ്. വസ്തുതകളെ അവർ ഭയപ്പെടുന്നതുകൊണ്ടാണ്, ഞാൻ വസ്തുതകൾ മാത്രമാണ് പറയുന്നത്. 2023-ൽ 4998 പ്രതികളാണ് ശിക്ഷിക്കപ്പെട്ടത്. എത്രയാണ് ശിക്ഷാനിരക്കെന്ന് അറിയാമോ? 98.04% ആണ്. 98, എന്ന് പറഞ്ഞാൽ..., ഈ സർക്കാരിന്റെ കാലത്ത് അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ഏതാണ്ട് എല്ലാവരും ജയിലിലായി. എന്നിട്ട് എൻഫോഴ്സ്മെന്റ് ഫലപ്രദമല്ലെന്ന് നിങ്ങൾ പറയുന്നു. എന്താണ് നിങ്ങൾ എൻഫോഴ്സ്മെന്റ് കൊണ്ടുദ്ദേശിക്കുന്നത്? എന്നാൽ അതെന്താണെന്ന് നിർവചിക്കൂ; 2024-ൽ 4474 പേർ ശിക്ഷിക്കപ്പെട്ടു.

ശിക്ഷാനിരക്ക് 96.5% ആണ്. ഏതെങ്കിലും ഒരു കൊല്ലം സംഭവിച്ച അത്ഭുതമല്ല.

വളരെ consistent-ആയി നമുക്ക് conviction rate നിലനിർത്താൻ കഴിയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത് ഏറ്റവും ഉയർന്ന conviction rate ഇന്ത്യയിൽ കേരളത്തിലാണുള്ളത് എന്നാണ്. നിങ്ങൾക്കത് അംഗീകരിക്കാൻപോലും മനസ്സില്ല. ദേശീയ ശരാശരി 78% ആകുമ്പോൾ ഇവിടെ 99%-ത്തിനടുത്താണ് എന്നത് നിങ്ങൾ അംഗീകരിക്കാത്തത് എന്തുകൊണ്ടാണ്? അംഗീകരിച്ചാൽ നിങ്ങളുടെ എല്ലാ വാദവും അതോടുകൂടി പൊളിയുമെന്നതാണ്. എക്സൈസിനെ ശാക്തീകരിച്ചിട്ടുണ്ട്, എക്സൈസ്, ക്രൈം ബ്രാഞ്ച് രൂപീകരിച്ചു. ക്രൈം ബ്രാഞ്ച് പ്രധാനപ്പെട്ട കേസുകളാണ് അന്വേഷിക്കുന്നത്. ക്രൈംബ്രാഞ്ച് രൂപീകരിച്ചിട്ട് എന്ത് ഗുണമുണ്ടായെന്ന് നിങ്ങൾ പറഞ്ഞു. മൂന്നുപേരെ 35 കൊല്ലത്തെ തടവിനാണ് ശിക്ഷിച്ചത്. 25 കൊല്ലം തടവിന് ശിക്ഷിക്കപ്പെട്ട അനേകം പേരുണ്ട്. വളരെ പ്രമാദമായിട്ടുള്ള കേസുകളാണ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നത്. അപ്പോൾ ശിക്ഷാനിരക്ക് ഉയർന്നുവെന്ന് മാത്രമല്ല, 35 ഉം 25 ഉം കൊല്ലം ശിക്ഷിച്ച

കേസുകളുണ്ട്. ഭൂരിഭാഗം ആളുകൾക്കും ശിക്ഷ 10 വർഷത്തിൽക്കൂടുതലാണ്. ഈ യാഥാർത്ഥ്യങ്ങൾ നിങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കണം. എന്നിട്ട് നിങ്ങൾ അംഗീകരിച്ചുകൊണ്ട് രാഷ്ട്രീയപരമായിട്ടുള്ള ആരോപണങ്ങൾ ഉന്നയിച്ചുകൊള്ളൂ. അതിരിക്കട്ടെ; പക്ഷെ വസ്തുത വസ്തുതയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. 2024-ൽ 32846 സ്കൂൾ പരിസരങ്ങളിലാണ് പരിശോധന നടത്തിയത്. എൻഫോഴ്സ്മെന്റ് പരാജയമാണെന്നാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. 'വിമുക്തി'-യെക്കുറിച്ച് നിങ്ങൾ മുതലക്കണ്ണീര് ഒഴുക്കുകയുണ്ടായി. 140479 പേർക്ക് ഒ.പി.-യിലും 11227 പേർക്ക് ഐ.പി.-യിലുമായി വിമുക്തി കൗൺസിലിംഗ് ചികിത്സ നൽകുകയുണ്ടായി. മേഖലാ കേന്ദ്രങ്ങളിൽ 23356 പേർക്ക് 34 എക്സൈസ് ഉദ്യോഗസ്ഥർക്ക് IMHANS (Institute of Mental Health and Neurosciences)-ൽ പരിശീലനം നൽകുകയുണ്ടായി. ഇവിടെ വേറൊരു ആരോപണം വന്നു. 'വിമുക്തി' ലഹരി വിരുദ്ധ ക്ലബ്ബുകൾ പകുതി സ്കൂളുകളിൽ മാത്രമേയുള്ളൂ. ശരിയാണ്, അത് ഞാൻ അംഗീകരിക്കുന്നു. എന്താണ് കാരണമെന്ന് അറിയാമോ? എൽ.പി. സ്കൂളിലും യു.പി. സ്കൂളിലും 'വിമുക്തി' ക്ലബ്ബ് രൂപീകരിക്കുന്നില്ല. അത് ഹൈസ്കൂളിലും ഹയർസെക്കന്ററിയിലും മാത്രമേയുള്ളൂ.

അപ്പോൾ ആകെ സ്കൂളുകളുടെ പകുതിയായിരിക്കും. ഇതൊരു സാമൂഹിക വിപത്താണെന്ന നിലയിലാണ് നാം സമീപിക്കേണ്ടത്. സങ്കുചിത രാഷ്ട്രീയത്തിന്റെ കണ്ണിലൂടെ നമ്മൾ ഇതിനെ കാണരുത്. ഇപ്പോൾ കളമശ്ശേരിയിൽ കഞ്ചാവ് പിടികൂടിയ സംഭവമുണ്ടായി. രാവിലെ 9.00 മണിക്ക് ഞാൻ വീട്ടിൽനിന്ന് പുറത്തിറങ്ങുന്നതിനുമുമ്പുതന്നെ മാധ്യമങ്ങൾ എല്ലാവരുംകൂടി വന്നിരുന്നു. എന്റെ കൈവശം എല്ലാ വിവരവുമുണ്ടായിരുന്നു; നിങ്ങളുടെ ആൾ പിടിക്കപ്പെട്ടത് എത്ര; നിങ്ങളുടെ ആളുടെ കൈയിലുണ്ടായിരുന്ന കഞ്ചാവ് എത്ര; നിങ്ങൾ ആരോപിക്കുന്ന ആളുകളുടെ കൈയിലുണ്ടായിരുന്ന കഞ്ചാവ് എത്ര; ............(ബഹളം)....... ഞാൻ പറഞ്ഞുതരാം; പറയണോ; നിങ്ങളെപോലെയല്ല ഞാൻ ചിന്തിക്കുന്നത്; ഞാൻ മുഴുവൻ പറയുന്നതുകേൾക്കൂ; ടി കണക്കുകളെല്ലാം എന്റെ കൈവശമുണ്ടായിരുന്നു. ബോധപൂർവ്വം കെ.എസ്.യു. നേതാവിന്റെ കൈയിൽനിന്ന് പിടിച്ചത് ഇത്രയാണെന്ന് ഞാൻ പറഞ്ഞില്ല. എന്നോട് ചോദിച്ചു; ചോദിച്ചിട്ടുപോലും ഞാൻ പറഞ്ഞില്ല, പകരം ഇതിനെ ഏതെങ്കിലുമൊരു സംഘടന എന്ന നിലയിലല്ല കാണേണ്ടതെന്നാണ് മറുപടി പറഞ്ഞത്. അങ്ങനെയല്ല

കാണേണ്ടത്...., ഇതൊരു സാമൂഹിക വിപത്ത് എന്ന നിലയിലാണ് കാണേണ്ടത്. നിങ്ങളുടെ ആളുടെ കൈയിൽനിന്ന് ഇത്ര പിടിച്ചില്ലേ; ഞങ്ങളുടെ ആളുടെ കൈയിൽനിന്ന് ഇത്രയല്ലേ പിടിച്ചോള്ളൂവെന്ന് ചോദിക്കാൻ മാത്രം വിവേകമില്ലാത്ത ആളുകളല്ല ഞങ്ങളാരും. അത്രമാത്രം അധ:പതിച്ചിട്ടുള്ളവരല്ല ഞങ്ങളാരും. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. ഈ സാമൂഹിക വിപത്തിന്റെമുമ്പിൽ നിങ്ങളുടെ ആള് ഞങ്ങളുടെ ആളെന്നുണ്ടോ; ഇത് ആരെയും ബാധിക്കാം. ഏത് വീട്ടിലെ കുട്ടിയും ഇതിനിരയായി തീരാം. അത് മനസ്സിലാക്കാനുള്ള വിവേകം നിങ്ങൾക്ക് എന്നുണ്ടാകുമെന്ന് എനിക്ക് അറിഞ്ഞുകൂടാ; അത് ഇല്ലാത്തതാണ് നിങ്ങളുടെ പ്രശ്നം. എന്നിട്ട് രാഷ്ട്രീയമായ ലാഭമുണ്ടാക്കാൻവേണ്ടി, പോയിന്റ് സ്കോർ ചെയ്യാൻവേണ്ടി ഉപയോഗിക്കുകയാണ്. കുറച്ചുസമയംകഴിഞ്ഞ് ടെലിവിഷൻ കണ്ടപ്പോൾ ഞാൻ അങ്ങേയറ്റം ഞെട്ടിപ്പോയി. പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവൊക്കെ ഇതിലെ സംഘടനകളുടെ എണ്ണം തിരിച്ച് കണക്കെടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ കണക്കെടുത്ത് കളിക്കേണ്ട സന്ദർഭമാണോയിത്? നിർഭാഗ്യവശാൽ, ചില മാധ്യമങ്ങളും ആദ്യം സ്വീകരിച്ച

നിലപാട് അതായിരുന്നു. വലിയ നെടുങ്കൻ എഡിറ്റോറിയൽ എഴുതുന്ന ആളുകൾക്ക് ഒരു പ്രത്യേക സംഘടനയിൽ ലേബലുള്ള ആൾ പിടിക്കപ്പെട്ടാൽ അതിന് വലിയ പ്രാധാന്യം നൽകും. വേറൊരു സംഘടന, തങ്ങൾക്ക് വേണ്ടപ്പെട്ട സംഘടനയിലുള്ള ആൾ വന്നാൽ പിന്നെ അത് തമസ്കരിക്കുകയും മൗനം പാലിക്കുകയുമാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള സമീപനമല്ല സ്വീകരിക്കേണ്ടത്. അത് പ്രതിപക്ഷമാണെങ്കിലും ഞങ്ങൾ ഭരണപക്ഷമാണെങ്കിലും ഇനി മാധ്യമങ്ങൾ ആകെയാണെങ്കിലും സ്വീകരിക്കേണ്ടത് അങ്ങനെയല്ല. ഒരു വലിയ സാമൂഹിക വിപത്തിനെ നാം അഭിമുഖീകരിക്കുമ്പോൾ നിങ്ങളുടെ അത്രയല്ലേയുള്ളൂ, ഞങ്ങളുടെ അത്രയുണ്ടല്ലോ എന്ന വാദമല്ല നിങ്ങൾ ഉന്നയിക്കേണ്ടത്, ഞങ്ങളും അങ്ങനെയല്ല ഉന്നയിക്കേണ്ടത്. ഒരുമിച്ച് നിൽക്കണമെന്നൊക്കെ ഞങ്ങൾ പറയുന്നുവെന്ന് ഇപ്പോൾ പരിഹാസത്തോടുകൂടി പലരും പറയുന്നത് കേട്ടു. നിങ്ങളുടെ ഇത്തരം മനോഭാവം മാറ്റണം. ഇതിനെ പരിഹാസത്തോടുകൂടിയാണോ കാണേണ്ടത്; ഒരുമിച്ചല്ലേ, നിൽക്കേണ്ടത്? ഇനി ഭരണപക്ഷവും പ്രതിപക്ഷവും മാത്രമാണോ ഒരുമിച്ച് നിൽക്കേണ്ടത്; കക്ഷി-രാഷ്ട്രീയ-ജാതി-മത ലിംഗഭേദമില്ലാതെ ഈ

നാട്ടും സമൂഹവും ആകെ ഒരുമിച്ചുനിന്ന് പൊരുതേണ്ടൊരു വിപത്തല്ലേ? ആ ബോധത്തിലേക്ക് നിങ്ങൾ വന്നാൽ മാത്രമേ, നമുക്കിതിനെ ഒരുമിച്ച് നേരിടാൻ കഴിയുകയുള്ളൂ. ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. പലതരത്തിലുള്ള പ്രലോഭനങ്ങൾ, പലതരത്തിലുള്ള സ്വാധീനങ്ങളെക്കുറിച്ചൊക്കെ ഇവിടെ സൂചിപ്പിച്ചല്ലോ; ശ്രീ. ഡി. കെ. മുരളി, ചങ്ങമ്പുഴയുടെ കവിത ഉദ്ദരിക്കുകയുണ്ടായി. ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയുമുണ്ട്. വേദന ലഹരിയാക്കുന്നതിനെക്കുറിച്ചാണ് ശ്രീ. ഡി. കെ. മുരളി ചങ്ങമ്പുഴയെ ഉദ്ദരിച്ചത്.

"........ദു:ഖമാണെങ്കിലും നിന്നെക്കുറിച്ചുള്ള

ദു:ഖമെന്താനന്ദമാണെനിക്കോമനേ......'' എന്ന് ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് കവിത എഴുതിയിട്ടുണ്ട്. അതേ ചുള്ളിക്കാടുതന്നെ വീണ്ടും എഴുതിയത്,

".....എന്നെന്നുമെൻ പാനപാത്രം നിറയ്ക്കട്ടെ,

നിന്നസ്സാന്നിദ്ധ്യം പകരുന്ന വേദന..." എന്നാണ്.

പക്ഷേ ആ ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് വർഷങ്ങൾക്കുശേഷം പശ്ചാത്താപത്തോടുകൂടി ഒരു അമേരിക്കൻ യാത്രയ്ക്കുശേഷം എഴുതിയ അനുഭവം

നമ്മുടെ മുന്നിലുണ്ട്. ഇനി ലഹരി തൊടുകയില്ല, ലഹരി ഉപയോഗിക്കുകയില്ലെന്ന തീരുമാനമെടുത്തുവെന്ന് അദ്ദേഹം പറഞ്ഞു. ഒരു ദിവസമെടുത്ത ആ ദൃഢനിശ്ചയത്തോടുകൂടിയുള്ള തീരുമാനം ഇന്നേവരെ ഞാൻ പാലിച്ചുപോകുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അതിൽനിന്നും നമുക്ക് പ്രചോദനമുൾക്കൊള്ളാം. ഇവരെപോലുള്ള ആളുകൾ ലഹരി ഉപയോഗിച്ചതിൽനിന്നുമാത്രമല്ല, പ്രചോദനം ഉൾക്കൊള്ളേണ്ടത്. ഇത് ഉപേക്ഷിക്കാൻ അവരെടുത്ത തീരുമാനങ്ങളിൽനിന്ന്, ദൃഢനിശ്ചയത്തിൽനിന്ന് നമുക്ക് പ്രചോദനമുൾക്കൊള്ളാൻ കഴിയേണ്ടതാണ്. നമ്മൾ ഒരുമിച്ചുനിന്ന് ഈ സന്ദേശമാണ് നാടിന് നൽകേണ്ടത്. രാഷ്ട്രീയമായിട്ടുള്ള പോയിന്റ് സ്കോർ ചെയ്യുന്നതിന് നിങ്ങൾക്ക് വിഷയത്തിന് ക്ഷാമമൊന്നുമില്ലല്ലോ; ചെയ്തത് ചെയ്തു. ഇനിയെങ്കിലും ദയവ് ചെയ്ത് ഇത് അതിനുള്ള അവസരമാക്കി മാറ്റാതിരിക്കണമെന്ന് കൂപ്പ് കൈകളോടെ വിനീതമായി ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യങ്ങളിൽ പ്രാദേശിക ഭരണത്തിന്റെയും വികേന്ദ്രീകരണത്തിന്റെയും കാര്യത്തിൽ ഇന്ത്യയ്ക്ക്

എല്ലാകാലത്തും മാതൃകയാണ് കേരളം. ഇന്ന് രാജ്യത്തിന് മാതൃകയായ, ഒരുപക്ഷേ ലോകത്തിന് മാതൃകയായിട്ടുള്ള വലിയ ഉത്തരവാദിത്വങ്ങളാണ് പ്രാദേശിക സർക്കാരുകളെന്ന നിലയിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. പൈസയുടെ കാര്യത്തിലേക്ക് വരാം. പൈസയുടെ കാര്യത്തെക്കുറിച്ചാണ് അദ്ദേഹത്തിന്റെ ആശങ്ക. അപ്പോൾ അവിടെ നിന്നുതന്നെ തുടങ്ങാം.

(തുടരും....)

P-18-03-2025-MR/LD(2)-4.00-4.10-LV

(ശ്രീ. എം. ബി. രാജേഷ് തുടർച്ച......)

2010-11-ൽ പദ്ധതി അടങ്കലിന്റെ 20.45 ശതമാനമായിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തത്. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഇത് ക്രമാനുഗതമായി വർധിപ്പിക്കണമെന്ന് തീരുമാനിച്ചു. അപ്രകാരം പോയിന്റ് അഞ്ച് ശതമാനം വീതം എല്ലാ വർഷവും വർധിപ്പിക്കുന്നത് സാമ്പത്തിക പ്രതിസന്ധിക്കിടയിലും

തുടർന്നുകൊണ്ടിരിക്കുകയാണ്. സമയപരിമിതി കാരണം ഞാൻ ചുരുക്കുകയാണ്, ഓരോ വർഷത്തെയും കണക്ക് വേണമെങ്കിൽ പറയാം. 20.45 ശതമാനത്തിൽനിന്ന് തുടങ്ങിയത് ഇപ്പോൾ 2025-26-ൽ 28.35 ശതമാനമാണ്. പ്രതിപക്ഷം ഇവിടെ തെറ്റായിട്ടുള്ള കാര്യങ്ങൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. നടപ്പ് സാമ്പത്തിക വർഷത്തെ ചെലവ് 63.78 ശതമാനമാണ്. മാർച്ചിലാണ് ഏറ്റവും കൂടുതൽ എക്സ്പെൻഡിച്ചർ ആകുന്നതെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. അതുകൊണ്ട് ഇവിടെ ഉന്നയിച്ച ആശങ്കയ്ക്കൊന്നും അടിസ്ഥാനമില്ല. സാധാരണ എല്ലാ കാലത്തും ഉള്ളതുപോലെയുള്ള വിനിയോഗം ഈ വർഷവും സാധ്യമാകും.

പണം കൊടുക്കുന്നില്ലെന്ന ആരോപണമാണ് ഉയർത്തുന്നത്. മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 4131.19 കോടി രൂപയാണ് ബജറ്റ് വിഹിതം. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ടി തുക പൂർണ്ണമായി കൈമാറി കഴിഞ്ഞിട്ടുണ്ട്. ജനറൽ പർപ്പസ് ഫണ്ട് 12 ഗഡുക്കളായി 12 മാസങ്ങളിലാണ് നൽകുന്നത്. 2542.27 കോടി രൂപയിൽ മാർച്ചിലെ അവസാനത്തെ ഗഡു ഒഴികെ 11 ഗഡുവും ഇതിനകം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അവസാനം പണം

കൊടുക്കുന്നതുകൊണ്ട് ഇതുവിനിയോഗിക്കാൻ കഴിയുന്നില്ലെന്ന് ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ. പറഞ്ഞു. പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ രൂപം നൽകുന്നുണ്ട്. അതുകൊണ്ട് തന്നെ അത് വിനിയോഗിക്കുന്നതിന് തടസ്സമൊന്നും വരുന്നില്ല. പണം കൊടുക്കുന്നില്ലെന്ന് നേരത്തെ പറഞ്ഞത്, പല കാര്യങ്ങളും പ്രചരിപ്പിക്കുന്നതുപോലെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്.

ബഹുമാന്യരായ അംഗങ്ങളിൽ പലരും മാലിന്യ സംസ്കരണത്തെക്കുറിച്ച് കാര്യമായി തന്നെ പറഞ്ഞുവെന്നതിലുള്ള സന്തോഷം ഞാൻ പങ്കുവയ്ക്കുകയാണ്. ഒരു പക്ഷെ ഒരു വർഷം മുമ്പ് നമ്മുടെ ധനാഭ്യർഥന ചർച്ച നടന്നപ്പോൾ ആ വിഷയത്തെക്കുറിച്ച് ഇത്രത്തോളം ചർച്ച നടന്നിരുന്നില്ല. ഇത്തവണ അതിനെക്കാൾ കൂടുതൽ ചർച്ച നടന്നു. ബഹുമാന്യനായ ശ്രീ. മാത്യു ടി. തോമസിനെ പോലുള്ള മുതിർന്ന അംഗങ്ങൾ വളരെ ഗൗരവമായി തന്നെ ഇക്കാര്യങ്ങൾ ഇവിടെ ഉന്നയിച്ചു. ഞാൻ ഓരോ വിശദാംശങ്ങളിലേക്കും സമയപരിമിതി കൊണ്ട് പോകുന്നില്ല. പക്ഷെ ഇക്കാര്യത്തിൽ നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പുരോഗതിയെക്കുറിച്ച് ഈ സഭയും അതുവഴി

ജനങ്ങളും അറിയേണ്ടതുണ്ട്. ബ്രഹ്മപുരം തീപിടിത്തമുണ്ടായപ്പോൾ അടിയന്തരപ്രമേയം കൊണ്ടുവന്നു. വലിയ ചർച്ചയും വിവാദങ്ങളും കോലാഹലങ്ങളുമെല്ലാം ഉണ്ടായി. അന്ന് സർക്കാർ ഈ അസംബ്ലിയിൽ പ്രഖ്യാപിച്ച രണ്ട് കാര്യങ്ങളുണ്ട്. ഒന്ന് ബ്രഹ്മപുരത്തെ ആപത്തിനെ ഒരവസരമാക്കി മാറ്റും, അതായത് കേരളത്തെ മുഴുവൻ ശുചിയാക്കുന്നതിനുള്ള, മാലിന്യമുക്തമാക്കുന്നതിനുള്ള ഒരു അവസരമാക്കി മാറ്റുമെന്നാണ്. ബ്രഹ്മപുരം പൂങ്കാവനമാക്കി മാറ്റുമെന്ന് പറഞ്ഞപ്പോൾ വലിയ പരിഹാസവും ട്രോളുകളുമൊക്കെയുണ്ടായി. ഇന്നുണ്ടായിട്ടുള്ള മാറ്റമെന്താണ്? ഞാൻ ബ്രഹ്മപുരത്തിന്റെ കാര്യം തന്നെ പറയാം. ബ്രഹ്മപുരത്ത് മാത്രം ബയോമൈനിങ്ങിലൂടെ 34 ഏക്കർ ഭൂമിയാണ് വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. എട്ട് ലക്ഷത്തിലധികം മെട്രിക് ടൺ മാലിന്യ മലയുണ്ടായിരുന്ന സ്ഥലത്ത് 6 ലക്ഷത്തിലധികം മെട്രിക് ടൺ മാലിന്യ മല നീക്കം ചെയ്തുകൊണ്ട് 75 ശതമാനം മാലിന്യവും നീക്കം ചെയ്ത് പൂങ്കാവനത്തിന്റെ നിർമ്മാണം അവിടെ ആരംഭിച്ചിരിക്കുന്നു. ആലങ്കാരികമായി പറയുന്നതല്ല, അക്ഷരാർത്ഥത്തിൽ പൂങ്കാവനത്തിന്റെ നിർമ്മാണം അവിടെ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. അവിടെ

പോയി ക്രിക്കറ്റ് കളിക്കണ്ടേ, അപ്പോൾ അവിടെ ഈ സഭയിൽ അംഗമായിട്ടുള്ള ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ.-യും ഉണ്ടായിരുന്നു. ഒരു കാലത്ത് കടന്നുചെല്ലാൻ കഴിയാത്ത സ്ഥലം ഇന്ന് ക്രിക്കറ്റ് കളിക്കാൻ കഴിയുന്ന, വോളിബോൾ കോർട്ട് നിർമ്മിച്ചിട്ടുള്ള, പൂക്കൾ വിരിഞ്ഞു നിൽക്കുന്ന ഒരിടമായി മാറിയിട്ടുണ്ട്. ഒട്ടും ആലങ്കാരികമല്ല, അക്ഷരാർഥത്തിൽ തന്നെ അത് പറയാൻ സാധിക്കും. മേയ് മാസത്തോടുകൂടി ഇത് പൂർണ്ണമാകും. ആ പ്രദേശം പൂർണ്ണമായും നമുക്ക് വീണ്ടെടുക്കാൻ കഴിയും. പ്രതിദിനം 150 ടൺ ജൈവമാലിന്യം സംസ്കരിച്ച് ബയോഗ്യാസാക്കി മാറ്റി പൈപ്പ്ലൈനിലൂടെ ബി.പി.സി.എൽ.-ന്റെ റിഫൈനറിയിലേക്കെത്തിക്കുന്ന പ്രോജക്റ്റ് ഏപ്രിൽ മാസത്തിൽ പ്രവർത്തനക്ഷമമാകാൻ പോകുകയാണെന്ന കാര്യം ഞാൻ ഈ സഭയിൽ നേരത്തെ സൂചിപ്പിച്ചിരുന്നു. റെക്കോർഡ് വേഗത്തിലാണ് അത് യാഥാർഥ്യമായിട്ടുള്ളത്. നേരത്തെ ഇവിടെ ഒരംഗം പറഞ്ഞില്ലേ, 'അസാധ്യമെന്ന് കരുതുന്ന കാര്യങ്ങൾ സാധ്യമാക്കാൻ കഴിയുന്ന ഒരു ഗവൺമെന്റാണ് ഇത് എന്ന്. വിഖ്യാത ചിന്തകയായിട്ടുള്ള Marta Harnecker ആണ് രാഷ്ട്രീയത്തെക്കുറിച്ചുള്ള രണ്ട് നിർവചനങ്ങൾ പറഞ്ഞത്. 'Politics is

the art of possible', 'രാഷ്ട്രീയം സാധ്യതകളുടെ കലയാണ് എന്ന് നമ്മൾ എല്ലാവരും കേട്ടിട്ടുണ്ട്. Marta Harnecker പറഞ്ഞത്, Left politics is not the art of the possible but the art of making the impossible possible, എന്നാണ്. അസാധ്യമായതിനെ സാധ്യമാക്കുന്നതിന്റെ കലയാണ് ഇടതുരാഷ്ട്രീയമെന്ന് Marta Harnecker പറഞ്ഞത് ബ്രഹ്മപുരത്തെ മുൻനിർത്തി അത് ശരിയാണെന്ന് സ്ഥാപിക്കാൻ കഴിയും. ഞാൻ അതിന്റെ കൂടുതൽ വിശാദംശങ്ങളിലേക്ക് പോകുന്നില്ല.

'വാതിൽപ്പടി ശേഖരണം' 47 ശതമാനമുണ്ടായിരുന്നത് ഇന്ന് 85 ശതമാനത്തിലേക്ക് വർധിച്ചു. 'യൂസർ ഫീ' 34.9 ശതമാനമായിരുന്നത് 71.7 ശതമാനത്തിലേക്ക് വർധിച്ചു. മിനി എം.സി.എഫ്. (Mini Material Collection Facility)കളുടെ എണ്ണം മൂന്ന് ഇരട്ടിയായി വർധിച്ചു. എം.സി.എഫ്.-കൾ നാല് പഞ്ചായത്തിലൊഴികെ മറ്റ് എല്ലായിടത്തും വന്നുകഴിഞ്ഞു. ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ആർ.ആർ.എഫ്. (റിസോഴ്സ് റിക്കവറി ഫെസിലിറ്റി)-കളുടെ എണ്ണം ഇരട്ടിയിലധികമായി. ഇന്ന് 182 ബ്ലോക്കിലും മാത്രമല്ല മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമെല്ലാമായി

191 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 33378-ൽനിന്ന് 37176 ആയി വർധിപ്പിക്കാൻ കഴിഞ്ഞു. ക്ലീൻ കേരള കമ്പനി ശേഖരിച്ച മാലിന്യം 30217 ടണ്ണിൽ നിന്ന് 49978 ടണ്ണായി, 50000 ടണ്ണായി അത് വർധിച്ചു. ഇത്തരത്തിൽ ധാരാളം കണക്കുകളുണ്ട്. ഡിജിറ്റൽ മോണിറ്ററിങ്ങിനുള്ള 11 ലക്ഷം പേർ ഉപയോഗിച്ചിരുന്ന ഹരിതമിത്രം ആപ് ഇപ്പോൾ 75 ലക്ഷം പേർ ഉപയോഗിക്കുന്നു.

എൻഫോഴ്സ്മെന്റ് സംവിധാനം, ബോധവൽക്കരണം മാത്രമല്ല നേരത്തേ വിമുക്തിയുടെ കാര്യത്തിൽ ബോധവൽക്കരണത്തെ പരിഹസിച്ചല്ലോ. ബോധവൽക്കരണത്തിന് അതിന്റെ പ്രാധാന്യം ഏത് കാര്യത്തിലാണെങ്കിലും ഉണ്ട്. ഐ.ഇ.സി.-ക്ക് അതിന്റെ പ്രാധാന്യമുണ്ട്. ഇവിടെ ബോധവൽക്കരണം മാത്രമല്ല ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഈ ക്യാമ്പയിൻ തുടങ്ങുന്നതിനുമുമ്പ് ക്യാമറ നിരീക്ഷണം നേരത്തേ ഒരിടത്തുമുണ്ടായിരുന്നില്ല. ഇന്ന് 3557 കേന്ദ്രങ്ങളിൽ ക്യാമറ നിരീക്ഷണം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ ക്യാമ്പയിൻ തുടങ്ങുന്നതിനുമുമ്പ് 2023

മാർച്ചിൽ അവസാനിച്ച വർഷത്തിൽ 1138 പരിശോധനകളാണ് നടന്നത്. 51125 പരിശോധനകളാണ് ഈ വർഷം നടന്നത്. 2.9 ലക്ഷം രൂപ പിഴ ഈടാക്കിയ സ്ഥാനത്ത് ഇപ്പോൾ അത് 5.57 കോടി രൂപയായി ഉയർന്നു. അതിശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിക്കുന്നത്. വരുംവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം 786 ആണ്. നേരത്തേ ശ്രീ. മാത്യു ടി. തോമസ് സിംഗിൾ വാട്സാപ് നമ്പർ വന്നിട്ട് എത്രത്തോളം മാറ്റമുണ്ടായി എന്നുചോദിച്ചു. 4136 പരാതി ലഭിച്ചു. 2371 എണ്ണം അതിൽ സ്വീകാര്യമാണെന്ന് മനസ്സിലാക്കി, 1473770 രൂപ പിഴ ചുമത്തി. വാട്സാപ് വഴി ലഭിച്ച പരാതികളിൽ 1473770 രൂപയാണ് പിഴ ചുമത്തിയിട്ടുള്ളത്. അതുകൊണ്ട് മാത്രം എല്ലാമായെന്ന് ഞാൻ പറയുന്നില്ല. ആളുകളുടെ പെരുമാറ്റത്തിൽ, സമീപനത്തിൽ, ശീലത്തിൽ, സംസ്കാരത്തിലൊക്കെ മാറ്റം വരേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ തുടർന്ന് നടത്തേണ്ടതുണ്ട്. ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ ആ ഭാഗം അവസാനിപ്പിക്കാം. ബഹുമാന്യരായ എം.എൽ.എ.-മാർ പഴയതിനേക്കാൾ കൂടുതൽ താൽപര്യം ഇക്കാര്യങ്ങളിൽ

എടുക്കുന്നുണ്ട്. അപ്പോഴും ഒരു പ്രശ്നമുണ്ട്. ഇനിയിപ്പോൾ തിരഞ്ഞെടുപ്പ് വരികയായി. തദ്ദേശസ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പ്, അതുകഴിഞ്ഞാൽ നിയമസഭാ തിരഞ്ഞെടുപ്പ്. ഒരടിസ്ഥാനവുമില്ലാത്ത പ്രാദേശികമായിട്ടുള്ള എതിർപ്പ് ഉയർന്നുവരുമ്പോൾ ആ എതിർപ്പിന്റെ മുന്നിൽ നിശ്ശബ്ദരായിപ്പോകുകയും മൗനം പാലിക്കുകയും ചെയ്യുന്ന ജനപ്രതിനിധികളുമുണ്ട്. എന്തിനാണ് മുഷിച്ചിലുണ്ടാക്കുന്നത്, നാല് വോട്ട് ലഭിക്കുന്നത് കളയാൻ ഇടവരണ്ടല്ലോ എന്നുകരുതി ഇത്തരം എതിർപ്പിന്റെ കൂടെ നിൽക്കുന്ന ജനപ്രതിനിധികളുമുണ്ട്. എനിക്ക് ബഹുമാന്യരായ എം.എൽ.എ.-മാരോട് അഭ്യർത്ഥിക്കാനുള്ളത് ഈ നല്ല മാറ്റം നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് ലക്ഷ്യത്തിലേയ്ക്കെത്തണമെങ്കിൽ നാം കൂട്ടായി ഒരുമിച്ച് നിൽക്കണം. ഇന്ന് കേരളത്തിൽ ആരെങ്കിലും സമരം ചെയ്യേണ്ടതുണ്ടെങ്കിൽ എന്റെ നാട്ടിൽ ഒരു മാലിന്യ സംസ്കരണ പ്ലാന്റ് വേണമെന്നാവശ്യപ്പെട്ടാണ് സമരം ചെയ്യേണ്ടത്. പക്ഷേ നിർഭാഗ്യകരമായ സ്ഥിതിയാണ്. ഒരു പ്ലാന്റ് എവിടെയെങ്കിലും വന്നാൽ അത് ഇവിടെ പറ്റില്ല എന്നുപറഞ്ഞാണ് സമരം. എല്ലാവരും പ്രസംഗത്തിൽ മാലിന്യസംസ്കരണത്തിന് ഒപ്പം നിൽക്കുന്നവരാണ്.

പക്ഷേ നിലപാടെന്താണ്, not in my backyard എന്നാണ്. ഞങ്ങൾ ഇതിനൊപ്പമാണ്. പക്ഷേ ഇവിടെ പറ്റില്ല. ഇതാണ് സമീപനം. വ്യത്യസ്തമായ ഒരനുഭവം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ചേർത്തലയിലെ ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റിനെതിരെ വലിയ സമരമാണ് ഉയർന്നുവന്നത്. ആ സമരത്തെ നേരിട്ട്

ഈ മാസം 28-ാം തീയതി ആ പ്ലാന്റ് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. അദ്ദേഹം നൽകിയിട്ടുള്ള പിന്തുണ ഈ സഭയിലെ മറ്റ് അംഗങ്ങൾക്ക് കൂടി മാതൃകയാകുമെന്നത് കൊണ്ട് പറയാൻ ആഗ്രഹിക്കുകയാണ്. ജനപിന്തുണയിൽ അദ്ദേഹത്തിന് യാതൊരു കുറവുമുണ്ടായിട്ടില്ല. ജനങ്ങളെയാകെ വിശ്വാസത്തിലെടുക്കാൻ കഴിഞ്ഞു. അങ്ങനെ പലരുമുണ്ട്, ഞാൻ എല്ലാവരുടെയും പേര് പറയാത്തതാണ്. കക്കൂസ് മാലിന്യം മുഴുവൻ തോട്ടിലും ജലസ്രോതസ്സുകളിലും പുഴയിലും കൊണ്ടുപോയി നിക്ഷേപിച്ചിരുന്നതാണ്. യാഥാർഥത്തിൽ പ്ലാന്റ് വരുമ്പോൾ ഈ പ്രശ്നം പരിഹരിക്കാനാണ് കഴിയുന്നത്. ഇതിൽ ആർക്കും വേവലാതിയില്ല. തോട്ടിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നതും വെള്ളത്തിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നതും

ഒഴിവാക്കാൻ ഒരു പ്ലാന്റ് വന്നാൽ സമരം ചെയ്യുക. വിചിത്രമായൊരു സാഹചര്യമാണ് നില നിൽക്കുന്നത്. നേരത്തെ മയക്കുമരുന്നിന്റെ കാര്യം പറഞ്ഞതുപോലെ ഒറ്റക്കെട്ടായി നാം ഏറ്റെടുക്കേണ്ട ഒരു കാര്യമാണിത്. ബാക്കി എല്ലാ അഭിപ്രായ വ്യത്യാസങ്ങൾക്കിടയിലും ഇത് ഞാൻ സഭയുടെ മുമ്പാകെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ലൈഫ് പദ്ധതിയുടെ കാര്യമെടുത്താൽ 5,44,479 വീടുകൾ നിർമ്മിക്കാനാണ് ധനസഹായം നൽകിയിട്ടുള്ളത്. ഏറ്റവും പുതിയ കണക്കനുസരിച്ച് 4,32,858 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ചിത്രം വരയ്ക്കുന്ന കാര്യം ഇവിടെ പറഞ്ഞിരുന്നല്ലോ; മനുഷ്യന്റെ പ്രത്യേകത എന്താണെന്ന് വച്ചാൽ, ഭാവനയിൽ കാണുന്ന കാര്യം യാഥാർഥ്യമാക്കാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നൊരു ജീവിയാണ് മനുഷ്യൻ. ഭവനരഹിതരായ കേരളത്തിലെ കുട്ടികൾക്ക് അത് ഭാവനയിൽ കാണാൻ കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ അവർക്ക് ഒരു വീടിനെക്കുറിച്ച് സ്വപ്നം കാണാൻ കഴിഞ്ഞിരിക്കുന്നു. ആ സ്വപ്നം സമ്മാനിച്ചത് ലൈഫ് പദ്ധതിയാണ്. അങ്ങനെ അവർ തറ വരയ്ക്കുകയും ചുവർ വരയ്ക്കുകയുമൊക്കെ ചെയ്യുന്നു. ആ സ്വപ്നം യാഥാർഥ്യമായി

മാറുകയും ചെയ്യുന്നു. അങ്ങനെ യാഥാർഥ്യമായി മാറിയതാണ് 4,32,858 കുടുംബങ്ങളുടെ സ്വപ്നം. 1,11,621 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. പതിനെട്ടായിരം കോടിയിലധികം രൂപയാണ് കേരളം പോലുള്ള ഒരു ചെറിയ സംസ്ഥാനം ലക്ഷക്കണക്കിന് ആളുകൾക്ക് വീടുവച്ചു നൽകുന്നതിന് വിനിയോഗിച്ചിട്ടുള്ളത്. അതിൽ കേന്ദ്ര വിഹിതം വെറും 2081 കോടി രൂപ മാത്രമാണ്. മാത്രമല്ല, അതിനും ബ്രാൻഡിങ് നടത്തണമെന്നാണ് കേന്ദ്രം ഇപ്പോൾ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷ അംഗങ്ങളുമെല്ലാം ഒരുമിച്ച് നിൽക്കേണ്ട ഒരു സന്ദർഭമാണിത്. കാരണം ഈ തുക ലഭിക്കണമെങ്കിൽ ഓരോ വീടിന്റെയും മുന്നിൽ ബ്രാൻഡിങ് നടത്തണമെന്ന് കേന്ദ്രം ആവശ്യപ്പെടുകയാണ്. ആർട്ടിക്കിൾ 21-ന്റെ വയലേഷനാണിതെന്ന് സൂചിപ്പിച്ചുകൊണ്ട് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് ഇതുസംബന്ധിച്ച് കത്തയച്ചു. പ്രസ്തുത ആർട്ടിക്കിൾ സൂചിപ്പിക്കുന്നത് right to life-നെയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിരിക്കുന്നത് right to life എന്നുപറഞ്ഞാൽ, right to life with dignity (അന്തസ്സോടുകൂടി ജീവിക്കാനുള്ള അവകാശം) എന്നാണ്.

ഞാൻ കഴിഞ്ഞ ഒരുദിവസം കേന്ദ്ര നഗരവികസന വകുപ്പുമന്ത്രിയായ ശ്രീ. മനോഹർ ലാൽ ഖട്ടറിനെ കാണാൻ പോയിരുന്നു. അദ്ദേഹത്തോട് ഇക്കാര്യം സൂചിപ്പിച്ചിട്ട് അദ്ദേഹത്തിന് അതു മനസ്സിലാകുന്നേയില്ല. അദ്ദേഹം എന്നോട് ചോദിച്ചത്, അത്ര വലിയ അന്തസ്സ് നോക്കുന്നവരാണെങ്കിൽ, പിന്നെ എന്തിനാണ് വീടിനുവേണ്ടി അപേക്ഷിക്കുന്നത് എന്നാണ്. ഇതാണ് മനോഭാവം. മനുഷ്യ അന്തസ്സിനെക്കുറിച്ചും സാമൂഹ്യ നീതിയെക്കുറിച്ചുമുള്ള കേരളീയരുടെ സങ്കൽപങ്ങൾ മനസ്സിലാക്കുകപോലും ചെയ്യാത്തവരാണ് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്നതെന്ന നിർഭാഗ്യകരമായ സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യം നമ്മുടെ എം.പി.-മാർ ഒറ്റക്കെട്ടായി പാർലമെന്റിൽ ഉയർത്തിക്കൊണ്ടുവരേണ്ട പ്രശ്നമാണ്. ബാക്കി കാര്യങ്ങളിൽ ബ്രാൻഡിങ് ആകാമെന്ന് നമ്മൾ സൂചിപ്പിച്ചു. എന്നാൽ ഒരു വീടിന്റെ കാര്യമായതിനാൽ ബ്രാൻഡിങ് അവരുടെ അന്തസ്സിനെ ബാധിക്കുന്നതാണെന്നും നമ്മൾ പറഞ്ഞു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇനി എത്ര സമയം വേണം.

ശ്രീ. എം. ബി. രാജേഷ്: സർ, കഴിയുന്നത്ര ചുരുക്കാം. ഞാൻ വളരെ ചുരുക്കിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. വലിയൊരു വകുപ്പ് ആയിപ്പോയതുകൊണ്ടാണ്. യഥാർഥത്തിൽ കൂടുതൽ സംസാരിക്കണമെന്ന് ആഗ്രഹമില്ലാത്ത ഒരുദിവസം കൂടിയാണിന്ന്. നാല് ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തിയായി. രണ്ടെണ്ണം പാർട്ണർ ഷിപ്പ് വ്യവസ്ഥയിൽ പൂർത്തിയാക്കി. 21 എണ്ണം ഓൺ ഗോയിങ്ങാണ്.

ഇനി നമ്മൾ ഒരുമിച്ച് നിൽക്കേണ്ട ഒരുകാര്യം, ' മനസ്സോട് ഇത്തിരി മണ്ണ്' എന്ന ക്യാമ്പയിനിനെ സംബന്ധിച്ചാണ്. സംഭാവനയായി ഭൂമി കണ്ടെത്തുന്ന പദ്ധതിയാണിത്. ഇതുവരെ നമുക്ക് 31 ഏക്കർ ഭൂമി സംഭാവനയായി ലഭിച്ചിട്ടുണ്ട്. എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, തദ്ദേശ സ്ഥാപനങ്ങളിലെ ഭാരവാഹികൾ എന്നിവരെല്ലാം ഒരുമിച്ച് ശ്രമിച്ചാൽ ഇനിയും കൂടുതൽ ഭൂമി നമുക്ക് സംഭാവനയായി കണ്ടെത്താൻ കഴിയും. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 2000 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള പണം സർക്കാരിന് നൽകിയിട്ടുണ്ട്. 1000 പേർക്ക് ഭൂമി വാങ്ങി കൊടുത്തു. അപ്പോഴാണ് അവർ വീണ്ടും 1000 പേർക്കുകൂടി ഭൂമി വാങ്ങി നൽകുന്നതിന്

വാഗ്ദാനം നൽകിയത്. ലയൺസ് ക്ലബ്ബ് 100 വീടുവച്ചു നൽകാമെന്ന് പറയുകയും അതിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സമാഹരിക്കാൻ കഴിയുന്ന എല്ലാ സാധ്യതകളെയുംകൂടി ക്രോഡീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

മറ്റൊരു വിഷയം അതിദാരിദ്ര്യ നിർമ്മാർജ്ജനത്തെ സംബന്ധിച്ചാണ്. ലോകത്തിന് മാതൃകയാകുന്ന ഒരു ലക്ഷ്യത്തിലേക്ക് നാം നീങ്ങുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകൂടി നേതൃത്വത്തിൽ സർക്കാരിന്റെ മാർഗനിർദേശത്തോടെയും പിന്തുണയോടെയുമാണ് അത് നടന്നുകൊണ്ടിരിക്കുന്നത്. 64006 അതിദരിദ്രരായ കുടുംബങ്ങളെ നാം കണ്ടെത്തിയിട്ടുണ്ട്. 56697 മൈക്രോ പ്ലാനുകൾ നമ്മൾ തയ്യാറാക്കുകയും ചെയ്തു. നിലവിൽ ഇതുവരെ 48941 കുടുംബങ്ങൾ (76.46%) അതിദാരിദ്ര്യത്തിൽനിന്നും മുക്തരായി. 2025 നവംബർ ഒന്ന് ആകുമ്പോൾ മുഴുവൻ ആളുകളെയും അതിദാരിദ്ര്യത്തിൽനിന്നും മുക്തരാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോകത്ത് ചൈന കഴിഞ്ഞാൽ ഒരുപക്ഷെ, ഇത്ര സാഹസികമായ ഒരു ശ്രമം ഏറ്റെടുത്തിട്ടുള്ളൊരു പ്രദേശമേയുള്ളൂ, അത്

കേരളമാണ്. 'ഇന്ത്യയിൽ ചൈന കൈവരിച്ച സാമൂഹിക നേട്ടങ്ങൾക്ക് ഒപ്പമെത്താൻ കഴിയുന്ന ഏതെങ്കിലും ഒരു സംസ്ഥാനമുണ്ടെങ്കിൽ അതു കേരളം മാത്രമാണ് എന്ന് അതുകൊണ്ടായിരിക്കാം വിഖ്യാത നോബൽ സമ്മാന ജേതാവായ ശ്രീ. അമർത്യ സെൻ പറഞ്ഞത്. അതിദരിദ്ര കുടുംബങ്ങളിൽ ഭൂരഹിതരായ ആളുകൾക്ക് സർക്കാരിന്റേയോ റവന്യൂ വകുപ്പിന്റേയോ മറ്റു വകുപ്പുകളുടെയോ കൈവശമുള്ള ഭൂമി കണ്ടെത്തി പതിച്ചു നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

7205 സെന്റ് ഭൂമി കണ്ടെത്തിക്കഴിഞ്ഞു. 899 അതിദരിദ്ര കുടുബങ്ങൾക്ക് ഈ ഭൂമി ലഭ്യമാക്കാൻ കഴിയും. ഇക്കാര്യത്തിൽ വലിയ പരിശ്രമമാണ് ജില്ലാകളക്ടർമാർ വഴി സർക്കാർ നടത്തിയത്.

തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിലായാലും നാം ഒരുമിച്ചുനിൽക്കേണ്ടത് ആവശ്യമാണ്. ഇന്ത്യയിൽ ഏറ്റവും നന്നായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. തൊഴിലുറപ്പ് പദ്ധതിയുടെ ദേശീയ തലത്തിലുള്ള മാനദണ്ഡങ്ങളിൽ 8 എണ്ണമെടുത്താൽ നാല് എണ്ണത്തിൽ കേരളം ഒന്നാമതാണ്. 2 എണ്ണത്തിൽ രണ്ടാമതും ഒരുകാര്യത്തിൽ

മൂന്നാമതുമാണ് കേരളം. സമയമില്ലാത്തതിനാൽ ഏതൊക്കെയാണെന്ന് ഞാൻ വിശദീകരിക്കുന്നില്ല. അത്ര മികച്ച നിലയിലാണ് നാം ആ പദ്ധതി നടപ്പാക്കുന്നത്. പക്ഷെ അനുഭവം എന്താണ്, നമുക്ക് ലഭിക്കാനുള്ള കുടിശ്ശിക 749 കോടി രൂപയാണ്. ഇക്കാര്യം പാർലമെന്റിൽ എം.പി.-മാർ ഒരുമിച്ചുനിന്ന് ഉന്നയിക്കേണ്ടതല്ലേ, നമ്മൾ ഒരുമിച്ചുനിന്ന് പൊരുതി നേടേണ്ട കാര്യമല്ലേ. അതുമാത്രമാണോ; പത്തരക്കോടി തൊഴിൽ ദിനമുണ്ടായിരുന്നത് കഴിഞ്ഞ വർഷം ആറരക്കോടിയായി വെട്ടിക്കുറച്ചു. ഈ വർഷം കണ്ണിൽചോരയില്ലാതെ അഞ്ചുകോടിയായി/നേർ പകുതിയായി വെട്ടിക്കുറച്ചിരിക്കുകയാണ്. കേരളത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഓണം അലവൻസായി സംസ്ഥാന സർക്കാരിന്റെ 56 കോടി രൂപയാണ് ചെലവഴിച്ചത്. ട്രൈബൽ പ്ലസിന് 41 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചു. ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് ഓണം അലവൻസും ട്രൈബൽ പ്ലസും നഗര തൊഴിലുറപ്പുപദ്ധതിയുമുള്ളത്. തൊഴിലുറപ്പു തൊഴിലാളികൾക്ക് ക്ഷേമ നിധി ഏർപ്പെടുത്തിയിട്ടുള്ളതും സോഷ്യൽ ഓഡിറ്റ് നൂറ് ശതമാനവും പൂർത്തിയാക്കിയിട്ടുള്ളതും കേരളത്തിൽ മാത്രമാണ്.

ഇനി അവസാന ഭാഗത്തേയ്ക്കുകടക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ധാരാളം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സംസാരിച്ചപ്പോൾ ഐ.എൽ.ജി.എം.എസ്.-ൽനിന്ന് കെ-സ്മാർട്ടിലേക്ക് മാറുന്നതെന്തോ അപരാധമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. കെ-സ്മാർട്ട് നഗരസഭകളിൽ നടപ്പാക്കിയിട്ട് ഒരു വർഷം പൂർത്തിയായി. വളരെ മികച്ച നിലയിലാണ് കെ-സ്മാർട്ട് സ്വീകരിക്കപ്പെട്ടത്. ഈ സഭയിൽ കഴിഞ്ഞ ധനാഭ്യർഥന ചർച്ചയ്ക്കിടയിൽ വന്ന ചില ആശങ്കകൾ ഞാൻ ഓർമ്മിക്കുകയാണ്. അന്ന് ഒരു ഉറപ്പുനൽകിയിരുന്നു. ഒരു ഘട്ടത്തിൽ കെ-സ്മാർട്ടിനെ എതിർത്തവർ തന്നെ ഇന്ന് അതിന്റെ മികവിനെ അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. ഒന്നുരണ്ട് കണക്കുകൾ മാത്രം ഞാൻ പറയാം. കെ-സ്മാർട്ട് വന്നപ്പോൾ ഓഫീസ് സമയം 10.00 മണി മുതൽ 5.00 മണിവരെ എന്നത് അപ്രസക്തമായി. ഓഫീസ് സമയം കഴിഞ്ഞാലും അവധി ദിനങ്ങളിലും ഫയൽ അപ്രൂവ് ചെയ്യാമെന്ന സ്ഥിതി ഇപ്പോൾ വന്നിരിക്കുകയാണ്. അതിവേഗത്തിൽ ഫയലുകൾ അപ്രൂവ് ചെയ്യുമ്പോൾ ആളുകൾക്ക് അതിവേഗത്തിൽ സേവനം

ലഭ്യമാകുന്നു. അവധി ദിനങ്ങളിൽ അപ്രൂവ് ചെയ്ത ഫയലുകളുടെ എണ്ണം 163699 ആണ്. ഞായറാഴ്ചയും രണ്ടാം ശനിയാഴ്ചയും വിഷുവിനും ഓണത്തിനുമൊക്കെ ഫയൽ അപ്രൂവ് ചെയ്യാമെന്ന സ്ഥിതി വന്നിരിക്കുന്നു. അത്തരത്തിൽ 163699 ഫയലുകൾ അപ്രൂവ് ചെയ്തിരിക്കുന്നു. ഇത് ഓൺലൈനായും നമുക്ക് മോണിറ്റർ ചെയ്യാൻ സാധിക്കും. അതുപോലെ ഓഫീസ് സമയത്തിനുശേഷം അപ്രൂവ് ചെയ്ത ഫയലുകൾ മൂന്നരലക്ഷമാണ്, 350659 ഫയലുകളാണ്. വീട്ടിൽ പോയാലും ആളുകൾക്ക് വേണമെങ്കിൽ ജോലി ചെയ്യാമെന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. അത് സേവനകാര്യക്ഷമതയെ മെച്ചപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരു മണിക്കൂറിൽ അപ്രൂവ് ചെയ്ത ഫയലുകൾ/സേവനങ്ങൾ 443955 ആണ്. പഴയ കഥ എന്താണ്? പഞ്ചായത്തിലേക്കും മുനിസിപ്പാലിറ്റിയിലേക്കുമൊക്കെ നടന്നുനടന്ന് ചെരുപ്പ് തേഞ്ഞു എന്നതാണ്. ഇപ്പോൾ പോകേണ്ട കാര്യം പോലുമില്ല. കൈയിലൊരു സ്മാർട്ട് ഫോണുണ്ടെങ്കിൽ കെ-സ്മാർട്ട് ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്താൽ ലോകത്തെവിടെയിരുന്നാലും നിങ്ങൾക്ക് പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും സേവനങ്ങൾ ലഭ്യമാകും. 443955 ഫയലുകൾ ഒരു

മണിക്കൂറിലാണ് തീർപ്പാക്കിയത്. 24 മണിക്കൂറിൽ തീർപ്പാക്കിയത് 970458 ഫയലുകളാണ്. ബാക്കി കണക്ക് സമയക്കുറവുമൂലം പറയുന്നില്ല.

ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റാങ്കിങ്ങിൽ കേരളത്തെ മുന്നിലെത്തിക്കുന്നതിൽ ഏറ്റവും വലിയ സംഭാവന കെ-സ്മാർട്ടിന്റേതായിരുന്നു. നഗര, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ, അനുമതികൾ, അത് ലഭ്യമാക്കുന്നതിലെ വേഗത എന്നിവയിൽ കേരളം ഇന്ത്യയിൽ ഒന്നാമതെത്തി. അത് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റാങ്കിങ്ങിൽ ഏറ്റവും സഹായകരമായി മാറിയിട്ടുള്ള ഒന്നാണ്. 'കെ-സ്മാർട്ട്' എന്നത് ഇന്ന് എല്ലാവരും അംഗീകരിക്കുന്ന ഒരു സംവിധാനമായി മാറിയിട്ടുണ്ട്. പഞ്ചായത്തിലേക്ക് വരുമ്പോൾ, ഐ.എൽ.ജി.എം.എസ്. (Integrated Local Self-Governance Management System) മികച്ചതായിരുന്നു. എന്നാൽ ഐ.എൽ.ജി.എം.എസ്.-ന്റെ തന്നെ മികച്ച വേർഷനാണ് 'കെ-സ്മാർട്ട്' . അതുകൊണ്ട് അത് കൂടുതൽ സഹായകരമായിത്തീരും. ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്ന തനതുവരുമാനത്തെക്കുറിച്ച് പറഞ്ഞു. ഒരു കണക്കുമാത്രം

ഞാൻ പറയാം. 2020-21-ൽ 1142.31 കോടി രൂപയായിരുന്നു തനതു വരുമാനം. 2023-24-ൽ അത് 3095.62 കോടി രൂപയായിരുന്നു. അതായത് മൂന്നിരട്ടിയായി വർധിച്ചു. ഇനി സർക്കാരിന്റെ കൊള്ളയാണെന്ന് പറയരുത്. പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളതാണ്. ചില്ലിക്കാശ് സർക്കാരിനുള്ളതല്ല എന്ന കാര്യവും സൂചിപ്പിക്കുന്നു. പെർമിറ്റ് ഫീ വർധിപ്പിക്കുകയും വിമർശനം വന്നതിന്റെ അടിസ്ഥാനത്തിൽ പിന്നീട് കുറയ്ക്കുകയും ചെയ്തു. കുറച്ചുവെന്നുമാത്രമല്ല വർധിപ്പിച്ചത് ആ കാലയളവിൽ തിരികെ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പെർമിറ്റ് ഫീ കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ധാരാളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച്, മലപ്പുറം ജില്ലയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രമേയം പാസ്സാക്കി അയച്ചിരുന്നു. പ്രമേയം പാസ്സാക്കിയപ്പോൾ സർക്കാർ പെർമിറ്റ് ഫീ കുറയ്ക്കുമെന്ന് അവർ ഒരുപക്ഷെ പ്രതീക്ഷിച്ചുകാണില്ല. ഇനി അഥവാ കുറച്ചാൽത്തന്നെയും നേരത്തെ വാങ്ങിയ പണം തിരികെ നൽകണമെന്ന നിലപാട് സർക്കാർ സ്വീകരിക്കുമെന്നും പ്രതീക്ഷിച്ചുകാണില്ല. അധികമായി വാങ്ങിയ പെർമിറ്റ് ഫീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് തിരികെ

ലഭിക്കുന്നില്ലെന്ന ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. എല്ലാവരും അത് എത്രയുംവേഗം തിരിച്ചുനൽകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. പെർമിറ്റ് ഫീ വാങ്ങിയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്, തിരികെ നൽകേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ്.

ജനക്ഷേമകരവും ജനസൗഹൃദപരവുമായ ഒട്ടേറെ നടപടികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശ അദാലത്ത് നടത്തി. ജില്ലാതലത്തിൽ മന്ത്രി നേരിട്ട് പങ്കെടുത്തുകൊണ്ട് 17791 പരാതികൾ പരിഗണിച്ചതിൽ 92 ശതമാനത്തിലും അനുകൂല തീർപ്പുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ ലഘുവാക്കിക്കൊണ്ടും ലളിതമാക്കിക്കൊണ്ടുമുള്ള 124 പൊതു ഉത്തരവുകൾ പുറപ്പെടുവിക്കാൻ പോകുന്നു. 12 എണ്ണത്തിന്റെ ഉത്തരവുകൾ പുറപ്പെടുവിച്ച് കഴിഞ്ഞു, 122 എണ്ണം പരിഗണനയിലുമാണ്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലളിതമാക്കുന്നതിനുവേണ്ടി 106 ചട്ടഭേദഗതികൾ പരിഗണിച്ച് കൊണ്ടിരിക്കുകയാണ്. അധികം വൈകാതെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലളിതമാക്കികൊണ്ടുള്ള 106 ഭേദഗതികൾ യാഥാർഥ്യമാകാൻ പോകുകയാണ്. 'അഴിമതിരഹിതമായ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ' എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇന്നലെയാണ് ഒരു പുതിയ സിംഗിൾ വാട്സ്ആപ് നമ്പർ ലോഞ്ച് ചെയ്തിട്ടുള്ളത്. അതെല്ലാവർക്കും പ്രയോജനപ്പെടുന്ന ഒന്നാണ്. ' 8068076060' എന്ന വാട്സ്ആപ് നമ്പറിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി സംബന്ധിച്ച് ഏത് പരാതിയും ആർക്കും വാട്സ്ആപ് ചെയ്യാം. ഇക്കാര്യത്തിൽ ഉടൻ നടപടിയുണ്ടാകും. ഗുഡ് ഗവേണൻസ് സെൽ, (Good Governance Cell) പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സി.വി.ഒ.-യുടെ നേതൃത്വത്തിൽ ഗുഡ് ഗവേണൻസ് സെൽ ഇത്തരം പരാതികൾ പരിശോധിക്കും. ജെ.ഡി. ഓഫീസുകളിലും സമാനമായ ഗുഡ് ഗവേണൻസ് സെല്ലുകളുണ്ടാകും.

ഇത്രയും കാര്യങ്ങളാണ് അങ്ങ് അനുവദിച്ച സമയത്തിനകത്തുനിന്നുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുത്ത പ്രവർത്തനങ്ങളെക്കുറിച്ച് എനിക്ക് ചുരുക്കി സൂചിപ്പിക്കാനുള്ളത്. മെയിന്റനൻസ് ഗ്രാന്റിന്റെ കാര്യം

ധനകാര്യ വകുപ്പ് അംഗീകരിക്കുന്ന കാര്യമല്ല. മെയിന്റനൻസ് ഗ്രാന്റ് മെയിന്റനൻസിന് മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. അതിന് ഇളവുകൊടുക്കാനുള്ള വ്യവസ്ഥ ഇപ്പോഴില്ല. 1000 കോടി രൂപ തദ്ദേശ റോഡുകൾക്കായി സർക്കാർ നീക്കിവച്ചിട്ടുണ്ട്. അതിൽ 3558 തദ്ദേശ റോഡുകൾക്കുള്ള ഭരണാനുമതി ലഭ്യമായികഴിഞ്ഞുവെന്ന കാര്യം ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. അതിവേഗത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ നേരത്തെ മെറ്റീരിയൽ കംപോണന്റ് ഉപയോഗിച്ച് 10 ശതമാനം റോഡുകളാണ് നിർമ്മിക്കാൻ കഴിഞ്ഞിരുന്നതെങ്കിൽ സർക്കാർ അതിൽ ഭേദഗതി വരുത്തി ഇപ്പോൾ 30 ശതമാനം തുക റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കാം. ഈ രണ്ട് കാര്യങ്ങൾ കൊണ്ട് റോഡിന്റെ പ്രശ്നത്തിൽ വലിയ തോതിൽ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ധനാഭ്യർഥനകൾ പാസ്സാക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാർക്ക് ആകെ അനുവദിച്ച സമയം 40 മിനിട്ടാണ്. അങ്ങ് തെറ്റിദ്ധരിച്ചിരിക്കുകയാണ്.

ഇന്നലത്തെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യത്തിൽ ഫിഗറുകളിൽ ചില errors ഉണ്ട്. അത് കറക്ട് ചെയ്യണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. അത് സഭാരേഖകളിൽ കറക്ട് ചെയ്യുന്നതാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ചാണ് ഞാൻ മറുപടി പറയുന്നത്. ചർച്ചയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾക്ക് അനുസരിച്ച് മറുപടി പറയുന്നതിന് ധാരാളം സമയം വേണ്ടിവരും. ഞാൻ അത്രയും സമയം എടുക്കുന്നില്ല. കേരളത്തിലെ ആകെ ശമ്പള ചെലവിൽ 50 ശതമാനത്തോളം ചെലവാക്കുന്നത് വിദ്യാഭ്യാസം, ഹയർ എഡ്യൂക്കേഷൻ, ജനറൽ എഡ്യൂക്കേഷൻ എന്നീ മേഖലകളിലാണ്. ജനറൽ എഡ്യൂക്കേഷൻ മേഖലയിലാണ് ഏറ്റവും കൂടുതൽ തുക ചെലവാക്കുന്നത്. ഇന്ത്യയിലെ സ്കൂളുകളുടെ ശരാശരി എടുത്താൽ

ഏറ്റവും അധികം സ്കൂളുകളുള്ള സംസ്ഥാനമാണ് കേരളം. ഏകദേശം 13500 സ്കൂളുകളാണ് എയ്ഡഡ്, ഗവൺമെന്റ് മേഖലകളിലുള്ളത്. സ്കൂളുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ കേരളവുമായി താരതമ്യം ചെയ്യാൻ കഴിയുന്ന തരത്തിലുള്ള അടുത്ത സംസ്ഥാനം തെലങ്കാനയാണ്. ജനസംഖ്യയും വരുമാനവും പരിശോധിക്കുമ്പോൾ നമുക്ക് താരതമ്യം ചെയ്യാൻ കഴിയുന്നത് തെലങ്കാനയുമായാണ്. അവിടെ 6500 സ്കൂളാണ് ഉള്ളത്. ബൃഹത്തായ ഒരു സ്കൂൾ സമ്പ്രദായമുള്ള സംസ്ഥാനത്ത് സ്കൂൾ എഡ്യൂക്കേഷന്റെയും ജനറൽ എഡ്യൂക്കേഷന്റെയും ഐ.ടി.ഐ.-യുടെയും വകുപ്പ് കൈകാര്യം ചെയ്യുന്ന മേഖലകളിലുള്ള പൊതുവായ കാര്യങ്ങൾ എന്റെ കൈവശമുള്ള മറുപടിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എല്ലാ കാര്യങ്ങളും മറുപടിയിൽ അവതരിപ്പിക്കുന്നില്ല. ലോക്സഭയിലും രാജ്യസഭയിലും ചെയ്യുന്നതുപോലെ റിക്കാർഡിന്റെ ഭാഗമായി ഈ മറുപടി നൽകികഴിഞ്ഞാൽ രേഖയിൽ വരുമെന്നാണ് ഞാൻ കരുതുന്നത്. മറുപടി പറഞ്ഞശേഷം മേശപ്പുറത്ത് വയ്ക്കുകയും ചെയ്യാം.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി 2017-2018 അക്കാദമിക വർഷത്തിലാരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും വിദ്യാകിരണം

പദ്ധതിയും കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. കിഫ്ബി അടക്കമുള്ള വിവിധ പദ്ധതികളുടെ ഭാഗമായി 5000 കോടി രൂപയുടെമുകളിലുള്ള വികസനപ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തിയിട്ടുണ്ട്. സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി കിഫ്ബി വഴി 2565 കോടി രൂപ നിക്ഷേപിച്ച് 973 സ്കൂൾ കെട്ടിടങ്ങൾക്ക് ഭരണാനുമതി നൽകുകയും 518 എണ്ണം ഇക്കാലയളവിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്ലാൻ, നബാർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ച് സർക്കാരും എയ്ഡഡ് മേഖലയിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ക്ലാസ് റൂമുകളിലെ സാങ്കേതികവിദ്യയുടെ വികസനത്തിനുവേണ്ടി നടത്തിയിട്ടുള്ള കാര്യങ്ങൾ എടുത്തു പറയേണ്ടതാണ്. 50,000-ത്തിലധികം ക്ലാസ്സ്റൂമുകൾ ഹൈടെക്കാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ടിങ്കറിങ് ലാബുകൾ, റോബോട്ടിക് ലാബുകൾ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. അധ്യാപകർക്കും വിദ്യാർഥികൾക്കും നിർമ്മിതബുദ്ധിയിൽ പരിശീലനം

നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ് മുഖേന ഡിജിറ്റൽ പഠനം വിപുലപ്പെടുത്തിയിട്ടുണ്ട്. ഇത് ദേശീയതലത്തിൽ വലിയ അംഗീകാരം നേടിയിട്ടുണ്ടെന്ന കാര്യം നമുക്കറിയാം. കൈറ്റ് വിക്ടേഴ്സിനുകീഴിൽ പുതിയൊരു അക്കാദമിക് ചാനൽ തുടങ്ങാൻ ആവശ്യമായ നിയമപരവും നയപരവുമായ കാര്യങ്ങൾ പരിശോധിച്ചുവരികയാണ്. ഫീസിബിളിളാണെങ്കിൽ അതും തുടങ്ങാൻവേണ്ടി ആലോചിക്കുകയാണ്. പുതിയ തലമുറയ്ക്ക് ഉതകുന്ന തരത്തിലുള്ള പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ നവീകരണത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും കാര്യങ്ങൾ പരാമർശിച്ചിരുന്നു. 2014-ന് ശേഷം ആദ്യമായി പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. 2024-2025 വർഷം മുതൽ പുതിയ പാഠപുസ്തകങ്ങൾ നൽകി തുടങ്ങിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 2025-2026-ൽ എല്ലാ ക്ലാസിലേക്കും വീണ്ടും അതെത്തിക്കുന്നതിനുള്ള പ്രവർത്തനം നടക്കുന്നുണ്ട്. ഹയർ സെക്കൻഡറി മേഖലയിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ വേണ്ടിയുള്ള ശില്പശാലകൾ ആരംഭിച്ചുകഴിഞ്ഞു. പഠന നിലവാരത്തെക്കുറിച്ച് ഈ സഭയിൽ ചർച്ച

ചെയ്തിരുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് വളരെ ആശങ്കയുള്ള ആളുകൾ ഉന്നയിക്കുന്നൊരു പ്രശ്നമാണ് ഗുണനിലവാരം മെച്ചപ്പെടുത്തുകയെന്നത്. പഠന നിലവാരം ഉറപ്പുവരുത്തുന്നതിനായി 2024-2025-ൽ എട്ടാം ക്ലാസ്സിലും 2025-2026-ൽ ഒമ്പതാം ക്ലാസ്സിലും 2026-2027 മുതൽ പത്താം ക്ലാസ്സിലുമുള്ള പൊതുപരീക്ഷകളിൽ സബ്ജക്ട് മിനിമം നടപ്പാക്കുന്നുവെന്നുള്ളത് വളരെയേറെ വർഷങ്ങൾക്ക് ശേഷമുണ്ടാകുന്ന വിപ്ലവകരമായ ഒരു കാര്യമാണ്. അതനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുകൊണ്ടു പോകുകയാണ്. കുട്ടികൾക്ക് യൂണിഫോം നൽകുന്ന കാര്യത്തിലും ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിലും വളരെ മാതൃകാപരമായ പ്രവർത്തനം കേരളത്തിൽ നടക്കുന്നുണ്ട്. കുട്ടികളുടെ ആരോഗ്യ പരിപാലനത്തിന് ആരോഗ്യ വകുപ്പുമായി ചേർന്ന് ഓരോ കുട്ടിക്കും ഹെൽത്ത് കാർഡ് നൽകുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്.

ഈ ഘട്ടത്തിൽ സ്കൂൾ കായികമേളയിലും കലോത്സവത്തിലുമുണ്ടായ കാതലായ മാറ്റങ്ങൾ മറ്റൊരു പ്രത്യേകതയാണ്. ലോകത്തിലെ ഏറ്റവും വലിയ ഓർഗനൈസ്ഡായിട്ടുള്ള യൂത്ത് ഫെസ്റ്റിവൽ നടക്കുന്നത് കേരളത്തിലാണെന്ന്

അഭിമാനത്തോടുകൂടി പറയാറുണ്ട്. നമ്മൾ ഏറ്റവും നന്നായി സ്കൂൾ യൂത്ത്ഫെസ്റ്റിവൽ നടത്താറുണ്ട്. കായികമേള ഈ വർഷം ആദ്യമായി ഒളിമ്പിക് മാതൃകയിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ മാന്വലും മറ്റും പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ കാര്യങ്ങളും എടുത്തുപറയേണ്ടതുണ്ട്. 714 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ ആധുനികവൽക്കരിച്ചുവെന്നുള്ളതാണ് ഏറ്റവും അവസാനത്തെ കണക്ക്. വി.എച്ച്.എസ്.ഇ. കോഴ്സ് പാസ്സായ വിദ്യാർഥികൾക്കായി തൊഴിൽമേളകൾ സംഘടിപ്പിച്ചു. 4891 പേർക്ക് തൊഴിൽ ഉറപ്പാക്കുന്ന പദ്ധതിയും ഈ കാലയളവിൽ നടന്നിട്ടുണ്ട്. 'സ്റ്റാർസ്' (Strengthening Teaching-Learning Results for States) പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 14 എണ്ണം നിലവിൽ വന്നുകഴിഞ്ഞു. കൂടുതൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

നിയമന പ്രവർത്തനങ്ങളിൽ എടുത്തുപറയേണ്ട നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. നിയമനങ്ങളുടെ കാര്യമെടുത്ത് പരിശോധിച്ചാൽ ഇന്ത്യയിലാകെ ഉദ്യോഗാർഥികളെ അപ്പോയിന്റ് ചെയ്യാതിരിക്കുന്ന സാഹചര്യം നിലനിൽക്കുമ്പോൾ കേരളത്തിൽ 2017 മുതൽ 2024 വരെ 43637 നിയമനങ്ങൾ സർക്കാർ, എയ്ഡഡ് മേഖലയിൽ നടന്നിട്ടുണ്ട്. രാജ്യത്ത് പി.എസ്.സി. മുഖേന ഏറ്റവും കൂടുതൽ നിയമനങ്ങൾ നടത്തിയത് കേരളത്തിലാണ്. മാത്രമല്ല, വിദ്യാഭ്യാസ മേഖലയിലും ഏറ്റവും കൂടുതൽ നിയമനങ്ങൾ നടന്നത് കേരളത്തിലാണ്. പരീക്ഷ സുതാര്യമാക്കാനുള്ള പുതിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എല്ലാവർക്കും സന്തോഷമുള്ള കാര്യമായതിനാൽ സഭയിൽ എടുത്തുപറയുകയാണ്. ഹയർ സെക്കൻഡറി പരീക്ഷ മാന്വൽ പതിനാറ് വർഷത്തിനുശേഷം പുതുക്കിയിട്ടുണ്ട്. ഹയർ സെക്കൻഡറി വിദ്യാർഥികൾക്കുവേണ്ടി 2500 ചോദ്യപേപ്പറുകളുടെ ക്വസ്റ്റ്യൻ ബാങ്ക് പോലെയുള്ള ഒരു സംവിധാനം, ഓൺലൈൻ ചോദ്യപേപ്പർ ശേഖരം എന്നിവ ഒരുക്കിയിട്ടുണ്ട്. സർക്കാർ നടത്തിയിട്ടുള്ള ഇത്തരം പ്രവർത്തനങ്ങൾക്ക് ദേശീയ-അന്തർദേശീയതലത്തിൽ വലിയതോതിലുള്ള

അംഗീകാരം ലഭിക്കുന്നുണ്ട്. 800 സ്കൂളുകളിൽ 'വർണ്ണക്കൂടാരം' പദ്ധതി വളരെ ആകർഷകമായ രീതിയിൽ നടക്കുന്നു. അങ്ങയുടെ നിയോജകമണ്ഡലത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ സാമാജികൻ എന്നനിലയിൽ അങ്ങും പങ്കെടുത്തിട്ടുണ്ടാകും. എല്ലാ എം.എൽ.എ.-മാർക്കും അത് നേരിട്ട് അനുഭവമുള്ളതാണ്.

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പരിപാടിക്കുവേണ്ടി നടത്തുന്ന ധാരാളം കാര്യങ്ങളുണ്ട്. അതിന്റെ ഭാഗമായി 37.80 കോടി രൂപ ഈ വർഷംതന്നെ മാറ്റിവച്ചിട്ടുണ്ട്. അധ്യാപക പരിശീലനത്തിന് ഒരു പുതിയ സംവിധാനം നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. അതായത് പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക്...... അവർ ബി.എഡ്. കഴിഞ്ഞ് അല്ലെങ്കിൽ മറ്റ് ട്രെയിനിങ് കഴിഞ്ഞ് നേരെ അധ്യാപകവൃത്തിയിൽ വരികയല്ല, അവർക്കുവേണ്ടി ഒരു നവാധ്യാപക പരിശീലനമെന്നുപറയുന്ന തരത്തിലേക്കുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷികുട്ടികളുടെ ഉന്നമനത്തിനും പരിചരണത്തിനുമായി 62 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞവർഷത്തേക്കാൾ 12 കോടി രൂപയാണ് അധികമായി വകയിരുത്തിയിട്ടുള്ളത്. അതിനനുസരിച്ചുള്ള

കാര്യങ്ങൾ നടക്കുന്നു. ഓരോ ജില്ലയിലും ഒരു 'മോഡൽ സ്കൂൾ' എന്ന പദ്ധതി ഇപ്പോൾ നടപ്പാക്കാൻ ആഗ്രഹിക്കുകയാണ്. ആദ്യഘട്ടത്തിൽ ഒരു ജില്ലയിൽ ഒരു സ്കൂൾ എന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

ഇതോടൊപ്പം തൊഴിൽ വകുപ്പിന്റെ ചില പ്രധാനപ്പെട്ട കാര്യങ്ങൾകൂടി എടുത്തുപറയാനുണ്ട്. തൊഴിലാളി സംരക്ഷണ നിയമങ്ങൾ വളരെ സജീവമായി നടത്തുന്നൊരു സംസ്ഥാനമാണ് കേരളം. പ്രത്യേകിച്ചും ലോകത്തെവിടെയും തൊഴിലാളികളുടെ അവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുകയും തൊഴിലാളി നിയമനങ്ങൾ ഇല്ലാതാകുകയും ചെയ്യുന്നൊരു ഘട്ടത്തിൽ കേരളത്തിൽ ഈ കാര്യങ്ങളിൽ നല്ലതുപോലെ ശ്രദ്ധിച്ച് ഒന്നുംരണ്ടും പിണറായി വിജയൻ സർക്കാരുകൾ അത് നന്നായി നടത്തുന്നുണ്ടെന്ന് നമുക്കറിയാം. ഇപ്പോഴും ആ മേഖലയിൽ ഏറ്റവും കൂടുതൽ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കേരളത്തിന്റെ തൊഴിൽ അവസരങ്ങളിലുണ്ടായ വർധനവും ഔപചാരിക തൊഴിൽമേഖലയിലുണ്ടായ കുതിച്ചുചാട്ടവുമൊക്കെ പല റിപ്പോർട്ടിലും വന്നിട്ടുണ്ട്. 2016 മുതൽ സംസ്ഥാനത്ത് ഔപചാരിക തൊഴിൽ സാധ്യതയിൽ കുതിച്ചുചാട്ടമുണ്ടായി. പി.എൽ.എഫ്.എസ്. റിപ്പോർട്ട് പ്രകാരം

വനിതാ തൊഴിൽ പങ്കാളിത്തം 36.4% ഉയർന്നുവെന്നുള്ളത് അഭിമാനകരമാണ്. തൊഴിലില്ലായ്മ നിരക്ക് 11.4 ശതമാനത്തിൽനിന്നും 7.2 ശതമാനമായി കുറഞ്ഞുവെന്ന് ഈ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്ന സംസ്ഥാനം കേരളമാണെന്ന് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയും. വിവിധ മേഖലകളിലെ ദിവസക്കൂലി കേരളത്തിൽ ദേശീയ ശരാശരിയേക്കാൾ ഇരട്ടിയാണെന്നാണ് ദേശീയ തലത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ന്യായമായ വേതനം ഉറപ്പാക്കൽ പ്രകാരം, സംസ്ഥാനത്ത് 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾ വഴി എല്ലാ മേഖലയിലുള്ളവർക്കും സാമൂഹ്യക്ഷേമ പെൻഷനോടൊപ്പം ക്ഷേമനിധി പെൻഷനും നൽകുന്നുണ്ട്. അതിന്റെ ഭാഗമായി ക്ഷേമനിധി ബോർഡുകൾ മാത്രം 9080 കോടി രൂപ ഈ ഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ, പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതമായ ജോലി, അവരുടെ മെറ്റേണിറ്റി ബെനഫിറ്റ്, ടെക്സ്റ്റൈൽ മേഖലയിലടക്കമുള്ള ആധുനിക സൗകര്യങ്ങൾ എന്നിവയെല്ലാം ഈ ഘട്ടത്തിൽ ഉറപ്പാക്കിയിട്ടുണ്ട്. തൊഴിൽ തർക്കപരിഹാരങ്ങളുടെ കാര്യത്തിൽ നവീനമായ

ഇടപെടലുകൾ നടത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുണ്ടായ 28000 തൊഴിൽ തർക്കങ്ങളിൽ 25000 എണ്ണം പരിഹരിച്ചു. ബാക്കിയുള്ളത് ഉടൻ പരിഹരിക്കാനാകുമെന്നാണ് വകുപ്പ് വിശ്വസിക്കുന്നത്. 'നവശക്തി' പദ്ധതിവഴി തൊഴിലാളികൾക്ക് പരിശീലനം നൽകുന്ന പരിപാടികൾ നടക്കുന്നു. അതിഥി തൊഴിലാളികൾക്ക് കൂലിയും മിനിമം സൗകര്യങ്ങളും ഉറപ്പാക്കാനുള്ള 'ശ്രമിക് ബന്ധു' ഫെസിലിറ്റേഷൻ സെന്ററുകൾ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ ഈ സമയത്ത് നടക്കുന്നുണ്ട്. ഇതുവരെ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ക്രോഡീകരിച്ച കണക്കുകൾ പരിശോധിക്കുമ്പോൾ 101614 പേർക്ക് ഈ ഘട്ടത്തിൽ സർക്കാർ തൊഴിൽ ലഭിച്ചിട്ടുണ്ട്. 41847 പേർക്ക് സ്വയം തൊഴിൽ പദ്ധതിപ്രകാരം സാമ്പത്തിക സഹായം ലഭിച്ചു. 78009 പേർക്ക് സ്വകാര്യ മേഖലകളിൽ ജോലി ലഭ്യമായിട്ടുണ്ട്. 1,700 കോടി രൂപയുടെ വായ്പാ സഹായം, 9395 ഭിന്നശേഷിക്കാർക്ക് വായ്പാ സഹായം തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

ഐ.ടി.ഐ. മേഖലയിൽ, ഈ ഘട്ടത്തിൽ 27 പുതിയ ഐ.ടി.ഐ.-കൾ വന്നിട്ടുണ്ട്. അതിൽ 12 എണ്ണം അന്താരാഷ്ട്ര നിലവാരത്തിലുള്ളതാണ്. ഈ

മേഖലയിൽ പുതിയ ട്രേഡുകൾ വന്നിട്ടുണ്ട്. ഇങ്ങനെ ഐ.ടി.ഐ. മേഖലയിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്.

പ്രവാസി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടുള്ള ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. പ്രവാസി തൊഴിൽ മേഖല ഒരു പ്രധാനപ്പെട്ട മേഖലയാണ്. ഈ വർഷം 150.81 കോടി രൂപയുടെ പരിപാടികളാണ് 2025-26 വാർഷിക ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സർക്കാരിന്റെ കാലയളവിൽ 4 ലോക കേരള സഭാ സമ്മേളനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. നാലാം ലോക കേരള സഭ 2024 ജൂൺ 14, 15 തീയതികളിലാണ് തിരുവനന്തപുരത്ത് നടന്നത്. അഞ്ചാം ലോക കേരള സഭയുടെ സമ്മേളനം 2026-ൽ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ലോക കേരള സഭയുടെ നാല് സമ്മേളനങ്ങളിലുമായി സർക്കാരിന് ലഭിച്ച ശിപാർശകൾ നടപ്പാക്കി വരികയാണ്. അതിന്റെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ലോക കേരളം പോർട്ടൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ലോകത്താകെയുള്ള പ്രവാസി യുവസംരംഭകർക്ക് കേരള സ്റ്റാർട്ട്അപ് മിഷനിലൂടെ പുതിയ സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നതിനായി

'സ്റ്റാർട്ട്അപ് ഇൻഫിനിറ്റി' എന്ന പദ്ധതി ആരംഭിച്ചു. പ്രവാസികൾക്ക്/അവരുടെ മാതാപിതാക്കൾക്ക് റിട്ടയർമെന്റ് ലിവിങ് സംവിധാനം ഉറപ്പാക്കുക എന്ന ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്. തിരികെയെത്തുന്ന പ്രവാസികൾക്ക് സ്കിൽ സർട്ടിഫിക്കേഷനുവേണ്ടിയുള്ള പ്രവർത്തനം നടത്തുന്നുണ്ട്. പ്രവാസി മലയാളികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവാസി മിഷൻ രൂപീകരിക്കുന്നതിനുള്ള കാര്യങ്ങളടക്കം സർക്കാർ ആലോചിക്കുന്നുണ്ട്. പ്രവാസി മേഖലയിൽ നടത്തുന്ന വിവിധ കാര്യങ്ങളുൾപ്പടെ ഇതിന്റെ ഭാഗമായിട്ടുണ്ട്. ഇത്രയും കാര്യങ്ങളാണ് ചുരുക്കത്തിൽ പറയാനുള്ളത്. വിശദമായ മറുപടി സഭയുടെ മേശപ്പുറത്തുവയ്ക്കുകയാണ്.+ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമാക്കി പരിവർത്തനം ചെയ്യുമെന്നും നോളഡ്ജ് ഇക്കോണമിയിലൂടെ സമ്പദ്ഘടനയുടെ വിപുലീകരണം സാധ്യമാക്കുമെന്നുമുള്ള പ്രഖ്യാപിത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന്റെ ഭാഗമായി, അതിന്റെ പതാകവാഹകരായി മുന്നിൽ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

നടക്കേണ്ടുന്ന ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഗണ്യമായ പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. ഈ രംഗത്ത് നടത്തേണ്ട സമഗ്ര പരിഷ്കരണത്തിനുവേണ്ടി നിയോഗിക്കപ്പെട്ട പ്രൊഫ. ശ്യാം ബി. മേനോൻ കമ്മീഷൻ, പ്രൊഫ. സി. ടി. അരവിന്ദകുമാർ ചെയർമാനായിരുന്ന പരീക്ഷാ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ നയിച്ച സർവകലാശാല നിയമ പരിഷ്കരണ കമ്മീഷൻ എന്നീ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ മുന്നോട്ടുവച്ച നിർദേശങ്ങൾ ഒന്നൊന്നായി ത്വരിതഗതിയിൽ നടപ്പാക്കിവരികയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് നാലുവർഷ യു.ജി. പ്രോഗ്രാമാണ്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സർവകലാശാലകളിലും ബിരുദ പഠനം സമൂലവും സമഗ്രവുമായി പരിഷ്കരിക്കുന്ന വിധത്തിൽ നാലുവർഷ ബിരുദ കോഴ്സ് ആവിഷ്കരിച്ചു. ചരിത്രത്തിൽ ആദ്യമായാണ് ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കായി ഒരു സമഗ്ര കരിക്കുലം ഫ്രെയിം വർക്ക് തയ്യാറാക്കാൻ സാധിച്ചത്. സംസ്ഥാനത്ത് നടപ്പാക്കിയത് എൻ.ഇ.പി. പദ്ധതിയാണെന്നൊക്കെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. ബഷീർ സൂചിപ്പിക്കുകയുണ്ടായി. എൻ.ഇ.പി. മുന്നോട്ടുവയ്ക്കുന്ന പദ്ധതിയിലെ

കാതലായ കാര്യങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമാണ് നാലുവർഷ യു.ജി. പ്രോഗ്രാം എന്നിവിടെ സൂചിപ്പിക്കുകയാണ്. ശാസ്ത്രാഭിമുഖ്യം, യുക്തിചിന്ത, സാമൂഹ്യനീതി, സമഭാവന എന്നിവയിലധിഷ്ഠിതമായ സമീപനമാണ് കേരള മോഡൽ ഉയർത്തിപ്പിടിക്കുന്നത്. അതുപോലെ വിദ്യാർത്ഥികൾക്ക് സബ്സ്റ്റാൻഷ്യലായി ഒന്നും നേടാനാകില്ല. അതുകൊണ്ടുതന്നെ എക്സിറ്റ് എന്ന നിലയിൽ സർട്ടിഫിക്കറ്റും ഡിപ്ലോമയും നൽകി വിദ്യാർത്ഥികളെ ഡ്രോപ്പ് ഔട്ട് ആക്കുന്ന സമീപനത്തോട് യോജിപ്പില്ല. അത് നമ്മൾ സ്വീകരിച്ചിട്ടുമില്ല. പൂർണ്ണ അർത്ഥത്തിൽ വിദ്യാർത്ഥി കേന്ദ്രീകൃതമായ പാഠ്യപദ്ധതിയാണ് കേരളത്തിൽ നടപ്പാക്കുന്നത്. സർവകലാശാലയിലെ അക്കാദമിക് നേതൃത്വം അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ എന്നിവർക്കൊക്കെ പരിശീലനം നൽകിക്കൊണ്ടുതന്നെയാണ് നാലുവർഷ യു.ജി. പ്രോഗ്രാമിലേക്ക് നമ്മൾ പ്രവേശിച്ചത്. മുന്നൊരുക്കം കൂടാതെയാണ് ഈ കോഴ്സ് നടപ്പാക്കിയതെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. പക്ഷേ 39 അംഗ കരിക്കുലം കമ്മിറ്റി തയ്യാറാക്കിയ കരട് കരിക്കുലം എല്ലാ സ്റ്റേക്ക് ഹോൾഡർമാരോടും ചർച്ച ചെയ്ത് സർവകലാശാലകൾക്ക് നൽകി.

സർവകലാശാലകൾ അതുസംബന്ധിച്ച കരിക്കുലം റഗുലേഷനുകൾ ചർച്ച ചെയ്ത് അംഗീകരിച്ച് സംസ്ഥാനത്തെ എല്ലാ അധ്യാപകരെയും ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഉൾപ്പെടെ നേരിട്ട് അഭിസംബോധന ചെയ്തുകൊണ്ട് അവർക്ക് ഓൺലൈൻ ക്ലാസുകൾ നൽകി, നിരവധിതവണ പലവിധത്തിലുള്ള ശില്പശാലകൾ നടത്തിയതിനുശേഷമാണ് നാലുവർഷ യു.ജി. പ്രോഗ്രാം ആരംഭിച്ചത്. അതിന്റെ സിലബസ് തയ്യാറായിട്ടില്ലെന്ന് എങ്ങനെയാണ് ബഹുമാനപ്പെട്ട അംഗം കണ്ടെത്തിയതെന്നറിയില്ല. എല്ലാ വിഷയങ്ങൾക്കും കരിക്കുലം മുന്നോട്ടുവയ്ക്കുന്ന ഘടനയ്ക്കനുസൃതമായ സിലബസുകൾ രൂപീകരിച്ചുതന്നെയാണ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട അംഗം ഒരു എയ്ഡഡ് കോളേജിന്റെ സാരഥ്യം വഹിക്കുന്ന ആളുകൂടിയാണ്. സിലബസ് രൂപീകരിച്ചോ, അവിടെ പരീക്ഷകൾ നടന്നോ തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കാമായിരുന്നില്ലേ; ഇപ്പോൾ ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ച് നാലുവർഷ യു.ജി. പ്രോഗ്രാമിന്റെ നടത്തിപ്പ് കൃത്യമായ ഇടവേളകളിൽ മോണിറ്റർ ചെയ്ത് പോകുന്നുണ്ടെന്ന കാര്യം അറിയിക്കുകയാണ്. കെ-റീപ് എന്ന പേരിലൊരു സമഗ്ര സോഫ്റ്റ്വെയർ സംവിധാനം അക്കാദമിക

പ്രവർത്തനങ്ങളെയും അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കാനായി സജ്ജമാക്കിയിട്ടുണ്ട്. കേരള റിസോഴ്സ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് എന്ന ഇ.ആർ.പി. എല്ലാ സർവകലാശാലകളിലും നടപ്പാക്കുകയാണ്. ഒരു യുണീക് ഐഡന്റിറ്റി നൽകി, അതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി.-യുടെ അക്കാദമിക് ബാങ്ക് ഓഫ് ക്രഡിറ്റുമായി അതിനെ ബന്ധപ്പെടുത്താൻ കഴിയുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. നമ്മുടെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള നൈപുണ്യ വിടവ് നികത്താനും തൊഴിൽ ആഭിമുഖ്യവും സംരംഭകത്വ താൽപര്യങ്ങളും പ്രോത്സാഹിപ്പിക്കാനും ഇൻഡസ്ട്രി അക്കാദമിയ ഇന്റർഫേസ് ശക്തിപ്പെടുത്താനും ഫലപ്രദമായ നിലയിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. ഗവേഷണം, ഇന്നവേഷൻ, ഇൻക്യുബേഷൻ, സ്റ്റാർട്ട്അപ്പ് അന്തരീക്ഷം എന്നിവ എല്ലാ സ്ഥാപനങ്ങളിലും ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും സ്കിൽ എൻഹാൻസ്മെന്റുമായി ബന്ധപ്പെട്ട് സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് ആൻഡ് കരിയർ പ്ലാനിങ് സ്ഥാപിച്ച് മുന്നോട്ടുപോകുന്നു. അസാപ്, കെയ്സ്,

ഐ.എച്ച്.ആർ.ഡി., ഐ.സി.ടി. അക്കാദമി, സി.സി.ഇ.കെ. തുടങ്ങിയ സ്ഥാപനങ്ങളെ ഇതിലേക്ക് എംപാനൽ ചെയ്തിട്ടുണ്ട്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ എന്ന ആശയം ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് മുന്നോട്ടുകൊണ്ടുപോകുകയാണ്. ഇതിനകംതന്നെ 'ഇൻഡസ്ട്രി ഓൺ കാമ്പസ്', 'കണക്ട് കരിയർ ടു കാമ്പസ്', തുടങ്ങിയ പദ്ധതികൾ നമ്മുടെ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. 500-ഓളം 'ടെക്നോ ബിസിനസ്സ് ഇൻക്യുബേറ്ററുകൾ' നമ്മുടെ വിവിധ സ്ഥാപനങ്ങളിൽ സ്റ്റാർട്ട്അപ് മിഷന്റെ സഹായത്തോടുകൂടി നടപ്പാക്കുകയാണ്. കെ-ഡിസ്ക് മുഖാന്തരം നടത്തുന്ന Young innovators programme വഴി വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ്. തിരുവനന്തപുരം കേന്ദ്രീകരിച്ച് ട്രസ്റ്റ് പാർക്ക് (Thiruvananthapuram Engineering Science and Technology Research Park- TrEST Park) ആരംഭിച്ച് നല്ലരീതിയിൽ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. ഈ വരുന്ന വർഷം Kerala knowledge consortium centre-കൾ എന്ന പേരിൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് ഓൺലൈൻ കോഴ്സുകളും സ്കിൽ കോഴ്സുകളും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

അക്രഡിറ്റേഷന്റെ ഭാഗമായി ദേശീയവും അന്തർദേശീയവുമായ ഗുണനിലവാര പരിശോധനകളിലെല്ലാം നമ്മൾ മുന്നേറുകയാണ്. NAAC Accreditation-ൽ 292 സ്ഥാപനങ്ങൾ അക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. കേരള, മഹാത്മാഗാന്ധി സർവകലാശാലകൾ A++, കാലിക്കറ്റ്, കുസാറ്റ്, സംസ്കൃത സർവകലാശാലകൾ A+ എന്നീ ഗ്രേഡുകൾ നേടിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പി. കെ. ബഷീർ പറഞ്ഞത് ഇവിടെ എല്ലാം നശിച്ചുവെന്നാണ്, അങ്ങനെ പറഞ്ഞത് വളരെ മോശമാണ്. നമ്മുടെ സർവകലാശാലകൾ വളരെ നന്നായി മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ...(മൈക്ക് ഓഫ്...)

<u>മി. സ്പീക്കർ</u>: No....

<u>ശ്രീമതി ആർ. ബിന്ദു</u>: സർ, 28 കോളേജുകൾക്ക് A++, 49 കോളേജുകൾക്ക് A+, 82 കോളേജുകൾക്ക് A എന്ന ക്രമത്തിൽ ഗ്രേഡുകൾ ലഭിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലെ ഗവൺമെന്റ് കോളേജുകൾ മോശമാണെന്ന് നിങ്ങൾ പറഞ്ഞല്ലോ; NIRF Ranking (National Institutional Ranking Framework)-ൽ കേരള സംസ്ഥാനത്ത് നിരന്തരം ഒന്നാം സ്ഥാനം നേടുന്നത്

യൂണിവേഴ്സിറ്റി കോളേജാണ്. ഈ രാജ്യത്തുതന്നെ റാങ്കിങ്ങിൽ യൂണിവേഴ്സിറ്റി കോളേജ് 22-ാം സ്ഥാനത്താണ്. NIRF Ranking-ൽ സർവകലാശാലകളുടെ പട്ടികയിൽ ആദ്യ 100-ൽ സംസ്ഥാനത്തെ കേരള, കുസാറ്റ്, എം.ജി., കാലിക്കറ്റ് എന്നീ നാല് സർവകലാശാലകൾ ഇടംപിടിച്ചിട്ടുണ്ട്. പൊതുസർവകലാശാലകളുടെ റാങ്കിങ് ലിസ്റ്റിൽ 9, 10, 11 സ്ഥാനങ്ങൾ കേരളത്തിലെ സർവകലാശാലകൾക്കാണ്. കോളേജുകളുടെ പട്ടികയിൽ ആദ്യനൂറിൽ 16 കോളേജുകളും ആദ്യ ഇരുനൂറിൽ 42 കോളേജുകളും ആദ്യ മുന്നൂറിൽ 71 കോളേജുകളും ഉൾപ്പെട്ടിട്ടുണ്ട്. ആദ്യ മുന്നൂറിൽ 16 എണ്ണവും ആദ്യ നൂറിൽ നാലെണ്ണവും സർക്കാർ കോളേജുകളാണ്. അതുപോലെ എഞ്ചിനീയറിങ് കോളേജുകളിലും NBA അക്രഡിറ്റേഷൻ എല്ലാ പ്രോഗ്രാമുകൾക്കും ലഭിച്ചുകൊണ്ടിരിക്കുകയാണ്. SLQAC (State Level Quality Assurance Cell) സ്ഥാപിച്ച് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുവേണ്ട പരിശീലനങ്ങൾ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകിവരികയാണ്. അതുപോലെ SAC (State Assessment and Accreditation Centre), Kerala Institutional Ranking Framework എന്നിവ

ആരംഭിച്ചുകഴിഞ്ഞു. പശ്ചാത്തല സൗകര്യ വികസന മേഖലയിൽ വലിയ കുതിച്ചുചാട്ടമാണുണ്ടായിട്ടുള്ളത്. കിഫ്ബി വഴി 1847 കോടി രൂപയുടെ പ്രോജക്ട് ഏറ്റെടുത്തു. RUSA പദ്ധതിയിലൂടെ 433.28 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. PM-USHA പദ്ധതിയിൽ 405 കോടി രൂപ ലഭ്യമായിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ 311.44 കോടി രൂപയുടെ പദ്ധതികൾ നാല് വർഷക്കാലംകൊണ്ട് നടത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 104.73 കോടി രൂപയുടെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. C-APT (Kerala State Centre for Advanced Printing & Training)-ലുള്ള പ്രവർത്തനങ്ങൾക്ക് 8.29 കോടി രൂപ അനുവദിച്ചു, IHRD-യിൽ 45 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാലയിൽ മികവിന്റെ കേന്ദ്രം, ട്രാൻസിലേഷണൽ റിസർച്ച് ഹോസ്റ്റൽ, ഇൻഡോർ സ്റ്റേഡിയം എന്നിവയ്ക്കായി 280 കോടി രൂപയും കോഴിക്കോട് സർവകലാശാലയ്ക്ക് 53.73 കോടി രൂപയും മലയാള സർവകലാശാലയ്ക്കുള്ള ആസ്ഥാന മന്ദിരത്തിനായി 20 കോടി രൂപയും ഉന്നത

വിദ്യാഭ്യാസ കൗൺസിലിന്റെ ആസ്ഥാന മന്ദിരത്തിനായി 12 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

സ്കോളർഷിപ്പുകൾ നൽകി വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുകയാണ്, അതിന്റെ ഭാഗമായി 2021 മുതൽ നാല് വർഷക്കാലം ഡിഗ്രി തലത്തിലും പി.ജി. തലത്തിലുമുള്ള വിദ്യാർഥികൾക്ക് 62 ലക്ഷത്തിലധികം രൂപ സ്കോളർഷിപ്പായി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം 1000 വിദ്യാർഥികൾക്ക് ഒരു ലക്ഷം രൂപ വീതം നൽകുന്ന പ്രവർത്തനം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി തുടർന്നുവരുന്നുണ്ട്. ഗവേഷണ രംഗത്ത് പ്രത്യേകമായിട്ടുള്ള അച്ചീവ്മെന്റുകൾ നടത്തുന്നവർക്കായി കൈരളി റിസർച്ച് അവാർഡുകൾ നൽകിവരുന്നുണ്ട്. 1.55 കോടി രൂപയിലധികം ഇപ്രകാരം സ്കോളർഷിപ്പായി നൽകിയിട്ടുണ്ട്. കേരളത്തിന്റെ കൃഷി മുതലായ അടിസ്ഥാന മേഖലകളിൽ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായകരമായ പ്രോജക്ടുകൾ ഏറ്റെടുത്ത് ഗവേഷണം നടത്തുന്നതിന് ചീഫ് മിനിസ്റ്റേഴ്സ് നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നൽകിവരുന്നുണ്ട്. ഇത്തരത്തിൽ ഗവേഷണാത്മക പ്രവർത്തനങ്ങളെ വലിയ രീതിയിൽ പ്രോത്സാഹിപ്പിക്കുന്ന

സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഭാവിയിലും ഗവേഷണാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണമെന്നുകണ്ടുകൊണ്ട് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. Centre of excellence for Teaching, Learning & Training, Kerala Institute for Science, Technology and Innovation, Kerala Institute of Advanced studies, Kerala Network for Research-Support in Higher Education, Centre for Indigenous Peoples' Education, Kerala Institute for Gender Equality, Kerala Language Network തുടങ്ങിയ സെന്റേഴ്സ് ഓഫ് എക്സലൻസ് കേന്ദ്രങ്ങൾ, വിവിധ വിഷയങ്ങളിൽ എക്സലൻസ് ആർജിക്കുന്നതിനും റിസർച്ച് മേഖലയിൽ ആഴത്തിൽ പോകുന്നതിനും സഹായകരമായ വിധത്തിൽ സ്ഥാപിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, കൂടുതൽ സമയം ആവശ്യമുണ്ടോ?

ശ്രീമതി ആർ. ബിന്ദു: സർ, ഇല്ല, കഴിയാറായി, ഇതുകഴിഞ്ഞാൽ സാമൂഹ്യനീതി വകുപ്പിനെക്കുറിച്ച് മറുപടി പറയാനുണ്ട്. കേരള ലാംഗ്വേജ് നെറ്റ്‌വർക്കിന്റെ ഭാഗമായി ശൈക്ക് സൈനുദ്ദീൻ മഖ്ദൂം സ്മാരക വിദേശ ഭാഷാ

പഠന-വിവർത്തന കേന്ദ്രം ഇതിനകംതന്നെ പൊന്നാനിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ ആസ്ട്രോണമി ആൻഡ് ആസ്ട്രോ ഫിസിക്സ് ആരംഭിച്ചിട്ടുണ്ട്. കുസാറ്റിൽ സെന്റർ ഓഫ് എക്സലൻസി ഇൻ ന്യൂറോ ഡീജനറേഷൻ & ബ്രെയിൻ ഹെൽത്ത്, മഹാത്മാഗാന്ധി സർവകലാശാലയിൽ  സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി എന്നുതുടങ്ങി ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ സ്ഥാപിച്ചുവരികയാണ്.

ലഹരിക്കെതിരെയുള്ള പോരാട്ടത്തെക്കുറിച്ച് ഇവിടെ രാവിലെ വലിയ രീതിയിൽ ചർച്ച ചെയ്തതാണ്, ശക്തമായ നിലയിൽത്തന്നെ ഉന്നതവിദ്യാഭ്യാസ വകുപ്പ് ഈ വിഷയം ഏറ്റെടുത്തിരിക്കുകയാണ്.  അതിനുവേണ്ടി ' ആസാദ് സേന'-യുടെ രൂപീകരണം നടത്തുകയും ശക്തമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുകയുമാണ്. എൻ.എസ്.എസ്., എൻ.സി.സി. എന്നിവയുടെ നേതൃത്വത്തിലാണ് Agents for Social Action Against Drugs എന്ന പരിപാടി ആരംഭിച്ചിട്ടുള്ളത്.  ഇന്നലെ ‘ Life Is Beautiful’  എന്ന

വിപുലമായ ബോധവൽക്കരണ പരിപാടിക്ക് എൻ.എസ്.എസ്. തുടക്കം കുറിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി വലിയ രീതിയിലുള്ള സംവാദങ്ങളും മറ്റുപരിപാടികളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലാൻ ചെയ്തിട്ടുണ്ട്. കുട്ടികൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് 'ജീവനി കൗൺസിലിങ് പദ്ധതി' ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങളിലും നടത്തിവരുന്നുണ്ട്. കേരളത്തിൽത്തന്നെ നമ്മുടെ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനായി ലോകോത്തര നിലവാരത്തിലുള്ള പഠനാന്തരീക്ഷവും അടിസ്ഥാനസൗകര്യങ്ങളും ഉറപ്പാക്കിക്കൊണ്ടാണ് നമ്മൾ പ്രവർത്തിച്ച് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ, രണ്ടര ലക്ഷം കുട്ടികൾ കേരളത്തിൽനിന്നും പുറത്തേക്ക് പോയിട്ടുണ്ട് എന്നുപറഞ്ഞ കണക്ക് തെറ്റാണ്, പതിമൂന്നര ലക്ഷം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്, അവർക്കുവേണ്ടിയാണ് കേരളത്തിലെ ഗവൺമെന്റ് പ്രവർത്തിക്കുന്നത്.

അടുത്തതായി സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ്, ജയിൽ വിമുക്തരായവർ എന്നീ വിഭാഗങ്ങളുടെ സമഗ്രക്ഷേമവും

സാമൂഹ്യപുനരധിവാസവും ലക്ഷ്യംവച്ചുകൊണ്ട് ഒട്ടനവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്, അക്കാര്യങ്ങൾ വളരെ ചുരുക്കിപ്പറയാം. MWPSC Act (Maintenance and Welfare of Parents and Senior Citizens Act), മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനുള്ള കേന്ദ്ര നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനായി 27 റവന്യൂ ഡിവിഷനുകളിലും മെയിന്റനൻസ് ട്രൈബ്യൂണലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വയോജന സംരക്ഷണം കൂടുതൽ കാര്യക്ഷമമായി ഏറ്റെടുക്കാൻ കഴിയുന്നവിധത്തിൽ ഒരു വയോജന കമ്മീഷനുമായി ബന്ധപ്പെട്ട ഓർഡിനൻസ് നേരത്തെ പുറപ്പെടുവിച്ചു. അത് ഈ സഭയിൽ ബിൽ ആയി അവതരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. നാളെ സഭ ആ ബിൽ അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. മുതിർന്ന പൗരന്മാർക്ക് എപ്പോൾ വേണമെങ്കിലും ടോൾഫ്രീ നമ്പറിൽ വിളിക്കാവുന്ന ഹെൽപ്‌ലൈൻ സംവിധാനമായ 'എൽഡർലൈൻ' പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്.

'വയോരക്ഷാ ക്രൈസിസ് മാനേജ്മെന്റ്' പദ്ധതിയിലൂടെ ആരുടെയും തുണയും കരുതലുമില്ലാത്ത മുതിർന്ന പൗരന്മാർക്ക് അടിയന്തര വൈദ്യസഹായം, പുനരധിവാസം, കെയർ ഗിവർമാരുടെ സേവനം,

നിയമസഹായ എന്നിവ നൽകുന്നുണ്ട്. വയോജന വെബ് പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിനുകീഴിൽ 16 വയോജന ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കോട്ടയം ജില്ലയിലെ മുളക്കുളത്ത് പുതുതായി വയോജന ഹോം ആരംഭിച്ചു. ആലപ്പുഴയിൽ ശയ്യാവലംബർക്കുള്ള വയോജന ഹോമും ആരംഭിച്ചിട്ടുണ്ട്. വൃദ്ധസദനങ്ങളുടെ അന്തരീക്ഷം ആധുനികീകരിക്കാനും എല്ലാ സൗകര്യവുമുള്ള വാസസ്ഥലമാക്കി മാറ്റാനുമുള്ള നടപടികൾ സ്വീകരിക്കുന്ന സെക്കന്റ് ഇന്നിങ്സ് ഹോം പദ്ധതി നടപ്പാക്കിവരികയാണ്. സംസ്ഥാനത്തെ 82 സായംപ്രഭ ഹോമുകൾ പകൽവീടുകളെന്ന നിലയിൽ സാമൂഹ്യനീതി വകുപ്പിലൂടെ പ്രവർത്തിക്കുന്നുണ്ട്. ഈ ഹോമുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരന്മാർക്ക് 'വയോപോഷണം' പദ്ധതിപ്രകാരം ഭക്ഷണം നൽകി വരുന്നുണ്ട്. 'വയോമിത്രം' എന്ന മാതൃകാപദ്ധതിയിലൂടെ മരുന്നുകൾ, ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം, മാനസികോല്ലാസത്തിനുള്ള വയോജന ക്ലബ് പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. വയോജന ഹോമുകളിലെ അന്തേവാസികൾക്ക് 'വയോ അമൃതം' പദ്ധതിയിലൂടെ ആയുർവേദ ചികിത്സാ

പദ്ധതിപ്രകാരം ആരോഗ്യ പരിരക്ഷ നൽകുന്നുണ്ട്. കൃത്രിമ ദന്തനിരകൾ പിടിപ്പിക്കുന്നതിന് 'മന്ദഹാസം' പദ്ധതി നടപ്പാക്കുന്നുണ്ട്. പെയ്ഡ് ഓൾഡേജ് ഹോമുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും കെയർഗിവർമാരുടെ സേവനവുമായി ബന്ധപ്പെട്ടും നിയമനിർമ്മാണത്തിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവർക്ക് വയോസേവന അവാർഡ് നൽകിവരുന്നുണ്ട്. അൽഷിമേഴ്സും ഡിമെൻഷ്യയും ബാധിച്ച വയോജനങ്ങൾക്കായി 'ഓർമ്മത്തോണി' എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷി മേഖലയിൽ 'ബാരിയർ ഫ്രീ കേരള' പോലുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. തട്ടുംതടവുമില്ലാതെ സാമൂഹ്യജീവിതം നടത്താൻ കഴിയുമാറ് പൊതുയിടങ്ങൾ, പൊതു ഓഫീസുകൾ കലാലയങ്ങൾ, വിദ്യാലയങ്ങൾ, ലൈബ്രറികൾ, പാർക്കുകൾ, തിയേറ്ററുകൾ എല്ലാം ബാരിയർ ഫ്രീയാക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ 5 ശതമാനവും തൊഴിൽ മേഖലയിൽ 4 ശതമാനവും സംവരണം നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷി നിയമനത്തിനായി 1452 തസ്തികകൾ കണ്ടെത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക്

ശാരീരിക പരിമിതികളെ അതിജീവിക്കാൻ സാധിക്കുന്ന സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം മാതൃകാപരമായ 'കാഴ്ച' പദ്ധതി, 'ശുഭയാത്ര' പദ്ധതി, 'ശ്രവണ' പദ്ധതി തുടങ്ങിയവ അതിനായി ഉപയോഗപ്പെടുന്നുണ്ട്. അമ്മയുടെ വയറ്റിൽ ഭ്രൂണാവസ്ഥയിലിരിക്കുമ്പോൾത്തന്നെ വ്യതിയാനങ്ങൾ മനസ്സിലാക്കി കറക്ട് ചെയ്യാൻ കഴിയുന്ന Early Detection and Early Intervention Centres നല്ല രീതിയിൽ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ 25 മൊബൈൽ ഇന്റർവെൻഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യ പുനരധിവാസ പദ്ധതിയായിട്ടുള്ള 'അനുയാത്ര' പദ്ധതിയുടെ ഭാഗമായി കണ്ണൂർ, വയനാട്, മലപ്പുറം, തൃശ്ശൂർ, കൊല്ലം ജില്ലകളിലും പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് പദ്ധതിയുടെ ഭാഗമായി 'റിഥം' എന്ന പേരിലൊരു കലാട്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്കുവേണ്ടി 'സ്പീഡ്' (സ്റ്റേറ്റ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷൻ ആൻഡ് എംപവർമെന്റ് ഫോർ ദ ഡിസെബിലിറ്റീസ്) എന്ന പേരിലൊരു പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ഭാഗമായി സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് മുഖാന്തരം ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾക്കായുള്ള ഓട്ടിസം സെന്ററുകൾ മികച്ച നിലയിൽ പ്രവർത്തിക്കുന്നുണ്ട്. NISH, NIPMR എന്നീ രണ്ട് സ്ഥാപനങ്ങൾ centres of Excellence എന്ന നിലയിൽ ദേശീയ ശ്രദ്ധ പിടിച്ചുപറ്റുന്ന രീതിയിൽ പ്രവർത്തിച്ചുവരികയാണ്. ആ രണ്ട് കേന്ദ്രങ്ങളിലും ഓട്ടിസം സ്പെക്ട്രം ഡിസോർഡറുമായി ബന്ധപ്പെട്ട യൂണിറ്റും ചൈൽഡ് ഡെവലപ്മെന്റ് ആൻഡ് റിസർച്ച് സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്. എസ്.ഐ.ഡി. മുഖാന്തരം മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്.

മി. സ്പീക്കർ: യെസ്..... പ്ലീസ്........ പ്ലീസ്......... ഇനിയും നാല് മന്ത്രിമാർ കൂടി സംസാരിക്കാനുണ്ട്.

ഡോ. ആർ. ബിന്ദു: ഇനി ട്രാൻസ്ജെൻഡർ മേഖലയിലെ കാര്യങ്ങൾകൂടി സൂചിപ്പിച്ചശേഷം അവസാനിപ്പിക്കാം. ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ സ്കൂൾതലത്തിൽ ആയിരം രൂപയും കോളേജുതലത്തിൽ രണ്ടായിരം രൂപയും പ്രതിമാസം നൽകുന്നുണ്ട്. ഹോസ്റ്റൽ സൗകര്യവും

വിവാഹ ധനസഹായ പദ്ധതിയും ലിംഗമാറ്റ ശസ്ത്രക്രിയക്കുള്ള ധനസഹായവും ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള തുടർചികിത്സാ പദ്ധതിയും ഷോർട്ട് സ്റ്റേ ഹോമുകളുമെല്ലാം ട്രാൻസ്ജെൻഡർ വിഭാഗത്തിനുവേണ്ടി നടപ്പാക്കുന്നുണ്ട്. അവർക്കുവേണ്ടി പുതിയ കലാ ട്രൂപ്പ് രൂപീകരിച്ചുകൊണ്ട് 'അനന്യം' എന്നപേരിൽ ലോഞ്ച് ചെയ്യപ്പെട്ടിട്ടുണ്ട്. വിദൂര വിദ്യാഭ്യാസത്തിന് പോകുന്നവർക്ക് 24,000 രൂപവരെ ധനസഹായം നൽകുന്ന 'വർണ്ണം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് സഹായം നൽകുന്ന 'യത്നം' പദ്ധതി നടപ്പാക്കുന്നുണ്ട്. നൈപുണ്യ വികസനവും സംരംഭകത്വ താൽപര്യവും പ്രോത്സാഹിപ്പിക്കുന്ന 'സാകല്യം' പദ്ധതിയിലൂടെ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്നുണ്ട്. ക്രൈസിസ് ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനുള്ള പദ്ധതിയാണ് 'കരുതൽ' പദ്ധതി. ട്രാൻസ്ജെൻഡർ കലോത്സവം 'വർണ്ണപകിട്ട്' എന്ന പേരിൽ അതിഗംഭീരമായി നടത്തിവരുന്നു. ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ എന്ന നിലയ്ക്ക് എറണാകുളം ജില്ലയിലെ കാക്കനാടുള്ള വകുപ്പിന്റെ കെട്ടിടത്തിൽ ഒരു കേന്ദ്രം പ്രവർത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രൊബേഷൻ ആൻഡ് ആഫ്റ്റർ

കെയർ രംഗത്ത് ജയിൽവിമുക്തരായവർക്കുവേണ്ടുന്ന എല്ലാവിധ പുനരധിവാസ പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ കഴിയുന്ന രീതിയിൽ വിവിധങ്ങളായിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കും നല്ലനിലയിൽ പിന്തുണ കൊടുക്കാൻ സാമൂഹ്യനീതി വകുപ്പിന് സാധിച്ചിട്ടുണ്ട്. സമയക്കുറവുകൊണ്ട് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. വരുന്നവർഷം സാമൂഹ്യനീതി ഭവൻ എന്ന പേരിൽ ഭിന്നശേഷിക്കാരായ വ്യക്തികൾ വയോജനങ്ങൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവർക്കെല്ലാം സഹായകരമാകുന്ന ഹെൽപ്ഡെസ്കും റിസോഴ്സ് സെന്ററുകളും താൽക്കാലിക താമസസൗകര്യവുമെല്ലാം ചേരുന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ഇത്രയും കാര്യങ്ങൾ നടപ്പാക്കാനുള്ളതുകൊണ്ട് ധനാഭ്യർത്ഥന ചർച്ച പാസ്സാക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കായിക മേഖലയുമായി ബന്ധപ്പെട്ട് കായിക വകുപ്പിൽ കാലഘട്ടത്തിനാവശ്യമായ മാറ്റങ്ങൾ കൊണ്ടുവരികയാണ്. ഈ

മാസം 7, 8 തീയതികളിൽ കേന്ദ്ര കായിക മന്ത്രാലയം തെലുങ്കാനയിൽവച്ച് നടന്ന 'ചിന്തൻ ശിവിർ' സെമിനാറിൽ കേരളത്തിൽ പുതുതായി രൂപീകരിച്ച കായിക പദ്ധതികളുടെ വിലയിരുത്തലുണ്ടായി. കേന്ദ്ര കായിക വകുപ്പുമന്ത്രി ഉൾപ്പെടെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമുള്ള മന്ത്രിമാരും ആ സെമിനാറിൽ പങ്കെടുത്തിരുന്നു. കേരളത്തിലെ പദ്ധതികളെക്കുറിച്ച് ഏറ്റവും നല്ല രീതിയിൽ അവിടെ അവതരിപ്പിക്കാൻ കഴിഞ്ഞു. കേരളം മുന്നോട്ടുവച്ച മിക്ക പദ്ധതികളും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കുന്നതിനെക്കുറിച്ച് കേന്ദ്ര കായിക വകുപ്പുമന്ത്രി ആ യോഗത്തിൽ സംസാരിക്കുകയും കേരളത്തിന് പ്രത്യേക പ്രശംസ അറിയിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്, 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതി രാജ്യത്തുടനീളം നടപ്പാക്കാനുള്ള എല്ലാവിധ സംവിധാനങ്ങളുമൊരുക്കാൻ കേന്ദ്ര മന്ത്രാലയത്തോട് അദ്ദേഹം അഭ്യർഥിക്കുകയുണ്ടായി. അതുപോലെ കായികരംഗത്ത് സർട്ടിഫിക്കറ്റുകളിൽ നടക്കുന്ന അഴിമതി തടയുന്നതിന് ഇ-സർട്ടിഫിക്കേഷൻ സംവിധാനം കേരളത്തിൽ കൊണ്ടുവരികയുണ്ടായി. കേരളം ഇ-സർട്ടിഫിക്കേഷൻ

സംവിധാനത്തിന്റെ പൂർണ്ണമായ വിശദാംശം കേന്ദ്ര-കായിക വകുപ്പിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ അവർ അത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം നമ്മൾ നടപ്പാക്കാൻ പോകുന്ന സ്കൂൾതല കായിക പാഠ്യപദ്ധതിയുടെ കാര്യത്തിൽ നല്ല രീതിയിലുള്ള പ്രശംസ ലഭ്യമായിട്ടുണ്ട്. സ്പോർട്സ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ട് 16-ാം ധനകാര്യ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. കൂടുതൽ ചർച്ചയ്ക്കായി അടുത്തമാസം ഡൽഹിയിലേക്ക് ഞങ്ങളെ ക്ഷണിച്ചിട്ടുണ്ട്. കേരളത്തിൽ നടപ്പാക്കിയിട്ടുള്ള മാതൃകാപരമായ ഇത്തരം പദ്ധതികളെ ഇന്ത്യാ രാജ്യം അംഗീകരിക്കുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുവച്ചത്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി രാജ്യത്തുടനീളം നടപ്പാക്കണമെന്ന് പറയുമ്പോഴും നമ്മുടെ സംസ്ഥാനത്ത് പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാകാത്ത വിഷയങ്ങളുണ്ട്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമല്ലാത്ത പഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങാൻ തുക അനുവദിക്കണമെന്ന നിർദേശം ബഹുമാനപ്പെട്ട എച്ച്. സലാം, എം.എൽ.എ. മുന്നോട്ടുവച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കായിക വകുപ്പ് നൽകുന്ന വിഹിതം സ്ഥലം വാങ്ങുന്നതിലേയ്ക്കായി നൽകാൻ കഴിയുമോയെന്ന കാര്യം ധനകാര്യ വകുപ്പുമായി സംസാരിക്കാമെന്ന് കരുതുകയാണ്. സുസ്ഥിര വികസനം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കേരളം ഏറ്റവും നല്ല രീതിയിൽ രാജ്യത്തിനുതന്നെ മാതൃകയായി മുന്നോട്ടുപോകുകയാണ്. ഇതേ മാതൃകയിൽത്തന്നെയാണ് കേരളത്തിലെ കായിക വകുപ്പും മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. അടുത്ത വർഷത്തോടുകൂടിത്തന്നെ നമ്മുടെ വിവിധ പദ്ധതികൾ പ്രാബല്യത്തിൽവരികയും അതനുസരിച്ചുള്ള അടിസ്ഥാനപരമായ മാറ്റം നമ്മുടെ നാട്ടിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. സ്പോർട്സ്, സുസ്ഥിര വികസനത്തിന് പ്രാപ്തമാക്കുന്ന ഘടകമാണെന്ന് 2024-ൽ യു.എൻ. പൊതുസഭയിൽ ഒരു പ്രമേയമുണ്ടായിരുന്നു. അത്തരത്തിൽ ഒരു പ്രമേയം യു.എൻ. പൊതുസഭയിൽ അംഗീകരിച്ചതിന്റെ അർത്ഥം, ഈ കാലഘട്ടത്തിൽ കായിക മേഖലയ്ക്ക് എത്രകണ്ട് പ്രാധാന്യമുണ്ട് എന്നുള്ളതുകൊണ്ടുതന്നെയാണ്. ഇത് കാലേക്കൂട്ടി മനസ്സിലാക്കിക്കൊണ്ടാണ് കേരള സർക്കാർ ഈ മേഖലയിൽ

നല്ല രീതിയിൽ ഇടപെടാനും ധാരാളം പദ്ധതികൾ കൊണ്ടുവരാനും ശ്രമിക്കുന്നത്. കായിക, ശാരീരിക ക്ഷമതയടക്കമുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനാണ് നാം ശ്രമിക്കുന്നത്. കായികക്ഷമതാ മിഷന്റെ പ്രവർത്തനം ഈ വർഷം മുതൽ സജീവമായി ആരംഭിക്കുകയാണ്. ഇന്ന് നമ്മുടെ നാട് നേരിടുന്ന മയക്കുമരുന്ന് അടക്കമുള്ള ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളികളിൽ ശക്തമായി ഇടപെടാൻ കായിക മേഖലയ്ക്ക് കഴിയുന്ന സാഹചര്യം ഉരുത്തിരിഞ്ഞുവരുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ ശക്തമായി ഇടപെടാൻതന്നെയാണ് നാം ആഗ്രഹിക്കുന്നത്.

മുഴുവൻ കുട്ടികളെയും കളിക്കളങ്ങളിൽ കൊണ്ടുവരികയെന്ന ശ്രമത്തിന്റെ ഭാഗമായി അതിനുതകുന്ന രീതിയിലുള്ള പദ്ധതികൾ ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ മണ്ഡലങ്ങളിലും 'ഗോൾ പദ്ധതി' മുഖാന്തരം നമ്മുടെ കുട്ടികൾക്ക് ഫുട്ബോൾ പരിശീലന പരിപാടികളടക്കം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. എല്ലാവർക്കും ആരോഗ്യമെന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് കായികക്ഷമതാ മിഷനോടൊപ്പംതന്നെ കായികനയം രൂപീകരിക്കുകയാണ്. ഈ കായികനയത്തിന്റെ അടിസ്ഥാനത്തിൽ കായിക

സാധ്യതകൾ വിലയിരുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. 2023-ൽ പുറത്തിറക്കിയ നമ്മുടെ കായിക നയം കേന്ദ്ര കായിക വകുപ്പ് മന്ത്രാലയം ആവശ്യപ്പെടുകയും പുതിയ കായിക നിയമത്തിന് രൂപം കൊടുത്തതിന്റെ ഭാഗമായി നമ്മുടെ റഫറൻസുകൾ അതിലുൾപ്പെടുത്താമെന്ന് 'Chintan Shivir'-ൽ അവർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വലിയ അഭിനന്ദനമാണിത്. കേരളം കൊണ്ടുവന്ന കായികനയം അടക്കമുള്ള നിരവധി പദ്ധതികൾ രാജ്യത്തിനുതന്നെ മാതൃകയാകുന്ന വിധത്തിലാണെന്നുള്ളതുതന്നെ ഏറ്റവും സന്തോഷം നൽകുന്ന കാര്യമാണ്.

അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ എട്ടര വർഷത്തെ കണക്കെടുത്താൽ പ്ലാൻ ഫണ്ട്, ഓൺ ഫണ്ട്, എം.എൽ.എ.-മാരുടെ വിഹിതം എന്നിവയടക്കമുള്ള ഫണ്ടുകൾ മുഖാന്തരം 3,500 കോടി രൂപയുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. അത് രാജ്യത്തുതന്നെ റെക്കോർഡാണെന്ന് ഈയവസരത്തിൽ പറയാനാഗ്രഹിക്കുകയാണ്. നാടെങ്ങും പുതിയ കളിക്കളങ്ങൾ നിർമ്മിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്.

പതിനാല് ജില്ലാ ആസ്ഥാനങ്ങളിലും പുതിയ കായിക സമുച്ചയങ്ങൾ പണിയുകയാണ്. അതിൽ പത്ത് സമുച്ചയങ്ങളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എ. സി. മൊയ്തീൻ, എം.എൽ.എ. ആവശ്യപ്പെട്ട ഐ. എം. വിജയൻ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവർത്തനം കിഫ്ബിവഴി നടപ്പാക്കുന്നു. തൃശ്ശൂർ ജില്ലാ സ്റ്റേഡിയത്തിന് സർക്കാർ 70.56 കോടി രൂപയാണ്.....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നാഷണൽ ഗെയിംസ് കേരളത്തിൽ നടത്തിയപ്പോൾ അത് നമ്മുടെ പ്രെസ്റ്റീജിയസ് ആയിരുന്നു. 54 സ്വർണ്ണ മെഡലും നൂറിലധികം മറ്റ് മെഡലുകളും നേടി ഇന്ത്യയിലെ നമ്പർ വൺ ആയി നാം മാറിയിരുന്നു. എന്നാൽ ഇത്തവണത്തെ നാഷണൽ ഗെയിംസിൽ നാം നേടിയ മെഡലിന്റെ തോത് വളരെ താഴേയ്ക്കുപോയി. മെഡൽ നേട്ടത്തിൽ കേരളം പതിമൂന്നാം സ്ഥാനത്താണെന്നാണ് മാധ്യമ വാർത്തകൾ കാണിക്കുന്നത്. സ്കൂൾ ഗെയിംസിൽ ദീർഘകാലമായി കേരളം നമ്പർ വൺ ആണ്. ഇത് ദേശീയതലത്തിൽ നമുക്ക് വലിയ അംഗീകാരമായിരുന്നു. എല്ലാ കാലത്തും കേരളമായിരുന്നു നമ്പർ വൺ. പക്ഷേ അവിടെനിന്നും നമ്മുടെ

സ്ഥാനം താഴേയ്ക്ക് പോയി. കേരളത്തെ പ്രധാന രൂപത്തിൽ ബാധിക്കുന്ന ഒരു കാര്യംകൂടി പറയാം. 3,500 കോടി രൂപ ചെലവുവരുന്ന വിവിധ സ്റ്റേഡിയങ്ങൾ കേരളത്തിന്റെ പല ഭാഗങ്ങളിലായുണ്ട്. ഷൂട്ടിങ് റേഞ്ച് അടക്കം കേരളത്തിലെ പ്രെസ്റ്റീജിയസ് ആയിട്ടുള്ള സ്റ്റേഡിയങ്ങൾ, ലോജിസ്റ്റിക് അനുസരിച്ച്, കൃത്യമായ പരിപാലനമില്ലാത്തതുകൊണ്ട് നിലവാരം താഴേയ്ക്ക് പോകുന്നുവെന്ന വിമർശനം പൊതുവേദിയിൽ ഉയർന്നുവരുന്നുണ്ട്. ഈ മൂന്ന് കാര്യങ്ങൾക്ക് അങ്ങ് മറുപടി പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും മുതിർന്ന അംഗമായ അങ്ങ് പറയുമ്പോൾ മറുപടി പറയേണ്ടതുണ്ട്. ഇത്തവണത്തെ ദേശീയ കായികമേളയിൽ കേരളം പിന്നാക്കം പോയതിനുള്ള പ്രധാന കാരണം ശ്രീമതി പി. ടി. ഉഷയാണ്. ഒരു പ്രാസംഗികൻ ഇവിടെ അവരെക്കുറിച്ച് വളരെ നല്ല രീതിയിൽ സംസാരിക്കുകയുണ്ടായി. കളരിയിനത്തിൽ പത്തൊൻപത് സ്വർണ്ണ മെഡൽ കഴിഞ്ഞ തവണ നമുക്ക് ലഭിച്ചിരുന്നു. ഇത്തവണ കളരിയെ മത്സരയിനത്തിൽനിന്ന് ഒഴിവാക്കാൻ ശ്രീമതി പി. ടി. ഉഷ ശിപാർശ ചെയ്തു. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര കായിക

വകുപ്പുമന്ത്രിക്ക് നാം നിവേദനം നൽകിയതിന്റെയടിസ്ഥാനത്തിൽ, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റിന്റെ പ്രത്യേക നിർദേശപ്രകാരമാണ് പ്രസ്തുത ഇനത്തെ മത്സരയിനത്തിൽനിന്ന് മാറ്റിയതെന്ന് അദ്ദേഹം രേഖാമൂലം മറുപടി ലഭ്യമാക്കുകയുണ്ടായി. അതോടൊപ്പംതന്നെ, കേരള ഒളിമ്പിക് അസോസിയേഷൻ, വോളിബോൾ അടക്കമുള്ള രണ്ട് ഗെയിമുകളിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകിയ ടീമിനെ മാറ്റി പുതിയ രണ്ടുപേരെ ചേർക്കുകയും അതുവഴി രണ്ട് സ്വർണ്ണ മെഡലുകൾ നഷ്ടപ്പെടുകയുമുണ്ടായി. അങ്ങനെ ഇരുപത്തിയൊന്ന് സ്വർണ്ണ മെഡലുകളാണ് നമുക്ക് നഷ്ടപ്പെട്ടത്. അതുകൊണ്ടാണ് ദേശീയ ഗെയിംസിൽ കേരളം പിന്നാക്കം പോയത്. ഇക്കാര്യങ്ങൾ പഠിച്ച്, പിഴവുകൾ തിരുത്തുന്നതിനുള്ള നടപടികളിലേക്ക് കടക്കുന്നുണ്ട്.

വട്ടിയൂർക്കാവ് ഷൂട്ടിങ് റേഞ്ച്, കുമാരപുരം ടെന്നിസ് അക്കാദമി, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം എന്നിവയാണ് സംസ്ഥാനത്ത് ദേശീയ ഗെയിംസിന്റെ ഭാഗമായി നിർമ്മിച്ച സ്റ്റേഡിയങ്ങളെന്ന് അങ്ങ് ഉദ്ദേശിച്ചത്. ഈ സ്റ്റേഡിയങ്ങളെല്ലാംതന്നെ മികച്ച നിലവാരത്തിൽ

മെയിന്റനൻസ് ചെയ്ത് മുന്നോട്ടുപോകുന്നുണ്ട്. മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുന്നുണ്ട്. വട്ടിയൂർക്കാവ് ഷൂട്ടിങ് റേഞ്ചിൽ പുതിയ ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ചു, അതിന്റെ ഉദ്ഘാടനം കഴിഞ്ഞ ആഴ്ചയാണ് നിർവഹിച്ചത്. കുമാരപുരം ടെന്നിസ് അക്കാദമി ഏറ്റവും നല്ല രീതിയിൽ മുന്നോട്ടുപോകുന്ന ടെന്നിസ് അക്കാദമിയാണ്. അക്കാര്യങ്ങളിലെല്ലാംതന്നെ കായിക വകുപ്പ് നല്ല കരുതലെടുക്കുന്നുണ്ട്. വയനാട് ജില്ലയിലെയടക്കമുള്ള പത്ത് ജില്ലാ സ്റ്റേഡിയങ്ങളുടെ ഉദ്ഘാടനം നടത്താൻപോകുകയാണ്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ കിറ്റ്കോ എന്ന ഏജൻസിയെ ഏൽപിച്ചതുകൊണ്ട് ധാരാളം ബുദ്ധിമുട്ടുകളുണ്ടായി. അത്തരം ബുദ്ധിമുട്ടുകളെല്ലാം മാറ്റി നിലവിൽ നിർമ്മാണം പൂർത്തീകരിക്കാൻ പോകുകയാണ്. തൃശ്ശൂർ ലാലൂരിൽ ശ്രീ. ഐ. എം. വിജയന്റെ പേരിലുള്ള സ്റ്റേഡിയം അടുത്ത മാസത്തോടുകൂടി ഏറ്റെടുക്കാൻ പോകുകയാണ്. സ്റ്റേഡിയത്തിന്റെ തൊണ്ണൂറ്റിയാറ് ശതമാനം പണികളും പൂർത്തീകരിച്ചിട്ടുണ്ട്. കിറ്റ്കോയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ചില കാലതാമസമുണ്ടായതുകൊണ്ടാണ് സ്റ്റേഡിയം ഏറ്റെടുക്കൽ വൈകുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 354 സ്റ്റേഡിയങ്ങളുടെ പണി പൂർത്തീകരിച്ചു. 120 കളിക്കളങ്ങൾ അടക്കമുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരികയാണ്. കണ്ണൂർ, തൃശ്ശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലെ ജി.വി. രാജ സ്പോർട്സ് സ്കൂളുകളിൽ അൻപത് കോടി രൂപയുടെ കായിക അടിസ്ഥാന സൗകര്യ വികസനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും നിലവാരമുള്ള കളിക്കളങ്ങൾ എന്ന ആശയം ഇന്ത്യാ രാജ്യംതന്നെ മാതൃകയായി ഏറ്റെടുത്തിരിക്കുകയാണ്.

വിവിധ ജില്ലകളിലായി ഏറ്റവും പ്രധാനപ്പെട്ട പതിനഞ്ച് ഫിറ്റ്നസ് സെന്ററുകൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. നാടെങ്ങും കായിക വികസനത്തിന് സ്ഥായിയായ അടിത്തറ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത്തല സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം നടക്കുകയാണ്. കേരളത്തിലെ 820 പഞ്ചായത്തുകളിൽ നിലവിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതല, ജില്ലാതല സ്പോർട്സ് കൗൺസിലുകളോടൊപ്പം പഞ്ചായത്ത്തല സ്പോർട്സ് കൗൺസിലുകളുടെകൂടി

രൂപീകരണത്തോടുകൂടി കായികക്ഷമതാ മിഷന്റെ പ്രവർത്തനം പൂർണ്ണമായി നടപ്പാക്കാൻ കഴിയും. ഇത്തവണ ധനകാര്യ വകുപ്പ് മുപ്പത്തിനാല് കോടി രൂപ ഈ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതോടുകൂടി കേരളത്തിലെ സ്പോർട്സ് മേഖലയിൽ അടിസ്ഥാനപരമായി വലിയ മാറ്റമുണ്ടാക്കാൻ കഴിയുന്നതാണ്. മഞ്ചേരി സ്റ്റേഡിയത്തെക്കുറിച്ച് പറഞ്ഞു. അതിലും ഏറ്റവും ഗുണകരമായ ഒരു അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ സ്റ്റേഡിയം കോഴിക്കോടിന്റെയും മലപ്പുറത്തിന്റെയും അതിർത്തിയിൽ വരാൻ പോകുന്നുണ്ട്. അതിനായി 35 ഏക്കർ സ്ഥലം വിട്ടുനൽകാമെന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്. ഞാനത് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അടക്കമുള്ള ആളുകളോട് സംസാരിച്ചുകഴിഞ്ഞതാണ്, തീർച്ചയായും അവർ സഹകരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം വളരെ പെട്ടെന്നുതന്നെ ആരംഭിക്കാൻ കഴിയുന്നതാണ്. ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സിയെ കേരളത്തിലേക്ക് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെയും കേന്ദ്ര കായിക മന്ത്രാലയത്തിന്റെയും

അനുമതികൾ ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അക്കാര്യങ്ങൾ പിന്നീട് പറയാവുന്നതാണ്.

കായിക വകുപ്പിന്റെ എല്ലാ ഓഫീസുകളും ഒരേ കെട്ടിടത്തിൽ കൊണ്ടുവരിക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി 'കായിക ഭവൻ'-ന്റെ നിർമ്മാണം തിരുവനന്തപുരം ബേക്കറി ജംഗ്ഷനിൽ പൂർത്തീകരിച്ചുവരികയാണ്. സ്പോർട്സ് കൗൺസിൽ, സ്പോർട്സ് ഡയറക്ടറേറ്റ്, സ്പോർട്സ് ഫൗണ്ടേഷൻ അടക്കമുള്ള എല്ലാ സ്ഥാപനങ്ങളെയും ഒരു കെട്ടിടത്തിൽ ഉൾപ്പെടുത്തി 'കായിക ഭവൻ' എന്ന പേരിൽ രാജ്യത്തുതന്നെ ആദ്യമായി കായിക പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ഒരു കേന്ദ്രമാക്കി പ്രസ്തുത ഭവനെ മാറ്റാനാണ് നാം ആഗ്രഹിക്കുന്നത്. ഇന്ത്യാ രാജ്യത്തുതന്നെ ആദ്യമായിട്ടാണ് സ്പോർട്സ് എക്കോണമി നടപ്പാക്കുന്നത്. അത് നമ്മളാണ് നടപ്പാക്കുന്നത്. സ്പോർട്സ് എക്കോണമി നടപ്പാക്കുന്നതോടുകൂടി കായിക രംഗത്ത് ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിയും. അതോടൊപ്പംതന്നെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ കായിക ഉപകരണങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സൂചിപ്പിച്ചിരുന്നു. അതിനുവേണ്ടി പുതിയൊരു

ഇൻഡസ്ട്രി ആരംഭിക്കുന്നതിന് ധനകാര്യ വകുപ്പ് 5 കോടി രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. ആ മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിലുള്ള നിർദേശങ്ങൾ നല്ല രീതിയിൽതന്നെ നടപ്പാക്കുന്നതാണ്. 2024 ജനുവരി മാസത്തിൽ നടന്ന കായിക ഉച്ചകോടിയിൽ 5050 കോടി രൂപയുടെ നിക്ഷേപമാണ് നമുക്ക് ഓഫറായി വന്നത്. അത് ഏറ്റവും നല്ല രീതിയിൽ ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ക്രിക്കറ്റ് അസോസിയേഷൻ നൽകിയ 1200 കോടി രൂപയുടെയും ഫുട്ബോൾ അസോസിയേഷൻ നൽകിയ 600 കോടി രൂപയുടെയും ഓഫറുകൾ. ക്രിക്കറ്റ് അസോസിയേഷൻ നൽകിയ ഓഫറുമായി ബന്ധപ്പെട്ട് 950 കോടി രൂപയുടെ നാല് സ്റ്റേഡിയങ്ങളുടെ സ്ഥലമെടുപ്പ് ഇപ്പോൾ പൂർത്തീകരിച്ചുവരികയാണ്. അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ആ നിക്ഷേപം കൃത്യമായി ഇവിടെ എത്തുമെന്നുള്ള പ്രതീക്ഷയുണ്ട്. ഉച്ചകോടിയിൽവന്ന വാഗ്ദാനങ്ങൾ ഓരോന്നായി നടപ്പാക്കാനുള്ള ശ്രമങ്ങളാണ് നമ്മൾ നടത്തുന്നത്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, സംസ്ഥാന സ്പോർട്സ് കൗൺസിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് തുടക്കംകുറിക്കുകയാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലിലെ സ്റ്റാന്റിങ് കമ്മിറ്റി അംഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം ചുമതലകൾ നൽകുകയാണ്. നാല് ഇനങ്ങൾക്ക് ഒരു സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ എന്ന നിലയിൽ അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം നടപ്പാക്കി സംസ്ഥാനതലം മുതൽ പഞ്ചായത്തുതലം വരെ ആ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ, ഗെയിമുകൾ കൃത്യമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അതോടൊപ്പംതന്നെ സ്പോർട്സ് കൗൺസിലിനെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള ധാരാളം നടപടികൾ ഇപ്പോൾ നമ്മൾ നടത്തിവരികയാണ്. കേന്ദ്രീകൃതമായ കായിക പ്രവർത്തനങ്ങളുടെ പ്രാധാന്യം കായികനയം എടുത്തുപറയുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രാദേശിക സ്പോർട്സ് കൗൺസിലുകളുടെ ശാക്തീകരണത്തിനുവേണ്ടിയുള്ള ചർച്ചകൾ തദ്ദേശസ്വയംഭരണ വകുപ്പുമായി നടത്തിയിട്ടുണ്ട്. കായിക അധ്യാപകരുടെ കുറവ് പരിഹരിക്കാൻ ജില്ലാ പഞ്ചായത്തിനെയും അതോടൊപ്പംതന്നെ ഗ്രാമപഞ്ചായത്തുകളെയും സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ട് കായിക

അധ്യാപകരെ താൽക്കാലികമായി നിയമിക്കാനാണ് ഇപ്പോൾ നാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതോടൊപ്പംതന്നെ എല്ലാ പ്രായത്തിൽപ്പെട്ട കുട്ടികൾക്കും കായിക ഇനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നിരവധി പദ്ധതികൾ നമ്മൾ നടപ്പാക്കുന്നുണ്ട്. അതോടൊപ്പംതന്നെ സ്കൂൾതല സ്പോർട്സിനും കൂടുതൽ പ്രാധാന്യം നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്കൂൾതലത്തിൽ കായിക പഠനം നിർബന്ധമാക്കിക്കൊണ്ടുള്ള പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. അടുത്ത അധ്യയന വർഷത്തോടുകൂടി എല്ലാ വിദ്യാലയങ്ങളിലും പ്രൈമറി തലത്തിൽ കായിക വിദ്യാഭ്യാസം നടപ്പാക്കാൻ കഴിയുമെന്ന പ്രതീക്ഷയുണ്ട്. ഇത്തവണത്തെ പരിശീലന പരിപാടിയിൽ അധ്യാപകർക്ക് കായിക പരിശീലനവുമായി ബന്ധപ്പെട്ട ട്രെയിനിങ് നൽകാമെന്ന് വിദ്യാഭ്യാസ വകുപ്പ് ഉറപ്പുവരുത്തിയിട്ടുണ്ട്. 'ഹെൽത്തി കിഡ്സ്' പദ്ധതിയുമായി ബന്ധപ്പെട്ട് സ്പോർട്സിനെ പരിചയപ്പെടുത്തുന്ന ക്ലാസ് റൂമുകൾ സംസ്ഥാനത്ത് 55 വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. അത് വ്യാപകമായി നടപ്പാക്കാനാണ്

ഇപ്പോൾ ശ്രമിച്ചുവരുന്നത്. കുട്ടികളിൽ ശാരീരികവും മാനസികവുമായ വലിയ മാറ്റം ഇതിലൂടെ ഉണ്ടായിട്ടുണ്ടെന്നാണ് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ എല്ലാ വിദ്യാലയങ്ങളിലും ഇത് നടപ്പാക്കാൻ നമ്മൾ ശ്രമിക്കുകയാണ്. അതോടൊപ്പം സ്പോർട്സ് സ്കൂളുകളിലേക്കുള്ള പ്രവേശനം 8-ാം ക്ലാസിൽ നിന്ന് 6-ാം ക്ലാസ്സാക്കി മാറ്റിയിട്ടുണ്ട്. അത് പ്രധാനപ്പെട്ടൊരു മാറ്റമാണ്. അതുവഴി ചെറിയ പ്രായത്തിൽതന്നെ കുട്ടികളെ ഇതിലേക്ക് കൊണ്ടുവരാൻ കഴിയും. സ്പോർട്സ് സ്കൂൾ, സ്പോർട്സ് ഹോസ്റ്റൽ എന്നിവിടങ്ങളിലേക്കുള്ള സെലക്ഷൻ ശാസ്ത്രീയമായി മാറ്റാൻ നമ്മൾ ശ്രമിക്കുകയാണ്. നമ്മുടെ സ്പോർട്സ് സ്കൂളുകൾ ഇത്തവണ നല്ല രീതിയിലുള്ള പ്രകടനമാണ് കാഴ്ചവച്ചത്. സംസ്ഥാന സ്പോർട്സ് മേളയിൽതന്നെ ജി.വി. രാജാ സ്പോർട്സ് സ്കൂൾ രണ്ടാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ സുബ്രതോ കപ്പ് അടക്കമുള്ള ടൂർണമെന്റുകളിൽ രണ്ടാം സ്ഥാനത്തും എത്തിയിട്ടുണ്ട്. എല്ലാ സ്പോർട്സ് സ്കൂളുകളിലെയും ക്ലാസ് റൂമുകൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്. അത്തരത്തിൽ കഴിയുന്നത്ര രീതിയിൽ വലിയ മാറ്റംകൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. കായിക ഡയറക്ടറിന്റെയും കേരള

സ്പോർട്സ് കൗൺസിലിന്റെയും നേതൃത്വത്തിൽ ആരംഭിച്ച വനിതാ ഫുട്ബോൾ അക്കാദമികൾ ഏറ്റവും നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. അതുപോലെ, നിലവിൽ ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ വിദേശ ക്ലബ്ബാണ് ഫുട്ബോളിന് പരിശീലനം നൽകുന്നത്. അതും ഏറ്റവും നല്ല രീതിയിൽ നടന്നുവരുന്നു. ഇതിന്റെ റിസൽട്ട് എന്നുള്ള നിലയിൽ ആദ്യ വർഷംതന്നെ സുബ്രതോ കപ്പിൽ നമ്മൾ രണ്ടാം സ്ഥാനത്ത് എത്തി എന്നുള്ളതാണ് ഏറ്റവും വലിയ മാറ്റമായി നാം കാണേണ്ടത്. കായിക വളർച്ചയിൽ അന്താരാഷ്ട്ര സഹകരണം ഉറപ്പുവരുത്തുന്നതിനുവേണ്ടി കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ കേരള സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുള്ള അംഗീകാരം ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ക്യൂബ, ഓസ്ട്രേലിയയിലുള്ള വിക്ടോറിയ യൂണിവേഴ്സിറ്റി, അർജന്റീൻ ഫുട്ബോൾ അസോസിയേഷൻ, സ്പാനിഷ് ഫുട്ബോൾ ലീഗ് സംഘാടകരായ 'LaLiga' - എന്നിവരുമായുള്ള സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിന്റെ ചർച്ചകൾ പുരോഗമിച്ചുവരികയാണ്. സ്പോർട്സ് സയൻസ് മാനേജ്മെന്റ് അടക്കമുള്ള കായിക രംഗത്തെ നവീനമായ ആശയങ്ങളും സാങ്കേതിക മാറ്റങ്ങളും

സ്വീകരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. കോഴിക്കോട് യൂണിവേഴ്സിറ്റിയുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ കായിക പഠനത്തിന്റെ ഭാഗമായി സ്പോർട്സ് സയൻസ്, സ്പോർട്സ് മാനേജ്മെന്റ് അടക്കമുള്ള പി.ജി. കോഴ്സുകൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാംതന്നെ ഈ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കുമെന്നുള്ള പ്രതീക്ഷയാണ് നൽകുന്നത്.

ഈ എട്ടര വർഷത്തിനുള്ളിൽ ഏകദേശം 960 കായികതാരങ്ങൾക്ക് നിയമനം നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അർഹരായ എല്ലാ ആളുകൾക്കും കായിക മേഖലയിൽ നല്ല രീതിയിൽതന്നെ നിയമനം നൽകുന്നുണ്ട്. ഫുട്ബോൾ താരം ശ്രീ. അനസ് എടത്തൊടികയുമായി ബന്ധപ്പെട്ട് മാധ്യമം ദിനപത്രത്തിൽവന്ന വാർത്ത ബഹുമാനപ്പെട്ട പി. കെ. ബഷീർ, എം.എൽ.എ. ഇവിടെ ആവർത്തിച്ചിരുന്നു. പൊതുഭരണ വകുപ്പ് 2021 ഫെബ്രുവരി 18-ന് പുറത്തിറക്കിയ വിജ്ഞാപന പ്രകാരം 2015 മുതൽ 2019 വരെയുള്ള കാലയളവിലേക്കാണ് സ്പോർട്സ് ക്വാട്ട നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ഇതുപ്രകാരം 2013 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ നിശ്ചിത കായിക നേട്ടങ്ങൾ കൈവരിച്ചവർക്കാണ് അപേക്ഷ

സമർപ്പിക്കാൻ കഴിയുന്നത്. വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾപ്രകാരം അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയ ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തവരെയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായവരെയുമാണ് പരിഗണിക്കുന്നത്. ഫുട്ബോൾ താരം ശ്രീ. അനസ് എടത്തൊടിക നോട്ടിഫിക്കേഷനിൽ പരാമർശിക്കുന്ന കാലയളവിൽ പ്രസ്തുത മത്സരങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടില്ല. കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച കായികയിനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടിയ കേരള ടീം അംഗങ്ങളെയും ഇന്റർ യൂണിവേഴ്സിറ്റി മൽസരങ്ങളിൽ കേരളത്തിലെ സർവകലാശാലകളെ പ്രതിനിധീകരിച്ച് ഒന്നോ രണ്ടോ സ്ഥാനം നേടിയവർക്കും ഇതിൽ അപേക്ഷിക്കാം. നോട്ടിഫിക്കേഷനിൽ പരാമർശിക്കുന്ന കാലയളവിൽ അനസ് എടത്തൊടിക കേരളത്തെ പ്രതിനിധീകരിച്ച് ഇത്തരമൊരു മത്സരത്തിലും പങ്കെടുത്ത് ആദ്യ മൂന്ന് സ്ഥാനം നേടിയ ടീമുകളിൽ

അംഗമായിരുന്നില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള അനാവശ്യ വാർത്തകൾ പടർത്തുന്നതിൽനിന്നും പിന്മാറണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

മി. സ്പീക്കർ: യെസ്......യെസ്......പ്ലീസ്.........

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിൽ കായിക വികസനവുമായി ബന്ധപ്പെട്ട പദ്ധതികളെല്ലാം പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. സ്പോർട്സ് ഇക്കോണമി പോലെയുള്ള പുതിയ ആശയങ്ങൾ വികസിപ്പിക്കുകയും കായികക്ഷമതപോലുള്ള മിഷന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുകയും സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിച്ച് പി.പി.പി. മോഡൽ വ്യാപകമാക്കുകയും സ്പോർട്സ് സയൻസ്, സ്പോർട്സ് മാനേജ്മെന്റ് മേഖലകളിൽ സാന്നിധ്യം ശക്തമാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. കായിക മേഖലയുമായി ബന്ധപ്പെട്ട് സർക്കാർ-സ്വകാര്യ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന വലിയൊരു പ്രവർത്തനംകൂടി സർക്കാർ നടത്തുകയാണ്. ജി. വി. രാജാ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ഊർജിതമായി

നടക്കുകയാണ്. 2036-ൽ ഇന്ത്യയിൽ ഒളിമ്പിക്സ് നടത്തുന്നതിനാവശ്യമായ മുൻകരുതലുകൾ ആരംഭിക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയുമാണ്. കായികവുമായി ബന്ധപ്പെട്ട ചർച്ചയിൽ നിരവധി എം.എൽ.എ.-മാർ പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അതിൽ ഏറ്റവും വിലപ്പെട്ട അഭിപ്രായങ്ങൾ സ്വീകരിക്കും. ഭാവിയിൽ ഏറ്റവും നല്ലരീതിയിൽ കായിക വകുപ്പിന് മുന്നോട്ടുപോകുന്നതിനുള്ള സന്ദർഭം ഒരുക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. സർവശ്രീ എൻ. കെ. അക്ബർ, മുഹമ്മദ് മുഹസിൻ, എ. സി. മൊയ്തീൻ, ടി. ജെ. വിനോദ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചില കാര്യങ്ങൾ പറഞ്ഞു. സമയക്കുറവുമൂലം അതിന് മറുപടി പറയാൻ സാധിക്കാത്തതിൽ ഖേദിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് കായിക വകുപ്പിന്റെ ധനാഭ്യർത്ഥന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ചരിത്രവും സംസ്കാരവും സൃഷ്ടിച്ച മഹാരഥന്മാരെയെല്ലാം ചരിത്രത്തിൽനിന്ന് തമസ്കരിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ രാജ്യത്ത്

നടക്കുകയാണ്. അതുകൊണ്ടാണ് പുരാവസ്തു-പുരാരേഖ-മ്യൂസിയം വകുപ്പുകൾക്ക് ഏറെ പ്രാധാന്യവും പ്രസക്തിയും വർധിച്ചുവരുന്നത്. ലോകാരാധ്യനായ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിജിയെപോലും ഇകഴ്ത്താനും അദ്ദേഹത്തിന്റെ ഘാതകനെ മഹത്വവൽകരിക്കാനുമുള്ള ശ്രമങ്ങൾ നടത്തുകയാണ്. ഇന്ത്യൻ പാർലമെന്റിനകത്ത് ലോകസഭയിൽ ഗാന്ധിജിയുടെ ഘാതകനെ ചരിത്ര പുരുഷനായി വാഴ്ത്തണമെന്നും രാജ്യത്തുടനീളം ക്ഷേത്രങ്ങളും പ്രതിമകളും സ്ഥാപിക്കണമെന്നും ഒരു ഭരണകക്ഷി നേതാവ് പ്രസംഗിച്ചു. അതാണ് നാട്ടിൽ നടക്കാൻ പോകുന്ന രൗദ്രഭാവങ്ങളുടെ അവിശുദ്ധമായൊരു കാഴ്ച. ഇത്തരമൊരു സാഹചര്യത്തിലാണ് പുരാവശിഷ്ടങ്ങളും ചരിത്ര സ്മാരകങ്ങളും സംരക്ഷിക്കണമെന്ന ചരിത്രപരമായ ദൗത്യവുമായി ഈ മൂന്ന് വകുപ്പുകൾ മുന്നോട്ടുപോകുന്നത്. ഈ ശേഷിപ്പുകൾ ചരിത്ര സത്യങ്ങളുടെ നേർസാക്ഷ്യങ്ങളാണ്. ചരിത്രത്തെതന്നെ തിരുത്തിയെഴുതാൻ ശ്രമിക്കുന്ന വർത്തമാനകാലത്ത് ഈ നേർസാക്ഷ്യങ്ങൾ ചരിത്ര സത്യങ്ങൾ വിളിച്ചുപറയുന്നു.

കഴിഞ്ഞ ഒൻപത് വർഷങ്ങളിലായി ഈ രംഗത്ത് നടത്തുന്ന പരിപാടികളെക്കുറിച്ച് ഞാൻ സമയക്കുറവുമൂലം ദീർഘമായി വിശദീകരിക്കുന്നില്ല. ലോകത്തിലെതന്നെ പ്രധാനപ്പെട്ട പൈതൃക കെട്ടിടമായ കന്യാകുമാരി ജില്ലയിലെ പത്മനാഭപുരം കൊട്ടാരം മുതൽ കാസർഗോഡ് ചന്ദ്രഗിരികോട്ടവരെയുള്ള 192-ഓളം സംരക്ഷിത സ്മാരകങ്ങൾ എന്നിവയുടെയെല്ലാം ശാസ്ത്രീയ സംരക്ഷണം ഉറപ്പാക്കുക മാത്രമല്ല ഇവയിൽ പലതും പുരാവസ്തു മ്യൂസിയങ്ങളാക്കി അവിടങ്ങളിലെ പ്രദർശന സംവിധാനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിച്ച് സന്ദർശകരെയും ഗവേഷകരെയും ആകർഷിക്കുന്ന വിധം വികസിപ്പിച്ചിരിക്കുന്നു. തൃശ്ശൂരിലെ ശക്തൻതമ്പുരാൻ മ്യൂസിയം, കൊല്ലങ്കോട് പാലസ് മ്യൂസിയം, തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം, കായംകുളം കൃഷ്ണപുരം കൊട്ടാരം മ്യൂസിയം, പയ്യന്നൂരിലെ ഗാന്ധി സ്മൃതി മ്യൂസിയം എന്നിവ ശ്രദ്ധേയമായതാണ്.

ചരിത്ര സ്മാരകങ്ങളുടെയും ശേഷിപ്പുകളുടെയും സംരക്ഷണത്തിന് നിരന്തരവും ജാഗ്രതാപൂർണ്ണവുമായ ശ്രദ്ധയും പരിപാലനവും അത്യന്താപേക്ഷിതമാണ്. സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ "പ്രഖ്യാപിത നവകേരള" സൃഷ്ടിക്കായുള്ള വകയിരുത്തലുകൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച വരുംവർഷത്തേക്കുള്ള ബജറ്റിലും ആ കാര്യങ്ങൾ പരാമർശിക്കുകയും അതിനാവശ്യമായ പരിഗണന നൽകുകയും ചെയ്തത് സന്തോഷകരമാണ്.

സംസ്ഥാന പുരാവസ്തു വകുപ്പിന് നീക്കിവച്ച 21.14 കോടി രൂപയുടെ പദ്ധതികളിൽ സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ, പൈതൃക കെട്ടിടങ്ങൾ ഏറ്റെടുക്കൽ എന്നിവയ്ക്കായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നമ്മുടെ പൈതൃക ശേഷിപ്പുകളായ ചില കോട്ടകളിലും മറ്റും കൈയേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഒഴിവാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകും.

നിലവിലുള്ള മ്യൂസിയം ഗ്യാലറികളുടെ നവീകരണം, പരിസര വികസനം, സന്ദർശക സൗകര്യം ഒരുക്കൽ, പത്മനാഭപുരം കൊട്ടാരം മ്യൂസിയത്തിന്റെ സംരക്ഷണം എന്നിവയ്ക്ക് 700 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

ചരിത്രശേഷിപ്പുകൾ, സൈറ്റുകൾ എന്നിവയുടെ പഠനം, സംരക്ഷണം എന്നിവയ്ക്കായി 1979-ൽ തുടക്കം കുറിച്ച പ്രാദേശിക ലാബോറട്ടറിയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ബജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 51 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന എറണാകുളം ഹിൽ പാലസ് മ്യൂസിയത്തിന്റെയും ജില്ലയിലെ മറ്റുസ്മാരകങ്ങളുടെയും സംരക്ഷണത്തിനും ശാസ്ത്രീയ നവീകരണത്തിനും നടപടി സ്വീകരിക്കാൻ അടുത്ത വർഷം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിനായി 140 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.
